# ദേവമാതാ കോളേജ്



# രജത'89

ആശംസകൾ!

# കുറിച്ച്യാപറമ്പിൽ മെഡിക്കൽസ്.

Kurichiyaparampil medicals

പാലാ റോഡ്, കടുത്തുരുത്തി.

☎ 344

കുറവിലങ്ങാട്
ദേവമാതാ
കോളേജിന്റെ
രജതജൂബിലി
സ്പെഷ്യൽ
മാഗസിൻ
-രജതം'89-

rajatha 89

ex-officio president:
prof. n. george john


ex-officio members:
boban mathew
chairman
george g. murickan
gen. secretary

associate staff editors:
prof. k. m. chacko
mr. a. cyriac sebastian
mrs. m. a. marykkutty
miss. rosily n. joseph

associate student editors:
suresh p. d.
shaji augustin
scaria o. j.
jose joseph
george james

photo lay-out:
seban, sunil

titles, lay-out:
sunil raj philip



editor in chief:
dr. kurias

student editor:
sunil raj philip



***Our Patron***

**H. E. Rt. Rev. Dr. JOSEPH PALLICKAPARAMPIL**



***Our Manager***

Very. Rev. Fr. THOMAS MELVETTOM



ദേവമാതായുടെ സാരഥി—.
പ്രൊഫ. ജോർജ്ജ് ജോൺ നിധീരി



എഡിറ്റോറിയൽ ബോർഡ്

സബ് എഡിറ്റേഴ്സ്


സബ് എഡിറ്റേഴ്സ്



ഹരീഷ്.എസ്.


കോളേജ് മാഗസിൻ കവർ ഡിസൈനർ.

കാർട്ടൂൺ മത്സര വിജയി




ജോൺ ജോസഫ്





ജോർജ്ജ് ജയിൻ



സുരേഷ്.പി.വി.

ഷാജി അഗസ്റ്റിൻ.



സെബാസ്റ്റ്യൻ ജോസഫ്.

ഫോട്ടോ ഗ്രാഫ്സ്,

കാർഷിക മത്സര


വിജയി

സ്റ്റാഫ് അഡ്വൈസർ

ആർട്സ് ക്ലബ്ബ് ഡയറക്ടർ

ട്രഷറർ








സ്റ്റാഫ് എഡിറ്റേഴ്സ് ബോർഡ്:

ശ്രീ.മാത്യു ഉമ്മന്നി.

ശ്രീ.റ്റി.പി.ജോസി.


കാലത്തിന്റെ
കരതാളത്തിൽ
ഹൃദയങ്ങളുടെ
സംവേദനങ്ങൾക്കിടയിലൂടെ
നമ്മിലേക്കുള്ള സ്നേഹത്തിന്റെ
ഒരു ഇലക്കി...
സത്യത്തിന്റെ നാവിലിത്
ഈറനം വഴിമുട്ടാവട്ടെ!
സ്നേഹപൂർവ്വം
സുനിൽ രാജ് ഫിലിപ്പ്.
എഡിറ്റർ



# നമ്മുടെ ലേഖകർ



നാജി മാത്യു പുതിയിടം



സജിത് എം.ടി.



ആന്റോ കടക്കോളി




പോൾ വർഗ്ഗീസ്



പ്രവീൺ കുമാർ



ജെയിംസ് ജോസഫ് മറ്റം



അനിൽ കുമാർ വി.




സതീഷ് കുമാർ.



സജിമോൻ പി.കെ.



രാജേഷ് കുമാർ



സോജൻ ജോ മാനാടി.




സജി വി. ജോസഫ്



റെജി




റോബി ജോസഫ്



ജെയിംസ് പി.ജെ.



സാബു ജെയിംസ്



പ്രദീപ് ജോൺ



ഗ്രേസമ്മ



സുജാ വി. പണിക്കർ



മീരാ രാജ്



ബിന്ദു പി.എസ്.



ലിസാ മേരി പി.ജെ.



ബിന്ദു പി.കെ.



ലീനാ അഗസ്റ്റിൻ



ആൻസി പോൾ



പാരി ജി. നായർ.

## ആദരവോടെ, കൃതജ്ഞതയോടെ...

1989, ദേവമാതാ കോളജിന്റെ ചരിത്രത്തിൽ
അവിസ്മരണീയമായ ഒരധ്യായമായി മാറി.
നമ്മുടെ നാടിനും രാഷ്ട്രത്തിനും നിരന്തരം
വിദ്യാദാനം നിർവഹിച്ചുകൊണ്ട്
സേവനത്തിന്റെ ഇരുപത്തഞ്ചു വർഷങ്ങൾ
അവൾ പൂർത്തിയാക്കി.
വരുംതലമുറകളുടെ സഫലമായ ജീവിതത്തിന്
ഉറച്ച അടിത്തറ കെട്ടുകയാണിവൾ ചെയ്തിരിക്കുന്നത്.
വൈവിധ്യമാർന്ന പരിപാടികൾകൊണ്ട്
രജതജൂബിലിവർഷം സമ്പന്നവും ഫലപ്രദവുമാക്കാൻ
നമുക്ക കഴിഞ്ഞു.


കോളജ് മാഗസിന്റെ രജതജൂബിലി സ്പെഷ്യലായ
ഈ 'രജത-89' ജൂബിലിവർഷാചരണത്തിന്റെ മികച്ച
ഓർമ്മക്കുറിപ്പായി മാറണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു.
പൂർണത കൈവരിക്കാൻ കഴിഞ്ഞു എന്ന്
കരുതുന്നില്ല. എങ്കിലും, ഞങ്ങൾക്ക് അഭിമാനിക്കാൻ
വകയുണ്ടെന്നു വിശ്വസിക്കട്ടെ.

ഈ 'രജതജൂബിലി സ്മാരകം' പണിയുന്നതിന്
ആത്മാർത്ഥമായി സഹകരിച്ചവർ നിരവധിയാണ്.
ഓരോരുത്തരെയും പേരെടുത്തു നിർദ്ദേശിക്കുക
പ്രായോഗികമല്ലല്ലോ.
ലേഖനസഹായം ചെയ്തവർ, പരസ്യങ്ങൾ തന്നവർ,
ഉപദേശനിർദ്ദേശങ്ങൾകൊണ്ട് മാർഗ്ഗം കാട്ടിയവർ...
എല്ലാവരെയും ആദരവോടും കൃതജ്ഞതയോടുംകൂടി
അനുസ്മരിച്ചുകൊണ്ട്
ദേവമാതാ കോളജ് മാഗസിന്റെ
ഈ സ്പെഷ്യൽ പതിപ്പ് നിങ്ങൾക്ക
സമർപ്പിക്കുന്നു.



ഡോ: കര്യാസ്
സ്റ്റാഫ് എഡിറ്റർ

# വിദേശ - ഭാരത
# ബന്ധങ്ങൾ




ഇന്ത്യക്ക്
ഒട്ടേറെ അയൽവക്കരാജ്യങ്ങൾ
ഉണ്ടെങ്കിലും രാജ്യാന്തര ബന്ധങ്ങളിൽ
ശക്തമായ സ്വാധീനം ഇന്ത്യയുടെമേൽ
ചെലുത്തുന്നവ ശ്രീലങ്കയും, പാക്കിസ്ഥാനും,
ചൈനയുമാണ്. മറ്റേതു് വികസ്വര രാജ്യങ്ങളുടെമേൽ
എന്നതുപോലെതന്നെ ഇന്ത്യയുടെ മേലും വൻശക്തി
രാഷ്ട്രങ്ങളായ റഷ്യക്കും അമേരിക്കയ്ക്കും
അധീശത്വമുണ്ട് - നേരിയ തോതിലെങ്കിലും.
ഏറ്റവും ഒടുവിലത്തെ സംഭവ
വികാസങ്ങൾ വിശകലനംചെയ്ത്
ആ ബന്ധങ്ങൾക്ക് സംഭവിച്ച
മാറ്റങ്ങളേവ, അവ എങ്ങനെ
ഇന്ത്യയെ സ്വാധീനിക്കുന്നു
എന്നൊക്കെ കണ്ടെത്താൻ
ശ്രമിക്കുകയാണ് ഈ
ഫീച്ചറിലൂടെ.

●

ഫീച്ചർ യൂണിറ്റ്:

ജോർജ് സെബാസ്റ്റ്യൻ
ബീന പി. കര്യാക്കോസ്
ഷാജി പോൾ
അജി ബി.



രാജ്യങ്ങൾ തമ്മിലുള്ള തർക്കപരിഹാരത്തിന് ഉചിതമായ മാർഗ്ഗം യുദ്ധങ്ങളല്ല എന്ന വസ്തുത ലോകഹൃദയത്തിലേക്ക് വേരോടിക്കൊണ്ടിരിക്കുന്ന കാലമാണിത്. യുദ്ധക്കൊതിമൂത്ത ഭീകരർ അപ്പുറത്ത് ശക്തിയാർജിക്കുന്നു എന്നതും വിസ്മരിക്കത്തക്കതല്ല. ഇന്ത്യയും വിദേശരാജ്യങ്ങളുമായി രൂക്ഷയുദ്ധത്തിലേക്ക് കടക്കത്തക്ക സാഹചര്യങ്ങളൊന്നും നിലവിലില്ലെന്നതിലും തികച്ചും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഭരണകർത്താക്കൾ വിശാലവീക്ഷണം കാട്ടുന്നു എന്നതിലും നമുക്ക് ആശ്വസിക്കാം.



വിദേശബന്ധത്തെക്കുറിച്ച് വ്യക്തവും വിശാലവുമായ കാഴ്ചപ്പാടോടെ–രാജീവ് ഗാന്ധി

## പാകിസ്ഥാനുമായി

വളരെക്കാലം നീണ്ട ഏകാധിപത്യ ഭരണത്തിനുശേഷം പാകിസ്ഥാനിൽ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ മറ്റാരിലും ഉപരിയായി സന്തോഷിച്ചത് ഭാരതത്തിലെ ജനങ്ങളായിരുന്നു. ഒരമ്മ പെറ്റ മക്കൾ തമ്മിലുള്ള പകയ്ക്ക് ഇനിയെങ്കിലും അന്ത്യം കണ്ടേക്കുമെന്ന് പലരും കരുതി. എന്നാൽ, ആ രാജ്യത്തിന്റെ പ്രവർത്തനശൈലിയിലും ആ രാജ്യവുമായുള്ള ബന്ധത്തിലും ആശാവഹമായ പുരോഗതി പ്രതീക്ഷിച്ചിരുന്ന വ്യക്തികൾക്ക് തെറ്റുപറ്റിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുതിയ ഭരണകൂടത്തെപ്പറ്റി കൂടുതൽ പരാമർശിക്കുന്നതിനുമുമ്പ് അല്പം പഴയ കഥ.

## പഴയ കഥ

1948-ൽ ഭാരതവിഭജനത്തിലെ അപാകതകൾ എന്തൊക്കെയാണ് എന്നും, അതിന്റെ വൈഷമ്യങ്ങൾ എന്താണെന്നും മനസ്സിലാക്കിയ മഹാത്മജി അതിനെ ശക്തിയുക്തം എതിർത്തു എങ്കിലും മുഹമ്മദാലി ജിന്നയുടെ കഠിനപ്രയത്നത്തിനു മുൻപിൽ, പതിനായിരങ്ങളുടെ രക്തച്ചൊരിച്ചിലിനു മുൻപിൽ ഗാന്ധിജി വേദനയോടെ ഭാരതവിഭജനത്തിനു സമ്മതം മൂളി. എന്നാൽ വർഷങ്ങൾക്കുശേഷം, മരണക്കിടക്കയിൽവച്ച് പാകിസ്ഥാൻ രൂപീകരണമായിരുന്നു തന്റെ ജീവിതത്തിലെ ഏറ്റവും വലിയ തെറ്റ് എന്നേറ്റുപറഞ്ഞ മുഹമ്മദാലി ജിന്ന വിഭജനത്തിന്റെ വൈഷമ്യങ്ങൾ നേരിട്ടറിഞ്ഞു. വിഭജനകാലം തൊട്ടിന്നോളം പാകിസ്ഥാൻജനത ഭാരതത്തോട് അടങ്ങാത്ത വിദ്വേഷമാണ് പുലർത്തുന്നത്. ഭരണാധികാരികൾ മാറിമാറി വന്നിട്ടും അതിനു മാറ്റമൊന്നുമുണ്ടായില്ല. ആ വിദ്വേഷത്തിന്റെ മൂർദ്ധന്യാവസ്ഥയിലാണ് പാകിസ്ഥാൻ ഇൻഡ്യയെ ആക്രമിച്ചത്. എന്നാൽ ഭാരതത്തിന്റെ വീരസൈനികർ പാക്പടയെ തുരത്തിയോടിച്ചു. ശാസ്ത്രീജി ഭാരതത്തിന്റെ അഭിമാനമായി. പിന്നീട് ഭരണാധികാരികൾ പലരും വന്നു. അതിർത്തിയിൽ സംഘർഷങ്ങൾ ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെട്ടു. എന്നാൽ സിയാ ഉൾഹക്കിന്റെ മരണത്തോടെ പാകിസ്ഥാനിൽ ബേനസീർ ഭൂട്ടോയുടെ നേതൃത്വത്തിൽ ഗവൺമെന്റ് അധികാരത്തിലേറി.

## പരിശ്രമിച്ചു. പക്ഷേ

ബേനസീർ അധികാരത്തിലേറിയശേഷം അവിടെവെച്ചു നടന്ന സാർക്ക് സമ്മേളനം പലരും പ്രതീക്ഷയോടെ വീക്ഷിച്ചു. അമ്മയുടെ വിദേശനയത്തിൽ മുറുകെപ്പിടിച്ചുകൊണ്ട്, ഒരു പടികൂടിയെങ്കിലും മുന്നിൽ കടന്ന്, സമാധാനകാംക്ഷിയായ രാജീവ് ഗാന്ധി ബേനസീറുമായി നടത്തിയ സംഭാഷണങ്ങൾ പ്രതീക്ഷയ്ക്കു വക നൽകുന്നവയായിരുന്നു. എന്നാലിത് വെറുമൊരു സൗഹൃദസംഭാഷണത്തിൽ അവസാനിച്ചു. പിന്നീട് നടന്ന സംഭവങ്ങൾ ആ പ്രതീ



കസ്റ്റ് കൂടരതി മണ്ഡലേല്പിച്ചു. അമേരിക്കയോട് വിധേയത്വമുള്ള ഒരാൾക്കേ പാകിസ്ഥാൻ പ്രസിഡൻറായിരിക്കുവാൻ കഴിയുകയുള്ളൂ എന്നും, ആ പ്രസിഡൻറിൻെറ ഹിതാനുവർത്തിയല്ലാത്ത ഒരു പ്രധാനമന്ത്രിക്കോ മന്ത്രിസഭയ്ക്കോ അവിടെ തുടരാനാവില്ലെന്നും ഇപ്പോൾ വ്യക്തമായിരിക്കുന്നു. ഇനി ഭാരതവും പാകിസ്ഥാനും തമ്മിലുള്ള പ്രശ്നങ്ങൾ എന്തൊക്കെ എന്നു നോക്കാം.



വിശാലവീക്ഷണത്തിൻെറ പുതിയ മുഖം എന്നു വിശ്വസിക്കാമോ? —ബേനസീർ.

## കാശ്മീരിലെ കുഴപ്പങ്ങൾ


കാശ്മീരിലെ കുഴപ്പങ്ങൾക്ക് വീണ്ടും ശക്തിയും വ്യാപ്തിയും കൂടിവരികയാണെന്ന് പുതിയ സംഭവവികാസങ്ങൾ തെളിയിക്കുന്നു. കൂടെക്കൂടെ നടക്കുന്ന സംഘടിത കലാപശ്രമങ്ങൾക്കു പുറകിൽ രാജ്യത്തെ ദുർബലമാക്കാൻ വെമ്പുന്ന പാകിസ്ഥാൻെറ കരങ്ങൾ ഉണ്ടെന്ന് ന്യായമായി സംശയിക്കാം. പാകിസ്ഥാന് അനുകൂലമായ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് നടത്തുന്ന പ്രകടനങ്ങൾ ഇതിനു തെളിവാണ്. എന്നാൽ പാകിസ്ഥാൻെറ സഹായത്തോടെ ചില തീവ്രവാദികൾ നടത്തുന്ന അഴിഞ്ഞാട്ടം അധികാരികൾ കണ്ടില്ലെന്നു നടിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വന്തം രാജ്യത്തിൻെറ താല്പര്യങ്ങൾക്കും, ഭദ്രതയ്ക്കും എതിരായി പെരുമാറുന്നവരോട് ദാക്ഷിണ്യം കാണിക്കുന്നത് തീർച്ചയായും കഷ്ടതരമാണ്. ജമ്മുവിലായാലും പഞ്ചാബിലായാലും അക്രമപ്രവർത്തനങ്ങൾക്കു ലഭിക്കുന്ന സഹായം പാകിസ്ഥാനുമായുള്ള കൂടിയാലോചനകൾ വഴി തടയേണ്ടതാണ്. എന്നാൽ അതുകൊണ്ടും ഫലമില്ലെങ്കിൽ ടൈം വാരിക വിശേഷിപ്പിച്ചതുപോലെ 'ഉയർന്നുവരുന്ന മഹാശക്തി'യാണ് നാം എന്ന് കാണിക്കേണ്ടിവരും.

## ഇൻഡ്യാ-ചൈനാ ബന്ധം

പാകിസ്ഥാനുമായി ആദ്യകാലം മുതൽ നാം ശത്രുതയിലായിരുന്നുവെങ്കിൽ, ചീനയോടടുക്കുമ്പോൾ സ്ഥിതി മാറുന്നു. ഇൻഡ്യയും ചൈനയും 'ഭായി-ഭായി' ആയിരുന്ന കാലം ആരുടെയും ഓർമ്മകളിൽ കുളിർ കോരിയിടുന്നവയാണ്. പഞ്ചശീലതത്വങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് നെഹ്റുവിൻെറ ചീനയോടുള്ള തുറന്ന സമീപനം അതിർത്തിപ്രശ്നങ്ങളിൽ പരിഹാരമായി. എന്നാൽ ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന് ഒരിക്കലും അക്രമമോ വഞ്ചനയോ കാട്ടാനാവില്ലെന്ന നെഹ്റുവിൻെറ വിശ്വാസം തകർത്തുകൊണ്ട് ചൈന നടത്തിയ ആക്രമണം അപ്രതീക്ഷിതമായിരുന്നു. അതിർത്തിയായിരുന്നു പ്രധാന തർക്കവിഷയം. ബ്രിട്ടനും ടിബറ്റും തമ്മിൽ 1914-ൽ സിംലയിൽവെച്ചു നടപ്പിലാക്കിയ കരാറനുസരിച്ച് കിഴക്കേ അതിർത്തി മക്മോഹൻ രേഖയായിരുന്നു. എന്നാൽ ചൈന ഇതംഗീകരിച്ചില്ല. അക്സായിചിൻ അവർക്കു വേണം എന്ന വാദം അംഗീകരിക്കാൻ നമുക്കായില്ല. ഫലമോ യുദ്ധത്തിൽ പരാജയവും. എങ്കിലും 1962 നവംബർ 20-ന് വെടിനിർത്തൽ പ്രഖ്യാപിച്ചു. ഇൻഡ്യയ്ക്കു വലിയൊരു പാഠമായിരുന്നു ഈ യുദ്ധവും പരാജയവും. പിന്നീട് അന്നു മുതൽ ഇന്നോളവും ഒരു യുദ്ധവും ഉണ്ടായില്ലെങ്കിലും അതിർത്തികളിൽ ഇടയ്ക്കിടെ സംഘർഷം കനത്തു. എന്നാൽ 1988-89 ഓടുകൂടി പുതിയൊരു മാററം സംജാതമായിരിക്കുന്നു.

## കാററ് മാറി വീശുന്നു

രാജീവ് ഗാന്ധി '88 അവസാനത്തോടെ നടത്തിയ ചൈനയാത്ര, വർഷങ്ങളോളമായുള്ള സംഘർഷത്തിന് കുറച്ചൊക്കെ അയവു വരുത്തിയിരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ഇൻഡ്യാ, ചൈന അതിർത്തിപ്രശ്നത്തിന്



പരിഹാരം കാണണം എന്നുള്ള രാജീവ് ഗാന്ധിയുടെ നിർദ്ദേശത്തിന് തുറന്ന സമീപനമാണ് ചൈന ഭരണാധികാരികളിൽനിന്ന് ലഭിച്ചത്. ഇരുരാജ്യങ്ങളും തമ്മിൽ സൗഹൃദപാതയിൽ മുന്നേറാതിരിക്കാനുള്ള ഒരു കാരണവുമില്ലെന്ന് ചൈനീസ് പ്രധാനമന്ത്രി ലീപെംഗിന്റെ പ്രസംഗം ഇത് തെളിയിക്കുന്നു. സൗഹൃദ ചർച്ചയിലൂടെ അതിർത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഇതിനു മുൻപും നടന്നിരുന്നു. എന്നാൽ ഒന്നൊന്നും പരിസമാപ്തിയിലെത്തിയില്ല. മാറിവന്ന സാഹചര്യം പ്രതീക്ഷയ്ക്കു വക നൽകുന്നു. ചൈനയിലെ ജനങ്ങൾ ഭാരതവുമായി പുതിയൊരു നയം സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. അതുകൊണ്ട് ഈ പുതിയ സാഹചര്യം മുതലെടുത്ത് രണ്ടു രാജ്യങ്ങളും സമാധാനപാതയിലൂടെ മുന്നേറിയേ മതിയാവൂ. അരുണാചലിനെ സംബന്ധിച്ചുള്ള അവരുടെ കടുംപിടിത്തത്തിന് അറുതി വന്നാൽ ചുവന്ന രാജ്യത്തിൽ വെള്ളിക്കൊടി ഉയരും തീർച്ച.

## ജനാധിപത്യത്തിനായുള്ള മുറവിളി കൂട്ടലും കൂട്ടക്കുരുതിയും

ആയിരക്കണക്കിനു യുവാക്കൾ കൂടുതൽ സ്വാതന്ത്ര്യവും ജനാധിപത്യവും ആവശ്യപ്പെട്ട് ചൈനയിലെ തെരുവുകളിലിറങ്ങിയത് ലോകശ്രദ്ധയാകർഷിച്ചു. പെംഗിന്റെ പട്ടാളക്കാർ അവരെ നായ്ക്കളെപ്പോലെ വെടിവെച്ചുവീഴ്ത്തിയത് ചൈനയിലെ ഏറ്റവും അവസാനത്തെ സംഭവവികാസമാവുന്നു. രക്തം മണക്കുന്ന തെരുവുകളിൽ നാളെ എന്തു നടക്കും? ഒരു ഭരണമാറ്റത്തിലേക്കും അതുവഴി ശ്രദ്ധേയമായ വിപ്ലവ വ്യതിയാനങ്ങളിലേക്കും ചൈനയെ ഈ രക്തസാക്ഷിത്വം നയിക്കുമോ? ഇപ്പോൾ ഇത് ഊഹാപോഹങ്ങളുടെ സമയം മാത്രം. സത്യത്തിനായി കാത്തിരിക്കുക. എല്ലാം ഇരു രാജ്യങ്ങളുടേയും നന്മയ്ക്കായിമാത്രം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുക.


ജനാധിപത്യത്തിനായി പോരാടിയ ചൈനീസ് യുവജനങ്ങളോട് ഐക്യദാർഢ്യപ്പെട്ടുകൊണ്ട് രക്തദാഹിയായ ലീപെംഗിന്റെ പടം ചേർക്കാതെ ആ സ്ഥലമിവിടെ ഒഴിച്ചിടുന്നു

—എഡിറ്റർ

## ഇന്ത്യാ - ശ്രീലങ്കാ ബന്ധം

പാക്-ഉൾക്കടൽ ശ്രീലങ്കയെ ഇന്ത്യയിൽ നിന്നും വിച്ഛേദിച്ചുനിർത്തിയിരിക്കുന്നു. പക്ഷേ അനശ്വരമായ പ്രാചീന ഇതിഹാസങ്ങൾ മുതൽ പവിത്രമാക്കപ്പെട്ട ഇന്ത്യാ - ശ്രീലങ്കാ ബന്ധം ഇന്ന് എത്ര കലുഷവും ഉപരിപ്ലവവുമാണെങ്കിലും രാമായണം എന്ന മഹാപ്രസ്ഥാനത്തിന്റെ ഏടുകളിലൂടെ നമുക്ക് പരിചയമുള്ള ഒട്ടേറെ കഥകളും കെട്ടുകഥകളും വിസ്മരിക്കാനാവില്ല. കൂടാതെ ചരിത്രം അതിന്റെ പൊൻതാളുകളിൽ സൂക്ഷിച്ച വിശ്വസനീയമായ തെളിവുകൾ ഇന്ത്യാ-ശ്രീലങ്കാ ബന്ധത്തിന്റെ ആദ്യകാലസംഭവങ്ങളിലേക്ക് വെളിച്ചം വീശുന്നു.

ഏകദേശം B. C. 500-ൽ വംഗാളിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ഫലമായി ഉടലെടുത്ത വ്യാപാരബന്ധങ്ങൾ ഇന്ത്യാ-ശ്രീലങ്കാ സഹകരണത്തിന്റെ ആദ്യപടികളായി. വീണ്ടും ബുദ്ധമതപ്രചരണാർത്ഥം B. C. 247–207 കാലഘട്ടങ്ങളിൽ അശോകൻ അയച്ച ബുദ്ധമത സന്യാസികൾ ശ്രീലങ്കയിൽ അടിത്തറയിട്ട ബുദ്ധമതം ശക്തിമത്തായ ഇന്ത്യൻ പാരമ്പര്യത്തിൽ വളർന്നു. പിന്നീട് യൂറോപ്യൻ ശക്തികൾ ഏഷ്യൻ രാജ്യങ്ങളുമായി വാണിജ്യബന്ധത്തിലേർപ്പെട്ട അവസരത്തിൽ ഇന്ത്യയിൽനിന്നും ശ്രീലങ്കയിലേക്കും തങ്ങളുടെ പ്രവർത്തനമേഖല വ്യാപിപ്പിച്ചു. ഒന്നര നൂറ്റാണ്ടോളം നീണ്ടുനിന്ന ബ്രിട്ടീഷ് കോളനി വാഴ്ചയുടെ ഫലമായി ദക്ഷിണേന്ത്യയിലെ അനവധി റിക്രൂട്ടിംഗ് സെന്ററുകളിൽ നിന്ന് ശ്രീലങ്കയിലെ തേയില, റബർ, കാപ്പിത്തോട്ടങ്ങളിലേക്ക് കൊണ്ടുപോയ ഇന്ത്യൻ വംശജർ ഇന്ത്യാ-ശ്രീലങ്കാ ബന്ധത്തെ ഒരു പുതിയ പാതയിലെത്തിച്ചു. സാമ്രാജ്യത്വശക്തികളെ തുര



ളുവാനുള്ള ലോകജനതയുടെ ശ്രമത്തിൽ ഇന്ത്യയുടെ മാതൃക പിൻതുടർന്നു. ശ്രീലങ്കയിൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉണ്ടായ സംഭവവികാസങ്ങൾ ആ ചെറിയ അയൽരാജ്യത്തിന്റെ ഗതിവിഗതികളിൽ നിർണ്ണായകമെന്നു വിളിക്കാവുന്ന സ്വാധീനം ചെലുത്തുന്നതിന് ഇന്ത്യ നിർബന്ധിതയായി.

ശ്രീലങ്കയുടെ ചരിത്രപശ്ചാത്തലം ഇപ്പോൾ അവിടെ നടമാടുന്ന വർഗ്ഗവിദ്വേഷത്തിന്റെ ഉള്ളുകള്ളികൾ തുറന്നുകാണിക്കുന്നുണ്ട്. ഭൂരിപക്ഷം വരുന്ന ബുദ്ധമത വിശ്വാസികളായ സിംഹളരും വടക്കുകിഴക്കൻ ഭാഗങ്ങളിൽ തങ്ങളുടെ പ്രഭാവം കാട്ടുന്ന ഹിന്ദുമതാനുയായികളായ തമിഴരുമാണ് ശ്രീലങ്ക എന്ന രാജ്യത്തിന്റെ ശാന്തിയെയും സമാധാനത്തെയും ഇന്നു പന്താടുന്നത്. നൂററാണ്ടുകളായി ശ്രീലങ്കയിൽ ജീവിക്കുന്ന ഇന്ത്യൻ വംശജരായ തമിഴർക്ക് പൂർണ്ണ പൗരാവകാശം നിഷേധിച്ച മുൻ പ്രസിഡൻറ് സിരിമാവോ ബന്ദാരനായകെ, അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിയുമായി ഉണ്ടാക്കിയ കരാറനുസരിച്ച് അവരിൽ കുറേപ്പേരെ ഇന്ത്യ തിരിച്ചുവിളിക്കുകയുണ്ടായി. അവരുടെ ചില തെററായ നയങ്ങളിലൂടെ വളർന്നുവന്ന അശാന്തിയും ദുരിതജീവിതവും പിന്നീട് അധികാരത്തിൽ വന്ന ജയവർധനെയുടെ നയങ്ങൾ മൂലം വളരെയധികം വളർന്നു. ന്യൂനപക്ഷമായ തമിഴ് വംശജർ അടിക്കടി നഷ്ടപ്പെട്ടുകൊണ്ടിരുന്ന തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള സമരത്തിൽ ഒരു പുതിയ രാജ്യമെന്ന ആശയത്തിന്മേൽ മുറുകെപ്പിടിച്ചതു് വംശമേധാവിത്വ സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന സിംഹളരെയും അക്രമാസക്തരും വംശീയവാദികളുമാക്കി.

തീർത്തും കലുഷിതമായ ഈ അന്തരീക്ഷവും ഇന്ത്യൻ വംശജരുടെ നേരെയുള്ള ഗവണ്മെൻറിന്റെകൂടി പങ്കാളിത്തമുള്ള പീഡനങ്ങളും യാതൊരു പ്രതികരണവുമില്ലാതെയിരിക്കുവാൻ ഇന്ത്യയെ അനുവദിച്ചില്ല. ഇന്ത്യയിൽ പൊതുവെയും തമിഴ്നാട്ടിൽ പ്രത്യേകിച്ചും സാമൂഹ്യ സാംസ്കാരിക വേരുകളുള്ള തമിഴ് വംശജരുടെ യാതനകൾ വലിയൊരു വിഭാഗം ഭാരതീയർക്ക് മനോവേദനയ്ക്കുകാരണമായി. പുറപ്പാടുകൾ കൂടുതൽ അപകടപൂർണ്ണവും സങ്കീർണ്ണവുമായപ്പോൾ തമിഴ്നാട്ടിലേയ്ക്കുള്ള അഭയാർത്ഥികളുടെ പ്രവാഹം വർദ്ധിക്കുകയും, വൈകാരികവും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ തമിഴ്നാട്ടിൽ വ്യാപിക്കുകയും അതു് ഇന്ത്യയുടെ രാഷ്ട്രീയ മണ്ഡലത്തിൽ ചില പ്രത്യാഘാതങ്ങൾ ഏല്പിക്കുകയും ചെയ്തതോടെ നയതന്ത്രതലത്തിലും രാഷ്ട്രീയതലത്തിലും പ്രശ്നപരിഹാരത്തിനായി ഇന്ത്യ ശ്രമിച്ചുതുടങ്ങി.

സമാധാനപരമായ സഹവർത്തിത്വത്തിലൂടെയും പഞ്ചശീലതത്വങ്ങളിലൂടെയും കടന്നുവന്ന ഇന്ത്യ ശ്രീലങ്കയുമായുള്ള ബന്ധവും അക്രമരഹിതവും സമാധാനപൂർണ്ണവുമായ മാർഗ്ഗങ്ങളിലൂടെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു. സ്വവംശജരുടെ ന്യായമായ അവകാശ



കടുംപിടിത്തത്തിന്റെ മുഖം
— പ്രേമദാസ

ങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് ശ്രീലങ്കയുടെ സമഗ്രമായ പുരോഗതിയെ മുൻനിർത്തിയുള്ള സൈനികനീക്കങ്ങളും സഹായങ്ങളും ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു കരാർ വ്യവസ്ഥകൾ. തമിഴർക്ക് പരമാവധി സ്വയംഭരണം ഉറപ്പുനൽകുന്ന ഒരു കരാറായി എല്ലാവരും വാഴ്ത്തിയെങ്കിലും തീവ്രവാദികളായ തമിഴ് പുലികൾക്ക് അതിലെ എല്ലാ വ്യവസ്ഥകളും സ്വീകാര്യമായിരുന്നില്ല. ജനാധിപത്യപരമായ താല്പര്യങ്ങളേക്കാൾ തങ്ങളുടെ മേധാവിത്വം അംഗീകരിച്ചുകിട്ടുന്നതിന് പ്രാധാന്യംകൊടുത്ത തമിഴ് പുലികൾ കരാറിനെ ഭാരതത്തിന്റെ കീഴടങ്ങലായും അവരുടെ താല്പര്യങ്ങൾക്കു വിരുദ്ധമാ



ണെന്നും ആരോപിച്ച് ഭീകരപ്രവർത്തനങ്ങൾ ശക്തമാക്കി.

ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ സമാധാന സംരക്ഷണസേന ലങ്കയിലെത്തിയത്. തമിഴ് വംശജർക്കുവേണ്ടിയുള്ള ഉടമ്പടിയുടെ ഭാഗമായി അവിടെയെത്തിയ ശാന്തിസേനയ്ക്ക് അക്രമാസക്തരായ തമിഴ് പുലികൾക്കെതിരെ വളരെ ശ്രദ്ധയോടെ നീങ്ങേണ്ടിവന്നു. ഗ്രാമങ്ങൾതോറും നടത്തിയ തെരച്ചിലുകൾ തീവ്രവാദിഗ്രൂപ്പുകളെ ചിതറിക്കുന്നതിനും സംഘടനയെ തളർത്തുന്നതിനും സഹായിച്ചു. ദക്ഷിണേന്ത്യയിലെ രാഷ്ട്രീയ സൈനിക മേധാവിത്വത്തേക്കാൾ ഒരു നല്ല അയൽബന്ധമാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് വെളിപ്പെടുത്തുവാൻ സാധിച്ചുവെന്നത് അതിലും വലിയ ഒരു നേട്ടമായി കരുതപ്പെടുന്നു. രാഷ്ട്രീയപരമായി പക്വവും വിവേകപൂർണ്ണവുമായ ഒരു പെരുമാററവും ദീർഘവീക്ഷണമുള്ള ഒരു നടപടിയുമായി കണക്കാക്കപ്പെടേണ്ടതാണിത്. പുതിയ പ്രസിഡൻറ് പ്രേമദാസയുടെ നയങ്ങൾ കൂടുതൽ പ്രാവർത്തികമാണെന്നുള്ള സംഗതിയും ഈ കരാറിനെയും രാജ്യാന്തര ബന്ധത്തെയും കൂടുതൽ പവിത്രമാക്കുന്നുണ്ട്. സിംഹളരെ പ്രീതിപ്പെടുത്തേണ്ടത് പ്രേമദാസയുടെ രാഷ്ട്രീയ ഭാവിയ്ക്ക് ആവശ്യമാണ്. അപ്പോൾ തീർച്ചയായും ശാന്തിസേനയുടെ പിന്മാററം അത്യന്താപേക്ഷിതമാണ്.


തീർത്തും അനിയന്ത്രിതവും ആശ്വാസരഹിതവുമായ ഒരു സ്ഥിതിവിശേഷമാണ് ഇന്ന് ശ്രീലങ്കയിലുള്ളതെന്നു പറയാൻ പററില്ല. സമർത്ഥനായ ഒരു ഭരണാധികാരിക്ക് ഏതു തരത്തിലെങ്കിലും നിയന്ത്രണവിധേയമാക്കാവുന്ന ഒരു ഘട്ടത്തിൽ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളുടെ സഹായം ഇവിടെ ആ വിജയം എളുപ്പമാക്കുന്നുണ്ട്. എങ്കിലും വിവിധ ശ്രീലങ്കൻ രാഷ്ട്രീയ പാർട്ടികൾ ഇന്ത്യൻ നയത്തോട് വിരോധ മനോഭാവം പുലർത്തുന്ന ഈ അവസരത്തിൽ ഇന്ത്യൻ ശ്രീലങ്കൻ ബന്ധവും കരാറും പുന:പരിശോധിക്കാൻ ഒരു അവസരവും കൂടിയാണിത്. സൈന്യത്തെ മുഴുവനായി പിൻവലിച്ച് ശ്രീലങ്കൻ ജനതയുടെ താല്പര്യങ്ങളെക്കൂടി മാനിക്കേണ്ടതുണ്ട്. അയൽരാജ്യങ്ങളുമായുള്ള സൗഹൃദബന്ധത്തെ ഏററവുമധികം വിലമതിക്കുന്ന ഭാരതം ഈ നടപടിയിലും അതു് എടുത്തുകാണിക്കട്ടെ. ശാന്തിയും സമാധാനവും നിറഞ്ഞ ഒരു സാമൂഹ്യസ്ഥിതിയും ഭദ്രമായ സാമ്പത്തികരംഗവും കലാപരഹിതമായ ഒരു പുനർജീവിതം ശ്രീലങ്കയ്ക്ക് കൈവരിക്കാൻ കഴിയട്ടെ എന്ന് പ്രത്യാശിക്കാം.

## ഇൻഡ്യയും അമേരിക്കയും

ലോകരാഷ്ട്രങ്ങളിലെ വൻകിട ശക്തികളിലൊന്നാണ് അമേരിക്ക. പലപ്പോഴും ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ലോകരാഷ്ട്രങ്ങളിലെ ഒരു വൻകിട ശക്തിയായ അമേരിക്കയുമായി നല്ല-രീതിയിലുള്ള ബന്ധം പുലർത്താൻ കഴിയാതെപോയിട്ടുണ്ട്. ഇൻഡ്യയ്ക്കെതിരെ വെല്ലുവിളി ഉയർത്തുന്ന രാജ്യങ്ങളിലൊന്നാണ് പാകിസ്ഥാൻ. അവർക്ക് ആയുധവും പണവും നല്കി അമേരിക്ക സഹായിക്കുന്നു. ഇൻഡ്യയ്ക്കെതിരെ വെല്ലുവിളി ഉയർത്താൻ അവർക്കു ധൈര്യം കൊടുത്തതും അമേരിക്കയാണ്. സാർക്ക് സമ്മേളനത്തിൽ ഇൻഡ്യയോട് അനുകൂല നിലപാട് എടുക്കുവാൻ പാകിസ്ഥാൻ പ്രധാനമന്ത്രിയെ അനുവദിക്കാതിരുന്നതും അമേരിക്കയ്ക്ക് സ്വാധീനമുള്ള പാകിസ്ഥാനിലെ സൈനിക നേതൃത്വമാണ്. പ്രധാനമന്ത്രി ജുനേജോയേയും പാകിസ്ഥാൻജനങ്ങളേയും ഒരേ വഴിക്ക് നയിക്കുവാൻ സമർത്ഥനായ സിയാ



ഭരണമാററം ഇന്ത്യക്ക് അനുകൂലമാവുമോ?
ഇന്ത്യയുടെ പഴയ സുഹൃത്ത് – ജോർജ് ബുഷ്



ഉൾഹക്ക് കണ്ടുപിടിച്ച തന്ത്രമാണിതെന്നു പറയപ്പെടുന്നു. സാർക്ക് സമ്മേളനത്തിനു തൊട്ടുമുമ്പും സമ്മേളന സമയത്തും പാകിസ്ഥാൻ സ്വീകരിച്ച ഇൻഡ്യാ വിരുദ്ധ നയങ്ങൾക്കെതിരെ നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ശക്തിയായി പ്രതികരിച്ചതു് ഈ സാഹചര്യത്തിലാണ്. ഇതിന്റെയൊക്കെ പിന്നിൽ അമേരിക്കയുടെ കരങ്ങളും പ്രവർത്തിച്ചിരുന്നുവെന്നുവേണം കരുതാൻ. ഇൻഡ്യാ സമുദ്രത്തിലും ഏഷ്യയിലും അമേരിക്കയുടെ നിലപാടുകളെ അതിനിശിതമായി നമ്മൾ വിമർശിച്ചുപോന്നിരുന്നു.


ഇങ്ങനെ അമേരിക്കക്കെതിരായി പ്രതികരിച്ചുവെങ്കിലും രാജീവ്ഗാന്ധിയുടെ അമേരിക്ക സന്ദർശനത്തിനുശേഷം സ്ഥിതി മട്ടൊക്കെ മാറിയിരുന്നു. ദക്ഷിണേന്ത്യയിൽ അമേരിക്കയുടെ നയതന്ത്രനീക്കങ്ങൾക്ക് അനുകൂലമായ നിലപാട് ഇൻഡ്യ സ്വീകരിച്ചിരുന്നതായി ചിലരെങ്കിലും കുറ്റപ്പെടുത്തുന്നുണ്ട്. രാജീവ് ഗാന്ധിയുടെ അമേരിക്ക സന്ദർശനവേളയിൽ റൊണാൾഡ് റീഗനും മററു പാശ്ചാത്യ നേതാക്കളുമായി നടത്തിയ ചർച്ചയാണ് ഇതിനു കാരണം. സാങ്കേതികരംഗത്തു് ഇൻഡ്യക്കു് സഹായം നല്കാമെന്നും ആയുധങ്ങൾ തരാമെന്നും അമേരിക്ക പറഞ്ഞിട്ടുണ്ട്.

ഇൻഡ്യ-ചൈനാ അതിർത്തി തർക്കത്തെ സംബന്ധിച്ച കാര്യങ്ങളിൽ രാജീവ്ഗാന്ധി വിശാലമായ ഒരു നയമാണ് സ്വീകരിച്ചിരുന്നതു്. സമാധാനപരമായ ഒരു കൂടിയാലോചനവഴി ആ പ്രശ്നം പരിഹരിക്കുന്നതിനു് ചൈനയിൽ സ്വാധീനം ചെലുത്താമെന്ന് അമേരിക്ക സമ്മതിച്ചിരുന്നു. ഭൂട്ടാൻ-നേപ്പാൾ എന്നീ രാഷ്ട്രങ്ങളുടെ ടിബററൻ അതിർത്തി കാര്യത്തിൽ എന്നതുപോലെ ചൈനാ-ഇൻഡ്യ അതിർത്തിയിലും സമാധാനമുണ്ടാക്കാൻ കഴിഞ്ഞാൽ സോവിയററ് യൂണിയനോടുള്ള ഇൻഡ്യയുടെ വിധേയത്വം കുറയുമെന്ന് അമേരിക്ക കണക്കുകൂട്ടിയിരുന്നു. അതുപോലെതന്നെ പാകിസ്ഥാനുള്ള അമേരിക്കൻ സഹായം കുറയ്ക്കുന്നതുവഴി ഇൻഡ്യയുടെ നിലപാടു മാററാൻ സഹായിക്കുമെന്ന് അവർ കരുതുന്നു. ഇന്ത്യയുടെ അയൽരാജ്യമായ ഭൂട്ടാൻ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം എടുത്തുവരുന്നു. ഇക്കാര്യത്തിൽ ചൈനയുടെയും അമേരിക്കയുടെയും കൈ വളരെ വ്യക്തമാണ്. ബംഗ്ലാദേശിലും പാകിസ്ഥാനിലുമെന്നപോലെതന്നെ നേപ്പാളിലും ഭൂട്ടാനിലും ഇന്ത്യ വിരുദ്ധ ചിന്താഗതി ശക്തിപ്പെട്ടുവരികയാണ്. ഇതു വളർത്തുന്നതിന്റെ പിന്നിൽ ചൈനയും അമേരിക്കയുമാണുള്ളതു്. സാർക്ക് രാഷ്ട്രങ്ങളുടെ വികസനത്തിനും, സാർക്കിന്റെ നടത്തിപ്പിനുതന്നെയും പാശ്ചാത്യ സഹായം സ്വീകരിക്കണമെന്ന ഒരു നിർദ്ദേശം സമ്മേളനത്തിൽ ഉയർന്നുവന്നു. അതും ഇൻഡ്യയുടെ നിർബന്ധം മൂലം തള്ളിക്കളഞ്ഞു. സാർക്ക് സമ്മേളനത്തിനു മുൻപു് ശ്രീലങ്കയിൽ ഇൻഡ്യയുടെ ഇടപെടൽ പോലും അമേരിക്കയുടെ തന്ത്രപരമായ ഒരു വിജയമായിട്ടാണ് പലരും കാണുന്നതു്. ഇൻഡ്യയിലെ ഒരു സുശക്തവിഭാഗമായ തമിഴരെ ഇൻഡ്യക്കെതിരായിത്തിരിക്കുവാനും അങ്ങനെ അമേരിക്കയ്ക്കു കഴിഞ്ഞു. ശ്രീലങ്കയിലെ സിംഹളവംശജരും ഇൻഡ്യയുടെ നടപടിയിൽ അതൃപ്തരാണെന്നു കാണാം.

മുൻ അമേരിക്കൻ പ്രസിഡൻറായിരുന്ന റൊണാൾഡ് റീഗൻ ഒരു യുദ്ധക്കൊതിയനു[illegible]ടിയായിരുന്നുവെന്നുള്ളതു് നാം ഓർമ്മിക്കേണ്ടതാണ്. സോവിയററ് യൂണിയനും മററു ചേരിചേരാ രാഷ്ട്രങ്ങളും ലോകസമാധാനത്തിനു വേണ്ടി യത്നിക്കുമ്പോൾ, നക്ഷത്രയുദ്ധത്തിന്റെ സാദ്ധ്യതകളെപ്പററി ആരായാനാണ് റീഗൻ ഭരണകൂടം ശ്രമിച്ചതു് എന്നുകൂടി ഓർക്കണം. എന്നാൽ റീഗന്റെ കാലശേഷം അധികാരത്തിൽ വന്ന ജോർജ്ജ് ബുഷ് സ്ഥിതിഗതികളിൽ മട്ടൊക്കെ മാററംവരുത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അദ്ദേഹവും റീഗനെപ്പോലെ ഒരു യുദ്ധക്കൊതിയനാണെങ്കിൽ ഇനിയും ഇൻഡ്യക്കു് അമേരിക്കയുമായി നല്ല ബന്ധം പുലർത്താൻ കഴിയാതെ വരും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്നും നമുക്കാശിക്കാം.

## ഇൻഡ്യയും സോവിയററ് യൂണിയനും

സോവിയററ് യൂണിയനുമായുള്ള ഇൻഡ്യയുടെ ബന്ധം ദൃഢമാണ്. സാർക്ക് രാഷ്ട്രങ്ങളിൽ ഏററവും വലുതും ശക്തിയുള്ളതും ഇൻഡ്യയാണ്. വളരെക്കാലമായി ചേരിചേരാനയം പുലർത്തിവരുന്നുണ്ടെങ്കിലും പല കാര്യങ്ങളിലും റഷ്യയോടു് അടുത്തു നിൽക്കുന്ന ഒരു



നയമാണ് ഇൻഡ്യയുടേത്. ഇൻഡ്യയും സോവിയററ് യൂണിയനും തമ്മിൽ സൈനിക സഖ്യമുണ്ട് റഷ്യയോട് വിധേയത്വം പുലർത്തുന്ന ഒരു നയമാണ് ഇൻഡ്യ സ്വീകരിച്ചിരിക്കുന്നത് എന്നതുകൊണ്ടുതന്നെ ഇൻഡ്യയുടെ സാങ്കേതികരംഗത്തും അല്ലാതെയും പല സഹായങ്ങളും റഷ്യ ചെയ്തുതരുന്നുണ്ട്. ഇതൊക്കെയും ഇൻഡ്യയും റഷ്യയുംതമ്മിലുള്ള ബന്ധത്തിന്റെ ദൃഢത വർദ്ധിപ്പിക്കുവാൻ പര്യാപ്തമായതാണ്. മോസ്കോയിലുണ്ടായ ഭൂമികുലുക്കത്തിൽ റഷ്യക്ക് സഹായം എത്തിച്ചുകൊടുത്തതും ഈ ബന്ധത്തിന്റെ ദൃഢതയെ കാണിക്കുന്നു. ഇപ്പോൾ സോവിയററ് യൂണിയനിൽ നടക്കുന്ന ഗ്ലാസ്നോസ്റ്റ് സംസ്കാരവും പെരിസ്ട്രോയിക്ക വിപ്ലവവും ഇൻഡ്യയെ വളരെയേറെ സ്വാധീനിക്കുന്നുണ്ട്. സോഷ്യലിസം കൊതിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. സോഷ്യലിസം ആഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിന്റെയും കണ്ണു തുറപ്പിക്കാൻ പോന്നതാണ് ഇന്ന് റഷ്യയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ. അവ റഷ്യയെ പുരോഗതിയുടേതായ മറെറാരു പാതയിലേക്ക് നയിക്കുകയാണ്.

സ്റ്റാലിന്റെ ഏകാധിപത്യ സ്വഭാവമുള്ള ഭരണത്തിൽനിന്നും ഒരു മോചനമാണ് മിഖായേൽ ഗോർബച്ചേവിന്റെ വരവോടുകൂടിയുണ്ടായത്. ലോകരാഷ്ട്രങ്ങളിലെ വൻകിട ശക്തിയായ റഷ്യ ഇന്ന് ലോകസമാധാനത്തിനുവേണ്ടി നടത്തുന്ന യത്നങ്ങൾ മററ് അയൽരാജ്യ മാതൃകയാക്കേണ്ടതാണ്. നമ്മുടെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ റഷ്യ സന്ദർശനത്തിനുശേഷം സോവിയററ് യൂണിയനുമായുള്ള നമ്മുടെ ബന്ധം മെച്ചപ്പെടുകയാണുണ്ടായത്

ഇന്ത്യയുടെ എന്നത്തേയും നല്ല സുഹൃത്തായിരുന്ന റഷ്യ വളരെ ചെറിയ ചില എതിർ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിലും ഈയിടെയ്ക്ക് വമ്പിച്ച നിറപ്പകിട്ടോടെ റഷ്യയിൽ ഇന്ത്യ നടത്തിയ ഇന്ത്യൻ മേള റഷ്യക്കാർക്കൊരു ഹരമായി. നമ്മുടെ കലാകാരന്മാർ അവിടെ വർണ്ണങ്ങൾ വാരി വിതറി. അതുപോലെ റഷ്യൻ കലാകാരന്മാർ ഇന്ത്യയിൽ നടത്തിയ ഇന്ത്യൻ മേള ഭാരതീയർക്കും മറക്കാനാവാത്ത അനുഭവമായി മാറി. കലയുടെ പട്ടുനൂലുകളിൽ കോർത്ത ബന്ധം ഹൃദയങ്ങളും ഹൃദയങ്ങളും തമ്മിലുള്ള ബന്ധമാവുന്നത് നമ്മൾ കണ്ടു. അവിടെ ഇരു രാജ്യങ്ങളാണ് പരസ്പരം അടുത്തത്.

ഇന്ത്യ 'അഗ്നി' വിക്ഷേപിച്ചപ്പോൾ സന്തോഷത്തിന്റെ കണ്ണുകളിലൂടെ അതു നോക്കിക്കണ്ട ഏക വിദേശരാജ്യമെന്നു വേണമെങ്കിൽ നമുക്ക് റഷ്യയെ വിശേഷിപ്പിക്കാം. സൗഹൃദം അതിന്റെ ആഴങ്ങളിലേക്ക് കടക്കുകയായിരുന്നു അവിടെ. ആ വിശാലവീക്ഷണം ബന്ധങ്ങളിൽ കൂടുതൽ തൊങ്ങലുകൾ തുന്നിച്ചേർക്കുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം.

ഗോർബച്ചേവിന്റെ നീക്കങ്ങൾ ലോകസമാധാനത്തിന് ആശകൾ പകരുന്നു. ഒപ്പം ബന്ധം അരക്കിട്ടുറപ്പിക്കുന്നതിന് ഇന്ത്യയും. സമാധാനത്തിലടിയുറച്ച, പരസ്പര പ്രയോജനമുള്ള ഈ ബന്ധം നിലയ്ക്കാതെ നീളട്ടെ എന്നു നമുക്കാശിക്കാം.




വിപ്ലവകരമായ ആഭ്യന്തര പരിഷ്കാരങ്ങളുടെ പിതാവ് – ഗോർബച്ചേവ്

### ഒടുവിൽ കിട്ടിയത്...

ഇന്ത്യൻ സൈന്യം എത്രയും വേഗം പിന്മാറണമെന്നാവശ്യപ്പെടുന്ന പ്രേമദാസ–പിന്തുണയ്ക്കുന്ന തമിഴ് പുലികൾ.

വ്യാപാരരംഗത്തെ ശല്യക്കാരനായി ഇന്ത്യയെ മുദ്രകുത്തിയ അമേരിക്ക അതിനെതിരെ ഉയർന്ന ഇന്ത്യൻ ശബ്ദം.

'അഗ്നി'ക്കെതിരെ ശബ്ദിക്കുന്ന പാകിസ്ഥാൻ –ബന്ധങ്ങളിൽ വീണ്ടും തീപ്പൊരികളോ?



# വേണം നമുക്കൊരു സാംസ്ക്കാരിക ബോധം

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി കുമാരനാശാനെക്കുറിച്ച്, 'ആശാൻ വിപ്ലവത്തിന്റെ ശുക്രനക്ഷത്രത്തിൽ' എന്ന ലേഖനത്തിൽ വളരെ സുപ്രധാനമായ ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. "എന്നെന്നും എല്ലാവരാലും സശ്ലാഘിതമായി തീർന്നിട്ടുള്ള ജനവിഭാഗങ്ങളെ രണ്ടായി തിരിക്കാം. ജീവിത ദശയിൽ ജീവിച്ചു എന്നവകാശപ്പെടുന്നവർ ഒരു പക്ഷം." ഈ വാചകങ്ങളാം ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും വളരെ സ്തുത്യർഹമായ രീതിയിൽ വ്യക്തമാക്കുന്നു. പാശ്ചാത്യദർശനവും പൗരസ്ത്യദർശനവും ജീവിതത്തെ വിവിധങ്ങളായ രീതിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും, ര ദർശനങ്ങളുടെയും ആണിക്കല്ലെന്ന് പറയുന്നതു സാമാന്യമായി സാമൂഹ്യ അവബോധമാണ്. ഈ സാമൂഹ്യഅവബോധത്തിൽനിന്ന് ബഹിർഗമിക്കുന്ന ഉന്നതമായ ജീവിത മൂല്യങ്ങളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞു വരുന്ന പരിവർത്തന പ്രക്രിയകളാണ് ആത്യന്തികമായി ജീവിതത്തെ ധന്യമാക്കുന്നത്.

വിദ്യാഭ്യാസം കൊണ്ടുമാത്രം സാമൂഹ്യ അവബോധം ഉണ്ടാവണമെന്നില്ല. ചുറ്റുപാടുമായി തുടർച്ചയായി ബന്ധപ്പെടുന്നതിലൂടെയാണ് ഇതുണ്ടാകുന്നത്. ഈ സാമൂഹ്യ അവബോധത്തിന്റെ അഥവാ സാംസ്ക്കാരിക ബോധത്തിന്റെ ഉന്നതമായ രൂപമാണ് സംസ്ക്കാരം എന്ന് പറയുന്നത്. പ്രസംഗം കൊണ്ടോ, വിശ്വാസം കൊണ്ടോ, വിദ്യാഭ്യാസം കൊണ്ടോ സംസ്ക്കാരം നമ്മളിലുണ്ടാകുന്നില്ല. കല്ലും, കമ്പിയും, ഇഷ്ടികയും കൊണ്ട് മാത്രം ഉറപ്പുള്ള വീട് രൂപം കൊള്ളുകയില്ലല്ലോ. ഈ മൂന്നിന്റെ കൂടെ അസ്ഥിവാരം ആവശ്യമാകുന്നതുപോലെ സംസ്ക്കാരം ഉണ്ടാകുന്നതിന് സാമൂഹ്യ അവബോധം അഥവാ സാംസ്ക്കാരിക ബോധം ആവശ്യമാണ്. ഇങ്ങനെയുള്ള സംസ്ക്കാരിക ബോധത്തിന്റെ അഭാവംകൊണ്ടാണ് യുക്തിവാദിയായി നടക്കുന്ന ഒരാളുടെ കൈ അറിയാതെ മുള്ളിൽ കൊള്ളുമ്പോൾ അയാൾ "എന്റെ ദൈവമേ" എന്ന് വിളിച്ചു പോകുന്നത്.

മനുഷ്യൻ പ്രപഞ്ചത്തെ കാണുന്നതും, അറിയാൻ ശ്രമിക്കുന്നതും, മാറ്റാൻ ശ്രമിക്കുന്നതും പ്രധാനമായി മൂന്നുതരം വിജ്ഞാന സമ്പാദന രീതികളിൽ കൂടിയാണെന്ന് സാമാന്യമായി പറയാം. ശാസ്ത്രീയമായ വിജ്ഞാനം, ദാർശനിക വിജ്ഞാനം, സാംസ്ക്കാരിക വിജ്ഞാനം എന്നിവയാണവ. ഈ മൂന്ന് വിജ്ഞാന മാർഗ്ഗങ്ങളിൽ മനുഷ്യ മനസ്സിന്റെ അഗാധതയിൽ കടക്കുവാനും, പൂർണ്ണമായ വീക്ഷണം നടത്തുവാനും രൂപപ്പെടുത്തുവാനും സഹായിക്കുന്നത് സാംസ്ക്കാരിക വിജ്ഞാനമാണ്. സാമൂഹ്യ പുരോഗതിയെ സഹായിക്കുകയും അതിന് ഉത്തേജനം നൽകുകയും ചെയ്യുകയെന്ന ഒരു കടമ സാംസ്കാരിക വിജ്ഞാനത്തിൽ കുടികൊള്ളുന്നു. ഈ തരത്തിലുള്ള ഒരു വിജ്ഞാനമാണോ വിദ്യാഭ്യാസം വഴി നമുക്കിന്ന് ലഭിക്കുന്നത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ജീവിത യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാതെ അതിൽ നിന്നെല്ലാം പുറം തിരിഞ്ഞു നിൽക്കുന്ന ഒരാശയത്തിന്റെ പ്രതിഫലനമാണ് ഇന്ന് നാം നിത്യേന ബന്ധപ്പെടുന്ന സാഹിത്യ ശാഖകളിൽ പലതിലും. ഒരു പരിധിവരെ അതുകൊണ്ടുതന്നെയാണ് ഉന്നതമായ സംസ്ക്കാരം, വിദ്യാസമ്പന്നരാണെങ്കിലും നമ്മളിൽ ഉണ്ടാകാത്തത്.

ലേഖകനായ സന്തോഷ് ടി. വർഗ്ഗീസ് (രണ്ടാം വർഷ ധനതത്വശാസ്ത്രം) ഈ വർഷത്തെ സർവ്വകലാശാല കലോത്സവത്തിലെ ഉപന്യാസമത്സര വിജയിയാണ്.

അന്താരാഷ്ട്ര കമ്പനിയായ പാമെലീവ് നിർമ്മിക്കുന്ന കോൺഗേററ് എന്ന ടൂത്ത്പേസ്റ്റ് നാം 12/– രൂപ വില കൊടുത്ത് വാങ്ങുമ്പോൾ അതിൽ ഏതാണ്ട് അഞ്ച് രൂപയും ഈ ബഹുരാഷ്ട്രകമ്പനി അമേരിക്കയിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നു. ഇങ്ങനെ മൂന്നാം ലോക രാജ്യങ്ങളിൽനിന്ന് അനവധി അന്താരാഷ്ട്ര കമ്പനികൾ കടത്തിക്കൊണ്ട് പോകുന്ന ഭീമമായ തുകകൊണ്ടാണ് സാമ്രാജ്യത്വ രാജ്യങ്ങൾ തങ്ങളുടെ ആയുധ ഗവേഷണങ്ങൾ തുടർന്നു കൊണ്ടുപോകുന്നത്. ഇവർ നിർമ്മിച്ചുകൂട്ടുന്ന ആയുധങ്ങൾ വാങ്ങാൻ ഇന്ത്യയും മററ് മൂന്നാം ലോകരാഷ്ട്രങ്ങളും നിർബന്ധിതരാകുന്ന ചുരുക്കത്തിൽ നാം തന്നെ നമ്മുടെ ശവക്കുഴി തോണ്ടുന്നു. ഇതെല്ലാവർക്കും അറിയാം. എങ്കിലും നാം വീണ്ടും ഈ തരം കമ്പനികളുടെ ചൂഷണത്തിന് അറിഞ്ഞുകൊണ്ട് വിധേയരാകുന്നു. ഉന്നതമായ സാംസ്ക്കാരിക ബോധം അഥവാ സാമൂഹ്യ അവബോധം നമ്മളിൽ ഇല്ലാത്തതാണ് ഇത്തരം ദുർഗ്ഗതിക്ക് കാരണം.

മനുഷ്യ മനസ്സിന്റെ സ്പന്ദനങ്ങളുമായി ബന്ധമുള്ള വിജ്ഞാനശാഖ സാംസ്ക്കാരിക വിജ്ഞാനമാണ് എന്നു പറഞ്ഞു കഴിഞ്ഞു. ഇത്തരത്തിലുള്ള വിജ്ഞാനം ആദ്യം കടന്നു ചെല്ലുന്നത് മനുഷ്യന്റെ മനസ്സിലേക്കാണല്ലോ (Base). നാം നമ്മുടെ ജീവന്റെ യാത്രയിൽ നേടുന്ന അറിവുകളെല്ലാം (Base) മനസ്സിലേക്കു മാത്രമായി ഒതുങ്ങിക്കൂടുകയാണ് പതിവ്. ഭൂമിയുടെ ഗർഭത്തിൽ ധാരാളം രത്നകല്ലുകൾ ഉണ്ടല്ലോ. ഇവയെ ഖനനം ചെയ്തു തേച്ചു മിനുക്കിയെടുക്കുമ്പോഴാണ് അവയ്ക്ക് കാന്തിയും മൂല്യവും ഉണ്ടാകുന്നത്. അപ്പോഴാണ് ഇവക്ക് ആവശ്യമുണ്ടാകുന്നത്. അതുപോലെ നമ്മുടെ മനസ്സിലും അനവധി അറിവുകളുടെ രത്നക്കല്ലുകൾ ഒളിച്ചിരിപ്പുണ്ട്. അവയെ കണ്ടെത്തി മേൽക്കെട്ടിലേക്ക് (super structure) ഉയർത്തിക്കൊണ്ടു വരുന്നതിലാണ് ജീവിതത്തിന്റെ വിജയം. ഇതു പറയുമ്പോൾ നമ്മളിലുണ്ടാകുന്ന സാംസ്ക്കാരിക ബോധത്തിന് അതിരുകൾ സൃഷ്ടിക്കുന്നത് നമുക്ക് മുമ്പ് ജീവിച്ചിരുന്നവരുടെ സാംസ്ക്കാരിക ബോധമാണ് എന്ന് നാം മനസ്സിലാക്കണം. നമ്മളിലുള്ള ഉൺമയെ ഉയർത്തിക്കൊണ്ടു വരുമ്പോൾ, ആ വിശ്വാസം ഉണ്ടാകുവാൻ കാരണമായ സാമൂഹ്യ അവബോധം ആത്യന്തികമായി ശരിയാണോയെന്നു പരിശോധിക്കണം. അതിനുപരിയായി അതിന് മനുഷ്യത്വത്തോട് ബന്ധമുണ്ടോയെന്നും അറിയേണ്ടിയിരിക്കുന്നു. അങ്ങിനെ വിലയിരുത്തി അരക്കിട്ടുറപ്പിച്ച വിശ്വാസത്തെ മാത്രമേ മേൽക്കെട്ടിലേക്ക് (super structure) കൊണ്ടുവരാവൂ. ബേസിലെ വിശ്വാസത്തെ മേൽക്കെട്ടിലേക്ക് ഉയർത്തിക്കൊണ്ടു വരികയെന്ന് പറഞ്ഞാലത്ത് ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. തുടർച്ചയായ സാമൂഹ്യ സംവേദന പ്രക്രിയയിൽകൂടി ഇങ്ങിനെയൊരു മാററം നമുക്കുണ്ടാക്കിയെടുക്കാം. ഇത് ബോധപൂർവ്വമായ ഒരു മാററമാണ്. എന്നാൽ ഈ രീതിയിലല്ലാതെ, നാമറിയാതെ തന്നെ ചില വാസനകൾ മനസ്സിന്റെ മേൽക്കെട്ടിലേക്ക് അഥവാ പ്രവർത്തികളിലേക്ക് എത്തുന്നുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ ഇതും സാമൂഹ്യബന്ധത്തിൽ നിന്നാണ് ഉടലെടുക്കുന്നതെങ്കിലും ബോധപൂർവ്വമായ ഒരു ശ്രമം ഇതിലില്ല. (കലാവാസന മുതലായ) ചുരുക്കിപ്പറഞ്ഞാൽ മുകളിൽ പറഞ്ഞ രീതിയിലുള്ള ഒരു വിലയിരുത്തൽ നമ്മളിൽ ഉണ്ടായിട്ടില്ല.

ഇവിടെയാണ് എല്ലാവർക്കും പാളിച്ചകൾ സംഭവിക്കുന്നത്. നാം ബന്ധപ്പെടുന്ന സമൂഹത്തിലെ സാംസ്ക്കാരിക ബോധം നമ്മെ സ്വാധീനിക്കുന്നതുകൊണ്ടാണ് അല്ലെങ്കിൽ അവയുമായി വിടർത്താൻ ആവാത്തവണ്ണം നാം ബന്ധപ്പെട്ടതുകൊണ്ടാണ് ചില വിശ്വാസങ്ങൾ കാലക്രമേണ നമ്മുടെ പ്രവർത്തനങ്ങളിൽ (super structure) ദൃശ്യമാകുന്നത്. ഇതിന് അറുതി വരുത്തണമെങ്കിൽ നാം ബന്ധപ്പെടുന്ന സമൂഹത്തിലെ സാംസ്ക്കാരിക ബോധത്തിനു മാററം ഉണ്ടാകണം. ഇങ്ങനെയുള്ള മാററം സാധിതപ്രായമാകണമെങ്കിൽ നിരന്തരമായ നിരവധി പരിവർത്തനങ്ങൾക്ക് നാം സമൂഹത്തിൽ നേതൃത്വം കൊടുക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സാമൂഹ്യപരിവർത്തന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിലായിരിക്കണം വിദ്യാർത്ഥികളായ നാം നമ്മുടെ ഇടവേളകളിൽ ശ്രദ്ധിക്കേണ്ടത്.

# Only as she was a beggar

She came along with a hot wind
That whirled about for a while
Moving on the dry soil in ground
And the withered plants that flourished
Beneath the blazing sun merciless and regardless.
All were dead still
As she came along
Creeping on the unmetalled path pulling her body.
Lean and pale as she looked
Not a drop of sweat, so withered.
Fastened to neck was a bag
Humping on her back.
Grumbling feebly as she walk
Something in the wilderness.
Sun to his altitude
Men unto their roof
Then she stopped her legs unwilling
Looked like a mid day witch
Looking around for a while
Slipped into a nearby home
That could be her father's or mother's
Sister's or brother's, uncle's or aunt's
To have her share of luncheon
Her stomach blazing as madly as the sun
Would she be given anything for it?
She came as a beggar.


---

**ALEX JOSEPH**
II, D. C. Ecos.



ചെയർമാൻ
ബോബൻ മാത്യു

ജനറൽ സെക്രട്ടറി
ജോർജ്.റ്റി. പുരിക്കൻ






വൈസ് ചെയർമാൻ
മിനി ഐസക്



കൗൺസിലർ
ജിജി ജോർജ്




ആർട്സ് ക്ലബ്ബ് സെക്രട്ടറി
ജിമ്മി ജേക്കബ്



കൗൺസിലർ
സജി കുര്യൻ
(ബോഡിബിൽഡിംഗ് ചാമ്പ്യൻ)

# കോളേജ് യൂണിയൻ ഭാരവാഹികൾ



മാഗസിൻ എഡിറ്റർ
സുനിൽ രാജ് ഫിലിപ്പ്
(ആർട്സ് ചാമ്പ്യൻ)

# പ്രതിനിധികൾ




## വനിതാ പ്രതിനിധികൾ

സുധാ മാത്യു.

മെർലി തോമസ്.




## ക്ലാസ് പ്രതിനിധികൾ

ഒന്നാം വർഷ പ്രീഡിഗ്രി.

**ബിജു ജയിംസ്.**

രണ്ടാം വർഷ പ്രീഡിഗ്രി.

**ജോയി തോമസ്.**





ഒന്നാം വർഷ ഡിഗ്രി.

**സിബി അഗസ്റ്റിൻ.**

രണ്ടാം വർഷ ഡിഗ്രി.

**ജോഷി ചെറിയാൻ.**

മൂന്നാം വർഷ ഡിഗ്രി

**ജയ്സൺ. പി. ജേക്കബ്**




ഒന്നാം വർഷ ബിരുദാനന്തര ബിരുദം.

**ബെറ്റിമോൾ. കെ. എ.**

രണ്ടാം വർഷ ബിരുദാനന്തര ബിരുദം.

**ജോർജ്ജ്. പി. ഔസേ.**

# ദുഃഖപുത്രി

## കടവനാട്

കാണാതെ കാണുന്ന കുട്ടീ
കരയാതെ കരയുന്ന കുട്ടീ!
മുറിവായിൽ നിന്നിററു
വീഴുവോരു ബിന്ദുക്കളും
മുഴുവൻ ഇടപ്പെട–
ത്തഴകായി മാററുവാൻ
കഴിവാർന്ന കരളുള്ള കുട്ടീ
കൈപ്പുണ്ണ്യമോലുന്ന കുട്ടീ!
മാറുന്ന നീററലുകൾ
മററുള്ളവർക്ക സുഖ–
മാററുന്ന ലഹരിയാ–
യേകുമ്പോഴവരിൽ നി–
ന്നിററു സഹതാപം കൊതിക്കെ
കേൾക്കാതെ കേൾക്കുന്ന കുട്ടീ
തോൽക്കാതെ നിൽക്കുന്ന കുട്ടീ!
തൻ ദുഃഖമാകെയിഹ
താൻതന്നെയുണ്ണുവതു
വൻസ്വാർത്ഥമെന്നറിക കുട്ടീ!
പങ്കിട്ടുനൽകുക സുഖംപോലെ ദുഃഖവു–
മകം വാക്കിൽ വേവിച്ച കുട്ടീ–
അഭിമാനമതിൽ നിന്റെ
വിരൽത്തൊട്ടതിൻ കുളിര
നിഴലത്തണിക നീ കുട്ടീ!
സ്നേഹം മഹായോഗ–
മതുവിട്ടുപോയി മഗേ–
വാനെന്നതെത്തൊരു വിഷാദം!
സ്നേഹിക്ക നിഷ്കാമ–
മായ് നിന്നിട്ടുള്ളവതു–
മേതിനെയുമൊരുപോലെയെന്നും!
മററുള്ളോരാൾക്കമതു
വിട്ടേച്ചുപോകരുതു
കിട്ടട്ടെ ഭുവനത്തിനാകെ!
ഒന്നിനുമെതിരല്ല–
തൊന്നിനുമെതിരല്ല–
തെല്ലാററിനും നിറവു നൂനം!
നിഷ്കാമമാം സ്നേഹയോഗം–സകല
സൽക്കാരമാം സ്നേഹയോഗം!
നിന്നോട്ട നിന്നെയു
മണ്ണോട്ട വിണ്ണിനെയു–
മൊന്നാക്കിടും തപിരമാവും!


---


ശുഭാപ്തിവിശ്വാസികളോടൊപ്പം വിഷാദശീലരും ഇടകലർന്നതാണ് മനുഷ്യസമൂഹം. ഈ കവിത രണ്ടാമത്തെ വിഭാഗത്തെ അഭിസംബോധന ചെയ്യുന്നു — കവി.


മലയാളികൾക്ക സുപരിചിതനും പ്രിയങ്കരനുമായ കവിയാണ് ശ്രീ. കടവനാട് കുട്ടികൃഷ്ണൻ. ഓടക്കുഴൽ അവാർഡ് ജേതാവാണദ്ദേഹം. മലയാളസാഹിത്യകാരന്മാരിൽ മുൻനിരയിൽ നിൽക്കുന്ന അദ്ദേഹം നമ്മുടെ രജതജൂബിലി മാഗസിനുവേണ്ടി എഴുതിയ കവിതയാണ് ഈ പേജിൽ



ചിരിയുടേയും
ചിന്തയുടേയും
നനുത്ത
രേഖകൾ



ചിത്രകല നിയതമായ വൃത്തത്തിൽ കിടന്നു് വീർപ്പുമുട്ടിയപ്പോൾ അതിൽനിന്നു് ആവിർഭവിച്ചവയാണു് കാരിക്കേച്ചറും കാർട്ടൂണും. കാരിക്കേച്ചർ വ്യക്തിചിത്രീകരണം നടത്തുമ്പോൾ കാർട്ടൂൺ വ്യക്തിയേയും സമൂഹത്തേയും വിഷയമാക്കുന്നു. ശക്തിയേറിയ ഒരു മാധ്യമമാണു് കാർട്ടൂൺ. പരിഹാസം കാർട്ടൂണിന്റെ മുഖമുദ്രയായതോടുകൂടി പൂർവ്വാധിക ശക്തിപ്രാപിച്ചു. കടലാസ് എന്ന അർത്ഥം വരുന്ന കാർട്ടോൺ (cartone) എന്ന ഇറ്റാലിയൻ വാക്കിൽനിന്നാണു് ഹാസ്യചിത്രം എന്നർത്ഥം വരുന്ന കാർട്ടൂൺ എന്ന പദം ഉരുത്തിരിഞ്ഞതു്. പ്രതിരൂപാത്മകമോ പ്രതീകാത്മകമോ ആയ സൂചനകളിൽകൂടി വ്യക്തികളേയും സംഭവങ്ങളേയും തന്റേതായ വീക്ഷണത്തിലൂടെ സമീപിക്കുകയാണു് കാർട്ടൂണിസ്റ്റ് ചെയ്യുന്നതു്.


കലയായാലും സാഹിത്യമായാലും വളരെ താമസിച്ചുമാത്രം എത്തുന്ന ഭാരതത്തിൽ രാഷ്ട്രീയ കാർട്ടൂണുകൾക്കു് തെല്ലും പ്രചാരമില്ലാതിരുന്ന കാലത്തു് അതിനു് ഗണപതിക്കുറിപ്പ് നടത്തിയതു് കാർട്ടൂൺ മണ്ഡലത്തിൽ ശുക്രനക്ഷത്രം പോലെ ഉദിച്ചുയർന്ന മലയാളിയായ ശങ്കർ ആയിരുന്നു. ലോകരാഷ്ട്രപ്രമുഖരെ വിമർശിച്ച അദ്ദേഹം രാജ്യാന്തര പ്രശസ്തനായി. ഭാരതത്തിൽ ഉറങ്ങിക്കിടന്ന കാർട്ടൂൺ കലയെ തൊട്ടുണർത്തിയതും അദ്ദേഹമാണു്. അദ്ദേഹം ആരംഭിച്ച ശങ്കേഴ്സ് വീക്ക്ലിയിലൂടെയാണു് ഭാരതത്തിൽ കാർട്ടൂൺ കല അരക്കിട്ടുറച്ചതു്. പിന്നീടു് കാർട്ടൂൺ രംഗത്തു് അഖിലേന്ത്യാ പ്രശസ്തരായ പല മലയാളികളും—അബു എബ്രഹാം, കുട്ടി, ഒ. വി. വിജയൻ, ഗഫൂർ, യേശുദാസൻ തുടങ്ങിയവർ—ശങ്കറിന്റെ ശിഷ്യന്മാരാണു്. ഇന്നു് ഇന്ത്യയിലെ ഏറ്റം മികച്ച കാർട്ടൂണിസ്റ്റുകളിൽ ഇവരാണു് തിളങ്ങി നിൽക്കുന്നതും.

നമ്മുടെ കോളേജിലും ഭാവിയുടെ വാഗ്ദാനമാവാൻ പോകുന്ന കാർട്ടൂണിസ്റ്റുകളുണ്ടു്. അവരെ പരിചയപ്പെടുത്തുകയാണു് ഈ പേജുകളിലൂടെ.









# You and Jealousy

ANCY PAUL II DC Bot.

Once the student of a College planned to go on a picnic to the nearest mountain peak. It was suggested by Jim to his friends. Jim was one of the heroes of that College and Tom was rival. Tom was elected leader of the group for mountaineering. But due to fear of risking the life he thought of giving this chance to Jim. And Jim, who was prepared to spare even his life for his friends, accepted that task. Tom was ridiculed by the students for his cowardice so he decided to put Jim into some sort of trouble.

The group consisting of six persons, reached the beautiful mountain side. Birds were singing and the wind was rustling. They began to climb. A rope was tied on their waist as a safe guard. It was very interesting for them and they were enthusiastic in the beginning. But they began to breathe neavily. Though they had an ardent desire to reach the peak their bodies were feeble.

Now Tom thought of utilizing this opportunity to hurt Jim, by pushing him into a deep crack between two rocks. He collected all his strength and pushed Jim. As Jim too had a rope around his waist, he hung in between heaven and earth While pushing Jim into the crack Tom too met with the same fate. Borh of them raised loud cries for help. The others managed to save both of them in time. Within no time Tom fell at the feet of Jim and asked his pardon.

Here we have a good example from our day-today life. Jelousy plays a crucial role in our lives too. The story tells us how jealous was Tom at the progress of his companion: Jim.

Tom couldn't tolerate the good name enjoyed by Jim. No matter how Jim was trying his best to become the best in the college while Tom was not so.

How true it is of our life too. How many of us can claim that we are not like Tom in our behaviour, in our thoughts and deeds? How often are we jealous of the progress of our companions.

Jealousy is a powerful evil found in man, and especially in youngsters. Some how keen interest to nurture their hidden talents for the fruition of lives. But some people are slow in this regard. It is said that genius is 99% perspiration and 1% inspiration. This reminds us that we have to work with our God given talents. Those who hide their faculties under the earth grumble and murmur at the progress of others. They cannot tolerate goodness and success in others.

Then it is high time to plan out something for the betterment of our talents in order to escape from the clutches of jealousy. As the early bird catches the worn those who are enthusiastic, active and jealous find the meaning of their existence. How true is the wise saying "Busy people are happy people."



# മലയാള സാഹിത്യത്തിലെ വീരകേസരി—.

മലയാള സാഹിത്യത്തിലെ
നിരൂപണരംഗത്ത് അത്യുന്നതപീഠം
കൈയടക്കിയിരുന്ന
അതുല്യപ്രതിഭയായിരുന്ന
കേസരി ബാലകൃഷ്ണപിള്ള.
ആത്മാർപ്പണത്തിന്റെയും ചിന്തയെ
മനനം ചെയ്ത് സത്തെടുക്കുന്ന
അത്ഭുത സിദ്ധിയുടേയും
അനന്യ സമന്വയമായിരുന്നു അദ്ദേഹം.
സാഹിത്യത്തിന്റെ ശാസ്ത്രം സംഗ്രഹിച്ച്
ആ കുഴൽക്കണ്ണാടിയിലൂടെ
കൃതികളെ നോക്കിക്കണ്ട്
ഗുണൈകമായ നിരൂപണങ്ങൾ രചിച്ച
അദ്ദേഹം.
പാരമ്പര്യങ്ങളും ചുററുപാടുകളും സഹായിച്ച്
എല്ലാ അർത്ഥത്തിലും താൻ
പരിത്യാഗിയായി എന്നു കേസരി
ഏററു പറയുമ്പോൾ
ആ ജീവിതത്തിന്റെ വിശുദ്ധി നമുക്ക്
ബോദ്ധ്യമാവുന്നു.
പരിപൂർണ്ണതയിലേക്കുയരാനുള്ള
ആ ശ്രമമാണ് മനുഷ്യന്റെ ദൗർബല്യങ്ങൾ
അറിഞ്ഞുകൊണ്ടുതന്നെ ഉന്നത ജീവിതം
നയിക്കുന്നതിന് പരാജയപ്പെടുന്നവരെ
നിശിതമായി വിമർശിക്കാൻ
അദ്ദേഹത്തെ പ്രേരിപ്പിച്ചത്.
അദ്ദേഹത്തോടൊത്തുള്ള പ്രവർത്തനം
തന്നെ അനേകം ഹൃദയങ്ങളെ
സാഹിത്യാഭിമുഖമായി തിരിച്ചു.
സാഹിത്യ ചരിത്രതാളുകളിൽ തന്നെ
സ്ഥാനം പിടിച്ച കേസരി
സദസ്. ആ സദസിൽ പങ്കെടുത്ത്
കോംവിക്കാരായവരും
താർക്കികരായവരും അവരവരുടെ
മണ്ഡലങ്ങളിൽ നിർഭയം പ്രവർത്തിക്കാനുള്ള
കഴിവ് നേടി എന്നത് നിസ്തർക്കമാണ്.
സാഹിത്യ സംസ്കാരിക
രംഗങ്ങളിലെ പ്രമുഖർ തന്നെയായിരുന്നു
ആ അനൗപചാരിക സാഹിത്യ സദസ്സിലെ
അംഗങ്ങൾ. അദ്ദേഹത്തിന്റെ
നിരൂപണ സാഹിത്യങ്ങൾ
സാധാരണക്കാരന്റെ
കൈപ്പിടിക്കപ്പുറമുള്ളവതന്നെയെന്നതിൽ
സംശയമില്ല.
പ്രസിദ്ധ സാഹിത്യകാരൻ
എസ്. ഗുപ്തൻ നായർ പറയുന്നതുപോലെ
അദ്ദേഹം നിരൂപകന്മാർക്കും
എഴുത്തുകാർക്കും വേണ്ടിയാണ് നിരൂപണം
എഴുതിയത് എന്നതു ഒരു സത്യമാണെന്നുവരാം.
തന്റെ ചരിത്ര ഗവേഷണങ്ങളിൽ
അദ്ദേഹം വളരെയധികം അഭിമാനിച്ചിരുന്നു.
ആ ശാഖയിലെ അദ്ദേഹത്തിന്റെ
പഠനങ്ങളും കണ്ടുപിടിത്തങ്ങളും
വളരെ വിലമതിപ്പുള്ളതാണ്.
പത്രപ്രവർത്തനരംഗത്തും
ആ ധീരകേസരി തന്റെ പേരിനെ
അന്വർത്ഥമാക്കി.
സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് ശേഷം
അത്രയേറെ ആദർശത്തോടെ
മലയാള പത്രപ്രവർത്തനരംഗത്ത്
പത്രാധിപരായിരുന്ന ഒരേ ഒരാൾ
അദ്ദേഹമാണെന്നു പറയാം.
അദ്ദേഹം പത്രാധിപരായിരുന്ന കാലത്ത്
ജനങ്ങൾ പത്രത്തിന്റെ അഭിപ്രായത്തേക്കാൾ
വിലമതിച്ചിരുന്നത് പത്രാധിപരുടെ
അഭിപ്രായമായിരുന്നു.
നീണ്ടുമെലിഞ്ഞ് മുന്നോട്ട് അല്പം വളഞ്ഞ
ആ രൂപത്തിനുള്ളിൽ അതുല്യമേധാശക്തിയുടെ
സ്ഫോടക വസ്തുക്കൾ ഒളിഞ്ഞിരുന്നു.
ഈ വർഷം
അദ്ദേഹത്തിന്റെ നൂറാം ജന്മവർഷമാണ്.
ജ്വലിക്കുന്ന ആ വ്യക്തിത്വത്തിൽ നിന്ന്
നാം നമ്മിലേക്ക് അഗ്നി പകരുക—

**റെജി മാത്യു പുതിയിടം**
രണ്ടാം വർഷ സാമ്പത്തിക ശാസ്ത്രം

Nothing to do, I stood in my backyard,
Gazing at the withering leaves of the drygone trees
Fruits never it gave, flowered never
Beautiful never its cast, and dull the sight

From morning till the day's parting
No choice I had, but to gaze in gloom
The only lovely thing I had in vision
Was the green bush fencing my land

Among the bush like a yellow flower
Tottered, a Golden Oriol with her carol
Spotting me, she blushed and took her flight
And in surprise, I beheld her fading figure

My heart leaped with overwhelming joy
For, my guest was so precious and rare
No flowers, no necter, no fruits, no shelter
My place never gave still the visit–a surprise

Next day as sun made its half way
I longed to hear and wasn't desperate
There came her lovely hum and hymn
And I saw her dancing up on the bush

Days gone, weeks gone, uninterrupting her visit
for me her melody was a whispering cool breeze
For my place just like a rain in desert
Wonderful, the changes her devine music made.

# The Golden Oriol

**JOMY JOSEPH**
III D. C. Maths.

Me, escaped boredom; dry–gone trees fleshed
There were leaves, flowers and fruits
Cheer and joy in my daily routine
Meaningful it made my land and mind

Fondly during my night, I dreamt
She making her nest on a bough of the tree
Laying eggs, hatching them with her warmth
To make my place more sweet and prosperons

But the tree and everything inside the bush
Seemed to me, her "forbidden place"
For, she always came upto, but never inside
And I longed her, singing near my window

And foul thought came to me, worse,
To cage the bird and make it mine
Reminding the sweet liberty, the creature had
Not to hinder, forsook doing the same.

Had the creature sensed my thought?
It did seen and the creature ceased to come
Took with her the marvellous things she brought
Leaves withered, land dreed as her music stopped

Once again gazing at the lifeless land
Set in the same gloom by my back yard.
Hoping the creature to come once again For me,
Bringing with her all the sweetness she had.





ജയിംസ് പി. ജെ.

രണ്ടാംവർഷ
മലയാള സാഹിത്യം

# അനശ്വരതയിലേക്ക്

വന്നു പിറന്നൊരീ ഇന്നുകൾ, ഇന്നലെ–
നാളെകളെല്ലാം മരിക്കുന്നു നിശ്ചയം
കാലചക്രങ്ങൾ കറങ്ങുന്നനർഗളം
ഇന്നലെക്കണ്ടപോലിന്നുമുഷസ്സുകൾ
എന്നും പിറക്കുന്നു സൂര്യൻ കിഴക്കുനി–
ന്നെന്നും മരിക്കുന്നു കല്ലോലപാളിയിൽ
ഓരോ നിമിഷം വരും പോകുമിങ്ങനെ
വൃദ്ധരാകുന്നു നാം മാംസമായപ്പൊഴേ
കൺപോളകൾക്കുമേലിന്നുകാണുന്നൊരീ
സത്യം മറന്നെന്തഹങ്കരിക്കുന്നു നാം!
നഷ്ടമായോരീ പകലുകൾ രാവുകൾ
നശ്വരമായൊരീ രക്തബന്ധങ്ങളും
കൈയിലണിഞ്ഞൊരീ പങ്ങലപ്പാട്ടുക–
ളന്നേ പതിഞ്ഞൊരീ ചാട്ടവാറിൻ വടു
കേട്ടുമറന്നൊരീ താരാട്ടിനീണവു–
മന്നേ നുണഞ്ഞൊരീ ഉപ്പിൻ ലഹരിയും
മൃത്യുവിൻ കാലൊച്ച കേൾക്കുന്ന നാംവരെ–
യല്ലോ മറന്നു മദിക്കുന്ന മാനസം!
മായാമയമായ ജീവിത വീഥികൾ–
ക്കപ്പുറമുള്ളൊരു ജ്യോതിസ്സുകണ്ടവർ
വേദർ, വേദജ്ഞരാം പൂർവ്വികർ പോയൊരീ
മാർഗ്ഗം മറന്നു ചരിപ്പവരല്ലീ നാം?
നിദ്രവെടിയുക, മുഗ്ധമാം ജീവിത
സാഗരം താണ്ടി നീ സത്യത്തെ നേടുക!

# മദ്യവും മയക്കുമരുന്നും മനുഷ്യകുലത്തിന്റെ ശാപമോ?



മദ്യത്തെയും മയക്കുമരുന്നുകളെയും നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായിരുന്നവർപോലും നഖശിഖാന്തം എതിർത്തിട്ടുണ്ട്. എങ്കിലും നമ്മുടെ ഇന്നത്തെ സ്ഥിതി വളരെ ലജ്ജാവഹമാണ്. മനുഷ്യവംശത്തിനുമേൽ നിപതിച്ചിരിക്കുന്ന ഏറ്റവും വലിയ ശാപമാണ് മദ്യപാനം എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. അതുപോലെ മദ്യം സകലപാപത്തിന്റെയും താക്കോലാണ് എന്നു മുഹമ്മദ് നബിയും, മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്നു ശ്രീനാരായണ ഗുരുവും പറഞ്ഞിട്ടുണ്ട്. എങ്കിലും നമ്മുടെ ഇടയിലെ വിദ്യാസമ്പന്നരായ ആളുകൾപോലും മദ്യത്തെയും മയക്കുമരുന്നിനെയും പാശ്ചാത്യ രാജ്യങ്ങളിൽനിന്നുള്ള ഒരു പകർച്ചവ്യാധിയായി കണ്ട് കളയുന്നു. എന്നാൽ നാം ദുഃഖകരമായ ഒരു സത്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മദ്യവും മയക്കുമരുന്നുകളും പാശ്ചാത്യ രാജ്യങ്ങളിലേതുപോലെ നമ്മുടെ ഇടയിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മൾ നിസ്സാരമായി കാണുന്ന ബീഡി, സിഗററ്റ്, പുകയില, കറുപ്പ്, വേദനസംഹാരിഗുളികകൾ തുടങ്ങി കഞ്ചാവും കഞ്ചാവിൽനിന്ന് ഉത്പാദിപ്പിക്കുന്ന സകല വസ്തുക്കളും മയക്കുമരുന്നുകളുടെ പട്ടികയിൽപ്പെടുന്നു. നാം വിലകൊടുത്തു വാങ്ങുന്ന സിഗററ്റുപാക്കറ്റിൽ പോലുമുണ്ട്, സിഗററ്റു വലി ആരോഗ്യത്തിനു ഹാനികരം എന്ന്. എങ്കിലും അതു നല്ലൊരു ശതമാനം ആളുകൾക്കും ഉപേക്ഷിക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം. കേവലം ഒരു പുകയിൽ തുടങ്ങുന്ന അല്ലെങ്കിൽ ഒരു പൊടിയിൽ തുടങ്ങുന്ന ഈ മാരകവസ്തുക്കളുടെ ഉപയോഗം നമ്മെ എവിടെ എത്തിക്കും എന്നു പറയുവാൻ പ്രയാസമാണ്. വെറും രസത്തിനുവേണ്ടി ഉപയോഗിക്കുന്ന ഈ വസ്തുക്കൾ പിന്നീട് നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി മാറുന്നു. താമസിയാതെ നാം അതിന്റെ അടിമകളായി മാറുന്നു. കഞ്ചാവിന്റെ ഒരൊറ്റ പുകകൊണ്ടുതന്നെ നമ്മെ അതിൽ തളച്ചിടാനുള്ള സവിശേഷത അതിനുണ്ട് എന്നാണ് പറയപ്പെടുന്നത്. പുകവലി അതു വലിക്കുന്ന ആളെ മാത്രമല്ല സമീപത്തിരിക്കുന്നവർക്കും അതിന്റെ ദൂഷ്യഫലങ്ങൾ നൽകുന്നു. പത്തു സിഗററ്റ് ഒരാൾ മറ്റുള്ളവരുടെ അടുത്തിരുന്ന് വലിച്ചാൽ അത് സമീപത്തുള്ള എല്ലാവരും ഒരു സിഗററ്റ് സ്വന്തമായി വലിച്ചതിന്റെ ഫലം ചെയ്യുന്നു. സിഗററ്റു വലിക്കുമ്പോൾ ധാരാളമായി ലഭിക്കുന്നത് 'നിക്കോട്ടിൻ' എന്ന മാരകമായ വിഷവസ്തുവാണ്. ഇത് ആരോഗ്യത്തെ വളരെ പ്രതികൂലമായി ബാധിക്കും. ഓരോ സിഗററ്റും ആയുസ്സിന്റെ അഞ്ചുമിനിട്ട് വീതം അപഹരിക്കുന്നു എന്നത് അങ്ങനെ അർത്ഥവത്താകുന്നു. അതുകൊണ്ട് ബസ്സിനകത്തും തീയേറ്ററിനകത്തും എന്നല്ല എല്ലാ പൊതുവേദിയിലുമുള്ള പുകവലി തടയുന്നതിന് നമുക്ക് അവകാശമുണ്ട്.

കേവലം നൈമിഷികമായ ആഹ്ലാദത്തിനോ ഉല്ലാസത്തിനോവേണ്ടി ഒരു പുകയിൽനിന്നോ അല്ലെങ്കിൽ ഒരു 'പെഗ്ഗിൽ'നിന്നോ തുടങ്ങുന്നവർ അതിന്റെ അടിമകളാവുകയും ശരീരത്തെത്തന്നെ ഒരുപിടി അപകടകാരികളായ രോഗങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. ക്യാൻസറിന്റെ ഒരു കാരണം പുകവലിയാണ് എന്ന് ആധുനിക വൈദ്യശാസ്ത്രം തെളിയിച്ചിരിക്കുകയാണ്. ഇതുകൂടാതെ വേറെ ഒരുപിടി രോഗങ്ങൾക്കുകൂടി പുകവലി കാരണമാകാറുണ്ട്. ഹൃദ്രോഗം, ശ്വാസംമുട്ടൽ, ബ്രോങ്കൈറ്റിസ്, പെപ്റ്റിക് അൾസർ എന്നീ രോഗങ്ങളും സാമ്പത്തികനഷ്ടം, അകാലചരമം, അപകടങ്ങൾ എന്നീ തകരാറുകളും വീര്യം കൂടിയ പുകയിൽനിന്നും ഉണ്ടാവുന്നു

ഇതിൽ ഒട്ടും ഭിന്നമല്ല മദ്യവും. ലഹരി നൽകുന്ന എല്ലാ പാനീയവും മദ്യമാണ് എന്നു സാമാന്യമായി പറയാം. ആരും അറിഞ്ഞുകൊണ്ട് മദ്യത്തിന്റെ അടിമകളാകുന്നില്ല. ആദ്യം ഒരു പെഗ്ഗിലൂടെ തുടങ്ങുകയും പിന്നെ പെഗ്ഗുകൾക്കായി ജീവിക്കുകയും അതുമൂലം തന്നെ നശിക്കുകയും ചെയ്യുന്നു. "ആദ്യം നാം മദ്യത്തെ വിഴുങ്ങുന്നു, പിന്നീട് മദ്യം നമ്മെ വിഴുങ്ങുന്നു" എന്ന ചൊല്ല് ഇവിടെ വളരെ അർത്ഥവത്താണ്. മദ്യവും അതിന്റെ ഉപഭോക്താവിന് ഒരുപിടി നാശനഷ്ടങ്ങൾ വരുത്തുന്നു. മദ്യം തലച്ചോറിന്റെ പ്രവർത്തനക്ഷമത തകരാറിലാക്കുകയും കരൾവീക്കം, രക്തസമ്മർദ്ദം, ക്യാൻസർ, ക്ഷയം മുതലായ രോഗങ്ങൾക്കു കാരണമാവുകയും ഉത്കണ്ഠ, വിഷാദം, മാനസിക വിഭ്രാന്തി, അക്രമവാസന, ഷണ്ഡത്വം, അപകടങ്ങൾ മുതലായവയിലേക്കു വലിച്ചിഴയ്ക്കുകയും സാമ്പത്തികനഷ്ടം, കുടുംബകലഹം, അപകർഷത, ധാർമ്മികാധഃപതനം, ആകസ്മിക മരണം മുതലായ നഷ്ടങ്ങളിലേക്കു ചാടുന്നതിനൊപ്പം ഒരു പുരുഷായുസ്സ് വെറുതെ പാഴാക്കപ്പെടുകയും ചെയ്യുന്നു.

എന്തിനു മദ്യപിക്കുന്നു? അല്ലെങ്കിൽ എന്തിനു പുകവലിക്കുന്നു? എന്ന ചോദ്യത്തിന് അതിന്റെ ഉപഭോക്താക്കൾ എല്ലാം ഒരുപിടി 'സ്റ്റോക്ക്' ഉത്തരങ്ങൾ മുറുകെപ്പിടിക്കുന്നു, അവ അവരുടെ പ്രവൃത്തികൾ നീർ

**റോയി ജോർജ്ജ്**
രണ്ടാംവർഷ ധനതത്വശാസ്ത്രം

ബാധം തുടരുന്നതിനും അങ്ങനെ ആയുസ്സുപാറക്കുന്നതിനുമുള്ള ''ലൈസൻസായി'' നിലകൊള്ളുകയും ചെയ്യാറുണ്ട്. കുട്ടികൾമുതൽ പ്രായമായവർവരെ മദ്യവും മയക്കുമരുന്നും ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും കൂടുതൽ ഉപഭോക്താക്കളും വിദ്യാർത്ഥികളടങ്ങുന്ന യുവജനതയ്ക്കിടയിലാണ്. വർഷങ്ങൾക്കു മുമ്പ് ഇതിന്റെ ഉപയോഗം പുരുഷന്മാരിൽ മാത്രമായി നിലനിന്നിരുന്നകാലം മാറി സ്ത്രീകളിലേക്കും വ്യാപിച്ചിട്ടുണ്ടെങ്കിലും അവർ ഇപ്പോഴും പുരുഷന്മാരുടെ പുറകിൽത്തന്നെയാണ് നിലകൊള്ളുന്നത്. ഇന്ത്യയിൽ 39.4% ആളുകൾ മദ്യത്തിന്റെയും 38% പുകവലിയുടെയും അടിമകളല്ലെങ്കിലും ഉപഭോക്താക്കളാണെന്ന് അടുത്തകാലത്തായി നടത്തിയ ഒരു 'സർവ്വേ'യിൽ പറയുന്നു. N.A.,A.A. മുതലായ സംഘടനകൾ ഇവയുടെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിനായി ലോക വ്യാപകമായി രൂപം കൊണ്ടിട്ടുണ്ടെങ്കിലും വളരെ ചെറിയ ഒരു സ്വാധീനം മാത്രമേ ചെലുത്തുവാൻ സാധിച്ചിട്ടുള്ളൂ

എന്നിരുന്നാലും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപകമായ ഉപയോഗത്തിനു പിന്നിൽ പല സുപ്രധാന കാരണങ്ങളുമുണ്ട്. അതിൽ ഒന്നാമതായി ആകാംക്ഷ നിലകൊള്ളുന്നു. ഒരു സാധനം ഉപയോഗിക്കരുത് എന്നുപറഞ്ഞാൽ അത് ഉപയോഗിക്കാനുള്ള ആഗ്രഹം പണ്ടേ തുടങ്ങിയതാണ്. ആകാംക്ഷക്ക് എത്രാണ്ട് മനുഷ്യകുലത്തോളംതന്നെ പ്രായമുണ്ട്. പണമാണ് മറ്റൊരു പ്രധാന ഹേതു. ദരിദ്രരെ അപേക്ഷിച്ച് സമ്പന്നരാണ് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകൾ. പണം ചെലവഴിക്കുന്നതിന് ഇത് ഒരു നിലവാരമുള്ള മാർഗ്ഗമായി കാണുകയും അതിനായി നിർവിഘ്നം പണം എറിയുകയും ചെയ്യുന്നു.

'കമ്പനിസേക്ക്'' ആണ് മറ്റൊരു ആരംഭോപാധി. കൂട്ടുകാരുടെ ഇടയിൽ ഒറ്റപ്പെടാൻ ഇഷ്ടമില്ലാത്തതുകൊണ്ടു മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുണ്ട്. ഇവ കൂടാതെ അപകർഷതാബോധം, മറ്റുള്ളവരുമായി എളുപ്പം ബന്ധപ്പെടാൻ, സുഖനിദ്ര ലഭിക്കാൻ, ബോറടിമാറ്റാൻ, സമൂഹത്തെ നിർഭയം അഭിമുഖീകരിക്കാൻ, സ്വസ്ഥത കിട്ടാൻ, അനുകരണഭ്രമം ഉള്ളതുകൊണ്ട് അംഗീകാരം കിട്ടാൻ മുതലായവയാണ് മറ്റു കാരണങ്ങൾ.

മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അടിമകളാകുന്നവർ അലസരും നിഷ്ക്രിയരും ആയിത്തീരുന്നു. അതുകൊണ്ട് 'Human' Resource ന് അമിത പ്രാധാന്യം നല്കുന്ന ഇന്ത്യപോലുള്ള അവികസിതരാഷ്ട്രങ്ങളിൽ എത്രമാത്രം പണം വിദ്യാഭ്യാസത്തിനും മനുഷ്യ പുരോഗതിക്കും വേണ്ടി ചെലവഴിക്കപ്പെട്ടാലും ഇവയുടെ ഉപയോഗത്തിനു നിയന്ത്രണമുണ്ടായില്ലെങ്കിൽ 'Development' വീണ്ടും സങ്കീർണ്ണമായി മാറിക്കൊണ്ടിരിക്കും.

വ്യക്തിതലത്തിലുള്ള പുരോഗമനം ഉണ്ടാവുമ്പോൾ രാഷ്ട്രവും പുരോഗതിയിലേക്ക് നീങ്ങും എന്നത് ഒരു സത്യമാണ്. അതുകൊണ്ട് നാശം വിതയ്ക്കുന്ന മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും മായാവലയത്തിൽ നിന്നും സ്വയം ഒഴിഞ്ഞുനില്ക്കാൻ കഴിഞ്ഞെങ്കിൽ എത്രയോ നന്നായിരുന്നു!

◻

*BEST COMPLIMENTS FROM*

KARISHMA BEAUTY PARLOUR

**KOOTHATTUKULAM**

മഴ
പെയ്യുകയാണ്
അഗ്നിരഥം വലിക്കുന്ന
കുതിരകളുടെ കടിഞ്ഞാൺ മുറുകുന്നു
വ്യഥിതരുടെ തോററം പാട്ടുകൾ
ദുരന്തങ്ങളായി പെയ്യുന്നു.
ശാപവചസ്സുകൾ ചുമക്കുന്ന
മനുഷ്യരുടെ വിയർപ്പുകൊണ്ട്
തെരുവുകൾ കുതിരുന്നു.
കടംകൊണ്ടു മുഖം മറയ്ക്കുന്നവർ,
കളവുകൊണ്ട് സന്യസിക്കുന്നവർ,
എവിടെയാണ് വാഗ്ദത്ത ഭൂമി?
ചതിയുടെ മുറിവുകളിൽ നിന്ന്
ചോരയൊലിക്കുമ്പോൾ
നമ്മുടെ മനസ്സുകൾ, കണ്ണുകൾ
മഴയേററു നനഞ്ഞൊലിക്കുന്നു.
എല്ലാം കെട്ടടങ്ങാറായി.
പുതിയ എന്തിനോ വേണ്ടിയുള്ള
തുടക്കമായിരിക്കാം ഈ മഴ
കൊള്ളിയാൻ — ഇടിവെട്ട്
ഈ മഴയത്തും അഗ്നി സൂക്ഷിക്കുവാൻ
നാമറിയാതെ തന്നെ നാം പഠിക്കുന്നു.

**സജീവ് എം. ടി.**
മൂന്നാം വർഷ സാമ്പത്തികശാസ്ത്രം



# ഒരു വ്യാമോഹത്തിൻെറ സാന്ത്വനം

കടലാസ്സിലെഴുതി
പഠിച്ച പാഠങ്ങളു-
ഴലായ് നോവായ് നിൽക്കെ

കടലാസ്സ് കൊണ്ടൊരു
നൗക നിർമ്മിച്ച ഞാൻ
അഴൽ സാഗരത്തിലൂടൊഴുകെ

പുതുമഴയിൽ മുറ്റത്തെ
കസ്തൂരികളൊരു മാത്ര
വീണ്ടുമെൻ ഹൃത്തു കവരുന്നു

മുത്തശ്ശി തിണ്ണയിൽ
കാവൽ നിന്നിട്ടുമെൻ
പിടിവാശിതന്നെ ജയിച്ചു

ചാറൽ മഴയിലെൻ
തോണിയും ഞാനും
ആറ്റുവക്കത്തോളം നീന്തി

മീനം പിടിച്ച ഞാൻ
വീണുറങ്ങുമ്പഴും
അറിയാതെയെന്മനം തേങ്ങി

ആരോരുമറിയാതെ
ഒരു മീനം ഞാനെൻറ
തോണിയന്വേഷിച്ചുപോയി

എവിടെയും കാണാതെ
കരയാൻ തുടങ്ങുമ്പോഴം
മുത്തശ്ശിയൊന്നു പറഞ്ഞു

തോണിയാ പുഴയിലൂ-
ടൊഴുകി മറഞ്ഞല്ലോ
മോനിനി കാത്തുനിൽക്കേണ്ട

എന്നിട്ടും ഞാനെൻറ
ചങ്ങാതിയെക്കാണാൻ
ആറ്റുവക്കിൽ കാത്തിരുന്നു

കാറ്റും മഴയും മറന്നു
ഞാനിന്നുമീ
ആറ്റുവക്കിൽ കാത്തിരിപ്പൂ

കാറ്റും മഴയും മറന്ന
മണ്ണിൽ— ഞാനും
കടലാസ്സ് വഞ്ചിയായ്ത്തീർന്നു.

**തങ്കച്ചൻ പി. കെ.**
രണ്ടാം വർഷ പ്രീഡിഗ്രി



# Principal's Report 1988-89

(Excerpt from the report of the last 25 years presented at the closing ceremony of the Silver Jubilee Celebrations.)

## Strength

798 students were admitted to the first pre-degree class and 431 students to the first degree class and 15 students to the first M. Com. class. The total strength at present is 2490 of which 1454 are girls.

## Staff

At present there are 104 members on the teaching staff and 62 members on the non-teaching staff.

Rev. Fr M. M. Mathew from the Dept. of Botany and Prof. P. D. Pathrose from the Dept. of Commerce were deputed for M. Phil course this year. Smt. Anice Kurian M. and Sri. Baby Mathew joined in the respective vacancies.

Sri. Xavier Mathew joined the Dept. of Physics in the retirement vacancy of the Principal Rev. Fr. E. J. Thomas.

Dr. John K. Daniel joined the Dept. of Botany in the beginning of the year, worked for a few weeks and left the college to join C. M. S. College, Kottayam. Smt. Rosamma Thomas joined the Dept. of Botany in the vacancy of Dr. John K Daniel.

I wish all the new members success in their future carrear.

Rev. Fr. E. J. Thomas retired from the college after serving the college as Principal for 5 years. I record here our gratitude for his selfless and meritorius service in this institution and wish him a long and happy retired life.

Rev. Sr. Mary. Flowerette was in the Department of Chemistry from 1-7-1968 onwards She has to retire from service on 31-3-1989. I wish her also a happy retired life.

Sri. P. C. Mathai, who was serving the college and its community as a member ot the non-teaching staff, from the very beginning of the college, retired from service during last April. I wish him also a happy retired life.

### Examination results

We have been fortunate in maintaining a good record in the University Examination results. The high percentage of pass is a glorious testimony to the competence and devoted service of the staff as well as the hard work put in by the students.

## VARIOUS UNIVERSITY EXAM. RESULTS 1988 APRIL/MAY

| | | I Class | II Class | III Class | Total | Percentage |
|---|---|---|---|---|---|---|
| Pre-degree | | 71 | 86 | 188 | 345 | 52.5% |
| Final B. Sc. Maths. Main | | 20 | 5 | 2 | 27 | 96.4% |
| ,, | Phy. Main | 18 | 2 | 2 | 22 | 95.6% |
| ,, | Chem. Main | 19 | 4 | — | 23 | 95.8% |
| ,, | Zool. Main | 15 | 7 | 1 | 23 | 95.8% |
| ,, | Bot. Main | 14 | 4 | — | 18 | 94.7% |
| Final B. A. Eco. Main | | 1 | 2 | 20 | 23 | 71.8% |
| ,, | Eng. Main | — | 3 | 8 | 11 | 39.2% |
| ,, | Mala. Main | 4 | 15 | 9 | 28 | 100% |
| ,, | B. Com. | 3 | 6 | 2 | 11 | 42.3% |
| ,, | M. Com. | — | 9 | 1 | 10 | 100% |

## Extra Curricular Activities

### Sports

Our college teams participated in University inter collegiate and other tournaments. Our Kabady team was the Zone winners. Two of our players were selected for the University Kabady Team.

### N. C. C.

We have a Company of N. C. C. army wing commanded by Capt. Isac Thomas. Asokan P. of our unit represented the college in the Republic Day parade this year.

### N. S. S.

This year we were having three National Service Scheme Units, under the leadership of M/s Thomas Sebastian, C. P. Joy and V. M. Mathew. This years' special programme was "Fast a noon and feast a friend", in which all the teachers and students together could save an amount of Rs. 5000/- for helping poor students in our college.

We have also other activities like 'The Oratory Club, Quiz Club, Science Forum, AICUF etc. All these clubs and forums are working effectively and fruitfully.

The Parent Teacher Association had done commendable work in the progress of the institution.

Principal

Prof. N. George John

# REPORTS

## മലയാളം അസോസിയേഷൻ

സെക്രട്ടറി–തോമസ് എൻ. ജെ.

7–12–1988–ൽ സുപ്രസിദ്ധ നാടകകൃത്തായിരുന്ന പ്രൊഫ. ജി. ശങ്കരപ്പിള്ള പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. '89 ജനുവരി 25 ന് കാലടി ശ്രീ. ശങ്കര കോളജിലെ പ്രൊഫ. കെ. വസന്തൻ മലയാളനോവൽ– എം. ടി. വരെ എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. എല്ലാ ചൊവ്വാഴ്ചയും സിമ്പോസിയങ്ങളും, സെമിനാറുകളും, ഡിബേറ്റുകളും നടത്തി. പ്രൊഫ. എൻ. കൃഷ്ണപിള്ള ശ്രീ. ജി. ശങ്കരപിള്ള എന്നിവരുടെ മരണത്തിൽ അനുശോചനയോഗംകൂടി. സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് കോതമംഗലം . എം. എ. കോളജ് മലയാള വിഭാഗാദ്ധ്യക്ഷൻ എസ്. പി. കർത്താ റൊമാന്റിക് കവിതകളെക്കുറിച്ച് ക്ലാസെടുത്തു.

●

## സുവോളജി അസോസിയേഷൻ

സെക്രട്ടറി–ജയിംസ് മാത്യു

1988 ഒക്ടോബർ 18–ന് കോട്ടയം മെഡിക്കൽ കോളജിലെ ഡോ. ജോസ് ടോം ക്യാൻസറെപ്പറ്റി എടുത്ത ക്ലാസ്സോടെ അസോസിയേഷൻ പ്രവർത്തനത്തിനു തുടക്കമായി. സുവോളജി ഡിഗ്രി പരീക്ഷയിൽ ഏറ്റവും അധികം മാർക്ക് വാങ്ങിയ കുട്ടിക്ക ക്യാഷ് അവാർഡ് നല്കി നവംബർ 29–ന് പ്രശസ്ത ഓർണിത്തോളജിസ്റ്റ് ഡോ. ശ്രീകുമാറിന്റെ പ്രഭാഷണം ഉണ്ടായിരുന്നു ക്വിസ് മത്സരം നടത്തി സമ്മാനം നൽകി. 23 ന് നടന്ന സമാപന സമ്മേളനത്തിൽ ഡോ. സെലിൻ ജോണി സംസാരിച്ചു. മൂന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികൾ ലാബിൽ സംഭാവന ചെയ്ത ഫാനിന്റെ സ്വിച്ചോൺ കർമ്മം പ്രിൻസിപ്പൽ അന്ന് നടത്തി.

●

## മാത്സ് അസോസിയേഷൻ

സെക്രട്ടറി–ജോമി ജോസഫ്

ബസേലിയസ് കോളജ് പ്രൊഫസർ എൻ. ചന്ദ്രശേഖരപിള്ള 1988 ഡിസംബർ 8–ന് ഉദ്ഘാടനം നിർവഹിച്ചു സ്റ്റഡി ടൂറുകൾ, കണക്ക് ക്വിസുകൾ, ഇന്റലിജന്റ് ടെസ്റ്റുകൾ, സാഹിത്യ മത്സരങ്ങൾ, ഇതര കലാമത്സരങ്ങൾ തുടങ്ങിയവ ഗണിതശാസ്ത്ര വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. 'എക്സ്പ്രഷൻസ്-ഇംപ്രഷൻസ്' എന്ന പേരിൽ ഒരു കൈയെഴുത്തു മാസിക പ്രസിദ്ധീകരിച്ചു. വിവിധ മത്സരങ്ങളോടും 'Boolean Algebra' എന്ന വിഷയത്തെക്കുറിച്ച് സെന്റ് തോമസ് കോളജ് പ്രൊഫ. ഉണ്ണികൃഷ്ണൻ നടത്തിയ പരിപാടിയോടും കൂടിയ 'ഗണിതോത്സവ് 89'– പ്രവർത്തനങ്ങൾക്ക് അന്ത്യം കുറിച്ചു.

●

## ഫിസിക്സ് അസോസിയേഷൻ

സെക്രട്ടറി–ജയശങ്കർ പ്രസാദ് ജി.

കോട്ടയം ജോർജ്ജ് സുദർശൻ സെന്റർ ഡയറക്ടർ ഡോ. പി. കൃഷ്ണപിള്ള Photo acoustic spectroscopy യെക്കുറിച്ച് നടത്തിയ പ്രഭാഷണമായിരുന്നു തുടക്കം. സൂപ്പർ കണ്ടക്റ്റിവിറ്റിയെക്കുറിച്ചു നമ്മുടെ പൂർവ വിദ്യാർത്ഥി എൻ. ശ്രീകുമാർ M. Tech ക്ലാസെടുത്തു. ഫിസിക്സ് ക്വിസ് സംഘടിപ്പിച്ചു.

●

## ഓറട്ടറി ക്ലബ്

സെക്രട്ടറി–ജോർജ് ജേക്കബ്

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ഓറട്ടറി ക്ലബ്ബ് ഗൗരവതരമായ വിഷയങ്ങളിൽ യോഗം നടത്തി. തുടർച്ചയായി എല്ലാ ആഴ്ചയിലും യോഗം നടന്നു. ക്ലബിന്റെ ആഭിമുഖ്യത്തിൽ ദേവമാതാ ട്രോഫി ഇന്റർകോളജിയറ്റ് ഡിബേറ്റ് മത്സരം നടത്തി. ക്ലബ്ബംഗങ്ങൾ നിരവധി ഇന്റർകോളജിയറ്റ് മത്സരങ്ങളിൽ സമ്മാനാർഹരായി. നേതൃത്വം നൽകിയ ചാക്കോസാറിനു് അളവറ്റ നന്ദി.

●

## ക്വിസ് ക്ലബ്

സെക്രട്ടറി–വിപിഷ് ഫിലിപ്പ്

ഈ വർഷമാണ് ക്വിസ് ക്ലബിനു തുടക്കമിട്ടത്. പതിനഞ്ചോളം പ്രോഗ്രാമുകൾ ക്ലബ് സംഘടിപ്പിച്ചു. ക്ലബംഗങ്ങളിൽ നിന്നു് തെരഞ്ഞെടുക്കപ്പെട്ട കോളജ് ടീം നിരവധി മത്സരങ്ങളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. ജൂബിലിയോടനുബന്ധിച്ച് ക്വിസ് മത്സരം നടത്താൻ കോളജ് യൂണിയനെ ക്ലബ് സഹായിച്ചു.

# എൻ. എസ്. എസ്. റിപ്പോർട്ട്

പ്രോഗ്രാം ഓഫീസേഴ്സായ സർവ്വശ്രീ. തോമസ് സെബാസ്റ്റ്യൻ, സി. പി. ജോയി, മാത്യു ഇലഞ്ഞി എന്നിവരുടെ കീഴിൽ ഈ വർഷവും N. S. S. മികച്ച പ്രകടനം കാഴ്ചവച്ച് യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച യൂണിറ്റായി മാറി.

പ്രൊഫ. സെബാസ്റ്റ്യൻ നരിവേലി, പ്രൊഫ. പി. എം. ജോസ്, അഡ്വ. അലക്സ് ജോർജ്ജ്, ശ്രീ ബെബി തോമസ് എന്നിവർ നയിച്ച ഓറിയന്റേഷൻ ക്ലാസ്സുകൾ ഈ വർഷം നടന്നു. ഈ വർഷം സംഘടിപ്പിക്കപ്പെട്ട രണ്ടു മിനി ക്യാമ്പുകളിൽ ആദ്യത്തേത് കറവിലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി ഡി. പോൾ ഉദ്ഘാടനം ചെയ്തു. ശ്രീ. എം. സി. ഇൽഡഫോൺസ് ക്ലാസ്സെടുത്തു. പഞ്ചായത്തിലെ ഓടകൾ വൃത്തിയാക്കുക എന്ന സദ്കർമ്മം ക്യാമ്പംഗങ്ങൾ ചെയ്തു. രണ്ടാമത്തെ ക്യാമ്പ് പഞ്ചായത്ത് മെമ്പർ സുശീലാമണി ഉദ്ഘാടനം ചെയ്തു.

ജനുവരി 26-ാം തീയതി രാവിലെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ദേശീയപതാകയുയർത്തി റിപ്പബ്ലിക് ദിനാഘോഷത്തിനു തുടക്കമേകി. N. C. C. യെ പങ്കെടുപ്പിച്ച് റാലി നടത്തി. പിന്നീട് നടന്ന പൊതുസമ്മേളനത്തിൽ ശ്രീ. തോമസ് സെബാസ്റ്റ്യൻ സാറും മാത്യു ഇലഞ്ഞി സാറും റിപ്പബ്ലിക്ദിന സന്ദേശം നല്കി.

നാനൂറ്റമ്പതിലേറെ വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് നിർണ്ണയിക്കുകയും വലിയ ഒരു രക്തദാന ഫോറം രൂപീകരിക്കുകയും അവർ അനവധി തവണ രക്തദാനം നടത്തുകയും ചെയ്തു.

കേരളപ്പിറവിയാഘോഷങ്ങൾ കോട്ടയം ജില്ലാ കളക്ടർ അൽഫോൻസ് കണ്ണന്താനം ഉദ്ഘാടനം ചെയ്തു. കേരളീയ കലകൾ അന്ന് അവതരിപ്പിക്കപ്പെട്ടു.

ദേശീയോദ്ഗ്രഥനവാരം പ്രിൻസിപ്പൽ ഉദ്ഘാടനം ചെയ്തു. ദേശീയോദ്ഗ്രഥനസന്ദേശം പകരുന്ന നിരവധി പരിപാടികൾ ഈ വാരത്തിലുണ്ടായിരുന്നു. നിരവധി കലാമത്സരങ്ങൾ നടത്തി സമാപനസമ്മേളനത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നല്കി.

'Fast a noon and feast a friend' എന്ന പരിപാടിയിൽ അദ്ധ്യാപകാനദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നായി പങ്കുചേരുകയും അതിൽ നിന്നു ലഭിച്ച തുക ദരിദ്രരായ മുപ്പതോളം വിദ്യാർത്ഥികൾക്കു ഭക്ഷണം നല്കാൻ ഉപയോഗിക്കുകയും ചെയ്തു.

ആതിരപ്പള്ളി, വാഴച്ചാൽ, മലമ്പുഴ എന്നിവിടങ്ങളിലേക്കു പരിസ്ഥിതി പഠനയാത്ര നടത്തുകയും തൃശ്ശൂരിലെ കുട്ടികളുടെ ഗ്രാമം സന്ദർശിക്കുകയും ചെയ്തു.

ഹൗസിങ്ങ് കോർപ്പറേഷനുമായി സഹകരിച്ച് ഇരുപതോളം ഭവനരഹിത കുടുംബങ്ങൾക്ക് വീടു നല്കി.

യൂണിവേഴ്സിറ്റി തലത്തിലും അഖിലേന്ത്യാ തലത്തിലും നടന്ന ക്യാമ്പുകളിൽ യൂണിറ്റംഗങ്ങളെ പങ്കെടുപ്പിച്ചു.

'88 ഡിസംബർ 22 മുതൽ 31 വരെ ദശദിനക്യാമ്പ് നടത്തി. കോളേജിനു ജൂബിലി സമ്മാനമായി ഒരു ഗാർഡനു് അടിത്തറയിട്ടു. ഫാ. ആന്റണി ചിറപ്പണത്ത്, ഡോ. കെ. ജെ. മാത്യു, ശ്രീ. വി. സി. സെബാസ്റ്റ്യൻ, ശ്രീ. പി. ഒ. വർക്കി തുടങ്ങിയവർ ക്ലാസ്സുകളെടുത്തു. വിവിധ കലാപരിപാടികളും ചർച്ചകളും കൊണ്ട് സമ്പന്നമായിരുന്നു ക്യാമ്പ്. ക്രിസ്തുമസ് ദിനത്തിൽ ആഘോഷങ്ങൾ നടത്തി.

'89 മാർച്ച് 3-ാം തീയതി സമാപനയോഗം നടന്നു. കലാമത്സര വിജയികൾക്ക് സമ്മാനങ്ങൾ നല്കി. മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

എല്ലാ പ്രോത്സാഹനവും നല്കിയ പ്രിൻസിപ്പലിനു ഈയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. പ്ലാനിങ്ങ് കമ്മിറ്റിയും ഭംഗിയായി പ്രവർത്തിച്ചു.

ബെന്നി കെ. വി.  
സിബി ജോസഫ്  
(വോളന്റിയർ സെക്രട്ടറിമാർ)

# കോളജ് യൂണിയൻ ഉദ്ഘാടനം



ഉദ്ഘാടനപ്രസംഗം
ശ്രീ ഹോർമിസ് തരകൻ
മദ്ധ്യമേഖല ഡി.ഐ.ജി.



ഉദ്ഘാടനത്തിന്റെ ഭദ്രദീപം
തെളിയുന്നു...



ആശംസാപ്രസംഗം
ശ്രീ ക്ലീമിസ് കുര്യൻ
ഇന്ത്യാ യൂത്ത് അസോസിയേഷൻ
പ്രസിഡന്റ്



...സ്വാഗതം...
ജോർജ്ജ് ജി. പുരിക്കൽ (ചെയർമാൻ)



അദ്ധ്യക്ഷപ്രസംഗം
ദേവച്ചൻ മാത്യു (ചെയർമാൻ)



വളരുന്ന കലാകാരൻ യൂണിയന്റെ
ഉദ്ഘാടകനോടൊപ്പം.....





പുഞ്ചിരിയുടെ പൂക്കളുടെ സ്വാഗതം - വിദ്യാർത്ഥി
വിഭാഗ വനിതാപ്രതിനിധികൾ സ്വീകരിക്കുന്നു



...നന്ദി...
മിനി ഐസക് (വൈസ് ചെയർമാൻ)







റോട്ടറി ക്ലബ്ബ് അംഗങ്ങൾ

ക്വിസ് ടീം—



# സർവ്വകലാശാല യുവജനോത്സവ വിജയികൾ—.



ശ്രീകല. ജി.
ലളിതഗാനമത്സരത്തിൽ
രണ്ടാംസ്ഥാനം.




ജോർജ്ജ് ജേക്കബ്:
സിനിമാനിരൂപണം —
മൂന്നാം സ്ഥാനം.
(റോട്ടറി ക്ലബ് വെള്ളൂർ,
ജോസഫ് ചാഴികാട്ട്
ട്രോഫി, മിത്രമേള വാർഷികം,
തുടങ്ങിയ പ്രസംഗമത്സര
ങ്ങളിലും, വിദ്യാവകാശ
സമിതി, മീനച്ചിൽ സഹ-
കരണ സർക്കിൾ എന്നി-
വർ നടത്തിയ പ്രസംഗ
മത്സരങ്ങളിലും സ്ഥാനം
നേടി)



സന്തോഷ്. ടി. വർഗ്ഗീസ്
മലയാള ലേഖനരചന
മൂന്നാം സ്ഥാനം.
(ക്വിസ് ടീമംഗം,
ഷട്ടിൽ ടീമംഗം)

## അഭിനന്ദനങ്ങൾ!!



# A sad Memory

I saw her in a burning hut, screaming for help;
My heart murmured' 'Go and rescue her;'
But on second thought I changed my mind,
I couldn't see the need to risk my life.

I was bit timid and selfish too;
My eyes shut themselves light.
My feet took me to a far off place,
Where I saw myself in a 'garden.'

The breeze lulled me in her lap
And the butterflies danced around me,
I felt the fragrance of flowers
And enjoyed the melody of birds.

Later in the hot sun I realised my fault;
And a tempest roared in my head;
The poor soul begged in my mind for help,
And around me lay a barren land, 'a desert';

My mind lost its zest; I woke up and ran fast-
Drawing my legs; eyes wide open to see the hut.
I reached there: but the hut was nomore there;
Only burnt up bits of logs-the relics of a woman's dream.

SABU JAMES I DC PHYSICS

## BLACK WOMAN

I Still smell the foam of the sea they made me cross.
The night, I can't remember it.
The ocean itself could not remember that.
But I can't forget the first gull I made out in the distance.
High, the clouds, like innocent eye-witnesses.
Perhaps I haven't forgotten my lost coast,
nor my ancestral language.
They left me here and here I've lived.
And, because I worked like an animal,
here I came to be born
How many Mandinga epics did I look to for strength.

I rebelled.

His Worship bought me in a public square.
I embroidered His Worship's coat and bore him a male child.
My son had no name.
And His Worship died at the hands of an impeccable English lord.

I walked.

This is the land where I suffered
mouth-in-the-dust and the lash.
I rode the length of all its rivers.
Under its sun I planted seeds, brought in the crops,
but never ate those harvests.
A slave barracks was my house,
built with stones that I hauled myself.
While I sang to the pure beat of native birds.

I rose up.

In this same land I touched the fresh blood
and decayed bones of many others,
brought to this land or not, the same as I.
I no longer dreamt of the road to Guinea,
Was it to Guinea? Benin?
To Madegascar? Or Cape Verde?

I worked on and on

I strengthened the foundations of my millenary song
and of my hope.

I felt for the hills.

My real independence was the free slave fort
and I rode with the troops of Maceo.

Only a century later,
together with my descendants,
from a blue mountain

I came down from the Sierra

to put an end to capital and usurer,
to generals and to bourgeois.
Now I exist: only today do we own, do we create.
Nothing is foreign to us.

The land is ours.
Ours the sea and the sky,
the magic and the vision.
Companeros, here I see you dance
around the tree we are planting for communism.
Its prodigal wood resounds.

---

HELMUT ZENKER
(Austria)

# FIVE FOREIGN POEMS

## THE PAST

Each day is a child
who dies behind a wall,
turning its face to the wall's
corners.

Houses flee
before its ghost that rises
from the grave demanding
vengeance.

Not from eternity
but from a bitter land
it comes, fleeing as if from bullets
through the town, the public
squares, the houses of the poor.
From the desert it comes,
and on its face is the hunger
of pigeons and parching flowers.

---

ALI AHMED SAID
(Syria)

# FIVE FOREIGN POEMS

## SOMEBODY IS DYING

While you are doing any thing,
somebody is dying.
While you polish your shoes,
while you hate,
while you write a tidy letter
to your only love, or not only.
And even if you could achieve doing nothing,
somebody would be dying,
in vain trying to gather all the corners,
in vain trying not to stare at the wall.
And even if you were dying,
somebody else would also be dying,
in spite of your legitimate wish
to die one minute in exclusiveness.
Therefore, if you were asked about the world,
Simply answer; somebody is dying.

BELLA AKHMADULINA
(Itali)

## A TRAVELLER'S NIGHT SONG

Above all summits
there is quiet,
in all tree-tops
you feel
hardly a breeze;
the birds are silent in the wood,
Just wait, soon
you also are quiet,

JOHANN WOLFGANS
(West Germani)

## FEVER

When I go to town
I'll buy a horse
and a white sword
that'll reach the sun!
I'll gallop on the sea
I'll climb up to the woods,
when I come back my
grace will fill the sky!
And one dawn, lowering
my body onto the saddle,
I'll go down to the plains
to save the world.
My little careless sisters,
my little careless sisters,
what a mendless dance
is that you've started?
Under the white moon?
Get off the lilies,
the wind'll take you
my little careless sisters!

NIKIPHOROS VRETTAKOS
(Greece)

നേരിന്റെ
നൊമ്പരമാവുന്ന
മരണം

മരണത്തിന്റെ
കറുപ്പ്
നേരിലെ
നൊമ്പരമാവുന്നതറിക.
നെഞ്ചിലെ
മുറിവുകളിലൂടെ
കദനം ഊറുന്നതറിക.
ആഴങ്ങളിൽ
നിന്നുയരുന്ന
ഗദ്ഗദമിവിടെ
ആദരാഞ്ജലികളുടെ
കണ്ണീരാവുന്നതറിക.



നമ്മുടെ കോളജിലെ
സുവോളജി ഡിപ്പാർട്ട്മെന്റിൽ
ദീർഘകാലം സേവനം അനുഷ്ഠിച്ച
തോമസുചേട്ടൻ കഴിഞ്ഞ വർഷം നമ്മോട് വിടപറഞ്ഞു.
അദ്ദേഹത്തിന്റെ സാന്നിദ്ധ്യംകൊണ്ട് ചടുലമായ
കലാലയാന്തരീക്ഷം മ്ലാനതയിൽ മുങ്ങി...
നീറുന്ന ഹൃദയങ്ങളിൽനിന്നുതിരുന്ന
കണ്ണീർപൂക്കൾ അർപ്പിക്കട്ടെ...



ആധുനിക മലയാള നാടകപ്രസ്ഥാനങ്ങളുടെ
അടിത്തറയിട്ട മഹാനായ സാഹിത്യകാരനായിരുന്നു
ജി. ശങ്കരപ്പിള്ള.
നാടകരംഗത്തിൽ നൂതന സങ്കേതങ്ങൾ അവതരിപ്പിച്ച് വേദിയിൽ
മാററങ്ങളുടെ കൊടുങ്കാററായി അദ്ദേഹം.
അതൊരു തുടക്കം മാത്രമേ ആയിരുന്നുള്ളൂ.
പക്ഷേ ആ തുടക്കത്തിൽതന്നെ
മരണം നമുക്കും അദ്ദേഹത്തിനുമിടയിൽ ക്രൂരനായി...



മലയാള സിനിമാലോകത്തെ
അഭിനയചക്രവർത്തി പ്രേംനസീർ അന്തരിച്ചു.
മലയാള സിനിമയുടെ നിത്യഹരിത നായകനായി
വിളങ്ങിയ സുവർണ്ണദിനങ്ങൾക്കന്ത്യം.
ഏററവും അധികം സിനിമകളിൽ നായകനായി
ലോകപ്രശസ്തിയിലേക്കുയർന്ന അദ്ദേഹം.
ജീവിതാവസാനഘട്ടങ്ങളിൽ
ഒരു കോൺഗ്രസ് പ്രവർത്തകനെന്ന നിലയ്ക്ക്
സാമൂഹ്യരംഗത്തും ചലനങ്ങൾ സൃഷ്ടിച്ചു.
ഒരു പിടി കണ്ണീർ പൂക്കൾ
അർപ്പിക്കട്ടെ...



മലയാളത്തിന്റെ മണ്ണിൽ അലിഞ്ഞുചേരാൻ
അദമ്യമായ ആഗ്രഹമായിരുന്നു
ഓബ്രിമെന്നു്.
യാഥാസ്ഥിതികർക്കെതിരെ ചലിക്കുന്ന
തൂലികയാണ് ആ ബന്ധവ്യക്തിത്വത്തെ എന്നും
വിവാദപുരുഷനാക്കിയത്.
മലയാളിയുടെയും ഇററലിക്കാരിയുടെയും ആ പുത്രൻ
നിത്യനിദ്രയ്ക്ക് മലയാളമണ്ണിലലിഞ്ഞു.



ശ്രീകൃഷ്ണ ആലനഹള്ളിയുടെ മരണം
മലയാളികൾക്കും നൊമ്പരമായി. ഋഷ്യശൃംഗന്റെ
ദേശാവതാരങ്ങളിലൂടെ മലയാളികളുടെ മനസ്സിൽ അത്രയേറെ
സ്ഥാനം പിടിച്ചിരുന്നു ആ കർണ്ണാടകക്കാരൻ.
ആ മരണം ഇന്ത്യൻ സാഹിത്യത്തിന്റെയും നഷ്ടമായി.

കുട്ടികളുടെ ഇഷ്ടസാഹിത്യകാരനായിരുന്ന ടാററാപുരം സുകുമാരൻ. പായസം എന്ന കഥാസ ഹാരം സാഹിത്യപ്രേമികളായ മലയാളികൾക്ക് മധുരമായി. അനേകം കഥകളുടെയും നോവ കളുടെയും രചയിതാവാണ് അദ്ദേഹം. ഈ വേർപാട് ഒരു സാഹിത്യകാരന്റെ വേർപാട് എ തിലുപരി ഒരു നല്ല മനുഷ്യന്റെ നഷ്ടമായി ലോകത്തിന്.

പ്രശസ്ത സാഹിത്യചിന്തകനും കവിയും ഗദ്യകാരനുമായിരുന്ന ശ്രീ. എം. ഗോവിന്ദൻ. മല സാഹിത്യത്തിലെ ആധുനികതയുടെ ആചാര്യനായിരുന്നു അദ്ദേഹം. നിരൂപണരംഗത്ത് മൗലിക പ്രകടിപ്പിച്ച ഗോവിന്ദൻ പത്രപ്രവർത്തനരംഗത്തും അതുല്യനായിരുന്നു. അദ്ദേഹത്തിന്റെ മര ത്തോടെ നമ്മുടെ ബുദ്ധിജീവികളിൽ ഒരു കരുത്തനെ നഷ്ടപ്പെട്ടിരിക്കുന്നു.

ഭാഷാപണ്ഡിതൻ, വ്യാഖ്യാതാവ്, പ്രബന്ധകാരൻ, വിമർശകൻ, പത്രാധിപർ, ജ്യോതിഷപണ്ഡി തൻ എന്നിങ്ങനെ ബഹുമുഖ പ്രതിഭനായിരുന്ന ശ്രീ. കൊടുപ്പുന്ന. വിപുലമായ ഒരു സംസ്കൃ മലയാള നിഘണ്ടു തയ്യാറാക്കുന്ന മഹദ്കർമ്മത്തിൽനിന്ന് മരണം നിർദ്ദയം അദ്ദേഹ തടഞ്ഞു.

സാൽവദോർഡാലി മരിച്ചപ്പോഴും അത് ലോകത്തിന്റെ നഷ്ടമായി. ഈ നൂററാണ്ട് ക ഏററവും സർഗ്ഗധനനായ സർറിയലിസ്റ്റ് ചിത്രകാരനായിരുന്നു അദ്ദേഹം. പിക്കാസോയ് തൊട്ടുതാഴെയോ ഒപ്പത്തിനൊപ്പമോ ആയിരുന്നു അദ്ദേഹത്തിന്റെ നില. ഞാനൊരു ജീനി സ്സാണ്, മിസ്റ്റിക്കാണ്, ഹിപ്പോക്രാററാണ് എന്നൊക്കെ വിളിച്ചുപറയാനുള്ള ധാർഷ്ട്യം വഹി മനുഷ്യനായിരുന്നു അദ്ദേഹം.

കൈനിക്കര എം. കുമാരപിള്ള, ഗായകൻ എ. എം. രാജാ എന്നിവരും നമ്മെ കടന്നുപോയ പ്രകൃതിക്ഷോഭങ്ങളിൽ, അത്യാഹിതങ്ങളിൽ എത്രയോ സഹോദരങ്ങളും നമുക്കു നഷ്ടമായ ഇവിടെ ദുഃഖഭാരത്തോടെ അല്പനേരം നമ്രശിരസ്കരാവട്ടെ...



ടാററാപുരം സുകുമാരൻ



എം. ഗോവിന്ദൻ



കൊടുപ്പുന്ന



സാൽവദോർഡാ

# ഇന്നിന്റെ അടിയന്തിരാവസ്ഥ

പുരോഗതിയിൽ നിന്ന് പുരോഗതിയിലേയ്ക്ക് ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. തുടരെത്തുടരെയായി പൊന്തിവരുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ— ഇന്നലത്തെ വിജയങ്ങൾ, അവയുടെ ഇന്നത്തെ പ്രത്യാഘാതങ്ങളാൽ അന്യപ്രശ്നങ്ങളാക്കപ്പെടുന്നത് കാണുമ്പോൾ— മനുഷ്യന്റെ നേട്ടങ്ങൾക്ക് ഭൗതികവും, ആത്മീയവുമായ എത്ര കനത്ത വിലയാണ് നല്കേണ്ടിവന്നിട്ടുള്ളതെന്ന് വ്യക്തമാകുന്നതാണ്.

പുരോഗതിയിലേയ്ക്കുള്ള ഈ യാത്രയിൽ അഭിമാനിക്കത്തക്ക എന്തെന്ത് നേട്ടങ്ങളാണ് മനുഷ്യരാശി കൈവരിച്ചു കഴിഞ്ഞിട്ടുള്ളത്. ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടവയാണ് മാനവപ്രതിഭയുടെ ഈ മഹത്തായ നേട്ടങ്ങൾ. അത്ഭുതപൂർവ്വമായ മുന്നേറ്റമാണ് കൃഷിയിലും, വ്യവസായത്തിലും ഉണ്ടായത്. മാനവലോകത്തിന്റെ ഓരോ മുക്കും, മൂലയും അതിന്റെ പ്രഭാപൂരത്തിൽ കുളിച്ചുനില്ക്കുകയാണ്. പക്ഷെ, ഈ പുരോഗതിയുടെ പരിണതഫലമായി ഒട്ടനവധി കോട്ടങ്ങളും നേട്ടങ്ങളോടൊപ്പം മാനവരാശിക്കും നാം വസിക്കുന്ന ഈ പ്രപഞ്ചത്തിനു തന്നെയും ഇന്ന് അഭിമുഖീകരിക്കേണ്ടതായി വന്നിരിക്കുകയാണ്. മാനവവംശം അഭിമുഖീകരിക്കുന്ന വിപത്തുകളിൽ മുഖ്യസ്ഥാനം അർഹിക്കുന്ന ഒന്നാണ് "അന്തരീക്ഷമലിനീകരണം".

മനുഷ്യജീവന് കാര്യമായ വില കല്പിക്കാത്ത ആധുനിക നാഗരികതയുടെ തിക്തഫലങ്ങളിൽ ഒന്നാണ് മലിനമായിക്കൊണ്ടിരിക്കുന്ന അന്തരീക്ഷം. 'സ്വച്ഛവും സുന്ദരവും' എന്ന് മനുഷ്യൻ ധരിച്ചുവച്ചിരുന്ന ഈ ഭൂമിയിൽ ഇന്ന് പല രോഗങ്ങൾക്കും കാരണം നാം ശ്വസിക്കുന്ന മലിനവായുവാണെന്ന് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. മനുഷ്യജീവൻ നിലനിർത്താൻ ആവശ്യമായ പ്രാണവായു ഇനി ഈ ഗ്രഹത്തിൽ ലഭ്യമാവുമോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

ലോകാരോഗ്യസംഘടന പ്രസിദ്ധീകരിച്ച ഒരു പഠന റിപ്പോർട്ടിൽ മലിനവായു ആവരണം ചെയ്യുന്ന വ്യാവസായിക നഗരങ്ങളുടെ ദയനീയാവസ്ഥ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വ്യവസായശാലകൾ പുറംതള്ളുന്ന ഗന്ധകബാഷ്പം, അഴുക്കുചാലുകളിൽ നിന്ന് ഉത്ഭവിക്കുന്ന വാതകങ്ങൾ, കീടനാശിനികളുടെ ഉപയോഗത്തിലുളവാകുന്ന വിഷവാതകങ്ങൾ, വാഹനങ്ങളിൽ നിന്നും പുറംതള്ളപ്പെടുന്ന ധൂമപടലങ്ങൾ ഇടങ്ങി അനേകായിരം പുകവലിക്കാർ ആസ്വദിച്ച്, വെളിയിലേയ്ക്കു തുപ്പുന്ന പുകപടലങ്ങൾ വരെ ഒട്ടനേകം ഘടകങ്ങളാണ് അന്തരീക്ഷത്തെ മലിനമാക്കുന്നത്.

അന്തരീക്ഷമലിനീകരണം മൂലമുണ്ടാകുന്ന രോഗങ്ങൾ തന്നെ പലതരങ്ങളാണ്. കാൻസർപോലും അതുകൊണ്ടുണ്ടാകാം. പലതരം ഹൈഡ്രോകാർബണുകളും, കീടനാശിനികളും കാൻസർ രോഗം വരുത്താവുന്നവയാണ് എന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ, അന്തരീക്ഷത്തെ ശുചീകരിക്കുവാൻ അടിയന്തിരമായി മാർഗ്ഗം കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം ഭൂമിയിൽ ജീവിതം തന്നെ അസഹ്യമായിത്തീരും.

മാനവപുരോഗതിക്ക് ചരടുപിടിച്ച വ്യാവസായിക വിപ്ലവവും, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിലുണ്ടായ പുരോഗതിയുമാണ് അന്തരീക്ഷത്തെ മലിനപ്പെടുത്തി തുടങ്ങിയത്. അങ്ങനെ, വ്യവസായവത്ക്കരണവും, പരിസരമലിനീകരണവും ഒത്തു നീങ്ങുകയാണിന്ന്. ഇന്നനുഭവപ്പെടുന്ന അന്തരീക്ഷമലിനീകരണത്തിന്റെ 75% മോട്ടോർ വാഹനങ്ങളുടെ സൃഷ്ടിയാണെന്നാണ് ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. മോട്ടോർ വാഹനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന പുകയിൽ ഡൈഓക്സൈഡ് സംയുക്തം എന്നൊരു വിഷപദാർത്ഥം ഉള്ളത് മനുഷ്യമസ്തിഷ്ക്കത്തിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുവാൻ കഴിവുള്ളതാണ്. വാഹനങ്ങൾ തുപ്പുന്ന ഈ വിഷവാതകങ്ങൾ ശുചീകരിച്ചെടുക്കുവാൻ അവയുടെ എഞ്ചിനുള്ളിൽ തന്നെ സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ അന്തരീക്ഷവായുവിനെ മലിനപ്പെടുത്താതെ രക്ഷിക്കുവാൻ സാധിക്കും.

ഹൈഡ്രോക്ലോറിക്ക് ആസിഡ്, ബ്ളീച്ചിംഗ് പൗഡർ ഇവയുടെ നിർമ്മാണത്തിനു

പ്രയോഗിക്കുന്ന ക്ലോറിൻ വാതകവും മരണഹേതുവാണ്. കുറച്ചു വർഷങ്ങൾക്കുമുമ്പ് ആലപ്പുഴയിൽ ക്ലോറിൻ വാതകം വരുത്തിവച്ച ദുരന്തം നാം അനുസ്മരിക്കുന്നുണ്ടല്ലോ.

അന്തരീക്ഷത്തെ മലിനമാക്കുന്നതിൽ വേറൊരു സുപ്രധാന പങ്കുവഹിക്കുന്നത് കീടനാശിനികളും രാസവളങ്ങളുമാണ്. "ഹരിതവിപ്ലവ"ത്തിലൂടെ ഭക്ഷ്യസ്വയംപര്യാപ്തത നേടാൻ വെമ്പുന്ന ജനം, വിഷമയമായ ഭക്ഷണപാനീയങ്ങളാണ് തങ്ങൾ ആഹാരത്തിനുപയോഗിക്കുന്നത് എന്ന തത്വം മറന്നു പോകുന്നത്രേ. "ഭോപ്പാൽ ദുരന്ത"ത്തിന്റെ ഞെട്ടലിൽ നിന്നും നാം ഇന്നും ഉണർന്നിട്ടില്ലല്ലോ! ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല വ്യവസായ കമ്പനികളുടേയും, അതിലെ ജോലിക്കാരുടേയും അനാസ്ഥയും കൃത്യവിലോപവും മൂലം അന്തരീക്ഷവും, ജലവും, ഭൂമിയും വിഷമയമാകുന്ന സംഭവങ്ങൾ പലതും ഗവണ്മെന്റുകളുടേയും, പൊതുജനങ്ങളുടേയും സവിശേഷമായ പഠനത്തിന് വിഷയീഭവിക്കാതെ പോകുന്നുണ്ട്. ശക്തമായ നിയമനിർമ്മാണം മൂലം ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഈ ദുരവസ്ഥ നീക്കേണ്ടതാണ്.

മനുഷ്യന്റേയും മൃഗങ്ങളുടേയും വിസർജ്ജനവസ്തുക്കളിൽ നിന്നും വരുന്ന അമോണിയയും, വൃക്ഷലതാദികൾ ചീയുമ്പോഴുണ്ടാകുന്ന വാതകങ്ങളും, കടലിലെ തിരമാലകളുടെ പരസ്പരഘർഷണത്തിൽ നിന്നുതിരുന്ന സൂക്ഷ്മങ്ങളായ സോഡിയം ക്ലോറൈഡ് തരികളും അന്തരീക്ഷമലിനീകരണത്തിൽ പങ്കുവഹിക്കുന്നുണ്ട്. അതുപോലെതന്നെ, വായുവിൽ പടർന്നു പിടിക്കുന്ന പൊടിപടലവും, അന്തരീക്ഷമലിനീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന രോഗമാണ് 'എയർ പൊല്യൂഷ്യൻ സിൻഡ്രോം.'

പുകവലിക്കാർ സ്വയം വിഷം ഉൾക്കൊള്ളുന്നു; മറ്റുള്ളവരെക്കൂടി വിഷവാതകം ശ്വസിപ്പിക്കുകയും ചെയ്യുന്നു. സിഗററ്റിന്റെ പുകയിൽ കാർബൺ മോണോക്സൈഡ്, ഡി. ഡി. റ്റി., ഫോർമാൽഡിഹൈഡ് എന്നിവ അടങ്ങിയിട്ടുണ്ട്. അതിനാൽ, അന്തരീക്ഷമലിനീകരണത്തിനു് ഹേതുവാകുന്ന പുകവലി, എന്ന ബോധ്യം വിദ്യാർത്ഥികളിൽ ഉളവാക്കി ഈ പ്രവണതയ്ക്കെതിരെ ഒരു വിപ്ലവം നടത്തേണ്ടതു് ഇന്നത്തെ വലിയൊരാവശ്യമാണ്.

അന്തരീക്ഷ മലിനീകരണത്തിന്റെ ദൂരവ്യാപകമായ ഫലങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അന്തരീക്ഷനിരീക്ഷണത്തിനുള്ള ലോകസംഘടന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രകൃതിശക്തികളുടെ സഹായത്തോടെ അന്തരീക്ഷമലിനീകരണം കുറയ്ക്കാനുള്ള പദ്ധതികൾ ഈ സംഘടന ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിൽ ജോൺ സി. ജേക്കബ് സ്ഥാപിച്ചിട്ടുള്ള S. E E K. യുടെ പ്രവർത്തനം വിപുലപ്പെടുത്തുക മറ്റൊരു മാർഗ്ഗമാണ്. ഇങ്ങനെ, വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പരിസരമലിനീകരണത്തിന്റെ രൂക്ഷത ജനങ്ങളെ പഠിപ്പിക്കുമെന്ന് ആശിക്കാം. അങ്ങനെ, ജനബോധത്തെ വളർത്തുമ്പോൾ, ജനം മനസ്സിലാക്കും: "ഈ ഭൂമി നമുക്ക് പിതൃസ്വത്തായി ലഭിച്ചതല്ല; അതു് നമ്മുടെ കുഞ്ഞുങ്ങളോട് കടം വാങ്ങിയതാണ്" എന്ന്. ഇപ്രകാരം, അന്തരീക്ഷമലിനീകരണം തടയുന്നതിനുള്ള വിദ്യാഭ്യാസം നമ്മെ ഉദ്ബുദ്ധരാക്കട്ടെ. "We have no spare earth to step to" എന്ന യാഥാർത്ഥ്യം!



മിനോ അഗസ്റ്റിൻ
ഒന്നാം വർഷ ഗണിതശാസ്ത്രം

ഹായ് ഞാനും വരും

കല്യാണച്ചെക്കന്റെ വീടെവിടാ നാണീ?
അങ്ങ് തൃശ്ശൂരാ തീരുമേനീ!
അപ്പോഴം പാർട്ടീ?
അത് പോപ്പുലറീൽ നിന്നാ.
ഹായ് ഞാനും വരും,
എനിക്കും വേണം പോപ്പുലർ കേക്ക്!

അതുല്യ സ്വാദ്
ആകർഷകമായ വിലക്കുറവ്
ആഹ്ലാദകരമായ പരിചരണം
വരൂ - അനുഭവിച്ചറിയൂ.

M/s.
**ന്യൂ പോപ്പുലർ ബേക്കറി**
കുറവിലങ്ങാട്

*Best compliments from*

**NEO**
**ELECTRIC DRYCLEANERS**
**Near Police Station**
**VAIKOM**

For
Drycleaning, Dyeing and Darning

# VIJAY ELECTRICAL EQUIPMENTS

**Near Police Station**
**VAIKOM**

*Dealers & Suppliers of*

KELVINATOR REFREGERATORS,
MERRIT, RICO SEWING MACHINES,
JOHNSON, MAHARAJA MIXERS,
JOHNSON PEARL WASHING MACHINES,
JOHNSON WATER HEATERS,
EQUITY PRESSURE COOKERS AND
OTHER ELECTRICAL APPLIANCES.

# സെൻറ് ജോസഫ്സ് ഹിന്ദി കോളജ്

H. O. **കൂത്താട്ടുകുളം**
Br. പാലാ–അരുണാപുരം
ഏറ്റുമാനൂർ
ആലപ്പുഴ–പുത്തനങ്ങാടി

ഹിന്ദി അദ്ധ്യാപന കോഴ്സുകൾ:–

1. **ഭൂഷൻ**
   മിഡിൽ സ്കൂൾ ഹിന്ദി
   അദ്ധ്യാപന കോഴ്സ് (ഒന്നര വർഷം)
2. **സാഹിത്യാചാര്യാ**
   ഹൈസ്കൂൾ ഹിന്ദി
   അദ്ധ്യാപന കോഴ്സ്

യോഗ്യത – S. S. L. C.

പാദരക്ഷകളെക്കുറിച്ച് നിങ്ങൾക്ക് ഒത്തിരി സങ്കല്പങ്ങളില്ലേ?

**അതെ! മററത്തിൽ ലെതർഹൗസ് നിങ്ങളുടെ സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കുന്നു.**

പാദരക്ഷകളോടൊപ്പം സഫാരി ലഗേജുകൾ, എയർ ബാഗുകൾ, വാനിററി ബാഗുകൾ, ഷോപ്പിംഗ് ബാഗുകൾ, കോളജ് ബാഗുകൾ, സ്കൂൾ ബാഗുകൾ മുതലായവയ്ക്കും ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.

# മററത്തിൽ ലെതർ ഹൗസ്

## പള്ളിക്കവല – കുറവിലങ്ങാട്

N. B. വിലയിലെ കുറവും ഗുണത്തിലെ മേന്മയും മററത്തിൽ ലെതർ ഹൗസിന്റെ മാത്രം പ്രത്യേകതയാണ്.

---

## കംപ്യൂട്ടർ ഡിപ്ലോമാ കോഴ്സുകൾ

# NATIONAL INSTITUTE OF COMPUTER TECHNOLOGY

## KURAVILANGAD

(Govt. Registered Computer Centre)

ഇന്ത്യയിലും വിദേശത്തും വളരെയേറെ ജോലിസാദ്ധ്യതയുള്ള
6 months, 1 year Computer Programming and Data Entry Diploma Course–കളുടെ
അടുത്ത ബാച്ചിലേക്കുള്ള പ്രവേശനം തുടരുന്നു.

എയർ കണ്ടീഷൻഡ് കംപ്യൂട്ടർ ലാബിൽ IBM Computer–കളിൽ
യഥേഷ്ടം പ്രാക്ടിക്കൽ ചെയ്യുന്നതിനുള്ള വിപുലമായ സൗകര്യം കുറവിലങ്ങാട്
കംപ്യൂട്ടർ സെൻററിന്റെമാത്രം പ്രത്യേകതയാണ്.

കൂടുതൽ വിവരങ്ങൾക്ക്:–

Director,
N. I. C. T.
Near Boys H. S.
Kuravilangad.
Telephone: 327

# കുമാരി ടെയ്‌ലേഴ്‌സ്

**H. O.** പാലാ Phone: 2011

**Branch:**

**കുമാരി ഫാഷൻ ടെയ്‌ലേഴ്‌സ്**

കുറവിലങ്ങാട്, കാഞ്ഞിരപ്പള്ളി

**കുമാരി ഫോട്ടോസ്**

പാലാ

(സ്ത്രീകൾക്ക് മാത്രമായി സ്ത്രീകൾതന്നെ നടത്തുന്ന സ്ഥാപനം)

---

**ഉത്തിഷ്ഠത! ജാഗ്രത!**

**നിങ്ങളുടെ വിജയം ഞങ്ങൾ ഉറപ്പുതരുന്നു**

പ്രീഡിഗ്രി, ബി. കോം. ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നു.
ഇംഗ്ലീഷ്, അക്കൗണ്ടൻസി, സ്റ്റാറ്റിസ്റ്റിക്സ്, സംസ്കൃതം ഈ വിഷയങ്ങൾക്ക്
സമർത്ഥമായ ട്യൂഷൻ ക്ലാസ്സുകൾ.

# പ്രകാശ് കോളജ്, കുറവിലങ്ങാട്

---

# ഹെർഡ്‌റീംസ് ബ്യൂട്ടിപാർലർ

**പാററാനി തിയേററിനു സമീപം – കുറവിലങ്ങാട്**

Bridal make-up, Bridal Bouquets, Greeting Bouquets, Car Decoration,
Threading, Waxing, Bleaching, Facial, Hair Cuttings,
Hair Dyeing, Perming, Henna Application,
Crown, Fresh Flower Bouquets,
Manicure & Pedicure etc.

കൂടാതെ, കവണികൾ, സാരികൾ ഇവ ഹാൻഡ് എംബ്രോയ്‌ഡറി ചെയ്തു കൊടുക്കപ്പെടും.
ഞങ്ങളുടെ സ്ഥാപനത്തിലേക്ക് നിങ്ങളെ സദയം ക്ഷണിക്കുന്നു.

# കുറവിലങ്ങാട്
# സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം
## No. 1049

(ക്ലാസ്സ് I ബാങ്ക്) ഫോൺ: 347

ബ്രാഞ്ചുകൾ:– 1. മെയിൻ ബ്രാഞ്ച്: കുറവിലങ്ങാട്

2. നസ്രത്തു ഹിൽ

3. കുര്യം


| | | |
|---|---|---|
| അംഗങ്ങൾ | ... | 9727 |
| ഓഹരി മൂലധനം | ... | 15 ലക്ഷം |
| നിക്ഷേപങ്ങൾ | ... | 120 ലക്ഷം |
| നിലപ്പു വായ്പകൾ | ... | 130 ലക്ഷം |
| പ്രവർത്തനമൂലധനം | ... | 174 ലക്ഷം |

എം. സി. ചിദംബരനാഥൻ
(അഡ്മിനിസ്ട്രേറ്റർ)

റ്റി. കെ. ജോസഫ്
(സെക്രട്ടറി)

പുതുമഴയോ വന്നുകഴിഞ്ഞു,
പുതുമണ്ണിൻ ഗന്ധമുയർന്നു,
പുളകങ്ങളും പൊട്ടി വിരിഞ്ഞു,
മുകുളങ്ങളും കണ്ണു തുറന്നു.
മുക്കുറ്റിപ്പൂവിൻ കുഞ്ഞി–
ക്കവിളെന്തേ പൊന്നിറമായി?
മൂവന്തി നേരമണഞ്ഞോ?
നിൻ കാന്തൻ ശലഭമണഞ്ഞോ?
ഒരു മഞ്ഞിൻ കണമായ് ഞാനും
വരുമരികിൽ ചെറുകുളിരേകാൻ.
സ്വപ്നങ്ങളും പൂക്കും കൺകളും
തന്നെത്താൻ മൂടിയടഞ്ഞോ?
നറുതേനും പുഞ്ചിരിയും നീ
കരുതിക്കോ കാമുകനെത്തി!
രാക്കിളിയായ് മാറട്ടെ ഞാൻ
രാഗാത്മക ഗീതികൾ പാടാൻ
മണിയറതൻ വാതിലടഞ്ഞോ
മണിദീപവുമൂതിയണച്ചോ?
നാണത്തിൻ മൊട്ടുകളും പ്രേമ–
പ്പൂവുകളായ് മിന്നി വിടർന്നോ?
ഒരു മിന്നാം മിന്നി ഞാനെൻ
പ്രഭ ചൊരിയാം ഇത്തിരിട മാത്രം
യാമങ്ങളും പലതുകഴിഞ്ഞു
യാമിനിയും വിട ചോദിപ്പൂ
ഉണരേണ്ടേ പുലരിയണഞ്ഞു?
ഉത്സവമായ് പ്രകൃതിയുണർന്നു
ഒരു പുല്ലാങ്കുഴലായ് മാറി–
പ്പാടാം ഞാൻ നിന്നെയുണർത്താൻ
എന്തേ നീയുണരുന്നില്ല,
അണയട്ടെ മണിയറയിൽ ഞാൻ?

ഒഴുകീ മിഴി നീരൊരുതുള്ളി
അർച്ചനയായ് നൽകുന്നിതു ഞാൻ
മൃത്യുവിലും നിന്നെത്തേടും
സ്നേഹത്തിൻ പരിശുദ്ധിക്കായ്!....



## കാതോർത്തു വീണ്ടും

ഗീത ജോർജ്ജ് തോട്ടം
രണ്ടാം വർഷ മലയാളം

അയാൾക്ക് അന്ന് ധാരാളം ചിന്തിക്കാനുണ്ടായിരുന്നു. ഒരെത്തും പിടിയും കിട്ടാനാവാത്ത ചിന്തകൾ! ചിന്തകൾ കാട് കയറുന്നു. വെറും കാടല്ല! സൂര്യപ്രകാശം പോലും കടക്കാനാവാത്ത കാടുകൾ! "ഞാൻ, ഭ്രാന്തനാവുകയാണോ?" അയാൾക്കു ഭയം. 'എടോ, താൻ ഇന്നു പട്ടണത്തിൽ വരുന്നില്ലേ!' കൂട്ടുകാരന്റെ അന്വേഷണം. ഞാനോ....? പട്ടണത്തിൽ വരാനോ...? അയാൾ സ്വയം ചിന്തിച്ചു. ഏയ്... ഞാൻ, പട്ടണത്തിൽ വരുന്നില്ല. പക്ഷേ.... ഒരിക്കൽ വരും. അയാൾ പിറുപിറുത്തുകൊണ്ട് മുൻപോട്ട് നടന്നു. കൂട്ടുകാരൻ അത്ഭുതപ്പെട്ടു നിന്നതോ പുറകിൽ നിന്നും സൈക്കിളുകാർ വഴിമാറാൻ ഉറക്കെ ബെല്ലടിച്ചതോ അയാൾ അറിഞ്ഞില്ല. അയാൾക്ക് ഒന്നേ ആലോചിക്കുവാൻ ഉണ്ടായിരുന്നുള്ളൂ. 'ആ സ്വപ്നങ്ങൾ...' എന്തിന്റെയോ മുന്നോടിയായി കണ്ട ആ സ്വപ്നങ്ങൾ ......ദുഃസ്വപ്നങ്ങളായിരുന്നോ? "അല്ലാ... അല്ലാ... നീ കണ്ടതു് നല്ല സ്വപ്നങ്ങളാണ്". മനസ്സിൽ ഇരുന്നു ആരോ മന്ത്രിക്കുന്നു. എന്നാണ് ഈ സ്വപ്നങ്ങൾ ആദ്യമായി കാണുവാൻ തുടങ്ങിയതു്? അയാൾ ആലോചിച്ചു. ഓ! കഴിഞ്ഞ വെള്ളിയാഴ്ച! അന്ന് വന്നിരുന്നതു് 'യേശുക്രിസ്തു' ആയിരുന്നു. ചുറ്റും മാലാഖമാർ. യേശുവിന് ഏകദേശം തന്റെ പ്രായം. യേശുവും മാലാഖമാരും കൂടി ചേർന്ന് തന്നെ പൊക്കിക്കൊണ്ടുപോയി മുകളിലേയ്ക്ക്... അനന്തതയിലേയ്ക്ക്... പിന്നെ പിന്നെ... ശൂന്യത.... മേഘക്കീറുകൾ പഞ്ഞിക്കെട്ടുകളെ പോലെ ഒഴുകി നടക്കുന്ന ഒരു സ്ഥലത്തെത്തിയപ്പോൾ യേശു തന്നെ ഇരുത്തി. അടുത്തു തന്നെ യേശുവും ഇരുന്നു. പിന്നെ അദ്ദേഹം ചെവിയിൽ മന്ത്രിച്ച കാര്യങ്ങൾ....! ഓ! ഇപ്പോൾ ഓർക്കുമ്പോഴും ശരീരത്തിൽ കുളിര് കോരുന്നു.





രണ്ടാമത്തെ രാത്രി....! അന്ന് അയാളെ തേടി ആരും വന്നില്ല. എന്നാൽ അയാൾ ആരെയോ തേടിപ്പോയി. കാടും മലയും പാറയും പർവ്വതങ്ങളും പിന്നിട്ടുകൊണ്ടായിരുന്നു ആ യാത്ര.... ശവംനാറി പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ഒരു മുൾക്കാട്ടിലൂടെ തെല്ല് നടന്ന് നിലാവിൽ കുളിച്ചു നിൽക്കുന്ന പരിശുദ്ധമായ ഒരു ക്ഷേത്രമുറ്റത്തു എത്തിയപ്പോൾ അയാളുടെ യാത്ര അവസാനിച്ചു. അവിടെ അയാൾ അന്വേഷിച്ച ആൾ ഉണ്ടായിരുന്നു. സാക്ഷാൽ 'ശ്രീകൃഷ്ണൻ'! രുഗ്മിണീ ദേവിയുമൊത്തു്. തന്നെ കണ്ടപ്പോൾ ശ്രീകൃഷ്ണന്റെ ഒരു പുഞ്ചിരി! ഹായ്....! അതു് ഇപ്പോൾ ഓർത്തപ്പോൾ പോലും അയാളുടെ രോമങ്ങൾ തനിയെ എഴുന്നേറ്റു പോയി. പിന്നെ ഭഗവാൻ പറഞ്ഞ ഓരോ കാര്യങ്ങൾ....! പിന്നത്തെ ഓരോ രാത്രിയിലും അയാൾ കണ്ടു. ശ്രീബുദ്ധനെ, ശ്രീനാരായണ ഗുരുവിനെ, മുഹമ്മദ് നബിയെ, ശിവനെ, മറിയത്തിനെ... അങ്ങനെ പലരും.... മഹാന്മാരായ പലരും അയാളെ കാണാൻ കാത്തു നിന്നു രാത്രി ആയാൽ പറഞ്ഞ എല്ലാവർക്കും അയാളെ കാണാൻ തിടുക്കം. എല്ലാവർക്കും പറയാൻ ഒരേ കാര്യം....! അതു്, ചിലർ, യാചനാ സ്വരത്തിൽ പറഞ്ഞു. ചിലർ ദേഷ്യപ്പെട്ടു പറയുന്നു. ഇവർ പറയുന്ന കാര്യങ്ങൾ താൻ അനുസരിക്കണോ? അയാൾക്കന്ന് ഭക്ഷണം വേണ്ടായിരുന്നു. നിർബന്ധിച്ച അമ്മയുടെ നേരെ അയാൾ തട്ടിക്കയറി. രാത്രിയുടെ യാമങ്ങൾ ഒന്നൊന്നായ് കൊഴിഞ്ഞു വീണു. പുറത്തു് നിന്ന് അയാളെ പുൽകാൻ വന്ന കാറ്റിന് പാലപ്പൂവിന്റെ വാസനയുണ്ടായിരുന്നു. എന്തോ? അയാൾ തീരെ അസ്വസ്ഥനായിരുന്നു. അയാൾ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. മരണ മണി അടിക്കുന്ന ശോകഭാവത്തിൽ ക്ലോക്ക് '12' പ്രാവശ്യം മുഴങ്ങുന്നതു് അയാൾ കേട്ടു. അയാളുടെ കണ്ണുകൾ താനെ അടഞ്ഞു.

നിദ്രയുടെ അഗാധ ഗർത്തങ്ങളിലേയ്ക്ക് അയാളെയും കൊണ്ട് ആരോ പറന്നു. അല്ല... ഇന്നാരാണ് വന്നിരിക്കുന്നത്. 'മറിയം'! ദൈവപുത്രനായ യേശുവിനെ പത്തുമാസം വയറ്റിൽ ചുമന്ന് നൊന്തു പ്രസവിച്ച പുണ്യവതിയായ സ്ത്രീ. പുറകിൽ ആരാണ്? 'ശിവൻ'! പുലിത്തോലുടുത്ത് നാഗങ്ങളെ ആഭരണമാക്കിയ ത്രിമൂർത്തികളിലൊരുവനായ അപാരശക്തിയുള്ള ദേവൻ. മറിയം അയാളുടെ കട്ടിലിലിരുന്നു കരഞ്ഞു പറഞ്ഞു. "മോനെ!, നീ ദൈവത്തിന്റെ പിൻഗാമിയാണ്. നിന്നെ ലോകം നന്നാക്കാനാണ് ഞങ്ങൾ അയച്ചിരിക്കുന്നത്. മോനെ, ഇന്നത്തെ ചുറ്റുപാടുകളൊന്നും നീ കാണുന്നില്ലേ? പ്രത്യേകിച്ച് യുവതലമുറയെ,? സ്കൂളുകളിലും കോളേജു കാമ്പസുകളിലും സമരവും കത്തും അടിപിടിയും മയക്കു മരുന്നും നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. നീ സാക്ഷാൽ പരിഷ്കൃത നൂറ്റാണ്ടിലെ ദൈവപുത്രനാണ്! മോനെ.... നീ ഉണരൂ.... ലോകത്തിനുവേണ്ടി പ്രവർത്തിക്കൂ... പിന്നീട്, 'ശിവൻ' സംസാരമായി. അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും തീ പാറിയോ? അയാൾക്ക് സംശയം. "നീ നിന്റെ കർത്തവ്യങ്ങളിൽ നിന്ന് ഓടി രക്ഷപെടാൻ ശ്രമിക്കുന്നു. ഇല്ല... നിന്നെ ഞങ്ങൾ വിടാതെ പിൻതുടരും." അയാൾ കട്ടിലിൽ എഴുന്നേറ്റിരുന്ന് കിതച്ചു. ഇല്ല.... എന്റെ കർത്തവ്യങ്ങളിൽ നിന്നു ഒരിക്കലും പിന്മാറില്ല. ഇന്ന് തൊട്ടു ഞാൻ ലോകം നന്നാക്കാൻ ഇറങ്ങുകയാണ്. അയാൾ കിതച്ചു കൊണ്ട് സംസാരിച്ചു. "മോനെ, എന്തുപറ്റി, നിനക്ക്" അയാളുടെ അമ്മ ഓടി അടുത്തുവന്നു. അയാൾക്ക് അമ്മയെ കണ്ടപ്പോൾ സഹതാപം തോന്നി. പാവം! വയസ്സുകാലത്ത് തനിക്കിവരെ വേർപിരിയേണ്ടി ഇരിക്കുന്നു. പെട്ടെന്ന് ആരോ അയാളോട് മന്ത്രിച്ചു. "യേശു മറിയത്തിനെ പന്ത്രണ്ടാമത്തെ വയസ്സിൽ പിരിഞ്ഞതല്ലേ? ശ്രീകൃഷ്ണനാകട്ടെ, ജനിച്ചയുടനെ, പെറ്റതള്ളയെ പിരിഞ്ഞില്ലേ? എന്തിനധികം ശ്രീബുദ്ധൻ ദേശം നന്നാക്കാൻ ലൗകീക സുഖങ്ങൾ മുഴുവൻ വെടിഞ്ഞില്ലേ? പിന്നെ നിനക്കു മാത്രം എന്തേ....?" പിന്നീട് അയാൾക്ക് ഒന്നും ചിന്തിക്കാനില്ലായിരുന്നു. അയാൾ പുറപ്പെട്ടു. മറ്റൊരു കൃഷ്ണനായി...! മറ്റൊരു യേശുവായി....! നവീന ലോകത്തെ പുണ്യവാളനായി! അയാളുടെ പട്ടണം തിരക്കു പിടിച്ചതായിരുന്നു. പട്ടണം ആകെ ഉണർന്നു കഴിഞ്ഞിരുന്നു. എവിടെയാണ് തനിക്കു പറ്റിയ സ്ഥലം.? അയാൾ ചിന്തിച്ചു. കുന്നുകൾക്ക് മുകളിൽ നിന്ന് യേശു ശിഷ്യന്മാരോട് പ്രസംഗിക്കുന്നത് അയാളുടെ ഓർമ്മയിൽ തെളിഞ്ഞു. പിന്നെ, ഒട്ടും താമസിച്ചില്ല. ഇത്തിരി ഉയർന്ന സ്ഥലം തന്നെ അയാളും തെരഞ്ഞെടുത്തു. തൊണ്ട പിന്നെ ഒരു വച്ച് കാച്ചലായിരുന്നു. തൊണ്ട പൊട്ടുന്ന രീതിയിൽ. പണ്ടത്തെ ദൈവങ്ങൾ പ്രത്യക്ഷപ്പെട്ട കാലമല്ലല്ലോ ഇത്. ജനങ്ങൾക്ക് തൊഴിലും മറ്റുമില്ലേ? അതുകൊണ്ട് ആരും അയാളെ ശ്രദ്ധിച്ചില്ല. അയാൾ നിരാശനായില്ല. കണ്ണുകൾ മുറുക്കെ അടച്ച് പൂർവ്വാധികം ഉച്ചത്തിൽ നിയമങ്ങൾ മുവാൻ തുടങ്ങി. ശ്രമം കുറെയൊക്കെ വിജയിച്ചു. പട്ടണത്തിന്റെ സന്താനങ്ങളായ കുറച്ച് തെരുവ് നായ്ക്കളും തെണ്ടി കുട്ടികളും അയാളുടെ ചുറ്റും കൂടി "മഹത് വചനം" ശ്രവിക്കാൻ! പിന്നെ പിന്നെ വഴിയാത്രക്കാരും അവിടെ നിന്നു. "കഞ്ചാവ് തലയ്ക്കു പിടിച്ചതാ" ഒരാളുടെ വിദഗ്ദമായ അഭിപ്രായം. പട്ടയും മുണ്ടും ഉടുത്ത ഒരു ചെട്ടത്തിയ്ക്കു സഹിക്കാൻ കഴിഞ്ഞില്ല. "പാവം ഇത്ര കൊച്ചിലെ ഈ വിധി വന്നല്ലോ?" "ഒരു പെണ്ണിനെ പ്രേമിച്ച് അവൾ ചതിച്ചു. അതിനുള്ള നിരാശ മൂലമാ..." ഒരുത്തിയുടെ അഭിപ്രായം. ഇങ്ങനെ വിവിധ അഭിപ്രായങ്ങൾ പലേടത്തു നിന്നും പൊങ്ങി. അയാൾ ഒന്നും ശ്രദ്ധിച്ചില്ല. "ദൈവപുത്രനല്ലേ"? അതും നവീനയുഗത്തിലെ ...! പക്ഷേ നവീനയുഗത്തിലെ ദൈവപുത്രന് മറ്റൊരു ഭീമമായ തടസ്സം നേരിടേണ്ടി വന്നു. 'ട്രാഫിക് തടസ്സം.' പണ്ടത്തെ ദൈവങ്ങളുടെ കാലത്തു വണ്ടിയൊന്നും ഇല്ലായിരുന്നല്ലോ? ജനങ്ങൾ ചുറ്റും കൂടിയതുകാരണം വാഹനങ്ങൾ മുന്നോട്ടു പോകുന്നില്ല. ശ്ശോ! ഇതാര ഇത്ര രാവിലെ' 'സമയം പോയാൽ ടിപ്പ് തെറ്റും' 'ഭ്രാന്താശുപത്രിയിൽ ഇടയില്ലേ'? ഡ്രൈവർമാരുടെ ആത്മഗതം. ഇതിനിടയിൽ ആരോ പോലീസിന് ഫോൺ ചെയ്തു. കാക്കി ധരിച്ച രാജാക്കന്മാർ രംഗപ്രവേശനം ചെയ്തു. ദൈവപുത്രന്റെ മഹത് വചനങ്ങളൊന്നും അവർ ശ്രദ്ധിച്ചില്ല. ഇക്കിയെടുത്ത് ഒരൊറ്റയേറ്!. ചെന്നു വീണതോ, ജീപ്പിൽ! പോലീസുകാരുടെ സാന്നിധ്യമോ അവരുടെ പുളിച്ച തെറിയോ, അയാളുടെ മഹത് വചനങ്ങൾക്ക് മുടക്കം വരുത്തിയില്ല. അയാൾ പുലമ്പിക്കൊണ്ടേയിരുന്നു. ഇരുണ്ട മുറിയിലേയ്ക്ക് മാറ്റുമ്പോൾ പോലും. അന്ന് രാത്രിയും അയാൾ ഉറങ്ങി. അന്നു രാത്രി അയാൾ പതിവിന് വിപരീതമായി ചില അസ്ഥികൂടങ്ങളെ കണ്ടു. അവ അയാൾക്കു നേരെ പല്ലിളിച്ചുകൊണ്ട് ചിരി. "ഹേയ്"! മഹാനായ ദൈവപുത്രാ! നീ ഇത്തിരി നേരത്തെ ജനിക്കേണ്ടതായിരുന്നു. നിനക്ക് ഞങ്ങളെ ഒന്നും ചെയ്യുവാൻ സാധിക്കില്ല. ഞങ്ങൾ നാശത്തിന്റെ അഗാധഗർത്തങ്ങളിലേയ്ക്ക് ചാടിക്കൊണ്ടിരിക്കുന്നു." 'ആരാണ് നിങ്ങൾ?' "ഞങ്ങളോ? നീ നന്നാക്കാൻ ഇറങ്ങിയ മനുഷ്യർ തന്നെയാണ് ഞങ്ങൾ." പിന്നെ അയാൾക്ക് ഒന്നും പറയാനില്ലായിരുന്നു. അയാൾ അലറി! അയാളുടെ മുൻഗാമികളോട്! എനിക്ക് ഒന്നും ചെയ്യുവാൻ സാധിക്കില്ല. ഞാൻ നിസ്സഹായനാണ്. അപ്പോഴേക്കും അയാളെ അധികൃതർ ചങ്ങലയിലിട്ടു കഴിഞ്ഞിരുന്നു.

"പാവം ആധുനിക യുഗത്തിലെ പിൻഗാമി!"

---

സുജാ. വി. പണിക്കർ
ഒന്നാം വർഷ പ്രീഡിഗ്രി.



# THE GUEST OF SURPRISE

JAYZON JOEZEF MATTOM
III DC MATHS

You might have heard of the donkey at the Bell of Altric, but never might have heard of the donkey of 'Kuruvancadu.' I think it is very interesting to tell you the tale of the donkey that brought wonder to my country village. Kuruvancadu.

As any other villager, I too know little of its history. I don't suppose there was a historian as much ignorant as to probe into the history of a donkey which is not at all worthwhile, considering the building up or breaking down of any nation or kingdom, although there were a few genius people researching on 'The Aryan culture existed in Kuruvancad' 'The cultural heritage of Kuruvancad' etc. To put it breif nobody wanted to know the early days of this creature, that brought wonder to my country village, Kuruvancadu.

It just came one day that was how it began to appear in the 'golden streets' of Kuruvancadu. It is still unknown how it came or who brought it there. Probably by some who' thought all the donkeys of the village 'which lacked its appearence' were totally insufficient and doesn't suit the destiny of Kuruvancadu.

There is no wonder, it walking thru' the streets of a wellknown city or an urban centre. But a donkey in a rural town like Kuruvancadu was a bit of surprise. Yes it was. It caused great surprise among the villager's

Villagers from the nook and corner of the village hearing this news rushed to the town have a glance at this noble creature.

Soon the town gossips came out with 'hot from over' news about that donkey's arrival politics and immorality left the town gatherings and tody shop chit-chats. Ladies who assembled here and there had their own lectures (often the news from their h sbands with added 'masalas') about this mute, instead of their usual fescennine verses on some flout-stocks.

Some said it was brought there by some 'pandis' came from Tamilnadu. Some had the opinion that it was by an eminent person of the political circle, who wanted to test his fortune in the coming election with donkey as his symbol and the creature was given to destitution by him on his wise wife's advice. Few are of the opinion that it was brought there by 'Vattan Thoma', whose madness made him a 'matter of joke' for the villagers, on his last discharge from the distant mental hospital It is unbeleivable that it was brought there by the town porter with a view to enhance his career and to his misfortune the 'least obedient' declared its independence as it came to Kuruvancadu, since our porter always had a minus brain. Everybody know, how it is a 'top secret' still that our 'Kunjupennu' a mad women believed to be crack-brained by a broken engagement and now wandering thru' the town with a heart full of passion, had a passionate affair with this mute and they often had lovely exchanges.

Some found it a great grace and as a lucky notion for Kuruvancadu. Among them the most prominent were the school masters there. Now they could scold lads who are disciplined and less studious by the saying 'it is better for you to join the company of that donkey wandering the street. The parish vicar found it something divine since the Holy Bible says that Jesus Christ had made a colt his vehicle for his royal entry into Jerusalem and our vicar quoting St. LUKE 19:30 said during his sunday peace givings: "It is lucky and we should thank and praise this Omnipotence for sendidg us one of the ancestors of that colt once he made his vehicle."

The donkey's visit, was a great pleasure giving one for all the children there. Some school going boys made a garland for it which said 'In a donkey'. The donkey seemed as if he enjoyed the company of school children perhaps for the reason, the school ground, with the green grass, was made a good pasture for his starving stomach. The students of the nearby junior college had some innovations in their field of indiscipline, made possible by this creature. One day they made this mute run into the principal's office and caused great hurly-burly. The unemployed youth of Kuruvancadu, who never had anything to do except nothing, under 'self emyloyment Discovery' programme added colour to that mutes life by painting it and clading it with the most fashionable garments. Thus they found for themselves a time-killing and pleasure giving job.

The mothers of Kuruvancadu are happies since they can now manage to make their lazy children go to school without the usual tricks, sweets or caining. The housewives of Kuruvancadu were also glad for the donkey being a male. It was a great disgrace to all men of the village who themselves called 'men' just because they possessed big voice and black moustache. Thus the village women became convinced of the fact that not only the thesis they prepared from their long experiments with men that 'males are donkeys' but also its converse 'donkeys are males' is true.

Some economists of Kuruvancadu had a business eye upon the creature and understanding its popularity, sticked advertising stickers and hordings upon the creature.

But as a donkey is a donkey, otherwise known as Ass, this mute seemed to have little cared of all these things. Just like every citizen of the village he continued to have his enjoyment

in full amounts, tottering all thru' the village town.

Days passed. One morning came with a fatal news. It was about the donkey's disappearence from the village could it have been any other way! But they asked each other 'why should the creature go?' It was the mystery number two. Many boasted that they was the noble creature the last day. Somebody said it was very gloomy and sad when they saw him the last day. The villagers searched every corner of the village. Some fellows searched it in wells, ponds, and even on the branches of the Jack trees there, for it was then become a habit of the youth, reading all those hanging stories that appeared in the 'hanging magazines', to give themselves for hanging. But I was sure that a donkey is not as foolish as to end his life, himself.

Although there are roumors more than it had been on that mutes arrival- its disappearence is still a mistery to the villagers. Even now they talk about it and often concluded saying 'strange and inponderable a donkey's mind and ways.'

□

# THE ETHIOPIAN SYSTEM OF CALCULATION

The Ethiopian system of calculation is a very primitive one. The calculation made by the people of olden days were based on certain assumptions. They considered some number to be good and some bad. But in spite of this superstition in calculation, their values are exactly the same, that we would get today if we calculate the sum, they had calculated in the olden days.

The Ethiopian system of calculation is based on halving, doubling and cancelling of numbers.
For example:

If there are 13 things and if each of them costs 22 units, the total units required for the 13 things is given as follows:

First write the smaller number on the left side and larger number on the right side. Now halve the smaller number to the nearest whole number till it approaches to one. And accordingly double the larger number till the left side has reached to one or unity. The Ethiopian people did not like even numbers on both sides. They considered it against God. So tney cancelled it and rest on the right was totalled to get the total unit.

ie.

| | | | | |
|---|---|---|---|---|
| | 13 (smaller) | | 22 (larger) | |
| Halving | 6 | doubling | 44 | cancelled (Both are even) |
| | 3 | | 88 | |
| | 1 | | 176 | |

Remaining
=22+88+176=286 Sum 286 Units

So dear friends, you can also try some problems of this type. But remember, smaller number on the left and larger on the right!

CYRIL P. STEPHEN
I DC MATHS




One of the most alarming and truly challenging problems facing India is its ever-expanding population. India ranks second in the world population. But she ranks seventh in the land area. Though India is only two fifths the size of the united states her population is thrice that of the country. This massive population explosion has adversely affected our percapita income and also our national income that most people in India are under the poverty.

To underplay the threat of the population explosion in India some argue that we possess plenty of reserve and untapped resources which could be harsnessed to meet the needs of growing human species. The fallacy here is that we need money, skills and technology besides time for such development and as it is all our developmental efforts have proved inadequate as they are unable to keep pace with population growth. Thus this argument just begs the question and will lead us no where.

Increase of the population with fifty to sixty children being added each minute wiil not allow economic development of the country. The basic truth is that our present resources are very little and it will remain so for ever at the current rate if population increases.

The only way to overcome the problem is to go in for effective and immediate population control on a war footing and bring down the birth rate and ensure that demand does not increase but remains stabilized and constant. China ranks first in population. But China has made a remarkable progress in evolving [a comprehensive family planning programme and achieving spectacular reduction in her population. China's national family planning programme was launched in 1973, two decades after India adopted it. Thus the success of the Chinese family planning programme is due to the clear enunciation of goals and a precise spelling out of action strategies.

It we do not act now, we will end up with the distenction of being the most populous nation in the world. If this condition goes on, our population will exceed two billion. The challenge of population explosion is a challenge to our survival as a nation. So let us awake, arise and act at once to meet and master this challenge with sure success.

---

**NISHA THOMAS**
I P. D. C. III Group.

# JESTS AND WITS

*Short Notes of an Innocent School boy*

**Dog:** Dog is a beast. It lives in the hut called kennel. It has four legs and a tail. When it gets food, the tail moves to and fro. I don't know how it happens. The mouth is for the purpose of barking and growing teeth. Teeth is to bite with. There is an ism related to dogs, ie. dog matism. I think it is a theory on the behaviour of dogs.

**Cat:** Cat also is a beast. It has no house. It has four legs and a tail. Sometimes the legs have nails. Nails are to tear with. The mouth is for the purpose of eating rats. There is a word in English, ie. cataract. I think it is another beast with the behaviours of a cat and a rat.

**Lion:** It is said that lions live in the zoo. I don't know much about them. Hence I stop here.

*The Teacher and the School boy.*

Teacher: Which came first, A. D. or B. C.?

Boy : Both

Teacher: Is man a mammal?

Boy : No. But woman is a mammal.

Teacher: Why do you think so?

Boy : Because of the very definition of mammals.

Teacher: Who can accept all groups of blood with out danger?

Boy : Mosquitoes.

---

What made Gavaskar happy?
The news that his book ran out of the stock.

---

Why is cricket played by the gentlemen alone?
Because the common man can't wait for a result for '6' days.

---

What do the Americans call the cricketers?
Base 'less' ball players.

---

What have a cricket bowler and a student in the practial lab doing the srew-guage experiment in common?
They both make use of the pitch.

---

**RAJESH SCARIAH**
I Bcom.



# മൃത്യുവിഷാദം

സന്ധ്യാ വിളക്കിന്റെ പൊൻപ്രഭപോൽ, നീ
മുന്നിൽ നിന്നൊരാ ദിനങ്ങളിൽ
അമ്പലത്തിലെ ശംഖൊലി പോൽ
ആത്മഹർഷത്താൽ ഞാൻ നിറഞ്ഞിരുന്നു.
കുഞ്ഞിക്കിളികൾ തൻ പാട്ടുകൾ കേൾക്കവെ
എല്ലാം മറന്നു നീ നിന്നിരുന്നു
ഇന്നു ഞാൻ നിശാഗന്ധിപ്പൂക്കളെ നോക്കി
നിന്നോർമ്മയിൽ മുങ്ങി നില്പൂ
മരണമിത്ര ദുഃഖമോയെൻ സഖീ, നീ
മടങ്ങുകില്ലേയിനിയൊരുനാളും
പൊൻ നക്ഷത്രമായ് വിണ്ണിലിന്ന് നീ
പൊന്നൊളി തൂകി നില്പുകയാമോ?
അവിടെ നീയൊഴുക്കും ബാഷ്പധാരകൾ
പുഴയായിവിടെ ഒഴുകുന്നുണ്ടാവാം
അവ തൻ കുഞ്ഞോളങ്ങളിൽ
ഒരു തെന്നലായ് ഞാൻ മാറിയെങ്കിൽ....
ഹാ! ഒരു തെന്നലായ് ഞാൻ മാറിയെങ്കിൽ....
പള്ളിത്തേരകന്നു പോയെങ്കിലും
മണിനാദങ്ങളലിഞ്ഞുപോയെങ്കിലും
എൻ മനോമുകുരത്തിലൊരുനാളും
മങ്ങില്ല, മായില്ല നിന്റെ രൂപം
ഓർമ്മയിൽ സൂക്ഷിക്കമെന്നുമെന്നും
സത്യമോ മിഥ്യയോ ജീവിതമെന്തോ
സത്യമറിയാതെ ഞാൻ കഴങ്ങുന്നു.

മാണി കുര്യൻ
മൂന്നാംവർഷ വാണിജ്യശാസ്ത്രം

സെബാസ്റ്റ്യൻ ജോസഫ്
രണ്ടാം. വർഷ മലയാളം.

# നടപ്പാതകൾ

തികച്ചും ആകസ്മികം.

ആണോ?

ആയിരുന്നില്ല.

കാരണം

ഇങ്ങനെയൊന്നല്ല പ്രതീക്ഷിച്ചത്.

പക്ഷെ ഇങ്ങനെയായിപ്പോയി

മടക്കയാത്രയാണ്.

ആണോ?

ഇരമ്പൽ മാത്രമാണ്, കാതടപ്പിക്കുന്ന ഇരമ്പൽ. പിന്നോട്ടോടുന്ന വൃക്ഷത്തലപ്പുകളിൽ ചിതറിവീഴുന്ന വെയിൽത്തുള്ളികൾ. ആ വൃക്ഷത്തലപ്പുകളേക്കാൾ വേഗതയിലാണ് ഓർമ്മകൾ മുമ്പോട്ടു പായുന്നത്.

ഇടത്താവളങ്ങളിൽനിന്നും ഇറങ്ങുകയും കയറുകയും ചെയ്യുന്നവർ. ആരും ആരെയും ശ്രദ്ധിക്കുന്നില്ല. തിരക്കാണ്. സർവത്ര തിരക്ക്. മേധാശക്തമായിരുന്നു ഇന്നലെവരെ മനസ്സ്. പുതിയ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി. പക്ഷേ, ഇന്നോ?

ഓടപ്പെട്ടൊരു ഇന്നത്തിലാണിന്ന്. ഭാഷ മറന്ന, ദേശം മറന്ന, ടിക്കറ്റില്ലാത്ത ഒരേകാന്ത പഥികൻ. അതെ, പാഥേയമില്ലാത്ത പഥികൻ.

മുമ്പോട്ടു പോകുന്ന നാലു ചുവരുകൾക്കുള്ളിൽ സഹയാത്രികരുണ്ടെന്നോ മറ്റുമുള്ള ചിന്തകൾ തന്നെ ഉണർത്തുന്നില്ല. സ്വയം ചമച്ച വാത്മീകത്തിൽ അവിചാരിതമായി മറ്റൊരിണ മേയുന്ന മനസ്സുമായി വെറുതെ പാളിനോക്കി. മറ്റേതോ ലോകത്താണെല്ലാവരും. ഇടയ്ക്കിടെ വഴുതി വീഴുന്ന മനസ്സ് ഭൂതകാലത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ ഒരു മിന്നാമിന്നിയെ തേടി അലഞ്ഞു.

പൊടി പടലങ്ങളുയർത്തിയ അവ്യക്തത ഉഷ്ണക്കാറ്റിൽ വ്യക്തതയിലേക്ക് വഴിമാറിയപ്പോൾ.

അതെ താൻ തിരിച്ചെത്തിയിരിക്കുന്നു.

നാളുകളുടെ അകൽച്ച നൽകിയ അപരിചിതത്വം നിമിഷങ്ങൾ കൊണ്ടലിഞ്ഞില്ലാതായി. കവലയിലെ തണൽ മരച്ചുവട്ടിൽ തളർന്നുവീണ നിഴലുകൾ. ഗ്രാമം പരിവർത്തനത്തിന്റെ മേലങ്കിയണിഞ്ഞിരിക്കുന്നു. പക്ഷെ താൻമാത്രം.

കവലയിലെ സ്ഥാപനങ്ങൾ, ഹാജിയാരുടെ ജൗളിക്കടയും വന്നിരിക്കുന്ന മാറ്റം. കണ്ണാടിച്ചില്ലുകൾ കൊണ്ട് മറയ്ക്കപ്പെട്ട മുൻവശം. ഗ്ലാസ്സ് മറയ്ക്കപ്പുറം നിശ്ചേഷ്ടം നിൽക്കുന്ന പ്രതിമ. ഒന്നുകൂടി ശ്രദ്ധിച്ചപ്പോൾ അത് തന്നിലേക്ക് സന്നിവേശിക്കുന്നതായൊരു തോന്നൽ. ഓടയിൽനിന്നുള്ള ദുർഗന്ധം നാസാരന്ധ്രങ്ങളിലേക്ക് തുളച്ചുകയറിയപ്പോൾ മനസ്സറിയാതെ ചിരിച്ചു. ആമാശയത്തിന്റെ പിടച്ചിൽ സന്ധിബന്ധങ്ങളിലേക്കു തളർച്ചയുടെ രൂപത്തിൽ ആവാഹിക്കുന്നു.



നേർത്ത തണുപ്പ് തളംകെട്ടിയ ഇടുങ്ങിയ മുറി. നനഞ്ഞ ഡസ്കുകൾ. പ്രേംനസീറും എം. ജി. ആറും, ശിവാജിഗണേശനും വ്യത്യസ്ത പോസുകളിൽ അകംപടി സേവിക്കുന്നു. അപ്പുറത്ത് ചായത്തട്ടിൽ വെള്ളംതിളയ്ക്കുന്ന ശബ്ദവും ചായയടിക്കുന്ന ശബ്ദവും ഇടകലരുന്നു. അടുത്തെത്തിയ പാദപതന ശബ്ദം.

ചായ ഡസ്കിൽ വച്ച അച്യുതൻനായർക്ക് ജിജ്ഞാസയുടെ അനാവരണം മുഖത്ത്. മനമടങ്ങിയ ഓർമ്മകൾ.

മനസ്സിലെ?

അതെ.

വിഷ്ണു?

'ഉം' നിയതമായ വികാരമില്ലാത്തൊരു മൂളലിൽ ഒതുങ്ങുന്ന മറുപടി. എന്തോ പിന്നീടൊന്നും ചോദിച്ചില്ല. ആകാംക്ഷാപൂർവ്വം നോക്കുന്ന കണ്ണുകളിൽ നിന്നും രക്ഷപ്പെടാനുള്ള വ്യഗ്രതയിൽ പുറത്തേക്കിറങ്ങി. മനസ്സറിയാതെ ചലിക്കുന്ന ചുവടുകൾ. നിര്യാത്യനം കൊണ്ട് ചുവടു തെറ്റാതൊരു സർക്കസ് മൃഗത്തെപ്പോലെ മുമ്പോട്ട് നീങ്ങി. കടന്നുപോവുന്ന മുഖങ്ങളിൽ മിന്നിമറയുന്ന ഭാവഭേദങ്ങൾക്ക് മുഖംകൊടുക്കാതെ ഉഗ്രൂപ്പുകൾ തിളങ്ങുന്ന അകലങ്ങളിൽ കണ്ണുംനട്ട്. പക്ഷെ അറിയാതെ ബോധമണ്ഡലത്തിലെവിടെയോ നനവ്. പൊന്തക്കാടുകളിൽ ചിറകൊതുക്കി കിന്നാരംപറയുന്ന കരിയിലപ്പിടകൾ.

കുന്നിറങ്ങുമ്പോൾ ഒന്നു തിരിഞ്ഞുനോക്കി. ദേവീക്ഷേത്രം. തകർന്നടിഞ്ഞുകിടക്കുന്ന മതിൽക്കെട്ട്. ഇളകിയ ആൽത്തറയിൽ പിണഞ്ഞ വേരുകൾ ഇണചേരുന്ന സർപ്പങ്ങൾപോലെ. മനസ്സിലെവിടെയോ സീൽക്കാരം.

ഭേദരൂപമില്ലാത്ത ആ വേദനകൾ തന്റെ മനസ്സിന്റെ പ്രതിച്ഛായയല്ലേ? ഏതോ ആന്തരപ്രേരണയാൽ തിരിച്ചു നടന്നു.

മതിൽക്കെട്ടിനുള്ളിൽ നിശബ്ദതയുടെ ജീർണ്ണഗന്ധം. കൽപൊത്തുകളിൽ കരിഞ്ഞതിരി. ആ പ്രകാശവലയത്തിലേക്കോടിയടുത്ത് കരിഞ്ഞ ഈയാമ്പാറ്റകൾ. പുറത്തെ ചുറ്റുവിളക്കിന് ഒന്നുകൂടി മങ്ങലേറ്റിട്ടുണ്ടോ?

ഒരു നിമിഷം.

തായമ്പകയും തകിലും തകർക്കുന്ന ക്ഷേത്രാങ്കണം. അഷ്ടഗന്ധത്തിന്റെയും നെയ്ത്തിരിയുടെയും സമ്മിശ്രഗന്ധം ഏൽക്കുന്ന ക്ഷേത്രാങ്കണം. എത്രയെത്ര പ്രദോഷശീവേലികൾ, എത്രയെത്ര അത്താഴപ്പൂജകൾ.

ദേവീ....

എന്നിട്ടും,

നിറംമങ്ങിയ ചിത്രവേലകളിലേക്ക് നോക്കിനിന്നപ്പോൾ മനസ്സിലാകെ ശൂന്യത പടർന്നതുപോലെ.

അചേതനമായ വിഗ്രഹം.

സചേതനമായ തന്റെ സ്വപ്നങ്ങൾക്ക് നിറം പകർന്നില്ല.

വേണ്ട, ഒന്നും ഓർക്കാതിരിക്കുന്നതാണ് ഭംഗി.

കുന്നിറങ്ങുമ്പോൾ ഒന്നു തിരിഞ്ഞുനോക്കണമെന്നു തോന്നി.

വേനലും വർഷവും വ്യത്യസ്തരൂപം നൽകുന്ന ആറ് തികച്ചും ശാന്തമാണിപ്പോൾ. നെടുനീണ്ട മണൽത്തിട്ടകൾക്കിടയിൽ കിടന്ന് ഊർദ്ധ്വശ്വാസം വലിക്കുകയാണവൾ. തന്റെ സ്വപ്നങ്ങൾപോലെതന്നെ. വെള്ളിനൂൽപോലെ ഒഴുകുന്ന പുഴ. എപ്പോഴോ പല രൂപങ്ങളുംവന്നു.

ഗോപി— അതെ, തന്റെ സുഹൃത്ത്. ഞാനെന്ന, എന്നെ മനസ്സിലാക്കാൻ കഴിഞ്ഞവൻ. മൗനത്തിന്റെ ചീളുകൾ വീണടിയുന്ന നിമിഷങ്ങൾ. നിശബ്ദത ഒരു പെരുമ്പാമ്പിനെപ്പോലെ വരിഞ്ഞുമുറുക്കുകയാണ്. മനസ്സിന്റെ നിഗൂഢ ഗുഹകളിലെവിടെയോ നിർവ്വികാരതയുടെ പടയോട്ടം.

ആന്തരചേതന മരവിച്ചുവെങ്കിലും ഏതോ ആന്തര ചോദനയാൽ ഓർത്തു. ആതിര!

വിവാഹിതയായിക്കാണും.

സായംസന്ധ്യകളിൽ ദേവീക്ഷേത്രാങ്കണത്തിൽ. ചുറ്റുവിളക്കിന്റെ ചുവട്ടിൽ, ആൽത്തറയിൽ എല്ലാം തന്നെ മാത്രം സാകൂതം വീക്ഷിച്ചിരുന്ന രണ്ടു കണ്ണുകൾ. അപ്ഫൻ നമ്പൂതിരി ഇപ്പോൾ ആഭിചാരപ്രയോഗങ്ങൾ ഒന്നും നടത്താറില്ലായിരിക്കും. എല്ലാം തകർന്ന നിലയിലാവാം. ആർക്കും ഭയം കൊടുക്കാറില്ലായിരിക്കും.

മണൽത്തിട്ടയിൽനിന്നും പെറുക്കിയ വെള്ളാരൻ കല്ലുകൾ നീർച്ചോലകളിലേക്കെറിഞ്ഞ് ആറ്റുവഞ്ചികൾക്കിടയിൽ കലപില കൂട്ടിപ്പറക്കുന്ന ആറ്റക്കുരുവികളെ നോക്കിയിരുന്നു. നിരന്തരമായ അപരദനം മൂലം തനതായ രൂപം നഷ്ടപ്പെട്ട വെള്ളാരൻകല്ലുകൾ.

പഠിക്കുന്ന കാലത്ത് സായംസന്ധ്യകൾ ഈ മണൽത്തിട്ടകളിലായിരുന്നു. പാടത്തെ പണി കഴിഞ്ഞെത്തുന്ന ഗോപി.

'നീ ഭാഗ്യവാനാ, എനിക്കോ പഠിക്കാൻകഴിഞ്ഞില്ല. നീയെങ്കിലും ഉയരണം.' ആകാശത്തിന്റെ അനന്തതയിൽ തെളിയുന്ന നക്ഷത്രങ്ങളിലേക്കുനോക്കി രണ്ടുപേരും കിടക്കും. മണിക്കൂറുകളോളം. എത്ര കണ്ടാലും മതിവരില്ലായിരുന്നു. അന്നവ മിന്നി മിന്നി എന്തോ പറയാൻ വെമ്പുന്നതായി തോന്നിയിരുന്നു.

ആർത്തിരമ്പുന്ന പുഴയിലേക്ക് നോക്കിയിരിക്കുമ്പോൾ ആ ഓളങ്ങൾക്കൊപ്പം അന്ന് മനസ്സ് ചാഞ്ചാടിയിരുന്നു. അന്ന് ആർത്തലച്ചൊഴുകിയ പുഴ ഇന്ന് മണൽത്തിട്ടകൾക്കിടയിൽ ഊർദ്ധ്വശ്വാസം വലിക്കുന്നു.

വേദ്രാതൻ നമ്പൂതിരിയുടെ മരണം പകർന്ന വ്യഥയും മനസ്സിലേൽക്കുന്ന പ്രതീക്ഷകളും മൂർദ്ധന്യത്തിലെത്തിയ വേളകൾ.

ധിഷണതയുടെ, ആവർത്തനത്തിന്റെ കനം തൂങ്ങുന്ന ദിവസങ്ങൾ ഒന്നിനൊന്നായി നീങ്ങി. അമിതാർഭാടത്തിലും, പ്രൗഢിയിലും ജീവിക്കാൻ നിലവും പറമ്പുകളും ഒന്നിനുപുറകെ മറ്റൊന്നായി അന്യാധീനമാക്കിയുള്ള അച്ഛന്റെ ജീവിതം. ആഭിചാര പ്രയോഗങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ച അപ്ഫൻ നമ്പൂതിരി.

ഒടുവിൽ

അച്ഛന്റെ മരണം.

അപ്ഫന്റെ മുനവച്ചുള്ള സംസാരം.

എല്ലാം.

വിഴുപ്പുമണം പൊഴിക്കുന്ന അകത്തളങ്ങളിൽ ഇരുളിൽ മാറാലകെട്ടിയമച്ചിൽ കണ്ണുംനട്ട് കിടക്കുമ്പോൾ മനസ്സ് ഓളപ്പാത്തികളിൽപ്പെട്ട് ചാഞ്ചാടി, വെറുമൊരു പൊങ്ങുതടിയായി.

ഒടുവിൽ വെറുമൊരു പുഴുമാത്രമാണ് താനെന്ന തോന്നൽ ശക്തമായപ്പോൾ, മറ്റുള്ളവരുടെ മനസ്സിനെ അലോസരപ്പെടുത്തുന്ന വെറുമൊരു പുഴു മാത്രമാണ് താനെന്ന തോന്നൽ കുലംകുത്തിയൊഴുകിയപ്പോൾ.

അന്നായിരുന്നു യാത്രയുടെ തുടക്കം. എന്തെല്ലാം നഗരങ്ങൾ, എന്തെല്ലാം ജോലികൾ, തോട്ടിപ്പണി വരെ. അവിടെ തന്റെ വ്യക്തിത്വം നഷ്ടപ്പെടുകയായിരുന്നോ? അല്ല.

പൊലിഞ്ഞ് നഷ്ടപ്പെട്ട എന്നിലെ മനുഷ്യനെ ഞാൻ കണ്ടെത്തുകയായിരുന്നു. ഒടുവിലിതാ,

അന്തിവെയിലിന്റെ തിളക്കം നഷ്ടപ്പെട്ടിരുന്നു. പകലിന് തന്റെ സ്വപ്നങ്ങളുടെ നിറം പകരാൻ തുടങ്ങിയിരുന്നു.

ഒതുക്കുകൾ കയറി മുമ്പോട്ട് നടന്നു. പണ്ടെങ്ങോ നഷ്ടപ്പെട്ട പഴയ നടപ്പാതകൾ താണ്ടി വീണ്ടും പഴയ താവളത്തിലേക്ക്.

●



# മരണത്തിന്റെ തേരിലേറി

സോജൻ ജെ. മാറായി
ഒന്നാം വർഷ വാണിജ്യശാസ്ത്രം

ഇവിടെ ഈ തീരത്ത്
ഇങ്ങനെ ആകാശവും ഭൂമിയും പുണർന്നുറങ്ങുന്ന നേരം
അകലെ സൂര്യൻ മറയുന്നു.
സൂര്യന്റെ മരണം പ്രകൃതിയെ തളർത്തിയിരിക്കുന്നു
സുന്ദരിയുടെ കവിൾത്തടങ്ങളിൽ കണ്ണീർച്ചാലുകൾ
മിഴിയിതളുകൾ നിറഞ്ഞു തുളുമ്പുന്നു.
അഴിഞ്ഞുലഞ്ഞ അവളുടെ മുടിച്ചുരുളുകൾ
പാരിലാകെ പടർന്നു.
ചുറ്റും സന്ധ്യയുടെ ഗന്ധം പടരുകയാണ്.
ഇന്നെന്റെ മനസ്സ് ശൂന്യമാണ്,
അവിടെ സമുദ്രത്തിലെപ്പോലെ തിരകളില്ല.
ഭൂമിയിലെപ്പോലെ ദുഃഖം ഘനീഭവിച്ചിട്ടില്ല
സൂര്യന്റെ കനലുകളോ, ചന്ദ്രന്റെ അരുണിമയോ
രാപ്പാടികളുടെ കാതരഗാനമോ ഇല്ല.
തെളിഞ്ഞ നീലാകാശംപോലെ ശൂന്യം.
ഇന്നെന്റെ ചങ്ങലകൾ എന്നെ വലിഞ്ഞു മുറുക്കുന്നില്ല
എന്റെ ഇഷ്ടങ്ങൾ എന്നെ പ്രലോഭിപ്പിക്കുന്നില്ല
എനിക്കീ മണ്ണിന്റെ ഊഷരതയിലേക്ക്
അലിഞ്ഞു ചേരാൻ കൊതിയായി
എന്നെ ഏറ്റാൻ നിൽക്കുന്നവരുടെ കൈകളിലേക്ക്
ഉയരാൻ എന്റെ മനം തരിക്കുന്നു.
എന്നെ യാത്രയാക്കാൻ നിൽക്കുന്നവരുടെ അലമുറകൾ
എന്റെ മനസ്സിനെ അൽപം പോലും മഥിക്കുന്നില്ലെന്നോ?....
എന്റെ ഭാരം കുറഞ്ഞു കുറഞ്ഞു വരുന്നു,
ഞാനൊരു തൂവൽ കണക്കെ പറന്നുയരാൻ തുടങ്ങുകയാണോ?
എന്റെ മുന്നിലെ വഴിയിൽ ഞാൻ കാണുന്ന ശാന്തത,
നിശ്ശബ്ദമായി എന്നെ മാടിവിളിക്കുന്നു.
എന്റെ മരണം എന്നെ സ്വീകരിക്കാൻ കാത്തു നിൽക്കുന്നു.
ഞാനിതാ അവന്റെ കൈകളിലേറി യാത്ര തുടങ്ങുന്നു.
അനന്തതയിലേക്കോ, ആദിയിലേക്കോ....

# ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



ഉദ്ഘാടകൻ
കാർട്ടൂണിസ്റ്റ് ടോംസ്



സ്വാഗതം
സിബി ജേക്കബ്ബ്
ആർട്സ് ക്ലബ്ബ് സെക്രട്ടറി



അനുമോദനപ്രസംഗം.
ജിമ്മോൻ ജേക്കബ്ബ്
ദീപിക





അദ്ധ്യക്ഷപ്രസംഗം
ജോണി മാത്യു -
ആശംസ
ജോർജ്ജ് കെ. മുരിക്കൻ
കൃതജ്ഞത
സജി കുര്യൻ









കെമിസ്ട്രി അസോസിയേഷൻ
ഉദ്ഘാടനം

കൊമേഴ്സ് അസോസിയേഷൻ
ഉദ്ഘാടനം

ബോട്ടണി അസോസിയേഷൻ
ഉദ്ഘാടനം





സെക്രട്ടറി–ഇക്കണോമിക്സ്
രവി





സെക്രട്ടറി–ബോട്ട
ബേബി.കെ.




സെക്രട്ടറി–സുവോളജി.
ജയിംസ് മാത്യു

# അസോസിയേഷൻ ഉദ്ഘാടനങ്ങളും സെക്രട്ടറിമാരും —.



സെക്രട്ടറി–മലയാളം
തോമസ്. എൻ.ജെ



സെക്രട്ടറി–മാത്സ്
ജോജി ജോസഫ്



സെക്രട്ടറി–കെമിസ്ട്രി.
അനിൽകുമാർ.കെ.ആർ.





സെക്രട്ടറി–കൊമേഴ്സ്. സെക്രട്ടറി–ഇംഗ്ലീഷ്
ടാസ്മോൻ ജോസഫ്. സുരേഷ്.വി.സി.




# My Mother.

RITA PAUL
III DC PHYSICS

Stranger she so stranger she
Upon the hills the news spread fast
Glazing eyes like twinkling star
Smiling face so calm and cool
Affection that she poured around
Granted she, a peaceful life
Mother felt us, no, mother she is
Hail Mary thy name we adore
'Devamatha' that suits much to her
Outnumbered her loving ones
Blessed them all with greater hope
Hains and less she watched fully
Congrats good her comforts lasts
Summer days a curse to her
No flowers bloom, Hye, the cuckoos gone
Anxious wait..... ..., here comes the joy
Embracing babes, a warm welcome
Months, years...... ..so quickly marched
Twenty five, here's her silver days
Change of things made man to change
But none can change the mind of Mum
Now evil wings, bears her 'Butterflies'
Torture mum, they named it 'STRIKE'
'Broken hopes' 'Oh! my fraility'
Her whispers too careless now
Drops luv' Still her eyes rewards

Rise up guys and comeforth girls
Make you fit to wipe her eyes
In golden days let her dream come true!

Man is a user of tools and is helpless without them. The quality of his tools is a measure of the advance of civilization. All instruments should be regarded as tools that help to extend the power of our muscles the length of our arms, and the sharpness and range of our perception. At the higher levels in this picture all the tools that extend the power of our intellect. The place of primacy among these belong to the Electronic Computers.

Originally developed as a tool for calculation computers have found a place in every walk of life. Stewart Brand, author of "The whole Earth Catalogue," speaks of the importance of computer in these words: "This is a story that goes back to the rocks that the earliest man picked up in Africa. As soon as he started picking up rocks, his hands started changing and his brain started changing. Computers are simply a quantum jump in the same co-evolutionary process." Popular writer, Isac Asimov says: "We have reached a stage were the problems that we must solve are insoluble without the sid of Computers." A U. N. decument on 'Computer Applications' argues the case for looking up on computers as 'intellect amplifiers' pointing out that most striking feature about them is that, in the process of being introduced to perform a task, they cause a reassessment of the way it was accomplished before and they often bring about an enquiry as to why the task is being done at all.

It is well known that the main thrust for the development of Computers came from the need to perform massive scientific calculations within meaningful frames of time. A good example of this is the ability to look at large-volume meteriological data gathered up to the minute and to forecast weather for the next twenty four hours. Yet this task is such that even the best Computers available today are not able to deal with it quite satisfactorily. Modern computer systems do not merely manipulate figures, but they help to solve problems in their entirety not only in science and engineering but also in a host of other feilds. The primitive application of computers for tasks like pay-roll processing merely replaced a robot-like activity of man with a more convenient way of performing such chores. But today, the most complex situations can be subjected to rational analysis in real-time. Previously one had to be satisfied with hunches; but now rigorous calculation is the order of the day. Computer aided analysis helps to convert economics, sociology and psychology into quantitative sciences. It is likely that in the long-term social sciences and humanities will gain more from the new capacity to deal with complexities than do natural sciences which have long been accustomed to simplifying reality.


Newer and newer technological developments contribute phenomenally to speed of operation and reliability. It is today possible to have many jobs running on a single mechine, many interconnected processes working on a single job and many users simultaneously and independently using a single system. There is no longer a constraint that the user has to be at the computer location. He can be any where on earth and modern teleprocessing techniques make it possible for him to be connected to a computer of his choice in an interactive mode. On-line interactive display terminals, operated in conjunction with a lightpen, have become commonplace. These have developed to lay the foundation for the new discipline of computeraided-disign, providing the uses with a unique tool and a new method for exploring new approaches.

It is an astonishing feature of modern electronic technology that as times go by, more and more sophisticated systems become available at lesser and lesser cost. In the history of science, there is no paralled to the tumbling down of computer hardware cost.

Are computers relevent in the context of the programmes that poor countries have to follow to provide better living conditions for their people? The counter question that one may expect are; Can these countries abjure sophisticated technology under they want to isolate

# Computers

themselves completely? Can they survive as viable members of the comity of nations in a highly competitave world, except by moving into an area of high technology or which they will endeavour to have autonomus control? Their poverty have a two-fold origin: The non-availability of resources: and the injudicius use of such resources as are available. These countries have to devise ways of conserving their wealth and using it wisely. It is futile to expect that they can come to grips with their problems of organization and management, of data-structures and decesion-making without the use of moden methods of analysis and the tools of computer science. To put these techniques to effective use, it is essential to organize upto date, comprehensive and reliable databases. It is a characteristic of modern computers large, mini or micro, that the power and thrust of the intigrated systems that they create will enable even developing countries, with their problems, priorities and paucity of resources, to quickly move forward and share the fruits of the new technology.



The extent of the success of the computer movement in our country will be decided by the extent and the quality of the educational and training facilities that we establish in the field and the ease of access that we provide to potential users to take their problems to appropriate systems. In this modern technological age, the high speed digital computer is finding an ever more important place in science, industry, Management, Commerce, Engineering and Medicine. The inpact of these mechines is now being felt by an extremely large number of people in all walks of life. The time when computers were regarded as interesting but expensive luxuries has gone. We are fast reaching the stage where computers, far from being luxuries, are essential to the continuance of the way of life which we enjoy. This stage has already been reached in science and engineering where automatic methods and digital computers are regarded as necessary tools. So, not far in the time when men are replaced, in every field, by COMPUTERS.

*EMMANUEL N. T.*
*II P. D. C. II GROUP*


*With Best Complimentes From:-*

KADUTHURUTHY REGIONAL SERVICE
CO-OPERATIVE BANK Ltd. No: 4061.

President
**P. V. Paul Panakuzhy**

Scaretary
**K. P. John Kurias**



# നഷ്ടസ്വപ്നം

എൻ കരം തളരുന്നു.
എൻ മനം തകരുന്നു.
എൻ സ്വപ്നം പൊലിയുന്നു
എൻ ജീവൻ പിടയുന്നു,

കാറ്റുകളടയുന്നു
കണ്ണുകൾ നിറയുന്നു
കാലുകൾ പതറുന്നു
കരളുണങ്ങുന്നു,

വിഷം കഴിക്കുന്നു
വിഷവായു പരക്കുന്നു
വിശ്വം ചിരിക്കുന്നു
വിധിയെ പഴിക്കുന്നു,

തളരുന്നു ജീവൻ
തകരുന്നു മർത്യൻ
തളർത്തുന്ന ശക്തികൾ
തള്ളമാർ കേഴുന്നു,

അക്രമം തുടരുന്നു
അനീതി വളരുന്നു
അഴിമതി വാഴുന്നു
അന്ത്യമടുക്കുന്നു,

ജന്മം തകർക്കുന്നു
ജന്മികൾ വാഴുന്നു
ജാതികളിടയുന്നു
ജയിലറ നിറയുന്നു,

മാനം വില്ക്കുന്നു
മാസങ്ങൾ കൊഴിയുന്നു
മനസ്സു മടുക്കുന്നു
മരണം വരിയ്ക്കുന്നു,

തോക്കുകൾ വരളുന്നു
തോഴരലയുന്നു
തോക്ക ഗർജ്ജിക്കുന്നു
തേങ്ങലുയരുന്നു,

കൊടികൾ പറക്കുന്നു
കൊലകൾ നടക്കുന്നു
കൊട്ടിൽ തകരുന്നു
കൊട്ടാരമുയരുന്നു,

മണികൾ മുഴങ്ങുന്നു
മർദ്ദനം തുടരുന്നു
മതഭ്രാന്തു വളരുന്നു
മർത്യൻ പിടയുന്നു,

കാഷായവേഷം ധരിക്കുന്നു
കാട്ടാളരാകുന്നു
കാണിക്കവൊങ്ങുന്നു
കാലം കഴിയ്ക്കുന്നു,

രക്തം വിയർക്കുന്നു
രണധീരരാം ചിലർ
രണവേദിയിൽ പിടയുന്നു
രക്തമൊഴുക്കുന്നു

നല്ലൊരങ്കം ചമയ്ക്കാം
നല്ലൊരു കാലം പിറക്കാം
നല്ല പ്രഭാതം വിരിയും
നല്ലൊരു നാട് ജനിക്കും.

**സുജി വി. ജോസഫ്**
ഒന്നാംവർഷ പ്രീഡിഗ്രി

# വെസ്റ്റിൻഡീസ് പര്യടനത്തിന്റെ ബാക്കിപത്രം

ആന്റോ കടക്കേലി
ഒന്നാം വർഷ ജന്തുശാസ്ത്രം



കഴിവിന്റെ കരുത്തു കാട്ടി
–റിച്ചാർഡ്സ്

അഞ്ച്–പൂജ്യം എന്ന നിലയിൽ ദയനീയമായ പരാജയം ഏകദിന മത്സരങ്ങളിലും മൂന്ന്–പൂജ്യം എന്ന നിലയിൽ കനത്ത പരാജയം ടെസ്റ്റു മാച്ചുകളിലും ഏററുവാങ്ങിക്കൊണ്ട് നാണക്കേടിന്റെ തൊപ്പിയണിഞ്ഞ് വിദേശരാജ്യങ്ങളിൽ പ്രദർശന മത്സര മൈതാനങ്ങളിൽ കറങ്ങിയശേഷം മഹത്തായ ഇന്ത്യൻ ക്രിക്കററ് ടീം തിരിച്ചുവന്നു. വെസ്റ്റിൻഡീസ് നായകന്മാർ ചിരിക്കുന്നുണ്ടാവണം. കരീബിയൻ പടയ്ക്കു മുമ്പിൽ തകർന്നടിഞ്ഞ ബാററിംഗ് നിരയായിരുന്നു നമ്മുടേത്. ലോകത്തെ ഏററവും വിശ്വസ്തമായ ബാററിംഗ് ഓർഡർ കറുത്ത ശക്തിക്കു മുമ്പിൽ എലിപോലെ വിറയ്ക്കുന്നതു നമ്മൾ കണ്ടു. തിരിച്ചുവന്നതിനുശേഷം പുതുമുഖതാരങ്ങളെ വഴക്കു പറഞ്ഞ വെംഗ്സാർക്കറിനും സ്വയം അഭിമാനിക്കാൻ വകയൊന്നുമില്ല. ബാററിംഗ് നിരയിൽ തിളങ്ങേണ്ട ശ്രീകാന്തിന്റെ പരിക്കും ഒരു ശാപമായി. അസറുദ്ദീനും സിദ്ദുവും അവർക്കാവും വിധം പയററി എന്നതു് സ്മരണീയമാണ്. കൊലപാതകവാർത്തയും അതുയർത്തിയ വിവാദങ്ങളും പ്രശ്നങ്ങളും സിദ്ദുവിനെ ഒട്ടും സ്വാധീനിച്ചിരുന്നില്ല എന്നു കാണാം. കപിൽദേവ് പ്രതീക്ഷയ്ക്കൊത്തുയർന്നില്ല എന്നതു ശരി. പക്ഷേ ബൗളിംഗ് നിരയിൽ മികവു കാട്ടിയ ഒരേ ഒരു ബൗളർ കപിലായിരുന്നു. കൃത്യമായ ലൈനിലും ലെങ്ഗ്തിലും മനോഹരമായ ഔട്ട്സ്വിംഗറുകളിലും ഒരന്താരാഷ്ട്ര കളിക്കാരന്റെ നിലവാരം തെളിഞ്ഞുകണ്ടു. വെംഗ്സാർക്കറിന്റെ ക്യാപ്റ്റൻസി വിജയകരമല്ല എന്നതിന്റെ വലിയ ഒരു തെളിവു കൂടിയായി വെസ്റ്റിൻഡീസ് പര്യടനം. ടീമിലെ അംഗങ്ങൾ തമ്മിലുള്ള ഉൾപ്പോരുകളും ടീമും ക്രിക്കററ് കൺട്രോൾ ബോർഡുമായുള്ള പ്രശ്നങ്ങളുമെല്ലാം ടീമിന്റെ പ്രകടനത്തെ ബാധിച്ചു. അന്ധമായ രാഷ്ട്രീയക്കളികളും പരാജയങ്ങളുടെ പിന്നിലെ ചരടുവലിക്കാരാണ്. ഒരു വലിയ ശുദ്ധികലശം കൊണ്ടു മാത്രമേ ഇനി ഇന്ത്യൻ ടീം രക്ഷപെടൂ. നമുക്കു കാത്തിരിക്കാം... സമയം കടന്നുപോയിട്ടില്ലല്ലോ?



പരാജയത്തിൽ പ്രധാന പങ്ക്
–ഇന്ത്യൻ ക്യാപ്റ്റൻ വെംഗ്സാർക്കർ

വർണ്ണവിവേചനം. മനുഷ്യന്റെ ഉള്ളിലെ മൃഗത്തിന്റെ പ്രത്യക്ഷരൂപം. നമ്മുടെ സ്വാതന്ത്ര്യകാരന്മാരെയും സന്യാസിമാരെയും പാറിസയതാണ് ദക്ഷിണാഫ്രിക്ക. കവിത പറയുന്നത്, കടലെടുത്ത കാല്പാടുകൾ, തെക്കിന്റെ വിളിപ്പുറത്ത്! നെൽസൺ മണ്ടേല, ആഫ്രിക്ക, ഓ! ആഫ്രിക്ക! സ്വന്തം മണ്ണിലെ തഴന്ന ജാതിക്കാരനെ (?) ഉള്ളിൽ വെറുക്കുന്ന അവർ ദക്ഷിണാഫ്രിക്കക്കാരെ ശപിക്കുന്നു" ഒരു 'വൈറ്റ്' ആകാശമായിരിക്കുന്നു. ഇവിടെ നമ്മുടെ കണ്ണുകൾക്ക് മുമ്പിൽ അന്ധകാരത്തിന്റെ പാട പൊതിയുന്നു. അതു തുടപ്പാനിക്കുകൊണ്ട്" ലേഖിക എഴുതുന്നു. വർഷങ്ങളോളം ദക്ഷിണാഫ്രിക്കയിൽ താമസിച്ച്" വർണ്ണവിവേചനം എന്ന കാട്ടത്തെ സാക്ഷാൽ കണ്ടതാണ്" ഈ ലേഖിക. ആ ധാർമികരോഷം സകലവിധ വർഗ്ഗീയതയേയും എതിർക്കാൻ നമ്മിലെ യുവത്വത്തിന് ശക്തിയേകട്ടെ!

# apartheid

Even though the title 'Apartheid' is so much heard of or known about, very few or may I say none is aware of the meaning and the consequences of the Apartheid policy. What then is the real meaning of Apartheid? It is a policy or system introduced by Hendrith verwoerd, when the Dutch began their rule. The basis of this system is the forced racial separation that discriminates the people (Blacks, whites, Indians and coloureds) due to the colour of their skin. The "White man" who is the supreme power looks upon apartheid as a gift of authority given to him by God to rule over his subordinates, the blacks, by his wish and will.

If we take a look at the story of the blacks, we will find that they have nothing for themselves. The blacks were robbed of their lands and forced to accept an unhealthy and uneducated life. They were not given any Importance and the abilities of their children were not encouraged in the fields of arts, science, politics, religion, literature and sports. May the whites thought that their supremency power would be lost, so to hold their position they would do anything. For example the jailing of the African leader Nelson Mandela, for a period more than twentysix years. He thought and he still fights for the God-given rights of the blacks, the Majority of South Africa. From all what I saw, read and heard, I think he is the only key to the door that opens a new relation among the people of South Africa.


Before the eighty's apartheid was so severe. That is to say that a black could not eat, sleep, learn, travel and enjoy in any place of his wish because the government imposed the rule that a black should only enter a black hotel, hospital, schools, trains and buses. He could not even sit on the same seat with a white... But now due to the involvement of other countries like United States of America, United Kingdom, Britain, India and so forth a drastic change has moved South Africa very much, even though the system, not totally abolished at present. The government of South Africa is making the standard of living for the blacks better that is better housing accomodation, good schools and hospitals, better educational systems, involvement of the blacks in sports, church services, arts and politics.

Even though these charges are there the blacks, mind you not all blacks but the majority are installed with dirty jobs such as cleaning of the streets, risking their life's in the mines: for the prosperity of their country, earning a hard life. One thing we all should accept is that the land should be owned and ruled by its own children who are prepared to give up their lives for it. Their sufferings or feelings cannot be fully explained to you, but I hope that one time or another this will help you to fight against the racial segregation.

My pen forces me to stop but my mind forces me to continue. No Matter how dark the out look, there is always some redeeming sign of brightness. So for this brightness of happiness and peace one and only one thing that I think we all can do is to pray and hope to God Almighty for a better South Africa tomorrow.

**GEORGE MARY S.**
I DC CHEMISTRY

## സിമ്പോസിയം



# സംസ്കാരവും വ്യതിയാനങ്ങളും

പങ്കെടുക്കുന്നവർ:

കുഞ്ഞുണ്ണി

സി. രാധാകൃഷ്ണൻ

ബി. ഉണ്ണികൃഷ്ണൻ

ആഷാമേനോൻ

# സംസ്കാരവും വ്യതിയാനങ്ങളും

ആർഷഭാരത സംസ്കാരത്തിന്റെ അന്തസത്തയിൽ അഭിമാനിച്ചിരുന്നവരായിരുന്നു നാം. പക്ഷേ കാലത്തിനനുസരിച്ച് ആ സംസ്കാരത്തിൽ ഉപകാരിയോ ഉപദ്രവകാരിയോ ആയ വ്യതിയാനങ്ങൾ വന്നുചേർന്നു. വിദേശരാജ്യത്തിന്റെ അടിമത്തത്തിൽ ദീർഘകാലം കഴിഞ്ഞു എന്നത് ഒരു കാരണമാവാം. അന്ധമായ പാശ്ചാത്യാനുകരണം തന്നെയാണ് നമ്മിൽ വന്നിരിക്കുന്ന പ്രധാന മാറ്റം. 'അച്ഛാ', 'അമ്മേ' എന്നു വിളിക്കുന്നതിനു പകരം 'ഡാഡീ', 'മമ്മീ' എന്നു വിളിച്ച് കഴുത്തിൽ 'ടൈ' എന്ന കുടുക്കിട്ട് ഷൂസും സോക്സും ചാർത്തി കനത്ത പുസ്തകങ്ങളേന്തി എൽ. കെ. ജി. യിലേക്കു പോകുന്ന പിഞ്ചുകുഞ്ഞുങ്ങൾ ഈ നവീന സംസ്കാരത്തിന്റെ സന്താനങ്ങളാണ്. 'ലോകൈക കുടുംബകം' എന്ന വിശ്വാസത്തിൽ നിന്നും അന്ധമായ പ്രാദേശിക വാദത്തിലേക്കുള്ള മനുഷ്യന്റെ മാറ്റം സാംസ്കാരിക പുരോഗതിയെന്നു പറയാനാവില്ല. പവിത്രമെന്നും ദിവ്യമെന്നുമൊക്കെ വാഴ്ത്തപ്പെട്ടിരുന്ന കൗമാര–യൗവ്വന പ്രണയങ്ങൾ പോലും ഇന്ന് ഗൗരവമില്ലാത്ത, വില കുറഞ്ഞ ബന്ധങ്ങളായി പരിണമിച്ചിരിക്കുന്നു. പ്രണയത്തിന്റെ കണികകൾ എങ്ങോ പോയൊളിച്ചിരിക്കുന്നു. യൗവ്വനം വീണ്ടും അസ്വസ്ഥമാവുകയാണ്. പുതിയ എന്തിനോ വേണ്ടിയുള്ള പരക്കംപാച്ചിലിൽ ചവിട്ടിഞെരിക്കപ്പെടുന്നവരെ ആരും ഓർക്കുന്നില്ല.

ഇതിനെ സാംസ്കാരിക വ്യതിയാനമെന്നോ അധഃപതനമെന്നോ വിളിക്കേണ്ടത്? എന്തൊക്കെയാവാം മനുഷ്യമനസ്സിനെ ഇങ്ങനെ മാറ്റുന്നതിനു പിന്നിൽ? വളരെയേറെ പ്രശസ്തരായ നാല് മലയാള സാഹിത്യകാരന്മാർ മറുപടി നല്കുന്നു. ശ്രീ. കുഞ്ഞുണ്ണി മാഷ്, സി. രാധാകൃഷ്ണൻ, ബി. ഉണ്ണികൃഷ്ണൻ, ആഷാ മേനോൻ. മാഗസിനോട് പ്രതികരിച്ച ഇവരോടുള്ള നന്ദി ഹൃദയത്തിന്റെ ഭാഷയിൽ രേഖപ്പെടുത്തട്ടെ.

—എഡിറ്റർ



ശ്രീ. കുഞ്ഞുണ്ണി

□ ചോദ്യം. 1 ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങൾ കൂടുതൽ ശിഥിലമാകുന്നതായി തോന്നുന്നില്ലേ? ഈ ശൈഥില്യത്തിനു ജീവിതത്തിലുണ്ടാകുന്ന യാന്ത്രികതയും ടെക്നോളജിയുടെ വികാസം അല്ലെങ്കിൽ നഗരവല്ക്കരണം ആണ് കാരണമെന്നു കരുതാമോ?

○ ഉത്തരം ഉവ്വ്. കുടുംബാംഗങ്ങൾ തമ്മിലുള്ള അകൽച്ചയ്ക്കു കാരണം യാന്ത്രിക സാങ്കേതിക വികസനവും നഗരവൽക്കരണവും മാത്രമല്ല. എന്നുതന്നെയല്ല, അവയെക്കാൾ പ്രധാനം കൂട്ടുകുടുംബസമ്പ്രദായമില്ലാതായതല്ലേ എന്നു ഞാൻ സംശയിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള സാമ്പത്തികബാദ്ധ്യതയുടെ കുറവും ഇതിനൊരു കാരണമാണ്. ഇന്ന് അച്ഛന്റെ പണം കൊണ്ടല്ല മകൻ വളരുന്നത്. മകന്റെ പണം കൊണ്ടല്ല അച്ഛൻ തന്റെ വാർദ്ധക്യം സുഖമായി കഴിച്ചുകൂട്ടുന്നത്. അതിനാൽ അവർ തമ്മിലുള്ള ബന്ധം ശിഥിലമാകുന്നു. പണമാണ്, ആവശ്യങ്ങളാണ് മനുഷ്യനെ കൂടുതൽ അടുപ്പിക്കുന്നതും അകററുന്നതും. സ്നേഹബന്ധം, സൗഹൃദബന്ധം എന്നിവയെല്ലാം പണ്ടും ഇന്നും ഒരേ അളവിലാണ്, കുറച്ചുപേർക്ക്, അതും പല തോതിൽ. സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണിതുണ്ടാകുന്നതു്.

□ ചോദ്യം 2 സിനിമയുടെയും ടി. വി. യുടെയും സ്വാധീനവലയത്തിൽ വളർന്നുവരുന്ന ഒരുപഭോഗസംസ്കാരമാണല്ലോ നമുക്കുള്ളതു്. മദ്ധ്യവർഗ്ഗത്തെ കൂടുതൽ സ്വാധീനിക്കുന്ന ഈ സംസ്കാരം പുരോഗതിയുടെ ലക്ഷണമായി കാണാനാവുമോ? കൗമാരപ്രണയങ്ങളിൽപോലും ഈ 'ചോക്ലേററ് സംസ്കാര'ത്തിന്റെ സ്വാധീനം നിഴലിക്കുന്നില്ലേ?

○ ഉത്തരം കേരളത്തെ സംബന്ധിച്ചിടത്തോളം തീർച്ചയും അങ്ങനെ പറയാറായിട്ടില്ല. തരംതാണ നോവലുകളുടെ വായനയാണ് ഇന്ന് ഭൂരിപക്ഷത്തിനും. എന്നതിനാൽ അതിൽ നിന്നു രൂപപ്പെടുന്ന സംസ്കാരമായിരിക്കും ഇന്ന് സമൂഹത്തിലധികവും. ഇത്തരം സംസ്കാരത്തിന്റെ മാററങ്ങളെ പുരോഗതി എന്നോ പശ്ചാൽഗതിയെന്നോ പറയേണ്ടതില്ല. മാററം എന്നു പറയേണ്ടതുള്ളൂ. ധർമ്മം, കർമ്മം, സംസ്കാരം എന്നിവയെല്ലാം കാലദേശങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതാണ്. ഈ മാററം നല്ലതെന്നും ചീത്തയെന്നും പറയുന്നത് ഓരോരുത്തരുടെയും വ്യക്തിപരമായ കാഴ്ചപ്പാടു കൊണ്ടാണ്. സത്യം, സ്നേഹം തുടങ്ങിയ ഗുണങ്ങൾ മാത്രമാണ് ശാശ്വതസംസ്കാരം. അവയെല്ലാകാലത്തും മാററമില്ലാതെ ഒരേപോലെ നില്ക്കും. കൗമാരപ്രണയങ്ങളുടെ സമ്പ്രദായത്തിന് മാററം വരാം. കൗമാരപ്രണയത്തിനു പക്ഷേ മാററമില്ല. അത് അന്നും ഇന്നും ഒരുപോലെയാണ്. അതിനു 'ചോക്ലേററ്' സംസ്കാരമാണെങ്കിൽ ഇന്നലെ 'മുല്ലപ്പൂ' സംസ്കാരമായിരുന്നു. ഇന്നു കുമാരീകുമാരന്മാർ ഒരുമിച്ച് സിനിമ കാണാൻ പോകുന്നു. പണ്ട് കാവിലെ വേല കാണാൻ പോകുന്നു. വ്യത്യാസമിത്രമാത്രം.

□ ചോദ്യം 3 നാടിനുതകാത്ത വിദ്യാഭ്യാസപദ്ധതിയുടെ സന്താനങ്ങളാണ് നാടിനുതകാത്ത വികസനപദ്ധതികൾക്കും അന്ധമായ അനുകരണസംസ്കാരത്തിനും കാരണമാകുന്നതെന്നു കരുതാമോ? നമ്മുടെ സൗന്ദര്യവീക്ഷണത്തിൽ വന്നിരിക്കുന്ന ഈ പാശ്ചാത്യാനുകരണപ്രവണത തന്നെയല്ലേ നാട്ടിലെ കോൺക്രീററ് വൈകൃതങ്ങളുടെ സൃഷ്ടിക്കു പിന്നിലുള്ളതു്?

ഈ വിദ്യാഭ്യാസപദ്ധതി തന്നെയല്ലേ മതമൗലികവാദത്തിന്റെ വളർച്ചയ്ക്കും സങ്കുചിതദേശീയതയ്ക്കും അടിത്തറ പാകുന്നതു്?

○ ഉത്തരം ഒരു പരിധിവരെ കരുതാം. അതെ, സങ്കുചിത മതമൗലിക വാദം സങ്കുചിതരാഷ്ട്രീയ വാദംപോലെ തന്നെയാണ്. രാഷ്ട്രീയത്തിൽ നേതാക്കളുടെ വയററിൽ പിഴപ്പ്. മതത്തിൽ പുരോഹിതന്മാരുടെ വയററിൽ പിഴപ്പ്. നേതാക്കളും പുരോഹിതന്മാരും ഇരട്ടപെററ സഹോദരന്മാരാണ്.

☐ ചോദ്യം 4 മദ്ധ്യവർഗ്ഗസുഖലോലുപത സാക്ഷാത്കരിക്കാനുള്ള ശ്രമത്തിൽ കലാകാരന്മാരും സാഹിത്യകാരന്മാരും സൃഷ്ടിപരമായ മൂല്യത്തകർച്ചയിൽ ഭാഗഭാക്കാകുകയാണു് എന്നതു് ശരിയാണോ?

◯ ഉത്തരം ഇത്തരക്കാരും അതിനു താഴെയുള്ളവരുമായ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും സംബന്ധിച്ച് ശരി. ഉന്നത–ഉത്തമ കലാകാരന്മാരും സാഹിത്യകാരന്മാരും ഒരു കാലത്തും, ഒരിക്കലും, അല്പങ്ങളായ നേട്ടങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് സൃഷ്ടിനടത്തുകയില്ല.

☐ ചോദ്യം 5 മണ്ണും മനുഷ്യമനസ്സും ഒപ്പം മരിക്കുകയല്ലേ? പരിസ്ഥിതിയുടെ തകർച്ച മനുഷ്യമനസ്സിന്റെ വരണ്ടതാക്കിത്തീർക്കുകയല്ലേ? ഈ ഘട്ടത്തിൽ നിന്നുകൊണ്ടു് അടുത്ത നൂററാണ്ടിനെപ്പററി നമുക്കെന്തു പ്രതീക്ഷിക്കാനാവും?

◯ ഉത്തരം മരിക്കുന്നു എന്നു പറയാൻ പററില്ല. മാറുന്നു എന്നു പറയാം. അതെ പല മാററങ്ങളും പ്രതീക്ഷിക്കാം.



ശ്രീ. സി. രാധാകൃഷ്ണൻ

---

☐ ചോദ്യം 1 ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങൾ കൂടുതൽ ശിഥിലമാകുന്നതായി തോന്നുന്നില്ലേ? ഈ ശൈഥില്യത്തിനും ജീവിതത്തിലുണ്ടാകുന്ന യാന്ത്രികതയ്ക്കും ടെക്നോളജിയുടെ വികാസം അല്ലെങ്കിൽ നഗരവല്ക്കരണം ആണു് കാരണമെന്നു കരുതാമോ?

◯ ഉത്തരം ശാസ്ത്രത്തിന്റെ തുടക്കം ഭൗതികതയിൽ നിന്നാണു്. ഇന്നതിന്റെ നില്പു് അതിഭൗതികതയിലൂന്നിയാണു്. സമൂലമായ ശിഥിലീകരണം അനിവാര്യഫലം. വ്യക്തി ഒററപ്പെടുന്നു; കാടനായിത്തീരുന്നു. മത്സരം ഇനിയും മുറുകിയാൽ തീർത്തും മൃഗമാവും.

☐ ചോദ്യം 2 സിനിമയുടെയും ടി. വി. യുടെയും സ്വാധീനവലയത്തിൽ വളർന്നു വരുന്ന ഒരുപഭോഗസംസ്ക്കാരമാണല്ലോ നമുക്കുള്ളതു്. മദ്ധ്യവർഗ്ഗത്തെ കൂടുതൽ സ്വാധീനിക്കുന്ന ഈ സംസ്ക്കാരം പുരോഗതിയുടെ ലക്ഷണമായി കാണാനാവുമോ? കൗമാരപ്രണയങ്ങളിൽപോലും ഈ 'ചോക്ലേററ് സംസ്ക്കാര'ത്തിന്റെ സ്വാധീനം നിഴലിക്കുന്നില്ലേ?

◯ ഉത്തരം പ്രണയവും പ്രേമവും സ്നേഹവുമൊക്കെ വേറെ വേറെയാണു് എന്നറിയില്ലേ? ഇവയിൽ സ്നേഹമാണ് പൊതുഘടകം. അതു് ഇല്ലാതായി വരുന്നു. സ്നേഹവും സുഖവും തമ്മിൽ തീർത്തും പിണങ്ങിപ്പിരിയുന്നതോടെ മനുഷ്യൻ തീർത്തും മൃഗമാവുന്നു—പ്രണയം ബാക്കി നിന്നാലും രക്ഷയില്ല

☐ ചോദ്യം 3 നാടിനുതകാത്ത വിദ്യാഭ്യാസപദ്ധതിയുടെ സന്താനങ്ങളാണു് നാടിനുതകാത്ത വികസനപദ്ധതികൾക്കും അന്ധമായ അനുകരണ സംസ്ക്കാരത്തിനും കാരണമാകുന്നതെന്നു കരുതാമോ? നമ്മുടെ സൗന്ദര്യവീക്ഷണത്തിൽ വന്നിരിക്കുന്ന ഈ പാശ്ചാത്യാനുകരണ പ്രവണത തന്നെയല്ലേ നാട്ടിലെ കോൺക്രീററ് വൈകൃതങ്ങളുടെ സൃഷ്ടിക്കു പിന്നിലുള്ളതു്?

ഈ വിദ്യാഭ്യാസ പദ്ധതി തന്നെയല്ലേ മതമൗലികവാദത്തിന്റെ വളർച്ചയ്ക്കും സങ്കുചിതദേശീയതയ്ക്കും അടിത്തറ പാകുന്നതു്?

○ ഉത്തരം   നാടിനുതകുന്നതല്ല അതിഭൗതികത. ഒരു നാടിനും ഉതകുന്നതല്ല. വിദ്യാഭ്യാസം ഒരു പൊതുവായ സമുദായഘടനയുടെ ഭാഗം മാത്രം. പാശ്ചാത്യം എന്നു പറയുന്നതിൽ അർത്ഥമില്ല. മാറ്റാൻ അര നൂറ്റാണ്ട് കിട്ടിയിട്ടും നാം മാറ്റിയോ സംവിധാനം?

□ ചോദ്യം 4   മദ്ധ്യവർഗ്ഗസുഖലോലുപത സാക്ഷാത്കരിക്കാനുള്ള ശ്രമത്തിൽ കലാകാരന്മാരും സാഹിത്യകാരന്മാരും സൃഷ്ടിപരമായ മൂല്യത്തകർച്ചയിൽ ഭാഗഭാക്കാകുകയാണ് എന്നത് ശരിയാണോ?

○ ഉത്തരം   അതിഭൗതികതയിൽ കലയും സംസ്കാരവും വില്പനച്ചരക്കുകളാണ്. ലക്ഷ്യങ്ങളോ അമൂല്യസമ്പാദ്യങ്ങളോ അല്ല. എഴുത്തുകാർക്ക് എഴുത്ത് മുകളിലെ മുറിയിലേക്കുള്ള കോണി മാത്രമായി തീരുന്നു (എല്ലാവർക്കുമല്ല!)

□ ചോദ്യം 5   മണ്ണും മനുഷ്യമനസ്സും ഒപ്പം മരിക്കുകയല്ലേ? പരിസ്ഥിതിയുടെ തകർച്ച മനുഷ്യമനസ്സിനെ വരണ്ടതാക്കിത്തീർക്കുകയല്ലേ? ഈ ഘട്ടത്തിൽ നിന്നുകൊണ്ട് അടുത്ത നൂറ്റാണ്ടിനെപ്പറ്റി നമുക്കെന്തു പ്രതീക്ഷിക്കാനാവും?

○ ഉത്തരം   മനുഷ്യൻ അഥവാ ഞാൻ വേറെ, പ്രകൃതി വേറെ എന്ന ഭേദമാണ് അതിഭൗതികതയുടെ കാതൽ. ഞാൻ അജയ്യനാവണം, ചിരഞ്ജീവിയാകണം, യജമാനനാവണം, പ്രകൃതിയെ കീഴടക്കണം. 'ഞാൻ' ആണ് പ്രശ്നം. ഇതാണപകടവും. ഭൂമിയിൽ അഴുക്കു പരത്തി ഞാൻ ചെരിപ്പിട്ട് നടക്കുന്നു. അന്തരീക്ഷം മലിനമാക്കി ഞാൻ ഗ്യാസ് മാസ്ക് ധരിക്കുന്നു; A/c യിൽ ഉറങ്ങുന്നു.... പക്ഷേ, എവിടെ വരെ? എത്രകാലം?



ശ്രീ. ബി. ഉണ്ണികൃഷ്ണൻ

---

□ ചോദ്യം 1   ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങൾ കൂടുതൽ ശിഥിലമാകുന്നതായി തോന്നുന്നില്ലേ? ഈ ശൈഥില്യത്തിനും ജീവിതത്തിലുണ്ടാകുന്ന യാന്ത്രികതയ്ക്കും ടെക്നോളജിയുടെ വികാസം അല്ലെങ്കിൽ നഗരവല്ക്കരണം ആണ് കാരണമെന്നു കരുതാമോ?

○ ഉത്തരം   ഭൗതിക പുരോഗതിയുടെ മൂർദ്ധന്യതയിൽ നിന്ന് മനുഷ്യ വർഗ്ഗത്തിന് വീണു കിട്ടിയ വേണ്ടാപ്പൊന്നാണ് മനുഷ്യ ബന്ധങ്ങളുടെ ശൈഥില്യം. ബന്ധങ്ങൾ ശിഥിലമാകുന്നത് നാം അറിയുന്നില്ല എന്നതല്ല ഏറെ വാസ്തവം. അഥവാ ശിഥിലമാകുന്ന ബന്ധങ്ങളെപ്പറ്റി മുതിർന്ന തലമുറ വിലപിക്കുമ്പോൾ അതെപ്പറ്റി ബോധവാന്മാരല്ലാതെ പുതിയ തലമുറ വളരുകയല്ലേ? അവർക്ക് വേണ്ടതു മുറുകിയ ആത്മബന്ധങ്ങളല്ല. മറിച്ച്, അയഞ്ഞ് ശിഥിലമായ ബന്ധങ്ങൾ, അഥവാ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം എന്നതല്ലേ ഈ കാലഘട്ടത്തിലെ നാം അംഗീകരിക്കാൻ മടിക്കുന്ന മറ്റൊരു നേര്? ചുരുക്കിപ്പറഞ്ഞാൽ പഴയമട്ടിലുള്ള ബന്ധങ്ങൾക്ക് പുതിയ തലമുറ വലിയ മൂല്യമൊന്നും കല്പിക്കുന്നില്ല. ഇത് ഇന്നത്തെ മാത്രം യാഥാർത്ഥ്യമല്ല, ഇന്നലത്തെയും നേരായിരുന്നു. അല്ലെങ്കിൽ മനുഷ്യൻ ഇന്നത്തെ മുന്നേറ്റങ്ങളൊന്നും നടത്തിയിട്ടുണ്ടാവില്ല. എങ്കിലും എക്കാലത്തും മുന്നേറ്റത്തിന്റെ പാതയിൽ മനുഷ്യ ബന്ധങ്ങളിൽ വന്നു പെടുന്ന പുതിയ പൊരുത്തക്കേടുകൾക്കെതിരെ പഴയ തലമുറ വാൾ വീശി ഉറഞ്ഞു തുള്ളിയിട്ടുണ്ട്. അതിനെ പുതിയ തലമുറ പുച്ഛത്തോടെ വീക്ഷിച്ചിട്ടുമുണ്ട്. യന്ത്രങ്ങളുടെയും സാങ്കേതികത്വത്തിന്റെയും ഈ യുഗത്തിൽ നഗര വൽക്കര

ണത്തിന്റെ പോലെ ജനപ്പെരുപ്പത്തിന്റെ കൂടിയായ ഇന്നത്തെ കാലഘട്ടത്തിൽ മാററത്തിന്റെ കാററ് കൂടുതൽ വേഗത്തോടെയാണ് വീശിയടിക്കുന്നത്. നാളെ ഈ കാററിന് വേഗമേറും. അടുത്ത നൂററാണ്ടിൽ നാം കാണുക ഇന്നത്തെ മനുഷ്യനെയും ഇന്നത്തെ മനുഷ്യ ബന്ധങ്ങളെയും, ഇന്നത്തെ പരിതസ്ഥിതിയുമാവുകയില്ല. വഴിയിൽ വീണു കിട്ടിയ ഈ വേഗതപ്പൊന്ന് അലങ്കാരമായി എടുത്തണിയുകല്ലാതെ മററ് മാർഗ്ഗമൊന്നുമില്ല. എന്തെന്നാൽ ഇത് പുരോഗതിയുടെ അനിവാര്യമായ രഥ ചക്രത്തിന്റെ പ്രയാണമാണ്. ഇതിന്റെ ഗതി തടയാൻ മനുഷ്യനാവുകയില്ല.

☐ ചോദ്യം 2 സിനിമയുടെയും ടി. വി. യുടെയും സ്വാധീനവലയത്തിൽ വളർന്നു വരുന്ന ഒരുപഭോഗസംസ്കാരമാണല്ലോ നമുക്കുള്ളത്. മധ്യവർഗ്ഗത്തെ കൂടുതൽ സ്വാധീനിക്കുന്ന ഈ സംസ്കാരം പുരോഗതിയുടെ ലക്ഷണമായി കാണാനാവുമോ? കൗമാരപ്രണയങ്ങളിൽപോലും ഈ 'ചോക്ലേററ് സംസ്കാര'ത്തിന്റെ സ്വാധീനം നിഴലിക്കുന്നില്ലേ?

◯ ഉത്തരം എത്ര പെട്ടെന്നാണ് നമ്മളും മാറിക്കൊണ്ടിരിക്കുന്നത് എന്ന് അത്ഭുതം കൂറാനേ നമുക്ക് കഴിയൂ. ഒരു മുപ്പതു വർഷം മുമ്പത്തെ കഥയോർക്കാം. അന്ന് ഇന്ത്യയിൽ ട്രാൻസിസ്റ്റർ വിപ്ലവമായിരുന്നു. സിംഗിൾ ബാൻഡ് ട്രാൻസിസ്റ്റർ റേഡിയോ അത്ര പ്രചാരത്തിലായിരുന്നില്ല. 25 വർഷം മുമ്പ് ഞാൻ എയർ-ഇന്ത്യയിൽ ജോലി ചെയ്യുന്നു. അന്ന് ഔദ്യോഗിക കാര്യത്തിന് ഒരു വിദേശയാത്ര തരപ്പെട്ടാൽ ആദ്യം ആരും വാങ്ങുക ഒരു പോക്കററ് ട്രാൻസിസ്റ്ററായിരുന്നു. അന്ന് വീടുകളുടെ സ്വീകരണ മുറികൾ അലങ്കരിച്ചിരുന്നത് റേഡിയോ ആയിരുന്നു. ഇന്ന് റേഡിയോ കണികാണാനുണ്ടോ? അതിന്റെ സ്ഥാനം ടി. വി. യും, വീഡിയോയും കയ്യടക്കി. സിനിമ എന്ന മാധ്യമവും പതുക്കെ മരിച്ചു കൊണ്ടിരിക്കുകയാണ്. സിനിമ ബംഗാളിൽനിന്നും, ബോംബെയിൽ നിന്നും, മദ്രാസിൽ നിന്നും കൊച്ചു കേരളത്തിലേക്കൊതുങ്ങിക്കൂടുന്നത് കാണുന്നില്ലേ? ഇന്ന് സിനിമാ തീയേററുകളിലെ തിരക്ക് എത്രയോ കുറഞ്ഞു. നാളെ നാം തീയേററിൽ പോയി സിനിമ കാണുന്ന പതിവ് അവസാനിപ്പിക്കാതിരിക്കില്ല. നാളെ ചലച്ചിത്രങ്ങളും വീഡിയോ ടേപ്പുകളായിട്ടായിരിക്കും പ്രചരിക്കുക. നാളത്തെ ചലച്ചിത്രങ്ങൾക്ക് ദൈർഘ്യവും കുറയും.
മധ്യവർഗമാണ് എണ്ണത്തിൽ കൂടുതൽ. ദരിദ്രന് കോപ്രിരാട്ടികൾക്ക് സമയമില്ല. സമ്പന്ന വർഗത്തിന്റെ കോപ്രിരാട്ടികൾ ചുവരുകൾക്കുള്ളിലാണ് അരങ്ങേറുക. പ്രദർശനപരത കൂടുതൽ എന്നും മധ്യവർഗത്തിനായിരുന്നു. അവന്റെ സംസ്കാരത്തെ സിനിമയും ടി. വി. യും സ്വാധീനിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അതങ്ങിനെയേ വരൂ. ഇതിൽ നിന്നൊന്നും, പ്രിയ സുഹൃത്തേ, നമുക്ക് മോചനമില്ല. ഈ അരങ്ങിൽ കഴിയണോ? നമുക്കും നടന്മാരാവുകതന്നെ മാർഗ്ഗം.

☐ ചോദ്യം 3 നാടിനുതകാത്ത വിദ്യാഭ്യാസപദ്ധതിയുടെ സന്താനങ്ങളാണ് നാടിനുതകാത്ത വികസനപദ്ധതികൾക്കും അന്ധമായ അനുകരണ സംസ്കാരത്തിനും കാരണമാകുന്നതെന്നു കരുതാമോ? നമ്മുടെ സൗന്ദര്യവീക്ഷണത്തിൽ വന്നിരിക്കുന്ന ഈ പാശ്ചാത്യാനുകരണ പ്രവണത തന്നെയല്ലേ നാട്ടിലെ കോൺക്രീററ് വൈകൃതങ്ങളുടെ സൃഷ്ടിക്കു പിന്നിലുള്ളത്?

ഈ വിദ്യാഭ്യാസ പദ്ധതി തന്നെയല്ലേ മതമൗലികവാദത്തിന്റെ വളർച്ചയ്ക്കും സങ്കുചിതദേശീയതയ്ക്കും അടിത്തറ പാകുന്നത്?

◯ ഉത്തരം നമ്മുടെ വിദ്യാഭ്യാസ പദ്ധതി നാടിനുതകാത്തതാണ് എന്നത് നൂറുവട്ടം നേര്. പക്ഷേ അത് അന്ധമായ അനുകരണ സംസ്കാരത്തിന് കാരണമാകുന്നു എന്നു പറയുന്നതിൽ കാമ്പില്ലാത്തതുപോലെ കഴമ്പുമില്ല. സംസ്കാരം കരുപ്പിടിപ്പിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ ചെറുതാണ്. ഒട്ടനവധി സ്വാധീനങ്ങളുടെയും പരിതസ്ഥിതികളുടെയും കൂട്ടായ്മകളുടെയും അനിവാര്യതകളുടെയും സഞ്ചിത സന്തതിയായാണ് സംസ്കാരം ഉരുത്തിരിയുന്നത്.
നാടിനുതകാത്ത വിദ്യാഭ്യാസ പദ്ധതി എന്നു പറയുമ്പോൾ മറെറാരു നേര് കൂടി അംഗീകരിക്കാതെ വയ്യ. എന്തെന്നാൽ നാടിനുതകാത്ത പദ്ധതിക്കു പകരം ഉതകുന്ന ഒരു വിദ്യാഭ്യാസ പദ്ധതി കരുപ്പിടിപ്പിക്കാൻ സ്വാതന്ത്ര്യം കിട്ടി നാല്പതു വർഷം കഴിഞ്ഞിട്ടും നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഇ[illegible] എന്നാണുത്തരം. ഇപ്പോഴുള്ള സമ്പ്രദായത്തിനും ചില നന്മകളുണ്ടെന്നും അതിലും നല്ല ഒന്നു നമുക്ക് കണ്ടെത്താനാവുന്നില്ലെന്നല്ലേ ഇതിന്റെ അർത്ഥം. വിദ്യാഭ്യാസം നേടുന്നവർക്ക് അല്ലെങ്കിൽ രക്ഷാകർത്താക്കൾക്ക് ലക്ഷ്യബോധമില്ലാതെ വരുന്നിടത്താണ് കുഴപ്പത്തിന്റെ തുടക്കം. നമുക്ക് എന്തെങ്കിലും പഠിച്ചാൽ മതി, എന്ത് പഠിക്കണമെന്ന ലക്ഷ്യ ബോധമില്ല. 90% നും ഗുമസ്ഥനായാൽ മതി. ബാക്കി 10% ന് എഞ്ചിനീയറോ, ഡോക്ടറോ ആകണം. ഇതിനൊന്നും കഴിയാത്തവനേ സ്വയം എന്തെങ്കിലും തൊഴിലിനു പോകൂ. ഗുമസ്ഥപ്പണി തന്നെ ചെയ്യ് അടങ്ങ[illegible] എങ്ങും പണി കിട്ടിയില്ലെങ്കിൽ കൈക്കൂലി കൊടുത്തായാലും വാങ്ങും എന്ന മുള്ള നമ്മുടെ പിടിവാശിയാണ് നമ്മുടെ സ്വപ്നങ്ങളെല്ലാം ഒരേ ചുഴിക്കററിയിൽ തന്നെ കിടന്നു കറങ്ങിത്തിരിയുന്നതിനുണ്ടായ കാരണം.

നമ്മുടെ വിദ്യാഭ്യാസ പദ്ധതിയാണ് മതമൗലിക വാദത്തിനും സങ്കുചിത ദേശീയതക്കും അടിത്തറ പാകുന്നതെന്ന പ്രസ്താവന വലിയ കഴമ്പൊന്നുമില്ല. മെക്കാളെയുടെ വിദ്യാഭ്യാസ പദ്ധതിക്കു ശേഷമാണ് മതമൗലിക വാദവും സങ്കുചിത ദേശീയതയും ഉടലെടുത്തതെന്നും. അതിനു മുമ്പ് എല്ലാം സ്വതന്ത്രമായിരുന്നു എന്നും പറയാൻ കഴിയുമോ? വൈലോപ്പിള്ളിയുടെ ശൈലി കടം വാങ്ങി വ്യക്തമാക്കിയാൽ ''പണ്ട് ചരിത്രാതീതകാലം മുമ്പ്, മതങ്ങൾ കരഞ്ഞു പിറക്കും മുമ്പ്''' തന്നെ ഉടലെടുത്തതാണ് സങ്കുചിത ദേശീയതയും മതമൗലികവാദവും.

ഒന്നുകൂടി വിശദീകരിച്ചാൽ ആദ്യത്തെ ജനസമൂഹങ്ങൾ കുടിയേറ്റക്കാരായിരുന്നു. കാർഷിക സംസ്കാരം ഉടലെടുത്തതോടെ മനുഷ്യൻ താവളങ്ങളിലായി. പിന്നീടാണ് മനുഷ്യൻ തന്റെ താവളങ്ങൾക്ക് അതിർത്തി കല്പിച്ചത്. അതിർത്തികൾ ഉടലെടുത്തതോടെ യുദ്ധങ്ങളുണ്ടായി. അങ്ങിനെയാണ് ചരിത്രത്തിന്റെ പിറവി. തന്റെ താവളങ്ങൾക്ക് അതിർത്തികൾ വരച്ചിട്ട മനുഷ്യനാണ് സങ്കുചിത ദേശീയതയുടെ ആദ്യത്തെ വിഷവിത്തു വിതച്ചത്. മതം പിറന്നതു പിന്നത്തെ കാലഘട്ടങ്ങളിലാണ്. മതം നിലനിൽക്കണമെങ്കിൽ മൗലികവാദം ഇല്ലാതെ കഴിയുമോ? മൗലികവാദം അങ്ങിനെ മതത്തിന്റെ ഉരുക്കു ചട്ടക്കൂടാകുന്നു.

കോൺക്രീറ്റ് വൈകൃതങ്ങളെക്കുറിച്ചുകൂടി പറയാം. കോൺക്രീറ്റില്ലാതെ മനുഷ്യന് ഇന്നത്തെ പുരോഗതി കൈവരിക്കാൻ കഴിയുമായിരുന്നോ? ഉദാഹരണത്തിന് കാർഷിക സമൃദ്ധിയുടെ കനകവാതിലുകൾ നമുക്ക് മുന്നിൽ തുറന്നിട്ടുതന്നതു നമ്മുടെ വൻകിട ജലസേചന പദ്ധതികളല്ലേ? ഡാമുകളല്ലേ? ഇവയില്ലാതെ കൃഷിക്ക് വെള്ളവും വ്യവസായത്തിനു വൈദ്യുതിയും ലഭിക്കുമോ? കോൺക്രീറ്റില്ലാതെ ഡാമുകളെങ്ങിനെ പണിയും. അപ്പോൾ കോൺക്രീറ്റിനെ എങ്ങിനെ വൈകൃതം എന്നു വിളിക്കാൻ കഴിയും?

പക്ഷേ, കൊച്ചു കുന്നുകളിൽനിന്നുപോലും മണ്ണും മരവും അപ്രത്യക്ഷമാവുകയും അവിടെയും കോൺക്രീറ്റ് രാക്ഷസരൂപം കൈവരിച്ച് അവതരിക്കുകയും ചെയ്യുമ്പോൾ അതു വൈകൃതമാകുന്നു. അത്തരം കോൺക്രീറ്റ് വനങ്ങൾക്ക് നടുവിൽ മരങ്ങളുടെ പച്ചപ്പും മഴയുടെ കാരുണ്യവുമില്ലാതെ വിയർപ്പിൽ കുളിച്ച് കഴിയാൻ വിധിക്കപ്പെട്ട മനുഷ്യന്റെ വിധി തന്നെയാണ് ദുർവിധി.

☐ ചോദ്യം 4 **മധ്യവർഗ്ഗസുഖലോലുപത സാക്ഷാത്കരിക്കാനുള്ള ശ്രമത്തിൽ കലാകാരന്മാരും സാഹിത്യകാരന്മാരും സൃഷ്ടിപരമായ മൂല്യത്തകർച്ചയിൽ ഭാഗഭാക്കാകുകയാണ് എന്നതു ശരിയാണോ?**

○ ഉത്തരം കലാകാരന്മാരും സാഹിത്യകാരന്മാരും സൃഷ്ടിപരമായ മൂല്യത്തകർച്ചയിൽ ഭാഗഭാക്കാവുകയാണെന്നതു നൂറുശതമാനവും സത്യപ്രസ്താവനയാണ്. ഇതു കൊണ്ട് സത്യം മുഴുവൻ ആകുന്നുമില്ല എന്നതാണ് വാസ്തവം. ഇതു വിശദീകരിക്കാൻ പുറങ്ങൾ തന്നെ എഴുതി നിറക്കണം. ഇന്നു കലാകാരനും സാഹിത്യകാരനും ആത്മാർത്ഥത കൈമോശം വന്നിരിക്കുന്നു. ഇന്നത്തെ സാഹിത്യത്തിനും കലാരൂപങ്ങൾക്കും കൈമോശം വന്നിരിക്കുന്നതും ആത്മാർത്ഥതയാണ്. ഹൃദയത്തിൽ തട്ടിയുള്ള രചനകൾ ചുരുക്കം. ജാഡകളാണ് ഏറിയ പങ്കും. വേഗം പ്രശസ്തി നേടാനും കൈയ്യടി വാങ്ങാനും വേണ്ടി കലാകാരനും സാഹിത്യകാരനും ഇന്നു എന്തു ഗോഷ്ടിയും കാണിക്കുന്നു. കയ്യടി കിട്ടിയാൽ പിന്നെ തന്റേതു ഉത്തമകലയായി എന്ന തെറ്റിദ്ധാരണയാണ്. ഇവർക്കു സ്തുതി പാടാൻ ഒരു കൂട്ടം നിരൂപകവൃന്ദങ്ങളും. ഇവരുടെ ഓരിയിടലിനിടയിൽ രാജാവ് നഗ്നനാണ് എന്നു വിളിച്ചോതാൻ ശരാശരി മനുഷ്യനു ഭയമാണ്. അപ്പോൾ ഇന്നത്തെ ജാഡകൾ കലയായും സാഹിത്യമായും അംഗീകരിക്കപ്പെടുന്നു. ഒരു വരി ഉത്തമകവിതപോലും എഴുതിയിട്ടില്ലാത്ത ഒരു വ്യക്തി ഇന്നു മലയാളത്തിൽ മഹാകവിയായി വാഴ്ത്തപ്പെടുന്നു എങ്കിൽ ഈ അപചയത്തിനു മറ്റു ഉദാഹരണം തേടിപ്പോകണോ?

☐ ചോദ്യം 5 **മണ്ണും മനുഷ്യമനസ്സും ഒപ്പം മരിക്കുകയല്ലേ? പരിസ്ഥിതിയുടെ തകർച്ച മനുഷ്യമനസ്സിനെ വരണ്ടതാക്കിത്തീർക്കുകയല്ലേ? ഈ ഘട്ടത്തിൽ നിന്നുകൊണ്ട് അടുത്ത നൂറ്റാണ്ടിനെപ്പറ്റി നമുക്കെന്തു പ്രതീക്ഷിക്കാനാവും?**

○ ഉത്തരം അടുത്ത നൂറ്റാണ്ടിനെപ്പറ്റി പ്രതീക്ഷ വേണ്ട എന്നു പറയാനാവുമോ? അങ്ങിനെ പറയുന്നതു യുവത്വത്തെയും പുരോഗതിയെയും ഒപ്പം നിഷേധിക്കുകയാവും. മണ്ണും മനുഷ്യനും ഒരുതരം മരവിപ്പു ബാധിച്ചിട്ടുണ്ട് എന്നതു നിഷേധിക്കാൻ വയ്യ. എങ്കിലും മരണം ഇനിയും എത്രയോ അകലെയാണ്. പരിസ്ഥിതിയുടെ തകർച്ച മനുഷ്യമനസ്സിനെ വരണ്ടതാക്കി തീർക്കുന്നു എന്നതും നേരാണ്. പക്ഷേ, തകർച്ചയെപ്പറ്റി വിലപിച്ചുകൊണ്ട് മിണ്ടാതിരിക്കുന്നതിനേക്കാൾ ഇവിടെ പുതിയ തുരുത്തുകൾ നിർമ്മിക്കുന്നതിനും നീർച്ചാലുകൾ വെട്ടുന്നതിനുമല്ലേ നാം അനവരതം പ്രയത്നിക്കേണ്ടതു? അങ്ങനെ അങ്ങ് കീഴടങ്ങിക്കൊടുക്കാമോ? പിന്നെ വിനാശശക്തികളും സംഹാരതന്ത്രന്മാരും നമ്മളും തമ്മിൽ എന്താണൊരന്തരം. നമുക്കു യുവതയുടെ കൊടി ഉയരെ പാറിപ്പിക്കാം.!



ശ്രീ. ആഷാ മേനോൻ

---

☐ ചോദ്യം 1 ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങൾ കൂടുതൽ ശിഥിലമാകുന്നതായി തോന്നുന്നില്ലേ? ഈ ശൈഥില്യത്തിനു ജീവിതത്തിലുണ്ടാകുന്ന യാന്ത്രികതയും ടെക്നോളജിയുടെ വികാസം അല്ലെങ്കിൽ നഗരവൽക്കരണം ആണു കാരണമെന്നു കരുതാമോ?

○ ഉത്തരം മനുഷ്യബന്ധങ്ങൾ അനുദിനമെന്നോണം ക്രയവിക്രയസ്വഭാവം കൈക്കൊണ്ടുവരുന്ന ഒരു കാലഘട്ടം തന്നെയാണിതു്. നിർമ്മലമായൊരു സൗഹൃദം, ഒരു സാധ്യതയല്ലാതായി വരികയാണ്. ഉപഭോഗത്തിൽ മാത്രം ആകൃഷ്ടമായ ഒരു സംസ്കൃതിയുടെ ശാപമാണിതു്. എല്ലാ ബന്ധങ്ങളെയും ഈ വാണിജ്യപരത കലുഷമാക്കിത്തീർക്കുന്നു. എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താം എന്ന കണക്കുകൂട്ടലിലേയ്ക്കു് എല്ലാ സമ്പർക്കങ്ങളും തരംതാഴുന്നു. മൂല്യാധിഷ്ഠിതമെന്നതിനുപകരം ലാഭാധിഷ്ഠിതം എന്ന നിർണ്ണയത്തിലേയ്ക്കു് വന്നെത്തുന്ന മനുഷ്യനിൽ നിന്നും എല്ലാ സ്വച്ഛതയും ചോർന്നുപോവുന്നു. ടെക്നോളജിക്കു് അതിന്റേതായ പങ്കുണ്ടു്, ഈ ചോർത്തലിൽ. ഉപഭോഗസംസ്കാരത്തെ മാരകമാക്കി വളർത്താൻ സഹായിക്കുന്നതു് ടെക്നോളജിയാണല്ലോ. എന്നിരിക്കിലും അതിനെ പാടെ തിരസ്കരിക്കുന്നതിൽ കഴമ്പില്ലെന്നാണ് തോന്നുന്നതു്. തള്ളിക്കളയാവുന്നതല്ലാത്ത എത്രയോ ആഹ്ലാദങ്ങൾ ടെക്നോളജി നമുക്കു് സമ്മാനിച്ചുകഴിഞ്ഞിരിക്കുന്നു. ശിവകുമാർ ശർമ്മയുടെ സന്തൂർ നിങ്ങൾക്കു് സമീപസ്ഥമായി കേൾപ്പിച്ചതു് എങ്ങനെയാണ്? അല്ലെങ്കിൽ, അന്റാർട്ടിക്കയിലെ പെൻഗ്വിനുകളെ? പരിണാമത്തിലൂടെ നാം പിന്നിട്ട വഴിയത്രയും തിരിച്ചുനടന്നു് ഒരു നിഷാദസംസ്കൃതിയിലേയ്ക്കു് ഇനിയൊരിക്കലും എത്തുകയുണ്ടാവില്ല. സാങ്കേതികത്വത്തെ എങ്ങനെ കൂടുതൽ മാനുഷീകരിക്കാമെന്നാണ് നാം ചിന്തിക്കേണ്ടതു്. നാഗരികനായതുകൊണ്ടുമാത്രം ഒരുവൻ ശ്രേഷ്ഠനാവുകയില്ല; ഗ്രാമീണനായതിനാൽ എളിയവനാവുന്നുമില്ല. ഹാരപ്പൻ സംസ്കാരം ആവിർഭവിച്ചതു് ഒരു നവനാഗരികതയായിട്ടാണല്ലോ.

☐ ചോദ്യം 2 സിനിമയുടെയും ടി. വി. യുടെയും സ്വാധീനവലയത്തിൽ വളർന്നുവരുന്ന ഉപഭോഗസംസ്കാരമാണല്ലോ നമുക്കുള്ളതു്. മധ്യവർഗ്ഗത്തെ കൂടുതൽ സ്വാധീനിക്കുന്ന ഈ സംസ്കാരം പുരോഗതിയുടെ ലക്ഷണമായി കാണാനാവുമോ? കൗമാരപ്രണയങ്ങളിൽപോലും ഈ 'ചോക്ലേററ്' സംസ്കാര'ത്തിന്റെ സ്വാധീനം നിഴലിക്കുന്നില്ലേ?

○ ഉത്തരം ടെലിവിഷനെതിരെ ഉന്നയിക്കപ്പെടുന്ന പ്രധാനമായ ദൂഷ്യം അതു് പ്രേക്ഷകന്റെ ചിന്താശേഷിയെ നിർവീര്യമാക്കുന്നുവെന്നതാണ്. വിനോദത്തിന്റെ മറവിൽ ഭരണാധികാരികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു. വല്ലപ്പോഴുമൊരിക്കൽ ഇതിനു് അപവാദങ്ങൾ ഇല്ലെന്നല്ല. പക്ഷെ, ടി.വി സീരിയലുകളിൽ സ്വയം നഷ്ടപ്പെടുന്ന ഒരു തലമുറയ്ക്കു് ഇതിന്റെ ക്രിയാശേഷി അസ്വാധീനപ്പെടുകതന്നെയാണ്. പുരോഗതിയെന്നാൽ അർത്ഥമാക്കുന്നതു് ആന്തരികമായ വളർച്ചയാണെങ്കിൽ, ഇവയൊന്നുമല്ല അതിന്റെ സൂചകങ്ങൾ. ഗുണനിലവാരം പാലിക്കലയെന്നതല്ല, ഈ നിർമ്മാതാക്കളുടെ ലക്ഷ്യം; എങ്ങനെ കൂടുതൽ ആളുകളെ വന്ധ്യമായി ഉല്ലസിപ്പിക്കാമെന്നതാണ്. ഒരു ബി. ബി. സി. സീരിയൽ കണ്ടുനോക്കുക, അപ്പോഴറിയാം അതിന്റെ വ്യത്യസ്തത; പ്രതിബദ്ധതയുടെ സൗകുമാര്യം. സംഘടനത്തിനപ്പുറം ജീവിതത്തിൽ എത്രയോ അഭിയാനങ്ങൾ സാധ്യമാണെന്നു് നാമപ്പോൾ ഉൾക്കൊള്ളുന്നു. സാങ്കേതികത്വം അവിടെ മനുഷ്യന്റെ പങ്കാളിയാവുകയാണ്, പ്രധാനിയല്ല. ഈ വ്യത്യാസങ്ങൾ ധരിക്കാത്തിടത്തോളം 'ചോക്ലേററ്' സംസ്കാരം' പോഷകമായിത്തീരാൻ പോവുന്നില്ല.

**ചോദ്യം 3** നാടിനുതകാത്ത വിദ്യാഭ്യാസപദ്ധതിയുടെ സന്തതികളാണ് നാടിനുതകാത്ത വികസനപദ്ധതികൾക്കും അന്ധമായ അനുകരണസംസ്കാരത്തിനും കാരണമാകുന്നതെന്ന് കരുതാമോ? നമ്മുടെ സൗന്ദര്യവീക്ഷണത്തിൽ വന്നിരിക്കുന്ന ഈ പാശ്ചാത്യാനുകരണ പ്രവണത തന്നെയല്ലേ നാട്ടിലെ കോൺക്രീറ്റ് വൈകൃതങ്ങളുടെ സൃഷ്ടിക്ക് പിന്നിലുള്ളത്?

ഈ വിദ്യാഭ്യാസപദ്ധതി തന്നെയല്ലേ മതമൗലികവാദത്തിന്റെ വളർച്ചയ്ക്കും സങ്കുചിതദേശീയതയ്ക്കും അടിത്തറ പാകുന്നത്?

**ഉത്തരം** ഈ ചോദ്യത്തിൽ നിങ്ങൾ ഉദ്ദേശിക്കാത്ത ഒരു അപകടം പതിയിരിപ്പുണ്ട്. ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം അപര്യാപ്തമെങ്കിൽ അതിന് ബദൽ ഉടനെ ചൂണ്ടിക്കാട്ടേണ്ടിവരും. നവോദയ സ്കൂളുകളും, ഓപ്പൺ യൂണിവേഴ്സിറ്റി എന്നിങ്ങനെയുള്ള ആശയങ്ങളും നാം അവലംബിക്കയാണെങ്കിൽ, അത് സാംസ്കാരികമായ ഒരു ക്ഷയത്തെ ക്ഷണിച്ചുവരുത്തലാവും. ക്രൂരമായ രീതിയിൽ ഒരു തലമുറയെ അവരറിയാതെ അന്യരാക്കാൻ അത് വഴിവെയ്ക്കും. ഈ ബദൽ വിദ്യാഭ്യാസപദ്ധതിക്ക് ഹിറ്റ്ലറുടെ 'സംസ്കരണപ്രക്രിയ' യുടെ കരട് രേഖകളുമായി സാദൃശ്യങ്ങളുണ്ടെന്ന് വിചക്ഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ജീവിതം തൊഴിൽ തേടുവാൻ വേണ്ടിമാത്രമുള്ളതാണെന്ന് സൂചിപ്പിച്ചുകഴിഞ്ഞാലത്തെ അവസ്ഥ! മറ്റൊരു രീതിയിൽ വെറും പാറ്റേൺ-കട്ട്-ജെനറേറ്ററിന്റെ ചേരുവകൾ നിർമ്മിക്കയാവും നാം ചെയ്യുക. വിദ്യാഭ്യാസം സ്വയം ഒരു ലക്ഷ്യമായിത്തീരുകയാണ് ഏറ്റവും പ്രധാനം. അവനവന്റെ വാസനകൾ ഏതളവിൽ വികാസം കൊള്ളുന്നുവെന്ന് കണ്ടെത്താൻ ഉതകുന്ന ഒരു സമ്പ്രദായം. അതിലെ ധാർമ്മികതയും സഹിഷ്ണുതയും അന്തർഭവിക്കയുള്ളൂ. ഈ ലോകത്തിന്റെ അതിരുകൾ, അവിടെ പൊടുന്നനെ തിരോഭവിക്കുന്നു. പ്രാചീനഗ്രന്ഥങ്ങളുടെ പ്രസക്തി നാം പെട്ടെന്ന് ഓർമ്മിച്ചുപോവുന്നു. ബ്രഹ്മചര്യം, അർപ്പണം എന്നീ വാക്കുകൾ നിരർത്ഥകമായി തോന്നിത്തുടങ്ങിയ സാഹചര്യം ആകെ മാറുമ്പോഴേ, നാം ശരിയായ പരിഹാരങ്ങളിൽ ചെന്നെത്തുകയുള്ളൂ.

**ചോദ്യം 4** മധ്യവർഗ്ഗസുഖലോലുപത സാക്ഷാത്കരിക്കാനുള്ള ശ്രമത്തിൽ കലാകാരന്മാരും സാഹിത്യകാരന്മാരും സൃഷ്ടിപരമായ മൂല്യത്തകർച്ചയിൽ ഭാഗഭാക്കാകുകയാണ് എന്നത് ശരിയാണോ?

**ഉത്തരം** എഴുത്തുകാരന്റെ ജീവിത സമ്പ്രദായങ്ങളെക്കുറിച്ച് ചിലർക്കെങ്കിലും എന്തൊക്കെയോ മുൻധാരണകളുണ്ട്. രോഗം, പാരവശ്യം അരാജകത്വം എന്നിവയുമായി നാം മാരോ എഴുത്തുകാരനോട് ബന്ധപ്പെടുത്തിക്കാണാൻ മുതിരുന്നു. മറ്റേതൊരു മനുഷ്യനെയുംപോലെ എഴുത്തുകാരനും ജീവിതം പ്രാഥമികമായി അനുഭവിക്കാൻ അർഹനാണെന്ന് ഇതിനിടയ്ക്ക് നാം മറന്നുപോവുന്നു. ജീവിതത്തിൽ ഇത്തിരി വിശ്രമവും സൗകര്യവും നാം അവർക്ക് നിഷേധിക്കുന്നു. ഒരു എഴുത്തുകാരന്റെ മൗലികത അയാൾ/അവർ എങ്ങനെ ഭക്ഷിക്കുന്നു, ശയിക്കുന്നു എന്നതിലല്ല. അസാധാരണത്വം ബാഹ്യമായി പ്രകടമാക്കേണ്ട ഒന്നല്ല. അത് മനസ്സിൽ വേരൂന്നേണ്ട ഒരു സവിശേഷതയാണ്. എഴുത്തുകാരന്റെ രചനയും ജീവിതവും തമ്മിലുള്ള വിച്ഛേദതയാണ് പ്രശ്നമെങ്കിൽ, ഇത്രയേ പറയാനുള്ളൂ– എഴുത്തുകാരന്റെ സത്ത് നിക്ഷിപ്തമാവുന്നത് അയാളുടെ സൃഷ്ടികളിലാണ്. രസരഹിതമായ അയാളുടെ വ്യവഹാരികതയും നാം പുറന്തള്ളുക. സുഖലോലുപമായ സാഹിത്യം ഒരിക്കലും നിലനിൽക്കുന്ന സ്വാധീനമായിത്തീരുകയില്ല. മൂല്യങ്ങൾ കീഴ്മേൽ മറിക്കുന്ന സാഹിത്യമോ, വെറും സുഖകേന്ദ്രിതമാകുകയുമില്ല.

**ചോദ്യം 5** മണ്ണും മനുഷ്യമനസ്സും ഒപ്പം മരിക്കുകയല്ലേ? പരിസ്ഥിതിയുടെ തകർച്ച മനുഷ്യമനസ്സിനെ വരണ്ടതാക്കിത്തീർക്കുകയല്ലേ? ഈ ഘട്ടത്തിൽ നിന്നുകൊണ്ട് അടുത്ത നൂറ്റാണ്ടിനെപ്പറ്റി നമുക്കെന്ത് പ്രതീക്ഷിക്കാനാവും?

**ഉത്തരം** മണ്ണും മനുഷ്യമനസ്സും ഒപ്പം വന്ധ്യമായിക്കൊണ്ടിരിക്കുന്ന ഈ വേളയിലാണെന്ന് തോന്നുന്നു, നാം അത്യന്തം ജാഗരൂകരാവേണ്ടത്. മനുഷ്യരാശിയുടെ ഏറ്റവും കരാളമായ പ്രതിസന്ധിയിലേയ്ക്കാണ് നാം എത്തിപ്പെട്ടതെന്നത് നമ്മെ ദുർബലരാക്കുകയല്ല വേണ്ടത്. ഇതൊരു കല്പാന്തത്തിന്റെ മുന്നോടിയാവട്ടെ; എങ്കിലും സൃഷ്ടി ക്രിയ ഇനിയും തുടരേണ്ടതുണ്ട്. ഏറ്റവും ഇരുട്ട് നിറഞ്ഞ പാറയുടെ വിള്ളലിൽ നിന്നു പോലും ഒരു സസ്യത്തിന്റെ നാമ്പ് പ്രകാശമോഹിയായി മുകളിലേയ്ക്ക് വരുന്നതുപോലെ മനുഷ്യനിലെ ജീവധാര ഏതു ചാമ്പലിൽ നിന്നും കൺമിഴിക്കുകതന്നെ ചെയ്യും. മനുഷ്യന് ജന്മലബ്ധമായ ഇച്ഛാശക്തി വൃഥാവിലാവുമെന്ന് ധരിക്കാൻ വയ്യ.

## ഐക്കഫ് റിപ്പോർട്ട്

കർമ്മനിരതമായ വർഷമായിരുന്നു '88–'89 ഐക്കഫിനെ സംബന്ധിച്ചിടത്തോളം. ഈ വർഷത്തെ ഭാരവാഹികളായി ബിജു ജോസഫ്, ഷിബു ജോസഫ്, സുനിൽ സി. മാത്യു, ബീന ജോസഫ്, ഗീത ജോർജ്ജ് തോട്ടം, ടെസ് തോമസ് എന്നിവരെ യഥാക്രമം പുരുഷ വിഭാഗം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, വനിതാ വിഭാഗം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുത്തു.

ഏകദേശം നാനൂറു പേർക്ക് മെമ്പർഷിപ്പ് വിതരണം ചെയ്തു.

1988 സെപ്റ്റംബർ 10-ാം തീയതി "സ്നേഹസേന" മാസിക മാനേജിംഗ് എഡിറ്റർ റവ. ഫാ. ജോർജ്ജ് സെബാസ്റ്റ്യൻ യൂണിറ്റിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. ആശംസകൾ അർപ്പിച്ച് ബഹു. പ്രിൻസിപ്പൽ പ്രൊഫ. എൻ. ജോർജ്ജ് ജോൺ സംസാരിച്ചു.

അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂൺ മാസം നടന്ന ഐക്കഫ് രക്ഷാധികാരികളുടെ ക്യാമ്പിൽ നമ്മുടെ കോളജിൽ നിന്ന് ഏഴ് staff advisors പങ്കെടുത്തു. എറണാകുളം സെന്റ് തെരേസാസ് കോളജിൽ ജൂലൈയിൽ നടന്ന "കാത്തലിക് ടീം മീറ്റി"ൽ നമ്മുടെ പതിനാറ് അംഗങ്ങൾ പങ്കെടുത്തു. പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ വച്ച് ജൂലൈയിൽ നടന്ന പാലാ രൂപതയിലെ കോളജുകൾക്കായുള്ള ക്യാമ്പിൽ നമ്മുടെ കോളജിൽ നിന്നുള്ള ഏഴുപേർ പങ്കെടുത്തു. ഓഗസ്റ്റിൽ നടന്ന ഓറിയന്റേഷൻ ക്യാമ്പിൽ എല്ലാ ഐക്കഫ് ഭാരവാഹികളും പങ്കെടുത്തു. സെന്റ് തെരേസാസ് കോളജിൽ നടന്ന കാമ്പസ് മീറ്റ് 88-ലും നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുത്തു.

പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് ജൂലൈയിലും ഡിഗ്രി വിദ്യാർത്ഥികൾക്ക് നവംബറിലും കോളജിൽ വച്ച് "യൂത്ത് എൻകൗണ്ടർ ജീസസ് പ്രോഗ്രാം" നടത്തി. ഫാ. മാത്യു മടയങ്കൽ നേതൃത്വം നൽകിയ പ്രോഗ്രാമിൽ ഫാ. ജോർജ്ജ് തെക്കേമുറിയുടെ നേതൃത്വത്തിലുള്ള സംഗീതവിരുന്നും ഉണ്ടായിരുന്നു.

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോളജിൽ നടന്ന രണ്ട് സെമിനാറുകളിൽ ആദ്യത്തേത് ഫാ. ജോർജ്ജ് സെബാസ്റ്റ്യൻ S. J. യും രണ്ടാമത്തേത് റവ. ഫാ. അഗസ്റ്റ്യൻ പാലക്കാപറമ്പിലും ഉദ്ഘാടനം ചെയ്തു ക്ലാസെടുത്തു.

പാലാ സെന്റ് തോമസ് കോളജിൽ വച്ച് നടന്ന ഐക്കഫ് കലാമേളയിൽ നമ്മുടെ കോളജിലെ ജോർജ്ജ് സെബാസ്റ്റ്യൻ, വർക്കി സി. എം., സണ്ണി സി. എ., പുഷ്പ മരിയ, സുനിൽ രാജ് ഫിലിപ്പ് എന്നിവരും സംഘഗാനത്തിൽ നമ്മുടെ ട്രൂപ്പും സമ്മാനങ്ങൾ നേടി

അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ നമ്മുടെ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ കോളജുകളെ പങ്കെടുപ്പിച്ച് ഒരു ത്രിദിനക്യാമ്പ് നടത്തി ബഹു. പ്രിൻസിപ്പൽ ജോർജ്ജ് കുട്ടിസാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. കര്യാസ്, ഡോ. ജയിംസ് ജോസഫ് ഡോ. തോമസ് കോട്ടൂർ എന്നിവർ വിവിധ ദിനങ്ങളിൽ സംസാരിച്ചു. സമാപന സമ്മേളനത്തിൽ പ്രൊഫ. സി. എം. ചാക്കോ സമാപന സന്ദേശം നൽകി.


'ഐക്കഫ് വോയ്സ്'' എന്ന പേരിൽ ഒരു ഗാനമേള ഗ്രൂപ്പ് നമ്മുടെ യൂണിറ്റ് സംഘടിപ്പിച്ചു. കേരളപ്പിറവി ആഘോഷത്തിനനുബന്ധിച്ച് നടന്ന ചടങ്ങിൽ ട്രൂപ്പ് ഉദ്ഘാടനം ചെയ്യപ്പെട്ടു.

കോളജിലെ ഡിഗ്രി വിദ്യാർത്ഥികൾക്കായി ഫാ. ജോസഫ് പുതുമന ശനിയാഴ്ചകളിൽ ഗ്രാമർ ക്ലാസ് നടത്തി.

എല്ലാ ബുധനാഴ്ചയും പ്രാർത്ഥനാ സമ്മേളനം നടത്തിയിരുന്നു.

'89 ഫെബ്രുവരി 18-ന് രൂപതാ അടിസ്ഥാനത്തിൽ തന്നെ ഐക്കഫിന്റെ ഈ വർഷത്തെ സമാപനമായി. പ്രൊഫ. എൻ. ജോർജ്ജ് ജോൺ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പ്രൊഫ. സാബു ജോസഫ് സംസാരിച്ചു. കലാമത്സര വിജയികൾക്ക് സമ്മാനം നൽകി.

ഷിബു ജോസഫ്, ഗീതാജോർജ്ജ് തോട്ടം, (സെക്രട്ടറിമാർ)



# HEIGHT OF THE RIDICULOUS

Tottering there; pen in hand,
Trying to write with thought of a wand,
Few lines thy write off;
Servant thy peeping with a puff;
The first hymn I quote;
Wriggling ye from here to there;
The second line I wrote;
Than an avalanche of laughter came from him,
The third line I wrote;
Than he burst his first butten off;
The fourth and fifth line I write;
Than he fell down unconscious;
Till I had to look after him day and nights;
Without my sleep and without my bites;
Never thy scribbled again;
To know that these words are of pain.

KAMAL RAJ NAIR
I P. D. C. IInd Group

# MAKE THE MOST OF YOUR TIME

By the time you reach your 70th birthday, you will most likely have devided your years in a way that may surprise you.

Sleep will have taken the biggest chunk out of your like; roughly 8 hours out of every 24: That means you will have slumbered away about 23 years of the 70. Then on the avarage, you will have put in 11 years working; 8 years recreating; 6 years eating; Five and half years washing and dressing; 3 years conversing and only one and a half year of worshipping God. You may never reach 70 or you may go far beyond it. That is in God's hands. But what ever time remains between you and your eternal destiny, use it wisely and unselfishly.

SHAJI THOMAS
II B. A. Ecos.

## 88–89
## വർഷത്തെ
## കോളജ് യൂണിയൻ
## റിപ്പോർട്ട്

1988–89 വർഷത്തെ കലാലയ യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 30–ാം തീയതി ഭരണഘടനാനുസൃതമായി നടക്കുകയുണ്ടായി. താഴെ പറയുന്നവരാണ് യൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടത്.

Chairman:– Boban Mathew, III B. Com.

Vice Chairman:– Kumari Mini Isac, III DC. Ecos.

G. Secreatary:– George G. Murican, III DC. Zool.

Arts club Secreatory:– Jimmy Jacob, III DC. Ecos.

University Union Councillors:–

Jiji George, III DC. Che.
Saji Kurian, III B. Com

Magazine Editor:– Sunil Raj Philip, II DC. Eng.

Ladies representatives:–

Merly Thomas, II DC. Chem.
Sudha Mathew, II P. D. C.

*Class Representatives:–*

I P. D. C. — Biju James
II P. D. C. — Joy Thomas
I D. C. — Siby Augustin
II D. C. — Joshy Charian
III D. C. — Jaison P. Jacob
I P. G. — Betty Mol K. A.
II P. G. — George P. J.

*Association Secretaries:–*

Maths. — Jomy Joseph, III DC
Phy. — Jayasankar Prasad III DC
Che. — Anil Kumar K. R. II DC
Bota. — Baby K. C. III DC
Zoola. — James Mathew, III DC
Engl. — Suresh V. C., II DC
Malaya. — Thomas N. J., II DC
Comme. — Tasmon Joseph, III DC
Econo. — Ruby Joseph, III DC

*Nominated Seats:–*

Sports Secretary:–
Mathew L. C., III B. Com.

Harijan Rep:–
Babu P. G., II P D C

സമാധാനപരമായ അന്തരീക്ഷത്തിൽ ഇലക്ഷൻ നടത്തുന്നതിന് നേതൃത്വം നൽകിയ ബഹു: പ്രിൻസിപ്പൽ പ്രൊ. ജോർജ് ജോൺ നിധീരി, റിട്ടേണിംഗ് ഓഫീസർ പ്രൊഫ. റ്റി. എം. ദേവസ്യാ എന്നിവരോടും മറ്റ് അദ്ധ്യാപക അനദ്ധ്യാപകരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

### യൂണിയൻ ഉത്ഘാടനം

ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ ഉത്ഘാടനം നവംബർ 9–ാം തീയതി വെള്ളിയാഴ്ച 10.30 ന് മദ്ധ്യമേഖലാ ഡി. ഐ. ജി. ശ്രീ. ഹോർമിസ് തരകൻ നിർവ്വഹിക്കുകയുണ്ടായി. തദവസരത്തിൽ ഇന്ത്യൻ യൂത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജയിംസ് കര്യൻ ആശംസാ പ്രസംഗം നടത്തി.

### ആർട്ട്സ് ക്ളബ് ഉത്ഘാടനം.

ക്ലബിന്റെ ഔപചാരികമായ ഉത്ഘാടനം സുപ്രസിദ്ധ കാർട്ടൂണിസ്റ്റ് ശ്രീ റ്റോംസ് നിർവ്വഹിച്ചു. തദവസരത്തിൽ ആർട്ട്സ് ക്ലബ് പ്രവർത്തനങ്ങൾക്ക് ആശംസകൾ നൽകികൊണ്ട് ദീപിക സബ് എഡിറ്റർ ശ്രീ. ജിമോൻ ജേക്കബ് സംസാരിച്ചു. വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആർട്ട്സ് ക്ലബ് പരമാവധി ശ്രമിച്ചിട്ടുണ്ട്.

വിവിധ അസോസിയേഷനുകൾ യൂണിയന്റെ പ്രവർത്തന പരിധി വിപുലമാക്കുകയും വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി

പ്രോത്സാഹിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്തു.

ഈ കോളജിലെ പ്രതിഭാ സമ്പന്നരായ വിദ്യാർത്ഥികൾ ഇൻറർ കോളജിയററ് തലത്തിൽ കലാകായിക മത്സരങ്ങൾക്ക് സമ്മാനങ്ങൾ നേടുകയുണ്ടായി യൂണിയൻെറ അഭിനന്ദനങ്ങൾ. യൂണിവേഴ്സിററി കലാമേളയിൽ സമ്മാനങ്ങൾനേടിയ ശ്രീകല, ജോർജ്, സന്തോഷ് എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. പ്രൊഫ. കെ. എം. ചാക്കോയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബ് ഈ വർഷവും മികച്ച പ്രകടനം കാഴ്ച വച്ചു.

ദേവമാതാ കോളേജിൻെറ തിലകക്കുറിയായ N. S. S. ൻെറ പ്രവർത്തനങ്ങൾ സ്തുത്യർഹമായിരുന്നു. യൂണിവേഴ്സിററിയിലെ ഏററവും നല്ല N. S. S. യൂണിററുകളിൽ ഒന്നായി കഴിഞ്ഞ വർഷവും നാം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. പ്രോഗ്രാം ഓഫീസേഴ്സായ ശ്രീ. തോമസ് സെബാസ്റ്റ്യൻ, ശ്രീ. സി. പി. ജോയ്, ശ്രീ. വി. എം. മാത്യു എന്നിവരോടും മററ് ഭാരവാഹികളോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് മററ് വേദികളും സജീവമായി പ്രവർത്തിക്കുകയുണ്ടായി. ഐക്കഫ്, ക്വിസ് ക്ലബ് എന്നിവ പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി അപ്പപ്പോൾ പരിഹരിക്കുന്നതിനും യൂണിയന് കഴിഞ്ഞു.

## രജത ജൂബിലി ആഘോഷങ്ങൾ

കോളേജിൻെറ രജത ജൂബിലി ആഘോഷങ്ങൾ ഏറെറടുത്ത് നടത്തുവാൻ ഈ വർഷത്തെ യൂണിയന് അവസരം ലഭിച്ചു. 1989 ഫെബ്രുവരി 3-ാം തീയതിയാണ് ഒരു മാസത്തെ ജൂബിലി ആഘോഷങ്ങൾക്ക് തിരശ്ശീല ഉയർന്നത്. അന്നേ ദിവസം രാവിലെ 9.30ന് ബഹു: മാനേജർ ഫാ. തോമസ് മേൽവെട്ടം പതാകയുയർത്തി. മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹു. കേന്ദ്ര മന്ത്രി ശ്രീ. M. M. ജേക്കബ് ജൂബിലിയാഘോഷങ്ങൾ ഉത്ഘാടനം ചെയ്തു. കേരളാ വനം വകുപ്പ് മന്ത്രി പ്രൊഫ: എൻ. എം. ജോസഫ് ജൂബിലി സന്ദേശം നൽകുകയുണ്ടായി. തുടർന്ന് ശ്രീ. P. J. ജോസഫ് M. L. A. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. ഡി. പോൾ മുൻ പ്രിൻസിപ്പൽ റബ്രഹാം എം. നിധീരി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തുകയുണ്ടായി. തുടർന്ന് ആലപ്പി ബ്ലൂ ഡയമണ്ടിൻെറ ഗാനമേള നടന്നു.

ഫെബ്രുവരി 4, 7, 8 തീയതികളിൽ ജൂബിലി കലോത്സവം നടത്തപ്പെട്ടു. കലോത്സവ വിജയികൾക്കുള്ള സമ്മാനദാനം പ്രശസ്ത സിനിമാതാരം ശ്രീ. മാള അരവിന്ദൻ നിർവ്വഹിച്ചു.

6-ാം തീയതി വിദ്യാഭ്യാസ സെമിനാർ നടത്തപ്പെട്ടു. ദീപിക മാനേജിംഗ് എഡിററർ റവ: ഡോ: തോമസ് ഐക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ: എം. വി. പൈലി സെമിനാർ ഉത്ഘാടനം ചെയ്തു. തുടർന്ന് പ്രൊഫ: പി. എം. ചാക്കോ, പ്രൊഫ: ജോസഫ് മാത്യു അഞ്ചേരി എന്നിവർ സംസാരിച്ചു.

ഫെബ്രു: 9-ാം തീയതി വനിതാ ദിനമായി ആചരിച്ചു. അന്നേ ദിവസം വൈക്കം മുൻസിപ്പൽ ചെയർമാൻ ശ്രീമതി. മേരി ജോർജിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഹോണറബിൾ ജസ്റ്റീസ് പി. ജാനകിയമ്മ യോഗം ഉത്ഘാടനം ചെയ്തു. തുടർന്ന് പ്രൊഫ: മേരി മാത്യു, ശ്രീമതി മാഗി ജോസഫ് മേനാംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ഫെബ്രു: പത്താം തീയതി ജൂബിലി കായികമേള നടത്തപ്പെട്ടു. ബഹു: പ്രിൻസിപ്പൽ പതാകയുയർത്തുകയും, മഹാത്മാഗാന്ധി യൂണിവേഴ്സിററി ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ശ്രീ ജോസ് ജയിംസ് മേളയുടെ ഉത്ഘാടനം നടത്തുകയും ചെയ്തു.

ഫെബ്രു: 11-ാം തീയതി Former Students Day ആയി ആഘോഷിച്ചു. പ്രൊഫ: അലക്സീസ് തോമസിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ സംസാരിക്കുകയുണ്ടായി.

ഫെബ്രു: 23-ാം തീയതി സാഹിത്യ സമ്മേളനം നടന്നു. ഡോ: P. V. വേലായുധൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കേരളാ സ്റ്റേററ് ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ ചെയർമാൻ ശ്രീ. P ഗോവിന്ദപ്പിള്ള ഉത്ഘാടനം ചെയ്തു. പ്രൊഫ. അമ്പല

പ്പ് രാമവർമ്മ, ശ്രീ. ഗോപി കൊടുങ്ങല്ലൂർ, ഡോ. D. ബഞ്ചമിൻ എന്നിവർ സംസാരിക്കുകയുണ്ടായി.

ഫെബ്രു: 24-ാം തീയതി കൊച്ചിൻ കലാഭവന്റെ മിമിക്സ് പരേഡും നടന്നു.

## ഇന്റർ കോളജിയേററ് മൽസരങ്ങൾ

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇന്റർ കോളിജിയേററ് മൽസരങ്ങൾ നടത്തുകയുണ്ടായി. ലളിതഗാനം, ക്വിസ്, ഡിബേററ്, പ്രസംഗം എന്നീ ഇനങ്ങളിലാണ് മത്സരം നടത്തിയത്.

യൂണിയൻ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പലിനോട് ഞങ്ങൾക്കുള്ള കടപ്പാട് സീമാതീതമാണ്. ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ സഹായിച്ച ശ്രീ C. P. ജോയി, പ്രൊഫ. എഫ് ദേവ്, ശ്രീ. V. M. മാത്യു എന്നീ അദ്ധ്യാപകർക്കും മാനേജർ ഫാ: തോമസ് മേൽവെട്ടം ബർസാർ ഫാ: ജോസഫ് പുതുമന എന്നിവരോടും മററ് അദ്ധ്യാപക അനദ്ധ്യാപകരോടും നന്ദി രേഖപ്പെടുത്തട്ടെ.

88–'89 ലെ യൂണിയൻ പ്രവർത്തനങ്ങൾക്കും ജൂബിലി ആഘോഷങ്ങൾക്കും മാർച്ച് 2–ാം തീയതി വ്യാഴാഴ്ച തിരശ്ശീല വീണു. ബഹു. എം. എൽ. എ. ശ്രീ. P. C. തോമസ് അദ്ധ്യക്ഷത വഹിച്ച ഈ യോഗം ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ വർക്കല രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്തു. ബഹു. ഉമ്മൻ ചാണ്ടി M. L. A, പ്രൊഫ. K. M. തരകൻ, പ്രൊഫ. M. R. ചന്ദ്രശേഖരൻ എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗാനന്തരം കോളജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.


ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഞങ്ങളെ ഏൽപ്പിക്കുകയും യൂണിയന്റെ ഓരോ പരിപാടിയും വിജയമാക്കി തീർക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്ത ഈ കോളേജിലെ എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കളോടും ഞങ്ങൾക്കുള്ള അകംനിറഞ്ഞ കൃതജ്ഞതയും ആദരവും ഇവിടെ രേഖപ്പെടുത്തട്ടെ. ഈ വർഷത്തെ പരീക്ഷകളിലെല്ലാം നിങ്ങൾക്കെല്ലാവർക്കും അഭിമാനകരമായ വിജയം ആശംസിക്കുന്നു.

ഒരു നല്ല കലാലയ അന്തരീക്ഷം നിലനിർത്തുവാനും വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുവാനും ഈ യൂണിയനു കഴിഞ്ഞു എന്ന എളിയ ആത്മവിശ്വാസത്തോടെ റിപ്പോർട്ട് ചുരുക്കട്ടെ.

നന്മകൾ നേർന്നുകൊണ്ട്

നിങ്ങളുടെ ജനറൽ സെക്രട്ടറി

**ജോർജ് ജി. മുരിക്കൻ**



# രജതജൂബിലി ആഘോഷങ്ങൾ

[illegible]




ജൂബിലി ആഘോഷവേളയിൽനിന്നുള്ള ചില മുഹൂർത്തങ്ങൾ....

# രജതജൂബിലി ഉദ്ഘാടനം





ഈശ്വരപ്രാർത്ഥനയോടെ തുടക്കം...

രജതജൂബിലിയുടെ പൊൻതിളക്കം...

കേന്ദ്രമന്ത്രി എം. എം. ജേക്കബ് ജൂബിലി

ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

ഉദ്ഘാടനപ്രസംഗം...

കേന്ദ്രമന്ത്രി ശ്രീ എം. എം. ജേക്കബ്ബ്


അദ്ധ്യക്ഷപ്രസംഗം... — ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ

ജൂബിലിസന്ദേശം... — പ്രൊഫ. എൻ. എം. ജോസഫ് (സംസ്ഥാന വനം വകുപ്പ് മന്ത്രി)

സ്വാഗതപ്രസംഗം... — പ്രൊഫ. ജോസഫ് ജോൺ സി.റ്റി. (പ്രിൻസിപ്പൽ)

ആശംസാപ്രസംഗം... — ബോബൻ മാത്യു (ചെയർമാൻ)











# ........രജതജൂബിലി ഉദ്ഘാടനദിനം





—ആശംസകൾ—

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. പി. വി. പോൾ (പ്രാവിത്താനം പഞ്ചായത്ത് പ്രസിഡന്റ്)




—ആശംസാപ്രസംഗം—

പ്രൊഫ. എബ്രഹാം. എം. നിധീരി (കോളേജിന്റെ മുൻ പ്രിൻസിപ്പൽ)



കൃതജ്ഞതാപ്രകാശനം.
ശ്രീ. ജോർജ്ജ് വി. പുലിക്കോർ
ജനറൽ സെക്രട്ടറി







ഗാനകല്ലോലിനിയുടെ
ഭാവാത്മാനുഭൂതികളിലേക്ക് ഒരിക്കൽ...
ശ്രുതിശുദ്ധ വാദ്യമേളങ്ങൾക്ക്
അവതരിപ്പിച്ച ഗാനമേള—



സമ്മാനദാനം നിർവ്വഹിക്കാനെത്തിയ
സുപ്രസിദ്ധസിനിമാനടൻ മാള പ്രസംഗിക്കുന്നു



# കലാമത്സര വിജയികൾക്ക് സമ്മാനദാനം


ജിമ്മി ജേക്കബ്ബ്
(ആർട്സ് ക്ലബ്ബ് സെക്രട്ടറി)





ശ്രീ. മാളക്ക്
ഓർമ്മക്കായ നൽകി സുധാ മാത്യു
പ്രതിഭാപുരസ്കാരം സ്വീകരിക്കുന്നു

ശ്രീ. വി.എം. മാത്യു
(ആർട്സ് ക്ലബ്ബ് ഡയറക്ടർ)











# പൂർവ്വ വിദ്യാർത്ഥി സമ്മേളനം

പൂർവ്വവിദ്യാർത്ഥി സംഘടന ഉദ്ഘാടനം
പ്രൊഫ. മാത്യു ജോൺ നിധീരി
പ്രിൻസിപ്പൽ

പൂർവ്വവിദ്യാർത്ഥിയോഗം ഉദ്ഘാടനം
പ്രൊഫ. അലക്സിസ് തോമസ്

സ്വാഗതം
പ്രൊഫ കെ. കെ. ജോസഫ്

ദേവമാതായുടെ
അഭിമാനമായിത്തീർന്ന
പൂർവ്വവിദ്യാർത്ഥികളുടെ
സദസ്സ്...








- ഉദ്ഘാടനപ്രസംഗം -
ജസ്റ്റീസ്. ശ്രീമതി. പി. ജാനകിയമ്മ (റിട്ട)

- സ്വാഗതം -
മിനി ഫ്രാൻസ് (വൈ. ചെയർമാൻ)

- പ്രസംഗകർ -
പ്രൊഫ. മേരി മാത്യു (ബസേലിയസ്)
ശ്രീമതി. മാനി ജോൺ മൊനാമ്പറമ്പിൽ

- അദ്ധ്യക്ഷപ്രസംഗം -
ശ്രീമതി. മേരി ജോർജ്ജ്
(കോട്ടയം മുനിസിപ്പൽ ചെയർമാൻ)

- കൃതജ്ഞത -
ലക്ഷ്മി തോമസ് (ലേഡി റെപ്)

# വനിതാ സമ്മേളനം








# വിദ്യാഭ്യാസ സെമിനാർ





—മുഖ്യപ്രഭാഷണം—

ഡോ. എം.വി. പൈലി.

(മുൻ വൈസ് ചാൻസലർ കൊച്ചിൻ യൂണി.)





—പ്രസംഗകർ—

പ്രൊഫ. വി.എം. ചാക്കോ.
(പാലാ സെന്റ് തോമസ് കോളേജിലെ, മുൻ പ്രിൻസിപ്പൽ)

റവ. ജോസഫ് മാത്യു ഊരക്കത്ത്
(പാലാ രൂപതാ വൈദികൻ).





—അധ്യക്ഷപ്രസംഗം—

റവ. ഡോ. തോമസ് വെട്ടുകാലേൽ
(മാനേജിംഗ് എഡിറ്റർ, ദീപിക).









—സ്വാഗതം—

ഷിജി ജോർജ്ജ്
(കൺവീനർ)

—നന്ദിപ്രകാശനം—

സജി കുര്യൻ
(കൗൺസിലർ)

# സാഹിത്യ സമ്മേളനം



—സ്വാഗതം—
ഡോ. കുര്യാസ്





—ഉദ്ഘാടനപ്രസംഗം—
ശ്രീ. പി. ഗോവിന്ദപിള്ള.
(കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ)

—അദ്ധ്യക്ഷപ്രസംഗം—
ഡോ. പി. വി. വേലായുധൻപിള്ള







—പ്രസംഗങ്ങൾ—
ഡോ. ഡി. ബെഞ്ചമിൻ
ശ്രീ. ഗോപി കൊടുങ്ങല്ലൂർ.
ശ്രീ. അമ്പലപ്പുഴ രാമവർമ്മ.

—കൃതജ്ഞത—
സുനിൽ രാജ് ഫിലിപ്പ്



# ജൂബിലി ആഘോഷ സമാപന സമ്മേളനം



—ഉദ്ഘാടനപ്രസംഗം—
ശ്രീ. വക്കം പുരുഷോത്തമൻ.
(കേരള നിയമസഭാ സ്പീക്കർ)



അദ്ധ്യക്ഷപ്രസംഗം—
ശ്രീ. പി. സി. തോമസ്. എം. എൽ. എ.







ആശംസാപ്രസംഗങ്ങൾ—
പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ. ശ്രീ. ഉമ്മൻ ചാണ്ടി. എം. എൽ. എ. പ്രൊഫ. കെ. എം. തരകൻ





സ്വാഗതപ്രസംഗം
പ്രൊഫ. കെ. എം. ചാക്കോ



'ധർമ്മമാണെന്റെ വാക്കുകൾ...'
ജോബൻ മാത്യു

വെള്ളി
ആഘോഷങ്ങളുടെ
സമാപന
സമ്മേളനം



റിപ്പോർട്ട്–
ജനറൽ സെക്രട്ടറി



റിപ്പോർട്ട്–
വിൻസിൽ



ചിരി.. ചിരി.. ചിരി...
മിമിക്സ് പരേഡ്—.
കോളേജിന്റെ കലാകാരന്മാർ.




ഉദ്ഘാടനത്തോടെ സമാപനം

# ജൂബിലി കായികമേള




വൈ. പ്രിൻസിപ്പൽ
പതാകയുയർത്തുന്നു




കായികമേള ഉദ്ഘാടനം - ശ്രീ. ജോസ് ജെയിംസ്,
ഫിസിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടർ - മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി





പുരുഷവിഭാഗം ചാമ്പ്യൻ -
ജിജി മോൻ മാത്യു
വനിതാവിഭാഗം ചാമ്പ്യൻ -
ആൻസി ജോർജ്ജ്.





സ്പോർട്സ് സെക്രട്ടറി
മാത്യു എൻ.സി.




കേരളചരിത്രത്തിന്റെ ഏടുകളിൽ കുറവിലങ്ങാടിന് മാററിനിർത്താനാവാത്ത ഒരു സ്ഥാനമുണ്ട്. ആ നാടിന്റെ തിലകക്കുറിയാണ് ദേവമാതാ കോളജ്. ആയിരത്തി എണ്ണൂററി അമ്പതുകളിൽ ഏകാധ്യാപകനുമായി ആരംഭിച്ച ഒരു സ്കൂൾ കുറവിലങ്ങാട്ടുണ്ടായിരുന്നു. അത് അധികനാൾ നീണ്ടുനിന്നില്ല. പക്ഷേ, വിദ്യയുടെ അനന്തമായ മേച്ചിൽപുറങ്ങളിലേക്ക് അന്വേഷണം നടത്താൻ അത് ജനഹൃദയങ്ങളെ പ്രേരിപ്പിച്ചു. 1894-ൽ ഫാ. എമ്മാനുവേൽ നിധീരി ഒരു ഇംഗ്ലീഷ് സ്കൂൾ കുറവിലങ്ങാട്ട് ആരംഭിച്ചു 1925-ൽ അത് സെൻറ് മേരീസ് ഹൈസ്കൂളാക്കി ഉയർത്തി എന്നിരുന്നാലും ഒരു കോളജ് എന്ന സ്വപ്നം സാധിതപ്രായമായത് 1964-ൽ മാത്രമാണ്. വെരി റവ: പോൾ ആലപ്പാട്ട് ആണ് അതിനായി ആദ്യകരുക്കൾ നീക്കിയത്. ദേവമാതാ കോളജ് എന്ന പേരിൽ ഒരു ജൂനിയർ കോളജ് കുറവിലങ്ങാട്ട് '65-ൽ തുടക്കമിട്ടു.

അവിടെ മുതൽ അവളുടെ വളർച്ചയായിരുന്നു—ത്വരിതഗതിയിൽ. 1968-ൽ ഒരു ഡിഗ്രി കോളജായും '81-ൽ പോസ്റ്റ് ഗ്രാജ്വേററ് കോളജായും ദേവമാതാ ഉയർന്നു. കോളജിന്റെ രക്ഷാധികാരികളായ ബിഷപ്പുമാർ ഈ വളർച്ചയിൽ മുഖ്യ പങ്കു വഹിച്ചു. ജൂനിയർ കോളജ് എന്ന നിലയിൽനിന്നും ഡിഗ്രി കോളജാക്കി ഉയർത്തിയതിൽ ഏററവും അധികം പ്രശംസയർഹിക്കുന്നത് ഫാ: ജോസഫ് തണ്ണിപ്പാറയാണ്. ഇന്ന് ദേവമാതാ അവളുടെ രജതജൂബിലി വർഷത്തിലാണ്. സുപ്രധാനമായ ഒരു നാഴികക്കല്ലുകൂടി താണ്ടി മുന്നോട്ടു കുതികുതിക്കാൻ തയ്യാറാവുന്നു അവൾ. ആയിരമായിരം വിദ്യാർത്ഥികൾ ഈ അകത്തളങ്ങളിൽ സ്വപ്നങ്ങളുടെ ഖനികൾ തുറന്നു. അവർ യാഥാർത്ഥ്യങ്ങളുടെ വർണ്ണം പൂശി കലാലയത്തോട് വിടചൊല്ലി ജീവിതത്തിലേക്കു കടന്നു. ദേവമാതാ നിറഞ്ഞ ഹൃദയത്തോടെ അതു നോക്കിനിന്നിരിക്കണം. ഈ രജതനിമിഷങ്ങളിൽ കഴിഞ്ഞുപോയ വർഷങ്ങളിലേക്ക് ഓർമ്മയുടെ വാതിൽ തുറക്കട്ടെ.

കോളജിന്റെ ആരംഭം മുതൽ ഇന്നുവരെ പ്രവർത്തിച്ച പ്രിൻസിപ്പൽമാരുടെ ഓർമ്മകളിലൂടെ മുൻവർഷങ്ങളിലേക്ക് ഒരെത്തിനോട്ടത്തിനുള്ള ശ്രമമാണിവിടെ. ഫാ: ജോസഫ് ടി. തണ്ണിപ്പാറ, പ്രൊഫ: എബ്രഹാം നിധീരി, ഫാ. ഇ. ജെ. തോമസ് എന്നിവരുമായുള്ള അഭിമുഖ സംഭാഷണം.

○

## ചോദ്യാവലി:

- അങ്ങ് ഏതെല്ലാം വർഷങ്ങളിലാണ് ദേവമാതായുടെ ഭരണ സാരഥ്യം വഹിച്ചിരുന്നത്?
- സേവനത്തിൽ നിന്നു വിരമിച്ചത് തികഞ്ഞ ചാരിതാർത്ഥ്യത്തോടെയായിരുന്നുവോ?
- അങ്ങയുടെ സേവനകാലത്തെ വിദ്യാർത്ഥികൾ തങ്ങളുടെ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും അധികൃതരോട് എങ്ങനെയാണ് പ്രതികരിച്ചിരുന്നത്?
- അക്കാലത്ത് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം എങ്ങനെയായിരുന്നു? ഇന്ന് തികച്ചും തൃപ്തികരമായ ഒരു ബന്ധമല്ല അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ളതെന്നു തോന്നുന്നു. എന്താവാം അതിനു കാരണം?
- വിദ്യാർത്ഥികളുടെ പഠന നിലവാരത്തിലുണ്ടാകുന്ന ശോഷണത്തിന് എന്തെങ്കിലും കാരണം ചൂണ്ടിക്കാണിക്കാനാവുമോ?
- കലാ-കായിക രംഗങ്ങളിലും മറ്റും അന്നത്തെ വിദ്യാർത്ഥികളുടെ നിലവാരം ഒന്നു വിലയിരുത്താമോ?
- അന്നത്തെ കോളജ് മാഗസിനുകളെ മറ്റ് കോളജ് മാഗസിനുകളുമായി ഒന്ന് താരതമ്യപ്പെടുത്താമോ?
- കോളജിന്റെ നടത്തിപ്പിൽ വിദ്യാർത്ഥികളിൽ നിന്നല്ലാതെ മറ്റെവിടെ നിന്നെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടോ?
- അങ്ങയുടെ സേവന കാലത്തിൽ കോളജിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ?
- അക്കാലത്തെ കലാലയ രാഷ്ട്രീയത്തെപ്പറ്റി എന്താണഭിപ്രായം?
- ഇത്രയും വർഷത്തെ സേവനത്തിനിടയിൽ താങ്കളെ വ്യക്തിപരമായി സ്വാധീനിച്ച ഒരു സംഭവം വിശദീകരിക്കാമോ?
- രജത ജൂബിലിയാഘോഷിക്കുന്ന ദേവമാതാ കോളജിന്റെ പുരോഗതിക്കുതകുന്ന എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകുവാനുണ്ടോ?



## റവ. ഫാ. ജോസഫ് തണ്ണിപ്പാറ

- 1967–'77

- പ്രിൻസിപ്പലായി ചാർജെടുക്കുമ്പോൾ എന്നിൽ നിക്ഷിപ്തമായിരുന്ന ഭാരിച്ച ചുമതലകൾ നിറവേറ്റുന്നതിൽ പരമാവധി ആത്മാർത്ഥത പുലർത്താൻ എനിക്കു കഴിഞ്ഞു എന്ന തൃപ്തിയോടെയാണ് ഞാൻ വിരമിച്ചത്.

- വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ ഞാൻ അവരോടൊപ്പമാണ് എന്ന ധാരണ വളർത്താൻ ശ്രമിച്ചിരുന്നതുകൊണ്ട് സൗഹൃദം നിറഞ്ഞ ചർച്ചയിലൂടെ അവ പരിഹരിക്കാൻ അവർ എന്നോടു സഹകരിച്ചിരുന്നു. അപൂർവ്വമായി സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ Furniture ഉം മറ്റും നശിപ്പിക്കുന്ന പ്രവണത ഉണ്ടായിരുന്നില്ല.

- തികച്ചും സൗഹൃദപൂർണ്ണമായിരുന്നു. കോളജിന്റെ നിലവാരം ഉയർത്തുക തങ്ങളുടെ Mission ആണെന്ന ഉൾക്കാഴ്ചയോടെ പ്രവർത്തിച്ചിരുന്ന അന്നത്തെ അദ്ധ്യാപകരുടെ അർപ്പണമനോഭാവം തന്നെയാണ് അദ്ധ്യാപക വിദ്യാർത്ഥി ബന്ധം അരക്കിട്ടുറപ്പിച്ചത്.
Democratic set up തന്നെയാവാം കാരണം. അന്ന് അദ്ധ്യാപകനും വിദ്യാർത്ഥിയ്ക്കുമിടയിൽ ഉണ്ടായിരുന്ന അനിവാര്യമായ അകലം ഇന്ന് ഇല്ലാതായിരിക്കുന്നു എന്ന് എനിക്കു തോന്നുന്നു.

- ബുദ്ധിമുട്ടി പഠിച്ച് പുറത്തിറങ്ങിയിട്ട് എന്തു നേടാൻ എന്ന ചിന്താഗതി അഥവാ ലക്ഷ്യബോധമില്ലായ്മയാണ് വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്കു മുഖ്യകാരണം; തൊഴിലില്ലായ്മ അത്രയേറെ രൂക്ഷമാണല്ലോ, ഇന്ന്. കൂടാതെ, ഉന്നതപഠനം ഇന്ന് ഏറെ പ്രയോജനപ്രദമല്ലതാനും.

- അദ്ധ്യാപകരുടെ കൂട്ടായ പ്രവർത്തനവും വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ സഹകരണവും മൂലം കലാ-കായിക രംഗങ്ങളിൽ അന്ന് നാം നല്ല നിലവാരം പുലർത്തിയിരുന്നു. നമ്മുടെ oratory club അംഗങ്ങൾ അന്ന് Inter-collegiate ഷീൽഡുകളും മറ്റും നേടിയിരുന്നത് ഞാനോർക്കുന്നു. കൂടാതെ, N. S. S.-ന്റെ കാര്യക്ഷമമായ പ്രവർത്തനം അന്ന് University തലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി അച്യുതമേനോൻ നമ്മുടെ N. S. S. പ്രവർത്തകരുടെ ത്യാഗപൂർണ്ണമായ സേവനങ്ങളെ ശ്ലാഘിച്ചത് മറക്കാനാവില്ല.

- 1973 വരെ ദേവമാതാ കോളജിന്റെ മാഗസിനുകൾ ഉയർന്ന നിലവാരം പുലർത്തിയിരുന്നു, മറ്റു കോളജു മാഗസിനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ. എന്നാൽ 1973-ൽ Dircet payment അനുവദിച്ചതു മുതൽ വിദ്യാർത്ഥികളിൽ നിന്നു ശേഖരിക്കുന്ന തുകമാത്രമായി മാഗസിൻ നിർമ്മാണത്തിനുള്ള മുഖ്യമായ മുതൽ മുടക്ക്. അതിനുശേഷം മാഗസിന്റെ നിലവാരം താഴ്ന്നു എന്നതു സത്യമാണ്.

- കോളജ് upgrade ചെയ്യാൻ സാമ്പത്തിക പ്രതിസന്ധിയും മറ്റും തടസ്സമായിരുന്നു. അതോടനുബന്ധിച്ചുണ്ടായ ചില സംഭവങ്ങൾ എനിക്ക് ഏറെ മനോവേദനയുളവാക്കി. അക്കാര്യങ്ങളെപ്പറ്റി ഒരു പുനരവലോകനത്തിന് എനിക്കു താല്പര്യമില്ല. കാരണം, ആരെയും വേദനിപ്പിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല എന്നതു തന്നെ.

- കോളജിലെ Main building-ന്റെ മൂന്ന് നിലകളുടേയും പണി പൂർത്തിയാക്കിയ ശേഷമാണ് upgrade ചെയ്തത്. പിന്നീട് Library-യും Auditorium-ഉം ഉൾക്കൊള്ളുന്ന ഭാഗവും 'Botany-Physics' Block-ഉം, കൊമേഴ്സ് ബ്ലോക്കിന്റെ Ground floor-ഉം നിർമ്മിക്കുകയുണ്ടായി. N S S.ന്റെ സഹായത്തോടെ കോളജ് റോഡിന്റെ ഇരുവശവും തണൽ മരങ്ങൾ വച്ചു പിടിപ്പിച്ചിരുന്നു. കൂടാതെ, ഏതാണ്ട് 3 മാസത്തോളം ബുൾഡോസർ പ്രവർത്തിപ്പിച്ചാണ് playground നിർമ്മിച്ചത്.

- കോളജിൽ രാഷ്ട്രീയ പ്രവർത്തനം ഉണ്ടായിരുന്നെങ്കിലും അക്രമരാഷ്ട്രീയം ഉണ്ടായിരുന്നില്ല. രാഷ്ട്രീയ പ്രേരണമൂലം അപൂർവ്വമായെങ്കിലും ഉണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാർത്ഥികളുമായി സ്ഥാപിച്ചെടുത്തിരുന്ന വ്യക്തിബന്ധം എനിക്ക് പ്രയോജനപ്പെട്ടിരുന്നു. കുഴപ്പക്കാരെ ഒററക്ക് വിളിച്ച് സ്നേഹപൂർവ്വം തഴുകിപ്പിടിച്ച് സംസാരിക്കുമ്പോൾ ഞങ്ങളറിയാതെ തന്നെ ഞങ്ങൾക്കിടയിൽ രൂപപ്പെട്ടിരുന്ന തീക്ഷ്ണമായ ഒരു മാനസികപ്പൊരുത്തം പ്രശ്നപരിഹാരത്തിന് ഉതകിയിരുന്നു.

- വ്യക്തിപരമായി സ്വാധീനിച്ച, മനോവേദനയുണ്ടാക്കിയ അനുഭവങ്ങൾ ഏറെയുണ്ട്. എന്നാൽ, ഈ സ്ഥാപനത്തിനുവേണ്ടി ഏറെ വിയർപ്പൊഴുക്കിയ Fr. Paul Alappatt ഉൾപ്പെടെ 18 പേരുടെ മരണത്തിനിടയാക്കിയ കൊടൈക്കനാൽ ബസ്സപകടമാണ് എന്റെ മനസ്സിനെ വല്ലാതെ ഉലച്ചത്.

- അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനവും മാനേജ്മെന്റിന്റെ പരിപൂർണ്ണ സഹകരണവും കൊണ്ടുമാത്രമേ ഒരു സ്ഥാപനത്തിന്റെ അന്തസ്സ് നിലനിർത്താനാവൂ. ഏതു നേട്ടത്തിന്റെ പിന്നിലും ത്യാഗത്തിന്റെ കഥകളുണ്ടാവും. രജത ജൂബിലിയാഘോഷിക്കുന്ന ദേവമാതാ കോളജിന്റെ സ്ഥാപനത്തിനും ഉന്നമനത്തിനും വേണ്ടി രാപകൽ വിയർപ്പൊഴുക്കിയവർ തങ്ങളുടെ മനസ്സിൽ ഈ കലാലയത്തെപ്പററി സൂക്ഷിച്ചിരുന്ന സ്വപ്നങ്ങൾ, പ്രതീക്ഷകൾ; അവ സഫലീകൃതമാക്കാൻ നമുക്ക് സാധിക്കണം; സാധിക്കും. എല്ലാ വിജയങ്ങളും നേരുന്നു.



പ്രൊഫ: ഏബ്രാഹം നിധീരി

---

- 1977–'83 വർഷങ്ങളിൽ

- നൂറുശതമാനം തൃപ്തി ആർക്കെങ്കിലും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു സ്ഥാപനത്തെപ്പററി പറയുമ്പോൾ, പ്രിൻസിപ്പലിന് എപ്പോഴും തൃപ്തികരമാം വിധം മററുള്ളവരോട് പെരുമാറാനായെന്നു വരില്ല; മറിച്ചും. എന്നാൽ തികച്ചും മാനുഷികം മാത്രമാണത്.

- രാഷ്ട്രീയ കക്ഷികളുടെ influence-ൽ പലപ്പോഴും സമരങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാം സമാധാനപരമായിരുന്നു എന്നു പറഞ്ഞുകൂടാ. അപൂർവ്വമായി അക്രമവും ഉണ്ടായിട്ടുണ്ട്; നേരിയ തോതിൽ മാത്രം. കോളജിന്റെ മുതലുകൾ നശിപ്പിക്കുന്ന സംഭവങ്ങൾ അപൂർവ്വമായേ ഉണ്ടായിട്ടുള്ളൂ. കുത്തിയിരിപ്പ് തുടങ്ങിയ സമാധാനപരമായ സമരമാർഗ്ഗങ്ങളേ അന്നുണ്ടായിരുന്നുള്ളൂ.

- ആദ്യകാലത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ സൗഹാർദ്ദത്തിലായിരുന്നു. അന്ന് teachers എല്ലാം ഒരു Missionary spirit-ലായിരുന്നു. ക്രമേണ, കോളജ് വലുതായി അതോടെ അല്പ സ്വല്പം പ്രശ്നങ്ങളുമായി; teachers മിക്കവാറും late ആകും; അങ്ങനെയൊക്കെ.

  അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം മോശമായെങ്കിൽ അതു ക്രമേണ സംഭവിച്ചതാവാം; ഒരു sudden revolution ആവില്ലല്ലോ. കാരണങ്ങൾ തികച്ചും മാനുഷിക ബലഹീനതകൾ തന്നെ.

- രാഷ്ട്രീയം തന്നെയാണു പ്രധാനകാരണം. ബസ്സുയാത്രയും പലരുടെയും പഠനസമയം അപഹരിക്കുന്നുണ്ട്. ഇപ്പോഴത്തെ വിദ്യാർത്ഥികൾക്ക് കാര്യമായ ലക്ഷ്യബോധവും ഇല്ലെന്നു തോന്നുന്നു.

- കലാരംഗത്ത് നമ്മുടെ കുട്ടികൾ യൂണിവേഴ്സിറ്റി തലത്തിൽ പുരസ്കാരങ്ങൾ നേടിയിരുന്നു, പ്രത്യേകിച്ച് പ്രസംഗം ഇടങ്ങിയ ഇനങ്ങളിൽ. കായികരംഗത്തും നേട്ടങ്ങൾ ഉണ്ടായിരുന്നു; എല്ലാം കൃത്യമായി ഓർക്കുന്നില്ല. കായിക പരിശീലനത്തിനു Physical instructors ന് പുറമേ കോച്ചുകളും മറ്റുമുണ്ടായിരുന്നു. പക്ഷേ, ക്ലാസ്സ് തീരുമ്പോൾത്തന്നെ ബസ്സിനു പുറകേ പായുന്ന കുട്ടികളിൽ ആരെയും Practice ന് കാണാനുണ്ടായിരുന്നില്ല

- Adrertisement ആണല്ലോ ഇപ്പോൾ മാഗസിന് മുഖ്യ ധനാഗമമാർഗ്ഗം. ടൗണുകളിലുള്ള കോളജുകൾക്കാണ് ഈ വഴിക്ക് കൂടുതൽ നേട്ടമുണ്ടാകുക. അതിന്റെ കൊഴുപ്പ് അവരുടെ മാഗസിനുകളിൽ കാണാനുണ്ടാകും. വിദ്യാർത്ഥികളിൽനിന്നു പിരിച്ചെടുക്കുന്ന തുച്ഛമായ തുക ഒന്നിനും തികയാറുണ്ടായിരുന്നില്ല.

- Staff ന്റെ ചില സമരങ്ങളൊഴിച്ചാൽ മറ്റു പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല.

- 'Shift' സമ്പ്രദായം ഏർപ്പെടുത്തി. അതിനാൽ കൂടുതൽ കുട്ടികൾക്ക് admission കൊടുക്കുവാൻ കഴിഞ്ഞു. പിന്നീട് കെട്ടിടം വികസിപ്പിച്ചതോടെ 'shift' നിർത്തലാക്കി. Office കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് (ഇപ്പോഴത്തെ ഹാൾ) മാറ്റിയത് അക്കാലത്താണ്. കൂടുതൽ achievements ഒന്നും ഉണ്ടായെന്നു തോന്നുന്നില്ല; എങ്കിലും പൊതുവെ എല്ലാം maintain ചെയ്യാൻ സാധിച്ചിരുന്നു.

- കലാലയ രാഷ്ട്രീയം പണ്ടുമുതല്ലേ ഉണ്ടായിരുന്നു. പിന്നീട് വിദ്യാർത്ഥിസംഘടനകൾ തമ്മിലുള്ള മത്സരവും മറ്റുമായി അത് കൂടുതൽ വഷളായി. ഇതുമൂലമുള്ള പ്രധാന ദോഷമായി എനിക്കു തോന്നുന്നത്, പഠിക്കുന്ന കാലത്ത് വിദ്യാർത്ഥി രാഷ്ട്രീയത്തിനു നേതൃത്വം കൊടുത്തിരുന്നവർ പിന്നീട് രാഷ്ട്രീയത്തിലൂടെ വളർന്ന് നല്ല നിലയിലെത്തുന്നു; ഇതു കാണുന്ന കുട്ടികൾ കരുതുന്നു, ഉയർന്ന ഒരു position-ലെത്താൻ politics അവശ്യഘടകമാണെന്ന്. ഈ ധാരണ പഠനത്തെ ദോഷകരമായി ബാധിക്കുന്നു.

- Fr. Paul Alappattu, Fr. N. M. Thomas എന്നിവരുടെ വേർപാടാണ് എനിക്ക് ഏറ്റവും shock ഉണ്ടാക്കിയത്. ഇരുവരുമായും എനിക്ക് വളരെയടുത്ത ആത്മബന്ധമാണുണ്ടായിരുന്നത്. കോളജിലെ അനുഭവങ്ങൾ പറഞ്ഞാൽ, മാഗസിനുവേണ്ടി പണം ശേഖരിച്ച ഒരാൾ അതുമായി കടന്നുകളഞ്ഞതാണ് എനിക്കുണ്ടായ ഏറ്റവും bitter experience.

- കോളജുവിദ്യാഭ്യാസം ജീവിതത്തെ ഉന്നതിയിലേക്കു നയിക്കുന്ന വിധത്തിൽ മുന്നോട്ടുകൊണ്ടു പോകുവാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും പരസ്പരം സഹകരിക്കണം. വെറും academic development മാത്രമല്ല, total personality development ആണു നാം ലക്ഷ്യമാക്കേണ്ടത്. ഈ ബോധ്യത്തോടെ മുന്നോട്ടു പോകാൻ സാധിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു എല്ലാ ഭാവുകങ്ങളും നേരുന്നു.



## റവ. ഫാ. ഇ. ജെ. തോമസ്

- 1983 മുതൽ '85 വരെയുള്ള വർഷങ്ങളിൽ.

- പൂർണ്ണ സംതൃപ്തിയോടെയാണ് പിരിഞ്ഞത്.

- ചർച്ച ചെയ്ത പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള സാഹചര്യം ഞാനുണ്ടാക്കിയിരുന്നു. അതാ
യിരുന്നു വിദ്യാർത്ഥികൾക്കും കൂടുതൽ താല്പര്യം. ഒരു discipline committee ഉണ്ടാക്കി.
ആദ്യകാലങ്ങളിൽ വിദ്യാർത്ഥികളിൽ അക്രമ പ്രവണതയുണ്ടായിരുന്നെങ്കിലും അതു ക്രമേണ
കുറഞ്ഞു.

- അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ അടുത്തു പെരുമാറിയിരുന്നു. Staff guide system
ഏർപ്പെടുത്തിയതും ഗുരു-ശിഷ്യ ബന്ധത്തിന്റെ ശക്തി കൂട്ടി. അദ്ധ്യാപകർക്ക് കുട്ടികളുടെ
പെരുമാററത്തിൽ സംതൃപ്തിയാണുണ്ടായിരുന്നത്.

- Mass education തന്നെയാണ് ഇതിന് പ്രധാന കാരണം. വിദ്യാർത്ഥികളിൽ യാതൊരു
ലക്ഷ്യബോധവും ഇല്ല. വിദ്യാർത്ഥികളുടെ എണ്ണം ഇത്ര കൂടുതലായതിനാൽ ആവശ്യമായ
മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോരുത്തർക്കും നൽകുവാൻ കഴിയുന്നുമില്ല.

- കായിക രംഗത്ത് നമ്മുടെ വിദ്യാർത്ഥികൾ വളരെ മോശമാണ്. കുട്ടികൾ Day scholars
ആയതാണ് ഇതിന് പിന്നിലെ പ്രശ്നം. കോളജ് വിട്ടാലുടനെ വീട്ടിലെത്തിച്ചേരുക
എന്നതു മാത്രമാണെല്ലാവരുടെയും ചിന്ത. കലാരംഗത്ത് സാമാന്യം കഴിവ് കാണിക്കുന്നുണ്ട്
എങ്കിലും കുട്ടികളുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ മതിയായ സഹകരണം ഉണ്ടെന്നു പറ
യാൻ പററില്ല. കാരണം കുറച്ചു ക്ലബ്ബുകൾക്ക രൂപം കൊടുത്തെങ്കിലും അതിൽ ചേരാൻ
കുട്ടികളാരും താല്പര്യം കാണിച്ചില്ല. അക്കാരണം കൊണ്ടുതന്നെ അദ്ധ്യാപകരും നിസ്സഹക
രിക്കുന്നു. Sports-ന് വേണ്ടത്ര Accomodation കൊടുക്കാൻ സംവിധാനമില്ല. പുറത്തു
നിന്ന് കോച്ചുകൾ ഫുട്ബോൾ, ക്രിക്കററ് മുതലായവയ്ക്ക് വന്നിട്ടുണ്ട്. കാര്യമായ പ്രയോ
ജനമെടുക്കാൻ കുട്ടികൾ ശ്രമിച്ചില്ലെന്നുമാത്രം.

- കടലാസിന്റെ പകിട്ടിലും അനാവശ്യ ആർഭാടങ്ങളിലുമാണ് എഡിററർമാർക്ക് താല്പര്യം.
നല്ല മാഗസിനെന്നാൽ നല്ല ആർട്ടിക്കിളുകളാണ് പ്രധാനമായും.
ഉണ്ടാവണം. എഡിററുടെ വകയായി എന്തെങ്കിലും പുതുമ വേണം. കനപ്പെട്ട ലേഖനങ്ങൾ
ളുകളും കൂടി കുത്തി നിറക്കാതെ ആവശ്യത്തിനു സ്ഥലമിട്ട് നല്ല ലേ-ഔട്ട് ആവണം. പരസ്യവും ആർട്ടിക്കി
മൊക്കെ ആയാൽ നല്ല മാഗസിനായി. പക്ഷേ നമ്മൾ കാശു മുഴുവൻ തിളങ്ങുന്ന കടലാസി
ന കളയുകയാണല്ലോ! അത്രയു

- കോളജ് അല്ലേ? പ്രശ്നങ്ങൾ ഉണ്ടാകും! എങ്കിലും എല്ലാ ഭാഗത്തുനിന്നും സഹകരണം ലഭി
ച്ചിട്ടുണ്ട്.

- Shift സമ്പ്രദായം അവസാനിപ്പിച്ചു. 'D' ബ്ലോക്ക് പണികഴിപ്പിച്ചു. മാനേജ്മെന്റിന്റെ
സഹായം ഇതിലെല്ലാം ഉണ്ടായിരുന്നു.

- ആരോഗ്യകരമല്ലാത്ത രാഷ്ട്രീയമാണ് കലാലയത്തിൽ കാണുന്നത്. വളരെ ആവശ്യമായ ശിക്ഷണ നടപടികൾ എടുത്തപ്പോൾ പോലും അതിനു രാഷ്ട്രീയനിറം കലർത്തുകയും അതിനെതിരായി സമരപരിപാടികളുമായി രംഗത്തു വരികയും ചെയ്തു. പക്ഷേ അദ്ധ്യാപകർ എന്റെ കൂടെ ഉറച്ചുനിന്നു. അതുകൊണ്ടുതന്നെ സമരം ഫലവത്താകുകയും ചെയ്തില്ല. കലാലയ രാഷ്ട്രീയം കുട്ടികളെ നശിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. പക്ഷേ അതിനെ എളുപ്പം മാററുവാൻ സാദ്ധ്യമല്ല.

- യൂണിവേഴ്സിററി നിയമങ്ങൾക്ക് തികച്ചും അനുസൃതമായി ഒരു വിദ്യാർത്ഥിക്കെതിരെ നടപടി കൈക്കൊണ്ടപ്പോൾ ഒരുപററം വിദ്യാർത്ഥികൾ ശക്തമായ സമരം അഴിച്ചുവിടുകയും പരീക്ഷ നടത്തിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്തു. വിദ്യാർത്ഥികളെ പ്രിൻസിപ്പലിനെതിരെ തിരിക്കുവാൻ തുനിഞ്ഞെങ്കിലും കുട്ടികൾ സത്യാവസ്ഥ മനസ്സിലാക്കി എന്നോടൊപ്പം നിന്നു. എനിക്കവരുടെ ആത്മാർത്ഥതയിൽ കൃതജ്ഞതയുണ്ട്. എങ്കിലും ആ സംഭവം എനിക്കല്പം വേദനയുളവാക്കി.

- രാഷ്ട്രീയം ഉപേക്ഷിക്കുക. അദ്ധ്യാപകരെ വിദ്യാർത്ഥികൾ കൂടുതലായി വിശ്വസിക്കുക. വിദ്യാർത്ഥികളെ അവരർഹിക്കുന്ന രീതിയിൽ അദ്ധ്യാപകർ പരിഗണിക്കുക. അനേകം P. G. കോഴ്സുകൾ തുടങ്ങാൻ ആവശ്യമായ നിലവാരമുള്ള ഒരു കോളജ് ആണ് ദേവമാതാ. അതിനായി എല്ലാവരും സർവ്വാത്മനാ സഹകരിക്കുക. ഇത്രയുമേ എനിക്കു പറയാനുള്ളൂ. സർവ്വ മംഗളങ്ങളും നേരുന്നു.

---

എന്നോടൊപ്പം പ്രിൻസിപ്പൽമാരെ ചെന്നു കണ്ട് അവരുമായി സംസാരിച്ച് അഭിമുഖം ഈ രൂപത്തിൽ തയ്യാറാക്കുന്നതിൽ നല്ല പങ്കു വഹിച്ച റജി തോമസിനു നിറഞ്ഞ ഹൃദയത്തോടെ നന്ദി.

—എഡിററർ.

---

(ഭരണ സാരഥ്യം വഹിച്ചിരുന്നവരുടെ കാഴ്ചപ്പാടുകളിൽ നിന്ന് ദേവമാതായുടെ കീഴിൽ അറിവിന്റെ രുചിയറിഞ്ഞ വിദ്യാർത്ഥി സമൂഹത്തിലേക്കു വരാം. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നെടുത്ത ഓർമ്മകളുടെ ചിപ്പികളുമായി മോൻസി ജോസഫ് എഴുതുന്നു. എഴുപതുകളുടെ അവസാനത്തിലും എൺപതുകളുടെ ആദ്യവും ദേവമാതായിലെ വിദ്യാർത്ഥിയായിരുന്ന ശ്രീ. മോൻസി ഇപ്പോൾ 'വനിത' ദ്വൈവാരികയുടെ സബ് എഡിററും അറിയപ്പെടുന്ന ഒരു കഥാകൃത്തുമാണ്.)

മാഗസിൻ എഡിററർ സുനിൽ രാജ് ഫിലിപ്പ് എന്റെ കോളജ് ദിനങ്ങളെ അനുസ്മരിച്ചെഴുതാൻ അപേക്ഷിച്ചിട്ട് രണ്ടു മാസങ്ങളായി. എഴുതാമെന്ന് ഞാൻ പറയുകയും ചെയ്തു.

പണ്ട് എന്ന് പറഞ്ഞാൽ 1977-'82 കാലത്താണ് ഞാൻ ദേവമാതാ കോളജിൽ പഠിച്ചത്. അന്ന് ഞാൻ പഠിക്കുമ്പോൾ ഇപ്പോൾ എം. സി. റോഡിനഭിമുഖം നില്ക്കുന്ന കോളജിന്റെ ഗേററ് ഉണ്ടായിരുന്നില്ല. വഴിയിൽ ഇരുവശവും പച്ചനിറഞ്ഞ പ്രത്യേകതരം മരങ്ങൾ നിന്നിരുന്നു. ഒരു ഒന്നാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായി ഞാനെത്തിയത് ഓർക്കാം. എന്തൊരു ഭംഗിയാണ്, കാമ്പസിൽ. അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും. സുന്ദരിമാരുടേയും സുന്ദരൻമാരുടേയും ലോകം. കോളജിന്റെ കൂററൻ ഭിത്തികളും അന്തരീക്ഷവും മനസിൽ അമ്പരപ്പോടെ തറച്ചു നിന്നു. ഞാനെന്തു ചെയ്യാനാണ്? ഭാവിയിൽ നിന്ന് ഞാനെന്താണ് പ്രതീക്ഷിക്കുന്നത്? സ്കൂളിൽ സ്ഥിരമായി ഒരു ക്ലാസിൽ ഇരുന്നു പഠിച്ച എനിക്ക് സെക്കൻറ് ലാംഗ്വേജ് ക്ലാസിന് ക്ലാസുമാറുന്നതിനിടയിൽ വഴിതെററിപ്പോയി. പ്രിൻസിപ്പൽ നിധീരി സാറിന്റെ പതുക്കെപ്പതുക്കെയുള്ള വരവും, ഒരു തത്വചിന്തകന്റേതുപോലുള്ള വാക്കുകളും ചെറിയ ചിരിയും എന്നെ ആഹ്ലാദിപ്പിച്ചു.

ദേവമാതാ കോളജിനെപ്പററിയോർക്കുമ്പോൾ എനിക്കേറെ ഹൃദ്യമായി അനുഭവപ്പെടുന്നത് സുഹൃത്തുക്കളാണ്. ഇടയ്ക്കിടെ വീണ്ടും വീണ്ടും കാണുകയും വികാരഭരിതരാവുകയും ചെയ്ത സുഹൃത്തുക്കൾ. ആ കണ്ണി ഇന്നും വിട്ടുപോയിട്ടില്ല. കാഫ്കയെക്കുറിച്ചും ഖസാക്കിന്റെ ഇതിഹാസത്തെക്കുറിച്ചും 'ആൾക്കൂട്ട'ത്തെക്കുറിച്ചും സംസാരിച്ച ചങ്ങാതിമാർ.

കെ. എം. പാക്കോ സാറിന്റെ ഓററി ക്ലബ്ബിലെ അനുഭവങ്ങളും ഇവിടെ പരാമർശിക്കാതെ വയ്യ. പ്രസംഗപരിശീലനം ഉദ്ദേശിച്ചാവും ക്ലാസ് തുടങ്ങിയത്. ചെറുപ്പത്തിന്റെ ചൂടുള്ള ഹൃദയസംവാദങ്ങൾ ആണ് എന്നെ അവിടെ ആകർഷിപ്പിച്ചത്. മനസ്സുകൊണ്ട് ചെറുപ്പമായ പാക്കോസാർ അതിനെ പ്രോത്സാഹിപ്പിച്ചതേയുള്ളൂ.

നഗരത്തിലേതുപോലെ ഒരു കൃത്രിമാന്തരീക്ഷം ദേവമാതാ കോളജിൽ ഉണ്ടായിരുന്നില്ല. പക്ഷേ, ഒരു കാര്യം ഞാൻ ശ്രദ്ധിച്ചിരുന്നു. ആൺകുട്ടികൾ കൂട്ടുകൂടുന്നത് ആൺകുട്ടികളോടാണ്.

പെൺകുട്ടികൾ പെൺകുട്ടികളോടും. അല്ലെങ്കിലതു് പ്രേമമായിപ്പോവും. സെക്സിലേക്കു ഞാനും ചാടിപ്പോയേക്കുമോ എന്നു് ഭയന്നു് അതിർവരമ്പിൽ നിന്നു് സംസാരിക്കുന്ന ആൺകുട്ടിയും പെൺകുട്ടിയും ഇപ്പോഴും ദേവമാതായുടെ ദൃശ്യമായി തുടരുന്നുവോ എന്നെനിക്കറിയില്ല. ദേവമാതാ മാറിക്കാണും എന്നു ഞാൻ പ്രതീക്ഷിക്കട്ടെ.

അടുത്ത കാര്യം എഴുതുന്നതു് ലജ്ജയോടെയാണു്, പഠനത്തിൽ ഒട്ടുംതന്നെ ശ്രദ്ധിക്കാത്ത ഒരു കുട്ടിയായിരുന്നു ഞാൻ. എന്റെ ശ്രദ്ധ വേറെ എന്തിലോ ആയിരുന്നു. എന്തേ അങ്ങനെ പററിപ്പോയതു് എന്നു ചോദിച്ചാൽ തരാൻ ഒരു മറുപടി ഇല്ല.

പലപ്പോഴും അദ്ധ്യാപകരുടെ പ്ലാററ്ഫോമിലെ അംഗവിക്ഷേപങ്ങളും മുഖഭാവങ്ങളും ശബ്ദത്തിന്റെ താളവും ഞാൻ ശ്രദ്ധിച്ചിരിക്കുമായിരുന്നു. ഫിസിക്സ് ലാബിൽ ഞാൻ സ്പെക്ട്രോ മീററർ വെറുതെ തിരിച്ചു. sp. heat of liquid by cooling and heating ചെയ്യുമ്പോൾ എണ്ണപ്പാത്രവും ഈയഗുളികകളും നിലത്തു് ചിതറിപ്പോയി. കൂടുതൽ വിവരങ്ങൾ തോമസ് മാത്യു സാറിനും, മാണിസാറിനോ ഓർമ്മയുണ്ടാവും. മാത്സ് ഡിപ്പാർട്ട്മെന്റിൽ നിന്നോ? പിതൃതുല്യമായ സ്നേഹവാത്സല്യങ്ങളോടെ ക്ലാസ്സിലേക്കു കയറിവന്ന ജോർജ്ജുകുട്ടിസാർ, സെലസ്റ്റ്യൻ സാറിന്റെ ചിരി, പീററർ സാറിന്റെ കനത്ത ശബ്ദം, ഒന്നും മറക്കുന്നില്ല.

കോളജിന്റെ ലൈബ്രറിയും കാന്റീനും ലൈബ്രേറിയനും ലാബിലേക്കുള്ള ഇടനാഴികളും മുകളിലേക്കു കയറിപ്പോകുന്ന പടികളും, കോളജിനു മുമ്പിലുള്ള മരങ്ങളും അതെല്ലാം മനസ്സിന്റെ പച്ചയിൽ ചിരിച്ചു കിടപ്പുണ്ടു്.

ഇപ്പോൾ നിങ്ങളുടെ കാമ്പസ് എങ്ങനെയാണു്? ഞാൻ പുറമേ നിന്നു കാണുന്നേയുള്ളൂ. കാമ്പസിൽ ഹൃദയത്തിന്റെ തളിർപ്പുകളാണു്, ചെറുപ്പത്തിന്റെ ഭംഗികളാണു്. ഈ മനോഹാരിത ഒരു പക്ഷേ, പെണ്ണുകെട്ടി (ആണുകെട്ടി) വീടു് വച്ചു് ജീവിതമാവുമ്പോൾ കിട്ടിയെന്നു വരില്ല. പഠനത്തിനു പുറത്തെ അറിവുകൾക്കും സ്നേഹങ്ങൾക്കും ഹൃദയത്തിൽ പാതി കൊടുക്കുക. പുറത്തു് ഇതൊന്നും മനസ്സിലാവാത്ത, നന്മകളെ ചവിട്ടിത്തേയ്ക്കുന്ന ഒരു ലോകം കാത്തു നില്പുണ്ടെങ്കിലും.

---



ദേവമാതായുടെ അഭിമാനമായി മാറിയ പൂർവ്വ വിദ്യാർത്ഥികൾ

സിനിമാട്ടോഗ്രാഫിയിൽ സംസ്ഥാന അവാർഡ് നേടിയ സണ്ണി ജോസഫ്, അബുദാബി ശക്തി, കല ഇവയുടെ അവാർഡ് നേടിയ കവി ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം, പരസ്യകലയിലൂടെ പ്രശസ്തനായി തിരക്കഥാകൃത്തായി മാറിയ ഗായത്രി അശോക്, ഫോട്ടോഗ്രാഫിയിൽ അത്ഭുതങ്ങൾ രചിച്ചു് പുരസ്കാരങ്ങൾ വാരിക്കൂട്ടിയ 'മനോരമ'യിലെ വിക്ടർ ജോർജ്, നല്ല ബാലചലച്ചിത്രത്തിനു് ദേശീയ അവാർഡ് കിട്ടിയ ചിത്രത്തിന്റെ സംവിധായകൻ ഡെന്നീസ് ജോസഫ്...

ചിത്രം ചേർത്തിട്ടില്ലാത്ത പ്രശസ്തർ വീണ്ടുമുണ്ടു്. കഥാകൃത്തു് ഇന്ദുചൂഡൻ കിഴക്കേടം, ശില്പി ജീവൻ.... ആ പട്ടിക നീളുന്നു. കലാസാംസ്കാരികരംഗത്തു് ദേവമാതായുടെ യശസ്സുയർത്തിക്കൊണ്ടു്....

ഈ ജൂബിലി വർഷത്തിൽ ദേവമാതായുടെ മഹത്വമുയർത്താൻ നമുക്കും കൈകോർക്കാം....

# ഐക്കഫ്



പ്രസിഡന്റ്
ബിജു ജോസഫ്.



വനിതാ വിഭാഗം പ്രസിഡന്റ്
ബീനാ ജോസഫ്



ഐക്കഫ് ക്വയർ ടീം.



സെക്രട്ടറി
ഷിബു ജോസഫ്.



സെക്രട്ടറി
ഗീതാ ജോർജ് തോമസ്



ദേവമാതാ കോളേജ് ഐക്കഫ് യൂണിറ്റ് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച ക്യാമ്പ് ഉദ്ഘാടനം ചെയ്ത് ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ സംസാരിക്കുന്നു...




യൂണിറ്റിന്റെ ഈ വർഷത്തെ പരിപാടികൾ ഉദ്ഘാടനം ചെയ്ത് ഫാ. ജോർജ് സെബാസ്റ്റ്യൻ ജെ. സംസാരിക്കുന്നു...

## കോളജ് മാഗസിൻ ഫീച്ചർ യൂണിറ്റ്






ഷാന്റി പോൾ
വിൻ.പി.കുര്യാക്കോസ്



ബെന്നി കെ വി
സെക്രട്ടറി







സിബി ജോസഫ്.
സെക്രട്ടറി

എൻ എസ്. എസ്. എക്സിക്യൂട്ടീവ്.













മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച N.S.S. യൂണിറ്റിനുള്ള ട്രോഫി പ്രോ-വൈസ് ചാൻസലർ ജോസ് ടി. മാത്യുസാറിൽ നിന്ന് തോമസ് ദേവസ്യാച്ചൻ സാർ ഏറ്റുവാങ്ങുന്നു.....

യൂണിറ്റ് ഉദ്ഘാടനം ——.
ശ്രീ. അൽഫോൻസ് കണ്ണന്താനം. I.A.S.



എൻ.
എസ്.
എസ്.

ജൂനിയർ ലീഡേഴ്സ് —

സാജു സ്റ്റീഫൻ. സൂസിയ. കെ. ജോ-
(തെരുവുനാടകം കിംഗ്, കാഴ്ചകളെ വിള്ളൽ) (കോളജ് മാഗസിൻ സബ് എഡിറ്റർ)
വിനോദ്. കെ. ജോർജ്ജ് ലിസാറാണി

റോബി ജോസഫ്.



-ഉദ്ഘാടനപ്രസംഗം-.









ഓറിയന്റേഷൻ ക്ലാസ്.

പ്രൊഫ. സെബാസ്റ്റ്യൻ നരിവേലി

ക്യാമ്പ് ഉദ്ഘാടനം-

ശ്രീ. പി. വി. പോര
(പഞ്ചായത്ത് പ്രസിഡന്റ്)

ഫാദർ ആന്റണി വിരപ്പണത്ത്

വി. ടി. സെബാസ്റ്റ്യൻ

അനുഭവനേരത്തെ ലക്ഷ്യം
മുൻകണ്ടിരിക്കുക-
വിരിയുന്ന ഒരു
സ്വപ്നത്തിനെ ഊട്ടുക...
എൻ. എസ്. എസിന്റെ
ഒരുദിനം തിളങ്ങുന്ന
സേവന പദ്ധതിയിൽ
വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.









# കലാ മത്സര വിജയികൾ



അലക്സ് റ്റി. ജോസഫ്
ഇംഗ്ലീഷ് കഥ,
ഇംഗ്ലീഷ് പ്രസംഗം,
ഇംഗ്ലീഷ് ലേഖനം.




ജയ്മോൻ ജോൺ
നല്ല നടൻ



ശിവദാസൻ. പി.എൻ
കഥാപ്രസംഗം.



കൃഷ്ണകുമാർ. പി
ലളിതഗാനം
പദ്യോച്ചാരണം (മലയാളം)



പ്രവീൺ കുമാർ
ശാസ്ത്രീയസംഗീതം (പുരുഷ വിഭാഗം)
ഉപകരണസംഗീതം




സിന്ധു എം. ജോസ്
ശാസ്ത്രീയ സംഗീതം (വനിതാ വിഭാഗം)



ഷിബി ജോൺ ജോർജ്ജ്
പെയിന്റിംഗ്.



ഹരികൃഷ്ണൻ
ഉപകരണസംഗീതം



സണ്ണി. റ്റി. എ.
നാടോടിനൃത്തം (പുരുഷ വിഭാഗം)



പുഷ്പലത
നാടോടിനൃത്തം (വനിതാ വിഭാഗം)



അനിൽകുമാർ. വി.
പദ്യോച്ചാരണം (ഇംഗ്ലീഷ്)



അലക്സ് ജോസഫ്
ഇംഗ്ലീഷ് കവിത



റെജി മാത്യു
പ്രച്ഛന്നവേഷം



ജോസ് കെ. മാളിയേക്കൽ
ഹാസ്യനടൻ.



ശ്രീനാ ജോൺ
മോഹിനിയാട്ടം.



ഷേർളി. കെ.ജെ.
[illegible]



ഷീജ കുട്ടി തോമസ്
മിസ് ദേവമാതാ.

# ഉച്ചനീചത്വങ്ങൾ സരസ്വതീക്ഷേത്രങ്ങളിലുമോ?

'മനുഷ്യരെല്ലാരുമൊന്നു പോലെ'– എന്ന് കവിക്ക് ഏതൊരു നാടിനെപ്പററി പാടാൻ കഴിഞ്ഞോ, ആ കേരളത്തിൽ അസമത്വങ്ങൾ നിലനിന്നപ്പോഴും ഇന്നലെയുടെ മധുരസ്മരണകൾ സൂക്ഷിക്കുകയും ആ സ്വപ്നങ്ങൾക്ക് നാനാ വർണ്ണങ്ങളും, ഭാവങ്ങളും നല്കി സമത്വ സുന്ദരമായ ഭാവിയെ വിഭാവനചെയ്യുകയും, ചെയ്തിട്ടുള്ള ഒരു പാരമ്പര്യമാണുള്ളത്. ഇതിനോടുസമാനമായ ഒരു സഹിഷ്ണുതാ മനോഭാവം പുലർത്താൻ ഭാരതത്തിലുടനീളമുള്ള ജനസമൂഹങ്ങൾക്ക് ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിലെങ്കിലും സാധിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തവും, ശ്രീനാരായണഗുരുവിന്റെ "ഒരുജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു" എന്ന ചിന്താ ധാരയിലടങ്ങിയ ആദർശവും, ഭാരതത്തിന്റെ തനതായ സമ്പത്താണ്. ഇങ്ങനെയുള്ള മഹത്തായ പാരമ്പര്യങ്ങളും, ചിന്താഗതികളും, പുലർത്തിയിട്ടുള്ള ഒരു സമൂഹത്തിന്റെ പിന്തുടർച്ചക്കാരും, അതോടൊപ്പം ശോഭനമായ ഭാവിയുടെ വിധാതാക്കളാകേണ്ടവരുമാണല്ലോ, ഇന്നത്തെ കലാലയവിദ്യാർത്ഥികൾ. വർണ്ണവർഗ്ഗഭാഷാ വിദേശചിന്തകളും സാമ്പത്തിക പ്രശ്നങ്ങളും മററും കൊടുംപിരികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ രാഷ്ട്രത്തിന്റെ പ്രശ്നങ്ങളെപ്പററി ചിന്തിക്കുന്നതിനുമുമ്പ് ഒരു നിമിഷം നമുക്ക് നമ്മെപ്പററിത്തന്നെയൊന്ന് ചിന്തിക്കാം. 'ഉച്ചനീചത്വങ്ങൾ സരസ്വതീക്ഷേത്രങ്ങളിലുമോ?'

ഉച്ചഭക്ഷണ സമയത്ത് തന്റെ പൊതിച്ചോറുമായി അദ്ധ്യാപകന്റെ അടുത്തെത്തി, "മററുള്ളവർ എന്നെ ആട്ടിയോടിക്കുന്നു, ഞാൻ എന്തു ചെയ്യണം സാർ? എവിടെയിരുന്നാണു ഭക്ഷണം കഴിക്കുക?" എന്നു ചോദിച്ച മഹാനായ അംബേദ്ക്കറെയും, അദ്ദേഹം പ്രതിനിധീകരിച്ച സമൂഹത്തെയും നമുക്ക് ഒരു പഴങ്കഥയായി മാററിനിറുത്താം. ജാതിയിലെ പാതിത്യത്തിന്റെ പേരിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട്, ആഢ്യബ്രാഹ്മണനായ സമപ്രായക്കാരന്റെ സംസ്കൃത ഗ്രന്ഥങ്ങളിൽ, ഭയഭക്തിബഹുമാനങ്ങളോടെ നോക്കി അവനെ 'തമ്പ്രാ' എന്നു വിളിക്കുന്ന പുലയക്കിടാത്തനെയും നമുക്ക് ഇന്ന് കാണാനാവില്ല. പക്ഷേ മററുള്ളവർക്കുള്ള ചിലത് തനിക്ക് ഇല്ല എന്ന ധാരണയിൽ സഹപാഠികൾ മാററിനിറുത്തുമ്പോൾ ഒററപ്പെട്ട് മനസ്സിനേററ വേദനയും, സമൂഹത്തോട് വെറുപ്പുമായി കഴിയുന്ന വിദ്യാർത്ഥികളെ ഇന്നും നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും കാണാൻ സാധിക്കുന്നില്ലേ?

ഇത്തരം പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നത് പ്രധാനമായും മൂന്നു ഘടകങ്ങളാണ് 1) വർണ്ണവർഗ്ഗതലങ്ങളിലെ ഉച്ചനീചത്വങ്ങൾ 2) സാമ്പത്തികാസമത്വങ്ങൾ 3) കഴിവുകളിലെ അസമത്വങ്ങൾ

## വർണ്ണവർഗ്ഗ വ്യത്യാസങ്ങളും, സാമ്പത്തികാസമത്വങ്ങളും

ഇന്ത്യയിലേക്ക് ആര്യന്മാർ കടന്നുവന്ന് ചാതുർവർണ്ണ്യവ്യവസ്ഥ സൃഷ്ടിച്ച് മനുഷ്യനെ പല തട്ടുകളായി വിഭജിച്ചു. ഇങ്ങനെ വളർന്നു വന്ന ജാതിചിന്ത മനുഷ്യനെ ഉന്നതനും, അധ:മനുമാക്കിമാററിക്കൊണ്ട് ഭാരതത്തെയാകെ ഒരു ഭ്രാന്താലയമാക്കി. പല പ്രഗല്ഭരായ നേതാക്കന്മാരുടെയും ശ്രമഫലമായി ഇതിനെല്ലാം പല മാററങ്ങൾ വരുത്താൻ സ്വാതന്ത്ര്യഭാരതത്തിനു കഴിഞ്ഞു. എന്നാൽ ഈ പ്രശ്നങ്ങൾക്ക് സ്ഥായിയായ മാററം വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. കാരണം, മാററങ്ങൾ വരേണ്ടത് നിയമങ്ങൾക്കു മാത്രമല്ല; മറിച്ച് മനുഷ്യന്റെ ചിന്താഗതിക്കുമാണ്. ഇന്നും വർണ്ണവർഗ്ഗചിന്താഗതികൾ ഭാരതത്തിന് ഭീകരമായ പ്രശ്നങ്ങളാണ്.

അങ്ങേയററം സാമ്പത്തിക വൈരുദ്ധ്യങ്ങളുള്ള നാടാണ് നമ്മുടേത്. കോടികൾ വാരിക്കൂട്ടുന്ന കുത്തക മുതലാളിയും, അതിനുതാഴെ ഒരു വിഭാഗം ലക്ഷപ്രഭുക്കളും, സാധാരണക്കാരും, ഒരു നേരമുണ്ടെങ്കിൽ മറുനേരം ഭക്ഷണത്തിനു വകയില്ലാത്ത ദരിദ്രരുമടങ്ങിയതാണ് നമ്മുടെ രാജ്യം. ഈ സാമ്പത്തികവൈരുദ്ധ്യങ്ങൾ നമുക്ക് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഇവ കലാലയങ്ങളിലേക്ക് എങ്ങനെ കടന്നുവരുന്നു? എങ്ങനെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു?

## പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

'മതവും മാതൃഭാഷയും മാതാവിൽനിന്ന്' എന്നാണല്ലോ ചൊല്ല്. ഇവ മാത്രമല്ല: സ്വഭാവവും, ചിന്താഗതികളും രൂപപ്പെടുന്നതും കുടുംബങ്ങളിൽ നിന്നുമാണ്. കുടുംബങ്ങളിൽ നിന്ന് ബാലമനസ്സുകളിലേയ്ക്ക് ഉച്ചനീചചിന്താഗതികൾ കടന്നു വരുന്നു. സമ്പന്നരായ

ചില മാതാപിതാക്കൾ തങ്ങളുടെ ധനത്തിന്റെ ഗർവ്വ് മൂലം തങ്ങളുടെ കുട്ടികളെ 'സ്റ്റാറ്റസിൽ' താഴെ ഉള്ളവരുമായി സൗഹൃദ്ബന്ധം പുലർത്താൻ അനുവദിയ്ക്കാറില്ല. അങ്ങനെ ചെറുപ്പത്തിൽ തന്നെ സമപ്രായക്കാരിൽ പല 'തരക്കാരെ' കാണാൻ ആ കുട്ടി പഠിക്കുന്നു. ഇങ്ങനെയെല്ലാം കുടുംബങ്ങളിൽ നിന്ന് ഉളവാകുന്ന ഉച്ചനീചചിന്താഗതികൾ വിദ്യാലയങ്ങളിൽ സഹപാഠികൾക്കിടയിൽ ഊട്ടിഉറപ്പിക്കപ്പെടുന്നു. ഒരേ ക്ലാസിൽ ഒരേ ബഞ്ചിലിരുന്നുപഠിക്കുന്നവിദ്യാർത്ഥികൾ തന്നെ പല ഗ്രൂപ്പുകളായി തിരിയുന്നു. ഈ ഗ്രൂപ്പുകൾ തമ്മിൽ പ്രകടമായ വൈരുദ്ധ്യങ്ങൾ പുലർത്തുകയും അകന്നു നിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പല അവസരങ്ങളിലും സുഹൃത്തുക്കളെപ്പോലെ സംസാരിക്കാനോ, ഒരുമിച്ച് പ്രവർത്തിക്കാനോ അവർക്കു കഴിഞ്ഞു എന്നുവരില്ല. ജാതിയിലെ പാതിത്യം മൂലം ഇന്നും സവർണ്ണർ എന്ന് അഹങ്കരിക്കുന്നവർ മറ്റുള്ളവരുടെ കൂടെ നടക്കാൻ മടികാണിക്കുന്നു. അവർണ്ണനെ തങ്ങളുടേതായ സമൂഹത്തിൽ നിന്ന് മാറ്റിനിറുത്തുന്നു. സമ്പന്നർ പണം ഇഷ്ടംപോലെ ചെലവഴിക്കുമ്പോൾ അതുപോലെ പണം ധൂർത്തടിക്കാനില്ലാത്തവർ മാറ്റിനിറുത്തപ്പെടുന്നു. അവനു സഹപാഠികളുടെ ഇടയിൽ പല പേരുകൾ ഉണ്ടാകുന്നു. സാമ്പത്തികമായി പിന്നോക്ക വിഭാഗങ്ങളിലുള്ള കുട്ടികൾ കലാകായിക പഠനരംഗങ്ങളിലെല്ലാം തരംതാഴ്ത്തപ്പെടുന്നു. സുഖഭക്ഷണം കഴിച്ച് ക്ലാസ്സിലെത്തുന്നവനും, മുഴപ്പട്ടിണിക്കാരനും ഒരുമിച്ച് ആധുനിക ഗണിത ശാസ്ത്രത്തിലെ കുരുക്കുകൾ അഴിക്കാൻ ശ്രമിക്കുമ്പോൾ ഒരുവൻ പരാജയപ്പെട്ടാൽ അവൻ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മുമ്പിൽ രണ്ടാം തരക്കാരനാകുന്നു. കുബേരപുത്രർ പഠനത്തിൽ മുമ്പന്തിയിലല്ലെങ്കിൽ പോലും അവരെ സഹായിക്കാൻ 'ട്യൂഷനും', ഗൈഡു'കളുമുണ്ട് ക്ലാസ്സിൽ അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന വിലയേറിയ പാഠപുസ്തകങ്ങളും, ഉപകരണങ്ങളും വാങ്ങാൻ നിവൃത്തിയില്ലാതെ ക്ലാസിലെത്തുന്ന വിദ്യാർത്ഥിയുടെ സാമ്പത്തികബുദ്ധിമുട്ട് മനസിലാക്കാൻ പലപ്പോഴും അദ്ധ്യാപകനു കഴിയാറില്ല. പ്രത്യേകിച്ചും കലാലയങ്ങളിൽ പാഠപുസ്തകങ്ങളുടെ പണം ധൂർത്തടിച്ച് പുസ്തകം വാങ്ങാതെ ക്ലാസ്സിൽ വരുന്നവനോ, 'ചുമട്' ലഘൂകരിക്കാൻ സൗകര്യപൂർവ്വം പുസ്തകങ്ങളെ ഒഴിവാക്കുന്നവനോ ആയിട്ടായിരിക്കും, അവൻ ക്ലാസിൽ എണ്ണപ്പെടുക. കുട്ടികൾ അവനെ കുറ്റക്കാരനായി കാണുന്നു. മറ്റു കുട്ടികൾ വിലയേറിയ വസ്ത്രാഭരണാദികൾ മാറിമാറിയണിയുന്നതു കാണുമ്പോൾ തന്റെ ഇല്ലായ്മകളുടെ വല്ലായ്മ അവനെ വീണ്ടും ദുഃഖത്തിലാഴ്ത്തുന്നു. അവന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു അപകർഷതാബോധം ഉടലെടുക്കുന്നു.

### കഴിവുകളിലെ അസമത്വങ്ങൾ

പ്രകൃത്യാതന്നെ, ബുദ്ധിശക്തിയിലും, ഇതര കഴിവുകളിലുമുള്ള ഏറ്റക്കുറച്ചിലുകൾ സമൂഹത്തിൽ സാധാരണമാണ്. 'ബ്രൈറ്റ്' ആയ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകളിൽ മറ്റു കുട്ടികളുടെ ഇടയ്ക്കും പിന്നെ ഡിപ്പാർട്ടുമെന്റിലും മുൻഗണന ലഭിക്കുന്നു. എന്നാൽ അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും മുന്നിൽ 'ബ്രൈറ്റ്' ആകാൻ കഴിയാത്തവൻ എങ്ങും പരിഗണിക്കപ്പെടാതെ പോകുന്നു.

### നമുക്ക് എന്തു ചെയ്യാൻ കഴിയും?

പ്രാഥമികമായും ഈ വക ചിന്താഗതികൾ കുട്ടികളിൽ നിന്ന് മാറ്റിയെടുക്കേണ്ടത് കുടുംബങ്ങളിൽനിന്നുമാണ് കുട്ടികളെ ജാതിമതവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ തട്ടുകളായി തിരിക്കാൻ പഠിപ്പിക്കാതെ, ഒന്നായി ചിന്തിക്കാനും, മറ്റുള്ളവരോട് ഒരു സമഭാവന പുലർത്താനും, നമ്മുടെ മാതാപിതാക്കളും മുതിർന്നവരും കുട്ടികളെ പഠിപ്പിയ്ക്കട്ടെ. പിന്നീട് വിദ്യാലയങ്ങളിൽ, ഈ ഉച്ചനീചചിന്താഗതികൾ കുട്ടികളിലേയ്ക്കു കടന്നു വരാതിരിക്കാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം. നമ്മുടെ സ്കൂളുകളിലെ യൂണിഫോം സമ്പ്രദായം ഒരു പരിധിവരെ സാമ്പത്തികാസമത്വങ്ങൾ കുട്ടികളിൽനിന്നു മാറ്റിനിറുത്തുവാൻ സഹായിക്കുന്നതാണ്. കലാലയങ്ങളിൽ ഇത് പ്രായോഗികമല്ലെങ്കിലും തന്റെ സഹപാഠിയെ വേദനിപ്പിക്കാത്ത തരത്തിൽ വസ്ത്രാഭരണങ്ങൾ അണിയാനും, പണം ചെലവഴിക്കാനും, പ്രവർത്തിക്കാനും നമുക്കു കഴിയണം.

മിടുക്കരായ വിദ്യാർത്ഥികൾ മറ്റു കുട്ടികൾക്കു മുമ്പിൽ നിരന്തരം പ്രശംസിക്കപ്പെടുകയും, കഴിവുകുറഞ്ഞ വിദ്യാർത്ഥികളുടെ കഴിവുകേടുകൾ ക്ലാസിൽ ഉയർത്തിക്കാട്ടപ്പെടുകയും ചെയ്യുമ്പോൾ അവരുടെ അഭിമാനം വ്രണപ്പെടുന്നു. സമൂഹത്തിന്റെ മുന്നിൽ തന്റെ കഴിവുകേടുകൾ ഉയർത്തിക്കാട്ടപ്പെടുക ആർക്കും ദുസ്സഹമാണ്. സമർത്ഥരായ വിദ്യാർത്ഥികളോട് അദ്ധ്യാപകർക്ക് ഒരു പ്രതിപത്തി തോന്നുക സ്വാഭാവികമായിരിക്കാം. പക്ഷേ അത് മറ്റു വിദ്യാർത്ഥികളുടെ അഭിമാനത്തെ ഏതെങ്കിലും രീതിയിൽ വ്രണപ്പെടുത്തുന്ന വിധത്തിലായിരിക്കരുത്. അദ്ധ്യാപകന്റെ സഹായം ഏറ്റവുമേറെ ആവശ്യമുള്ളത് ഏതെങ്കിലും ബലഹീനതകൾ ഉള്ളവർക്കാണ്. ഏതെങ്കിലും തരത്തിലുള്ള ബലഹീനതകൾ ഉള്ള വിദ്യാർത്ഥികളിൽ, അദ്ധ്യാപകരുടെ സ്നേഹപൂർണ്ണമായ ഉപദേശനിർദ്ദേശങ്ങൾ വലിയ മാറ്റങ്ങൾ വരുത്തും. കാരണം വിദ്യാർത്ഥികളിൽ ഏറ്റവുമേറെ സ്വാധീനം ചെലുത്താൻ സാധിക്കുന്നവരാണ് അദ്ധ്യാപകർ പ്രതിഭാശാ

ലികൾക്ക് ഏറെ സഹായം നൽകിയില്ലെങ്കിലും. അവർക്ക് ക്ലാസിനു പുറത്ത് മററു പലതരത്തിലും പ്രോത്സാഹനവും സഹായവും കിട്ടാനുള്ള സാദ്ധ്യതകൾ ഏറെയുണ്ട് അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ ന്യൂനതകൾ ഉള്ളവർക്ക് അതിനനുഗുണമായ വിധത്തിൽ സഹായവും, പ്രോത്സാഹനവും നൽകണം. പ്രതിഭാശാലികളായി സമൂഹത്തിൽനിന്നും അദ്ധ്യാപകരിൽ നിന്നും, പ്രശംസയും, അംഗീകാരവും ലഭിക്കുന്നവർ അതിൽ അഹങ്കരിച്ച് മററുള്ളവരിൽ നിന്ന് മാറി നിൽക്കാതെ മററുകുട്ടികളുടെ ഇടയിലേയ്ക്കിറങ്ങിച്ചെന്ന്, ഏററവും വിനീതമായി പ്രവർത്തിയ്ക്കാനും അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കാനും പരിശീലിയ്ക്കണം. സമർത്ഥരായ വിദ്യാർത്ഥികളെ പ്രശംസിക്കുന്നതിനോട് 'നെഗററീവായ' ഒരു മനോഭാവം പുലർത്താതെ മററുള്ളവരോടൊപ്പം അവരെ അംഗീകരിക്കാനും, പ്രശംസിക്കാനും എല്ലാം കുട്ടികളും തയ്യാറാകണം. അങ്ങനെ മാതാപിതാക്കളും മുതിർന്ന തലമുറയും അദ്ധ്യാപകരും, എല്ലാം വിഭാഗക്കാരായ വിദ്യാർത്ഥികളും തങ്ങളുടെ മനോഭാവങ്ങളിൽ [illegible]മായ മാററങ്ങൾ വരുത്തുമ്പോൾ കലാലയങ്ങളിലെ ഉച്ചനീചത്വങ്ങൾ പരിഹരിക്കാൻ സാധിക്കും.

□

ടീസാ മേരി പി. ജെ.

രണ്ടാം വർഷ ഊർജതന്ത്രം



## ഭ്രാന്തൻ

എന്തോ ശബ്ദംകേട്ട് ഹരി ഞെട്ടിത്തിരിഞ്ഞ് നോക്കിയപ്പോൾ കണ്ടത് പാറിപ്പറന്ന മുടിയും കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ച്, ആകപ്പാടെ ഒരു ഭ്രാന്തന്റെ മാതിരിയുള്ള രൂപത്തെയാണ്. ഇന്നലെയും കളികഴിഞ്ഞുപോന്ന തന്നെ ഇയാൾ പിന്തുടർന്നിരുന്നു. ഇയാളെ ഇതിനു മുൻപു കണ്ടിട്ടുള്ളതായി ഓർക്കുന്നുമില്ല. "മോനേ! അനിക്കുട്ടാ!" എന്ന വിളിയോടെയുള്ള അയാളുടെ തറപ്പിച്ച നോട്ടം താങ്ങാനാവാതെ ഹരി മിഴികൾ പിൻവലിച്ചു. അയാളെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് അവൻ നടന്നു.

വീട്ടിലെത്തി തോർത്ത് പിഴിഞ്ഞ് അയയിൽ തൂക്കി ഹരി തന്റെ മുറിയിലെത്തി. തനിക്കേററവും ഇഷ്ടമുള്ള ചുവന്ന കൈലിമുണ്ടും ഇളം പച്ചകളറുള്ള ഷർട്ടുമെടുത്ത് ധരിച്ചു. മേശപ്പുറത്തു ചിതറിക്കിടന്ന പുസ്തകമടുക്കിവയ്ക്കുമ്പോഴൊക്കെ ആ ഭ്രാന്തന്റെ മുഖം അവന്റെ മനസ്സിലേക്ക് തെളിഞ്ഞുവന്നു, ഒപ്പം 'മോനേ, അനിക്കുട്ടാ' എന്ന വിളിയും. അനിയേതാണാവോ? അങ്ങനെ പേരുള്ള ഒരു വ്യക്തി തന്റെ കൂടെ പഠിച്ചതായി പോലും ഓർക്കുന്നില്ല. "മോനേ! കുട്ടിയ്യേ, നീ കളിച്ചിട്ട് വന്നോ?" മുത്തശ്ശിയുടെ അന്വേഷണംകേട്ട് അവൻ തലയുയർത്തി. "ഇപ്പം വന്നതേയുള്ളൂ മുത്തശ്ശി. ഇന്നു ഞാൻ കളികഴിഞ്ഞ് പോരുമ്പോൾ നമ്മുടെ സർപ്പക്കാടിനടുത്തു വെച്ച് ഒരുത്തനെ കണ്ടു വേഷവും, ഭാവവുമൊക്കെ കണ്ടിട്ട് ഒരു ഭ്രാന്തന്റെ മാതിരിയുണ്ട്. അയാളെന്നെ അനിക്കുട്ടാ' എന്നു് വിളിച്ചു. "ങ്ഹേ, അവിടെവെച്ചാണ് കഴിഞ്ഞകൊല്ലം രാമുണ്ണിനായർ മരിച്ചതു് അയാളുടെ പ്രേതത്തെയാവും ഹരിക്കുട്ടൻ കണ്ടതു്."

മുത്തശ്ശിയുടെ മറുപടികേട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് ഹരി പറഞ്ഞു.

"ഭൂതവും, പ്രേതവുമൊന്നുമില്ല മുത്തശ്ശീ."

മുത്തശ്ശി ശിവ, ശിവ എന്നു ജപിക്കുക മാത്രം ചെയ്തു.

വാകമരച്ചുവട്ടിലിരുന്ന സൈക്കിൾ ഉന്തിക്കൊണ്ട് ഹരി ഗെയിററ് കടന്നു. ഇന്ന് നല്ലൊരു ദിവസമായിരുന്നു. രാവിലെ കണ്ട ആ മനുഷ്യൻ തന്റെ സ്വൈര്യം കെടുത്തി. എന്തൊക്കെയായാലും അയാൾ ഏതെന്നറിയുവാനുള്ള മോഹം അയാളിൽ അങ്കുരിച്ചു. അയ്യോ, ആ ഭ്രാന്തൻ വീണ്ടും വരുന്നുണ്ടല്ലോ? ഹരിയെ കണ്ട അയാൾ അതിവേഗം നടന്ന് അടുത്തെത്തി അവന്റെ മുഖത്തേക്കു് ഉററുനോക്കിക്കൊണ്ട് ദയനീയമായി ചോദിച്ചു.

"മോനേ, അനിക്കുട്ടാ; നിനക്കെന്നെ മനസ്സിലായില്ലേ?"

"അമ്മാവനെ എവിടെയോവെച്ചു കണ്ടതായി ഓർമ്മിക്കുന്നുണ്ട്" ധൈര്യം സംഭരിച്ച് ഹരി പറഞ്ഞു. "എന്താ മോനേ അമ്മാവനെന്നാണോ എന്നെ വിളിക്കുന്നതു്. ഞാൻ നിന്റെ അച്ഛനല്ലേടാ, ഞാൻ നിന്നെ എവിടെയൊക്കെ തിരക്കി എന്നറിയാമോ?"

ഹരി ഒന്നും മിണ്ടാനാവാതെ അയാളെ നോക്കിനിന്നു. പിന്നീട് സൈക്കിളിൽ കയറി അയാളെ മറികടന്നുപോയി. അച്ഛനെന്നു വിളിക്കണമെത്രേ, അയാളുടെ തലയ്ക്കു നല്ല സുഖം കാണില്ല. എന്തിന് എന്നെ അയാൾ ബുദ്ധിമുട്ടിക്കുന്നുവെന്നാണ് മനസ്സിലാകാത്തതു്. ഓ, [പവിത്രന്റെ പലവ്യഞ്ജന കട അടുത്തല്ലോ? മനസ്സിനെ മഥിച്ച നശിച്ച ചിന്തകാരണം ഒന്നും ശ്രദ്ധിക്കുവാൻ പററിയില്ല. അയാൾ സൈക്കിൾ സ്റ്റാൻറിൽ നിറുത്തി പവിത്രനെ അന്വേഷിച്ചു. തെല്ലകലെ പത്രം വായിച്ചുകൊണ്ടുനിന്ന പവിത്രൻ അവന്റെ അടുത്തെത്തി തോളിൽ തട്ടിചോദിച്ചു.

"എടാ, നീയങ്ങു തടിച്ചുപോയല്ലോടാ? എന്നാ ഇനി തിരിയെ പോകുന്നത്?"

"രണ്ടാഴ്ച കഴിഞ്ഞ്, നിന്റെ ബിസിനസ്സൊക്കെ നന്നായി നടക്കുന്നുണ്ട് അല്ലേ?"

"ആ തരക്കേടില്ല."

പെട്ടെന്ന് ആ ഭ്രാന്തൻ അവിടേക്ക വന്നു, ഹരി കടയുടെ ഒരരികിലേക്ക് അയാൾ കാണാത്തവിധത്തിൽ മറഞ്ഞുനിന്നു. ഭ്രാന്തൻ പവിത്രന്റെ അടുത്തെത്തി അവനെ കുറെ നിമിഷം നോക്കിനിന്നിട്ട് തിരക്കി.

"എന്റെ അനിക്കുട്ടനെ കണ്ടോ? അവനിങ്ങോട്ടു പോരുന്നതു് കണ്ടല്ലോ?"

"അനിക്കുട്ടനോ? അങ്ങനെയാരും ഇങ്ങോട്ട് വന്നില്ല. നിങ്ങൾക്ക് തോന്നിയതാവും."

"എന്റെ അനിക്കുട്ടൻ നേരെ ആയിരിക്കും പോയതു് ഞാൻ പോട്ടേ?"

അയാൾ കണ്ണിൽ നിന്നും മറഞ്ഞതിനുശേഷമാണ് ഹരിക്ക് ശ്വാസം നേരെ വീണതു്. പവിത്രൻ ഹരിയെ വലിച്ച് മാററിനിറുത്തിക്കൊണ്ട് ചോദിച്ചു.

"എന്താടാ, ഇതിന്റെയൊക്കെയർത്ഥം?"

വിഷണ്ണനായി ഹരി പറഞ്ഞു.

"എനിക്കറിയില്ല, അയാളെന്നെ അനിക്കുട്ടാ എന്ന് വിളിച്ചുകൊണ്ട് പിന്തുടരുകയാണ്."

അല്പനേരത്തെ മൗനത്തിനുശേഷം ഹരി പറഞ്ഞു.

"അയാളുടെ വീട് പട്ടണത്തിലെവിടെയോ ആണ്. അയാളുടെ കുടുംബത്തിന്റെ നാശമാണ് അയാളെ ഈ രീതിയിൽ ആക്കി തീർത്തതു്. അയാൾ ഏതോ ഓഫീസിലെ വലിയ ഉദ്യോഗസ്ഥനായിരുന്നു. മൂന്നുമക്കളും ഭാര്യയുമടങ്ങുന്ന സന്തോഷകരമായ ജീവിതമായിരുന്നു അവരുടേത്. മൂത്തമകൾ വിവാഹിതയായയെങ്കിലും, അവരെ ഭർത്താവുപേക്ഷിച്ചു. ഒരു മകനുള്ളതു് വിദേശത്തെവിടെയോ ആയിരുന്നു. ഒടുവിൽ അവന്റെ മരണവാർത്തയാണ് അറിയാൻ കഴിഞ്ഞതു്. മകന്റെ ജഡംപോലും കാണാൻ അയാൾക്ക സാധിച്ചില്ല. അടിക്കടിയുണ്ടായ ദുരന്തങ്ങൾ ഇയാളെ ഒരു മാനസികരോഗിയാക്കി മാററി. എന്റെ ഊഹം അയാളുടെ മരിച്ചുപോയ മകന്റെ പേരു് അനിക്കുട്ടൻ എന്നാണെന്നാണ്. അവന്റെ മുഖഛായ നിനക്കുണ്ടായിരിക്കും."

പവിത്രൻ പറഞ്ഞു നിറുത്തിക്കൊണ്ട് ഹരിയെ നോക്കി. അപ്പോൾവരെ ആ ഭ്രാന്തനോട് തോന്നിയ വെറുപ്പ് അയാളിൽ അലിഞ്ഞലിഞ്ഞില്ലാതായി.

കുറച്ചുസമയത്തിനുശേഷം ഭ്രാന്തൻ തിരികെ വന്നു അയാൾ ഹരിയോട് സ്നേഹത്തോടെ തിരക്കി.

"മോനിത്രയും നേരം എവിടെ ആയിരുന്നു? ഞാൻ എവിടെയൊക്കെ അന്വേഷിച്ചെന്നോ? വാ നമുക്ക് വീട്ടിൽ പോകേണ്ടേ?"

പവിത്രൻ തെല്ലു സമയം കഴിഞ്ഞു പറഞ്ഞു.

"ഇതു് നിങ്ങളുടെ അനിമോനല്ലാ. പുവമത്തു് തറവാട്ടിലെ ഹരിയാ"

"നിന്നോട് തിരക്കിയോ? നീ പോടാ, മോൻ എന്റെ അനിക്കുട്ടനല്ലേടാ?"

അയാളോടുള്ള സഹതാപം നിമിത്തം ഹരി പതിയെ പറഞ്ഞു.

"ഞാൻ അനിമോൻ തന്നെയാ, നാളെ നമുക്ക രണ്ടാൾക്കുംകൂടി വീട്ടിലോട്ട് പോവാം. ഇപ്പോൾ ഏതായാലും അച്ഛൻ പൊയ്ക്കോ.

സമ്മതഭാവത്തിൽ തല കുലുക്കിക്കൊണ്ട് ഭ്രാന്തൻ തിരികെപോയി.

ഹരി ഉടൻ വീട്ടിലേക്ക മടങ്ങി. പോവാനുള്ള ഒരുക്കംകൂട്ടി. വീട്ടുകാരുടെ ചോദ്യങ്ങൾക്കൊന്നും അയാൾ മറുപടി പറഞ്ഞില്ല.

ആരോടും ഒന്നും മിണ്ടാതെ ഹരി ഇറങ്ങി നടന്നു. ആ വഴിവന്ന ആട്ടോറിക്ഷ കൈകാട്ടി നിറുത്തി. അതിൽ കടന്നിരുന്നാശ്വസിച്ചു രക്ഷപ്പെട്ടെന്ന വിശ്വാസത്തോടെ. □

സിന്ധു പി. കെ.
രണ്ടാം വർഷ പ്രീഡിഗ്രി.

# കുരുക്ക്



നഗരത്തിലെ പ്രസിദ്ധമായ ഒരു ഹോട്ടലിന്റെ പിറകിലുള്ള ഈ കുടുസ്സുമുറിയിൽ താൻ താമസിക്കാൻ തുടങ്ങിയിട്ട് ഏകദേശം ഏഴെട്ട് ദിവസമായി കാണുമെന്ന് യുവാവ് വേദനയോടു കൂടി ഓർത്തു. ജീവിതത്തിന്റെ ആദ്യപടിയിലേക്ക് കാലെടുത്തു വയ്ക്കുന്നതിന് മുൻപു തന്നെ മണിപ്പേഴ്സിന് കനമുണ്ടെങ്കിൽ മാത്രം ഒരു പടിയിൽ ചവിട്ടിയ്ക്കും എന്ന് സാലഭഞ്ജികകൾ ഉത്തരവിട്ടുകഴിഞ്ഞിരുന്നു. ഈ നൂറ്റാണ്ടിലെ തന്റെ മുത്തച്ഛന്മാർ ആദ്യപടിയിൽ തന്നെ ഇട്ടു പൂജിച്ചത് പുഷ്പമാണെങ്കിലും അടുത്ത നൂറ്റാണ്ടിലേക്ക് കാലെടുക്കുന്ന നാളത്തെ മുത്തച്ഛന്മാർ വെറും വിക്രമാദിത്യരാകത്തില്ലോ! ജീവിതത്തിന്റെ ചവിട്ടുപടികൾക്ക് കാവൽ നിൽക്കുന്ന, പുതിയ തലമുറയെ പ്രതിനിധാനം ചെയ്യുന്ന ഇന്നത്തെ സാലഭഞ്ജികകൾ ആഗ്രഹിക്കുന്നതും പണം തന്നെ. അതിനാൽ ഉന്നതസ്ഥാനങ്ങളും ബഹുമതികളും നേടാൻ ഇന്നു താനും തൊഴിലന്വേഷിച്ചു നടക്കുന്നു. വിദ്യാഭ്യാസം ഉണ്ടെങ്കിലും വിവരം ഉണ്ടോ എന്ന് ഇതുവരെ മനസ്സിലായിട്ടില്ല.

തന്റെ കൂടെ, ആരെയുംകാട്ടി ഭയപ്പെടുത്താനല്ലെങ്കിലും, ഒരു കയറും അതിന്റെ അറ്റത്തൊരു കുരുക്കും കരുതിയിട്ടുണ്ട് [ആരും ആരെയും ഭയപ്പെടുത്താൻ ശ്രമിക്കുകയും വേണ്ട വെറുതെയാണ്] യുവാവിന്റെ ചിന്തകളെ കീറിമുറിച്ചുകൊണ്ട് അടുത്ത വാടക വീട്ടിൽ നിന്നും ഒരു ശബ്ദം. ഓ അവിടത്തെ പച്ചപരിഷ്കാരി തരുണികൾ ചെയ്യുന്ന കോമാളിത്തരങ്ങൾ ഭാരതീയ സ്ത്രീ സങ്കല്പത്തിന്റെ പ്രതീകമായി വർത്തിക്കുന്ന അമ്മായിഅമ്മയ്ക്ക് സഹിക്കുന്നില്ലയെന്ന് മനസ്സിലാക്കുവാൻ യുവാവിന് സാധിച്ചിട്ട് ഇന്ന് അഞ്ചാറു ദിവസമായി

രണ്ടിനും പ്രത്യേകിച്ച് ജോലിയൊന്നുമില്ല. തനിക്കും അതുപോലെതന്നെ. അപ്പോൾ പിന്നെ ഇതൊക്കെ കാണുകയും ആസ്വദിക്കുകയും ചെയ്യാമല്ലോ. പക്ഷെ ഒരു സംഭവം നടന്നു. ആ പാവം കുലീനയായ വൃദ്ധസ്ത്രീയെ ആ പരിഷ്കാരത്തികളും പറഞ്ഞു തെറ്റിദ്ധരിപ്പിച്ച് ഒരു വൃദ്ധമന്ദിരത്തിൽകൊണ്ടുചെന്നാക്കി ഇതു ഹോട്ടൽ മാനേജരുടെ വഴിയാണ്.

യുവാവ് അറിഞ്ഞതു് ഓ. ഇന്നെങ്കിലും ജോലിയെപ്പറ്റി നേരം വണ്ണം ചിന്തിക്കാം. എന്നു കരുതി ജനലിന്റെ അരുകിൽ പോയിരുന്നപ്പോൾ ആയിരുന്നു, അയാളാകാഴ്ചകണ്ടതു് ആ വൃദ്ധ വരുന്നു. അവർ ആ വീട്ടിലേക്ക് വരികയാണ്. അവരുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. പെട്ടെന്ന് ആ യുവാവ് വൃദ്ധയുടെ നേരെ നടന്നു. പിന്നെ എന്തോ കേൾക്കാൻ കാതോർത്തു നിന്നു. എന്റെ 'മക്കളെ അവരു് അങ്ങു് ദൂരെയുള്ള പട്ടണത്തിൽ, അവരുടെ ഉണ്ണിയെ, എന്റെ പേരക്കുട്ടിയെ കാണുവാൻ പോയിരിക്കുകയാ'' വരുവാൻ രണ്ടാഴ്ചയെങ്കിലും പിടിക്കും. അതുകൊണ്ടു് അവരെന്നെ ഒരു വീട്ടിൽ ഏല്പിച്ചിട്ടുപോയി, ഞാൻതന്നെ ഇവിടെ കിടന്നാൽ എനിക്കു സഹായത്തിനാരാ എന്നോർത്തു് വിഷമിച്ചാ അവരങ്ങനെ ചെയ്തതു്. ''എത്രനല്ല പിള്ളേരു്''. സ്നേഹാധിക്യം കൊണ്ടു് കണ്ഠം വലിഞ്ഞു മുറുകി ശബ്ദം ഇടറിയപ്പോൾ വൃദ്ധയുടെ തോളിൽ തട്ടി ആശ്വസിപ്പിച്ചിട്ട് യുവാവ് തിരിഞ്ഞു നടന്നു.

വീണ്ടും നോക്കിയപ്പോൾ വീടിനകത്തുനിന്നും ഉയർന്ന പൊട്ടിച്ചിരികൾ കേട്ട വൃദ്ധ, തന്റെ കണ്ണുനീർ തുടയ്ക്കുന്നതാണയാൾ കണ്ടതു്, ഒരു പക്ഷേ അതു് സന്തോഷത്തിന്റേതായിരിക്കാം. പിന്നെ വിള്ളലുകൾ വീണതാണെങ്കിലും ഇടറാത്ത കാൽവെയ്പോടെ തെരുവിലേക്കിറങ്ങി. എച്ചിലിലകൾ പെറുക്കി ശുചിയാക്കിയിട്ട് അധ്വാനത്തിന്റെ പ്രതിഫലത്തിനുവേണ്ടി ആ സ്ത്രീ ഹോട്ടലിന്റെ പിറകിൽ കൈ നീട്ടി നിന്നു. അത്ര പഠിപ്പില്ലാഞ്ഞിട്ടും വിവരമുള്ള സ്ത്രീ. തനിക്ക് വിവരമില്ലായെന്നു് അയാൾക്ക് ആദ്യമായി മനസ്സിലായി.

അതാ പട്ടികൾ—കറ പട്ടികൾ. ആ ഇലകൾ വീണ്ടും വലിച്ചു നിരത്തുന്നു. അവർക്ക് വീണ്ടും പണി വരുമല്ലോഎന്ന ധർമ്മ സങ്കടത്തിന്റെ പുറത്തു് യുവാവിനു് വിവരമുണ്ടായി· കൊല്ലണം പട്ടിയെ കൊല്ലണം. ജോലിയും ശമ്പളവും കിട്ടുമെന്നുറപ്പ്. അല്ലെങ്കിൽ തന്നെ അഭിമാനക്കുറവു് കാണുവാൻ സാധിക്കുന്നില്ല. കാരണം, ഉന്നതൻമാരെല്ലാം ഒരു കാലത്ത് വോട്ടെന്ന എച്ചിൽ കഷണത്തിനുവേണ്ടി പിടിവലികൂടിയ വെറും നായ്ക്കളായിരുന്നവരല്ലോ. അങ്ങനെ നായ്ക്കളെ പിടിക്കുന്ന തനിക്ക് ജോലിയിൽ അവരുടെ സെക്രട്ടറി എങ്കിലും ആയാം എന്ന വ്യാമോഹത്തിൽ ഒരു വിവരമുള്ളവന്റെ അഹംഭാവത്തോടെ നേരത്തെ തയ്യാറാക്കി വച്ചിരുന്ന കയറിന്റെ അറ്റത്തെ കുരുക്ക് ചെറുതാക്കി, തൊഴിൽ ആയി എന്ന ഭാവത്തിൽ നടന്നുചെന്ന യുവാവു കണ്ടതു് ഒരുപറ്റം യുവാക്കളായ പട്ടിപിടുത്തക്കാരെയാണ്. വൃദ്ധയോടുള്ള ദയ കൊണ്ടല്ല അവരിതു് ചെയ്യുന്നതു്. വോട്ടുപിടുത്തം പോലെ തന്നെ വളരെ മഹത്തരമായ ഒന്നാണ് പട്ടിപിടുത്തവും. എന്നു മനസ്സിലാക്കിയ യുവാവിനു് തനിക്കു് വിവരമില്ലെന്നു് രണ്ടാമതൊരിക്കൽ കൂടി മനസ്സിലായി. തത്ഫലമായി മന്ദയുവാവ് കൈയിലെ കയറിന്റെ അറ്റത്തെ കുരുക്ക് തന്റെ കഴുത്തിനൊപ്പം പാകമാക്കി വച്ചിട്ട് തിരിച്ചു നടന്നു.

00


സിന്ധു കുമാരി ഇ. വി.
ഒന്നാം വർഷ മലയാളം



സ്വാദിന്റെ രാജ്ഞി

**ഡെയ്സി കറി പൗഡർ**

ഡെയ്സി കറി പൗഡർ ഇൻഡസ്ട്രീസ്
കാപ്പുന്തല പി. ഒ.
വിളയം കോട്.

# THE IDEAL SYSTEM OF EDUCATION



Education decides the destiny of a nation. Moulding and developing young minds on ideal lines is the greatest goal of education. Education should help social progress. It is very unfortunate that our country, once the brain of the world, has now lagged in education and mental culture. To achieve our goals, the education system should be made ideal, because the world of tomorrow will be born from the schools of today.

An ideal system for us should be scientific and Indian based. Lord Macaulay once said with pride, "If the Indians are taught through the medium of English, a day will come when they will have only the colour of the Indians, but in their culture, dress and food they will be English." Has not the same thing happened to us? Every subject beyond the primary stage is mostly taught through English.

In an ideal system of education moral and spiritual aspects of an individual's personally should be developed. Modern educational systems ignore the moral and spiritual aspects of life. India's basis and roots are in religion; Yet we do not allow religious education in our schools and colleges. The result is that the religious spirit is diminishing. Religions should be part of an ideal education.

In an ideal system of education there should be agreement between education and the needs of life. In the modern system of education, things are loaded on the minds of the students which they cannot digest. Universities should not be only factories to award degrees or deplomas to the students. A student's abilities should not be judged by the results in the examinations, which are more of a gamble or speculation.

In an ideal system of education the teachers should be more disciplined so that they may be strict about the stand and of conduct and behaviour of the students.

'A sound mind is possible only in a sound body.' In the modern system of education students are weak not only intellectually but also physically. Thus the prosperity of a country also is very important for the students.

In an ideal system of education students should also be given a sense of purpose in life. They should not be allowed to suffer. So an ideal system of education is that which can produce honest citizens and efficient workers and which may be able to divert the enthusiasm of youth in the best way.

SHERLY J.
III D. C. ENGLISH

# സാഹിത്യ സൃഷ്ടി

അതു് അയാളുടെ ഉത്കടമായ അഭിലാഷമായിരുന്നു. ഉത്കൃഷ്ടമായ ഒരു സാഹിത്യസൃഷ്ടി! അതിനു ശേഷം പ്രാപഞ്ചിക ബന്ധങ്ങളുടെ നീരാളിപ്പിടുത്തങ്ങളിൽ നിന്നുള്ള മോചനം!!

ഏതോ ഒരു നട്ടുച്ചയ്ക്ക്....
ഏതോ ഒരു കുന്നിൻനെറുകയിൽ....
കുറ്റിക്കാട്ടുകൾക്കിടയിൽ,

കത്തിജ്വലിച്ചുകൊണ്ടിരുന്ന സൂര്യനെ കണ്ണുചിമ്മാതെ നോക്കിക്കൊണ്ട്, രക്തം തുടിക്കുന്ന കൊഴുത്ത കൈത്തണ്ട തലയിണയാക്കി മലർന്നുകിടന്നപ്പോൾ ആശയം അയാളുടെ മറയില്ലാത്ത മാറിടത്തിന്റെ മറവിൽ തുറന്നുകിടന്നിരുന്ന അഗാധമായ ഹൃദയകയത്തിലേക്ക് പതിച്ചു. തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ഹൃദയകയത്തിലെ ലാവാതുല്യമായ താപമേറ്റ് അയാളുടെ ആശയം തിളച്ചുമറിഞ്ഞു.

കൊത്തിയെടുത്ത വിഗ്രഹത്തിലേക്ക് മന്ത്രോച്ചാരണങ്ങളാൽ ശക്തിയാവാഹിക്കുന്ന പൂജാരിയെപ്പോലെ ശൂന്യമായ വെളുത്ത കടലാസ്സിലേക്ക് തന്റെ ആശയത്തെ ഒരു ലാവാപ്രവാഹം പോലെ തുറന്നുവിട്ട്, ആ ശൂന്യമായ കടലാസ്സിനെ ഒരു മഹത്തായ ഇതിഹാസത്തിന്റെ സ്മാരകമാക്കാൻ അയാൾ തൂലിക കൈയിലെടുത്തു....

എവിടെ തുടങ്ങണം........? ഒരു ചോദ്യചിഹ്നം അറ്റം വളഞ്ഞ വാളുപോലെ അയാളുടെ മുന്നിൽ വളർന്നുകൊണ്ടിരുന്നു....

ഉത്കൃഷ്ടമാകാൻ പോകുന്ന തന്റെ സാഹിത്യസൃഷ്ടിയുടെ ആദ്യവാചകം തേടി അയാൾ അലഞ്ഞു...

അഗാധമായ ഹൃദയകയത്തിലെ വൻചുഴികൾ പുറത്തേക്കു തുപ്പിയ ഓരോ വാചകവും അയാൾ പഠിച്ചു. ഓരോന്നിന്റെയും കുറ്റങ്ങളും കുറവുകളും അയാൾ കണ്ടുപിടിച്ചു. തനിക്കു സംതൃപ്തിയേകാത്ത അവയെ ഓരോന്നായി ഉത്ഭവസ്ഥാനത്തേക്കു തന്നെ അയാൾ തള്ളി....

ഉത്കൃഷ്ടമാകാൻ പോകുന്ന തന്റെ സാഹിത്യസൃഷ്ടിയുടെ ആദ്യവാചകം തേടി അയാൾ അലഞ്ഞു....

ഭാരതകലയുടെ ഉദാത്തമായ സംസ്കാരം ഉയർത്തിപ്പിടിക്കുന്ന ഹിമാലയ ശൃംഗങ്ങളുടെ ഉയരങ്ങളിലേക്ക് അയാൾ അള്ളിപ്പിടിച്ചുകയറി.

പാശ്ചാത്യകലയുടെ അധമസംസ്കാരത്തെ വരിപ്പുണരുന്ന കോവളത്തെ മദമിളകിയ തിരമാലകൾക്കൊപ്പം നീലനിറമാർന്ന സാഗരത്തിന്റെ അഗാധതകളിലേക്ക് അയാൾ ഊളിയിട്ടിറങ്ങി. പക്ഷേ....

ഉത്കൃഷ്ടമാകാൻ പോകുന്ന തന്റെ സാഹിത്യസൃഷ്ടിയുടെ ആദ്യവാചകം തേടി അയാൾ അലഞ്ഞു....

സ്വച്ഛന്ദസുന്ദരമായ കൊച്ചുഗ്രാമങ്ങളിലെ, കൊങ്ങിണിയും മുക്കുറ്റിയും പൂത്താലവുമേന്തി വരവേല്ക്കുന്ന, പൂവപ്പു പരവതാനി വിരിച്ച മൺപാതകളിലും, കുയിലും കുരുവിയും സ്വാഗതഗീതമാലപിക്കുന്ന തെങ്ങുംതോപ്പുകളിലും വയലേലകളിലും, പ്രമോദവുമായി തേരിലേറി പ്രദോഷം സമ്മാനിച്ച് മങ്ങിപ്പോകുന്ന പടിഞ്ഞാറേ ചക്രവാളത്തിലെ സിന്ദൂരപ്പൊട്ടിന്റെ സൗന്ദര്യം നുകരുവാൻ കണ്ണുകൾ തുറന്ന് അയാൾ മന്ദം നടന്നു.

കോലാഹലമയമായ വൻപട്ടണങ്ങളിലെ വൻകെട്ടിടങ്ങളാൽ "അവന്യ" തീർത്ത്, ശീഘ്രം പായുന്ന ശകടങ്ങളുടെ നിറുത്താത്ത ഹോണടികളാൽ കുരവയിട്ട് സ്വീകരിക്കുന്ന, ടാറിട്ട് പൊളിഞ്ഞ 'രാജവീഥി'കളിലൂടെയും, പാശ്ചാത്യസംഗീതത്തിന്റെ മാറ്റൊലിക്കൊള്ളുന്ന മേളങ്ങളുടെ സൗന്ദര്യത്തിൽ മതിമറന്ന്, മദ്യവും മയക്കമരുന്നും മദിരാക്ഷിയുമായി സല്ലപിക്കുന്ന പട്ടണവാസികളുടെ ഇടയിലൂടെയും, മിന്നിത്തെളിയുന്ന വർണ്ണബൾബുകൾക്കിടയിൽ, മുടിയഴിച്ചിട്ടുറയുന്ന വെളിച്ചപ്പാടുകളെ പോലെ നൃത്തം വയ്ക്കുന്ന കാബറെ നർത്തകിമാരുടെ വൈകൃതം മുറ്റിയ ചുവടുവയ്പുകൾ കാണാനാവാതെ കണ്ണുകളിറുക്കിയടച്ചുകൊണ്ട് അയാൾ ശീഘ്രം പാഞ്ഞു.

പക്ഷേ....

ഉത്കൃഷ്ടമാകാൻ പോകുന്ന തന്റെ സാഹിത്യസൃഷ്ടിയുടെ ആദ്യവാചകം അയാൾക്ക് കണ്ടെത്താനായില്ല!

ഒടുവിൽ....തന്റെ കൊച്ചുകുടിലിലെ ഇഴപൊട്ടിയ കട്ടിലിൽ രക്തം വറ്റിയ, നീണ്ടുമെലിഞ്ഞ കൈത്തണ്ട തലയിണയാക്കി മലർന്നുകിടന്നപ്പോൾ അയാൾ കണ്ടു, തന്റെ കുടിലിന്റെ മേൽക്കൂരയിലെ കെട്ടു പൊട്ടിയ പനയോലകളെ താങ്ങിനിർത്തിയിരുന്ന കഴുക്കോലിൽ ആരോ, എന്തിനോ കെട്ടിയിട്ട, ദ്രവിച്ചുതീരാറായ മെടഞ്ഞ ഓലമറകളുടെ പഴുതിലൂടെ കുടിലിനുള്ളിൽ അരിച്ചുകയറിയ കൊച്ചിളംകാറ്റിന്റെ താളത്തിനൊത്തു നൃത്തം ചെയ്തുകൊണ്ടിരുന്ന ഒരു മുഴം കയർ! നിർന്നിമേഷനായി....നിർവികാരനായി ആ കയറിൽ നോക്കിക്കിടന്നപ്പോൾ കുടിലിൽ അരിച്ചുകയറിയ കൊച്ചിളംകാറ്റ് വളരുകയായിരുന്നു. അതു് കൊടുങ്കാറ്റാവുകയായിരുന്നു....

ദ്രവിച്ചുതീരാറായ മെടഞ്ഞ ഓലമറകളും, മേൽക്കൂരയിലെ കെട്ടുപൊട്ടിയ പനയോലകളും കറക്കിയെറിഞ്ഞു. കഴുക്കോലിൽ ഞാന്നുകിടന്നിരുന്ന കയർ അതിദ്രുതം ചലിച്ചു. അയാളും ഇഴപൊട്ടിയ കട്ടിലിൽനിന്നും അല്പം ഉയർന്നു....ശൂന്യതയിൽ മലർന്നുകിടന്നു.... അപ്പോഴും അയാളുടെ ദൃഷ്ടി ആ കയറിലുടക്കി കിടന്നിരുന്നു. അയാളും നോക്കിക്കിടക്കവേ കഴുക്കോലിൽ കെട്ടിയിട്ടിരുന്ന കയർ ഒരേയൊരു വിരലുള്ള തകവളകളില്ലാത്ത ഒരു കൈത്തണ്ടയായി അയാൾക്കു മുന്നിൽ ചലിച്ചു. ചലനമറ്റു. നിശ്ചലമായി അയാളുടെ ഹൃദയത്തിന്റെ അഗാധതയിലേക്ക് ആ ചൂണ്ടുവിരലിന്റെ അഗ്രത്തു നിന്നും ഏതോ അജ്ഞാതരശ്മികൾ അംഗുരമായി പ്രവഹിക്കുന്നതു് അയാളറിഞ്ഞു അയാളുടെ ബോധമണ്ഡലത്തിൽ ഒരു പുതിയ അല്ല പഴയ പ്രപഞ്ചം ഉയിർക്കൊള്ളുന്നതു് അയാളറിഞ്ഞു അയാളുടെ വിളറിയ ചുണ്ടുകൾക്കിടയിൽ തത്തിക്കളിക്കുന്ന പുഞ്ചിരിയുടെ അർത്ഥം?

പെട്ടെന്ന് കൊടുങ്കാറ്റിന്റെ വളർച്ച നിലച്ചു.... അതു് കൊച്ചിളംകാറ്റായി. ദ്രവിച്ചുതീരാറായ മെടഞ്ഞ ഓലമറകളും കെട്ടുപൊട്ടിയ പനയോലകളും തിരികെയണഞ്ഞു. ഇഴപൊട്ടിയ കട്ടിലിലേക്ക് അയാൾ നിപതിച്ചു ഒരേയൊരു വിരലുള്ള, തകവളകളില്ലാത്ത കൈത്തണ്ട, കഴുക്കോലിൽ കെട്ടിയിട്ട ഒരു മുഴംകയറായി അയാൾക്കു മുന്നിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു.... ഇഴപൊട്ടിയ കട്ടിലിൽ അയാൾ എഴുന്നേറ്റിരുന്നു....തൂലിക കൈയിലെടുത്തു....ഒരു മഹത്തായ ഇതിഹാസത്തിന്റെ സ്മാരകമാകാൻ പോകുന്ന ശൂന്യമായ കടലാസ്സും.... ഉത്കൃഷ്ടമാകാൻ പോകുന്ന തന്റെ സാഹിത്യസൃഷ്ടിയുടെ ആദ്യവാചകം അയാൾ കണ്ടെത്തിയിരിക്കുന്നു....!



അനിൽ പെരുവ
ഒന്നാം വർഷ ഗണിതശാസ്ത്രം



# പാടാത്ത വീണ


മീര എം. എൽ.
രണ്ടാം വർഷ
ആംഗലേയ സാഹിത്യം


ആ നാദത്തിന് ഏതോ വിഷാദത്തിന്റെ പൂർണ്ണതയായി എനിക്ക് തോന്നി.

അതിന് ശ്രുതിയായത് ആരുടെയൊക്കെയോ നെഞ്ചുപൊട്ടിയുള്ള തേങ്ങലാണോ?

ഉമ്മറത്തിന്റെ ഓരം ചേർന്നിരുന്ന് വീണമീട്ടുകയായിരുന്നു ആ പഴയ പുള്ളോൻ. പഴകിദ്രവിച്ച വീണയുടെ തന്ത്രികളിലായിരുന്നു അയാളുടെ മുഴുവൻ ശ്രദ്ധയും. അകാലത്തിൽ മാഞ്ഞുപോയ ഏതോ സ്വപ്നത്തിന്റെ ഓർമ്മയിൽ സ്വയം മറന്നെന്നോണം അയാൾ വീണ മീട്ടി.

ഞാൻ കൈവിരലുകൾ മടക്കി കണക്കുകൂട്ടി. ശരിയാണ്. മകരം തന്നെ. പഴയതുപോലെ മകരക്കൊയ്ത്തും സർപ്പംപാട്ടും ഒന്നുമില്ലെന്ന് മാത്രം. സർപ്പംപാട്ട് ഒരു ഓർമ്മ മാത്രമായിക്കഴിഞ്ഞിരിക്കുന്നു. പഴയ പുള്ളോൻ മാത്രം ഇപ്പോഴും മുടങ്ങാതെ എത്തുന്നു.

കൈയിൽ തെളിച്ച നിലവിളക്കേന്തി അമ്മ ഉമ്മറത്തെത്തി. വിളക്കിനഭിമുഖമായിരുന്ന് പുള്ളോൻ പാട്ട് തുടങ്ങി. പണ്ടൊക്കെ ഏറ്റുപാടുവാൻ ആരെങ്കിലും ഉണ്ടാകും. ശബ്ദം ഉയർത്തിപ്പാടുമ്പോൾ ആ തൊണ്ടയിലെ ഞരമ്പുകൾ വില്ലുപോലെ വളഞ്ഞു. പാതിയടഞ്ഞ മിഴികളിൽനിന്ന് കണ്ണീർ ചാലിട്ടൊഴുകി. ഏറെനേരം അവിടെ നിൽക്കുവാനാവാതെ ഞാൻ ഉള്ളിലേക്ക് നടന്നു. ഷെൽഫിന്റെ അറയിൽനിന്ന് അഞ്ചുരൂപയെടുത്ത് അമ്മയ്ക്കു നേരെ നീട്ടി.

ഉച്ചതിരിഞ്ഞ്, പഴയ ആട്ടുകട്ടിലിൽ വെറുതെ കിടക്കുകയായിരുന്നു. [illegible] ഉള്ള അദ്ധ്വാനത്തിനിടയ്ക്ക് സ്വസ്ഥമായി കിടക്കുവാൻ പോലും കഴിയാറില്ല. അപ്പോഴാണ് അമ്മയുടെ പതിഞ്ഞ ശബ്ദം കേട്ടത്. പഴയ മാതൃകയിൽ പിച്ചളമൊട്ടുകൾ കൊണ്ടലങ്കരിച്ച കതകിൽ ചാരിയിരുന്ന് അമ്മ പറഞ്ഞു.

“പാവം, വയസ്സായി കുട്ട്യേ. ഒക്കെ [illegible]. മൂത്ത പണിക്കന്റെ കാലം കഴിയാറായപ്പോൾ മുതൽ തുടങ്ങിയ പതിവാ....”

സംസാരം ആരംഭിക്കുകയാണെന്ന് മനസ്സിലായപ്പോൾ ഞാൻ അമ്മയ്ക്കു നേരെ തിരിഞ്ഞുകിടന്നു.

അമ്മ തുടർന്നു:

“പണിക്കത്തി മരിച്ചു. മകൻ പട്ടിണി കിടന്ന് ചത്തു. ദൈവികമായിരുന്ന കലയുമായി പട്ടിണികിടന്ന് നരകിച്ചപ്പോഴും ഏതോ പുണ്യത്തിനായി മനോധൈര്യം മുറുകെപ്പിടിച്ചു. കഷ്ടം, പ്രായമായപ്പോൾ ഒരു തുള്ളി വെള്ളം കൊടുക്കാനാരുമില്ലാതായി. സർപ്പംപാട്ടും നൂറുംപാലും, [illegible] പുള്ളോൻ എത്തും. കഴിഞ്ഞ തവണയും മകനും കൂടെയുണ്ടായിരുന്നു.”

മകരമാസത്തെ കൊയ്ത്ത് കഴിഞ്ഞാൽ തറവാട്ടില് സർപ്പംപാട്ട് തുടങ്ങും. അമ്മയുടെ മുണ്ടിന്റെ മറുതലയിൽ തൂങ്ങി ഞാൻ എല്ലാത്തിനും മുന്നിലുണ്ടാകും. മൂത്ത പണിക്കനും പണിക്കത്തിയും ഒന്നിച്ചെത്തും. ഏഴുദിവസത്തെ നൊയമ്പ് നോറ്റിട്ടാണ് പണിക്കൻ കളമെഴുതുക. കളത്തിന്റെ തലയ്ക്കലായി തളിപ്പുകൊടുക്കും. അരിപ്പൊടി, മഞ്ഞൾ, പാൽ ഒക്കെ ചേർത്താണ് നൂറും പാലും കൊടുക്കുക. അപ്പോഴൊക്കെ വീണമീട്ടലും പാട്ടും തുടർന്നുകൊണ്ടേയിരിക്കും. തലമുറകളായി കൈമാറിപ്പോരുന്ന പഴയ വീണയാണ് മീട്ടുക. കളം കഴിഞ്ഞു തിരിച്ചു പോകുമ്പോൾ, അച്ഛൻ ആണ്ടിലൊരു വട്ടം [illegible] അറിയും. ഭക്തിയോടെ കൊടുക്കും. ഞാൻ തിരിഞ്ഞുനോക്കി. അമ്മ എപ്പോഴോ എഴുന്നേറ്റ് പോയിരുന്നു. അപ്പോഴേക്കും ആ ഓർമ്മകൾ എന്നിൽ ഒരു നൊമ്പരമായി പടർന്നുകഴിഞ്ഞിരുന്നു.

പിറ്റേന്ന് സന്ധ്യയ്ക്ക് ഇടവഴിയിലൂടെ വീട്ടിലേക്ക് നടക്കുമ്പോൾ, അല്പമകലെയുള്ള സർപ്പക്കാവിനു പുറം ആളുകളെ കണ്ടു. എല്ലാവരും എന്തോ ആകാംക്ഷയോടെ കാണുകയാണ്. തിക്കിത്തിരക്കി മുന്നിലെത്തിയ ഞാൻ കണ്ടു സർപ്പക്കാവിന്റെ ഇരുട്ടിലായി കിടക്കുന്ന പഴയ പുള്ളോന്റെ മരവിച്ച ദേഹം. അല്പമകലെയായി, മീട്ടുവാനാളില്ലാതെ ആ പഴകിദ്രവിച്ച വീണയും.

# ഓർമ്മകളെ തേടി

എവിടെ?
ഒരു നറും സ്മിതമായെങ്ങോ മറഞ്ഞൊരെൻ
സ്മരണകൾ തൻ പൂവനച്ഛായകൾ,
അവിടെ തെളിയും നറുനിലാവ്,
നിലാവിന്റെയോർമ്മകൾ
എവിടെ?
ഒരു ചിരിയുടെ കടലാസു തോണിയിലേറി ഞാൻ
മമ ബാല്യത്തിൽ തുഴയെറിഞ്ഞതോർപ്പതും.
ഒരു കിനാവിന്റെ ഹിമബിന്ദുവേറി ഞാൻ
പുലരികൾ പലവട്ടമൊഴുകി കടന്നതും,
അവയുടെയീറനാം പുളിനങ്ങൾ തോറുമെൻ
കനവുകൾ കളിവീടുകൾ തീർത്തതും,
അവയിലെൻ മോഹമാം മുത്തുകളൊളിപ്പിച്ച്
പകലൊടുങ്ങവേ തിരികെ നടന്നതും,
ബാഷ്പബിന്ദുക്കൾ തങ്ങും മുളങ്കൂട്ടി-
ലുയലാടും കുരുവിതൻ കൂട്ടിലെ
കൺ മിഴിക്കാത്ത തൂവൽ കരുന്നിനെ
കണ്ടു കൺ കുളിർത്തങ്ങിനെ നിന്നതും
പൊടിപിടിച്ചൊരീ ജാലകച്ചില്ലിലൂ-
ടിവിടമാകെ തിരയുന്നു ഞാൻ വൃഥാ.
ഇരുളുടഞ്ഞൊരീയേകാന്ത രാവിന്റെ
കതിരു കാണാക്കയങ്ങളിൽ, കിനാക്കൾതൻ
കനലെരിച്ച തീ കായുവോരാടുന്ന
ചുടല നൃത്തം; കരിമ്പനക്കൂട്ടങ്ങൾ
മുടിയഴിച്ചുലച്ചാടവേ, കങ്കണ
ധ്വനികളേതോ മരണത്തിൻ താളമായുരവേ,
അവിടെ ഞാൻ കേട്ടൊരു തേങ്ങൽ!
വെളിച്ചത്തിൻ തേങ്ങൽ!
ഇരുൾ ഗുഹകളിലൊളിപ്പിച്ച പകലിന്റെ
ഹൃദയത്തിൻ മന്ദ്രസ്വനം കേൾപ്പു ഞാൻ
അവയിലൊരു കനവിന്റെ വീർപ്പും
കരളിന്റെ കഠിനമാം നോവും, ഇരുൾ നിറ-
ഞ്ഞലിയുമൊരു മോഹമാം ദ്വീപും,
പിന്നെയൊരു പനിനീരലരിൻ മിഴിനീരും
തേടി ഞാനൊരു മാത്ര; കണ്ടതില്ല!
വെട്ടമുറങ്ങുമിരുട്ടിൽ,
നാദമുറഞ്ഞൊരു മൗനമേഘങ്ങളിൽ,
വീണ്ടുമൊരോണത്തിൻ പൂവിളികേൾക്കുവാൻ,
ഒരു പുഞ്ചിരി; ഒരു കളിവാക്ക്,
ഒരംഗുലീസ്പർശത്തിന്നാർദ്രത
ഓർമ്മകളുണർത്തുവാൻ,
ഏറെക്കൊതിച്ചു ഞാനലയവേ,
ഉള്ളിലൊരു തേങ്ങൽ പൂവിരിയുന്നിതാ കൺകളിൽ മിന്നുന്നു,
പേരറിയാത്തൊരു പുഞ്ചിരി........

ജയ്സൺ പി. ജേക്കബ്
മൂന്നാം വർഷ രസതന്ത്രം

നാടകം ആസ്വദിക്കുന്ന ഒരു പ്രേക്ഷകന്, നാടകത്തിലെ രംഗങ്ങൾ താൻ നേരിൽ കാണുന്ന എന്നൊരു അവബോധം ഉളവാകുന്നു. എന്നാൽ കവിതയാകട്ടെ, ഒരു സങ്കല്പാസ്വാദനകലയാണ്. അതിനാൽ കവിതയിൽ ഈ നാടകീയത സാദ്ധ്യമാക്കുക എളുപ്പമുള്ള ഒരു കാര്യമല്ല. വള്ളത്തോളിനെപ്പോലുള്ള ചുരുക്കം ചില ഭാവനാസമ്പന്നന്മാർക്കേ ഇതു സാദ്ധ്യമാവൂ. മനുഷ്യജീവിതമാണല്ലോ നാടകത്തിന് വിഷയീഭവിക്കുക. അതിനാൽ സന്ദർഭോചിതമായ ഭാവഭേദങ്ങൾ നാടകത്തിലെ പ്രധാന ഘടകങ്ങളായി നിലകൊള്ളുന്നു.

പ്രതിഭാസമ്പന്നനായ ഒരു കവി ജീവിതത്തെക്കാണുന്നതു്, ഒട്ടേറെ നാടകീയതയോടുകൂടിയായിരിക്കും. ആധുനിക മലയാളകവികളിൽ നാടകീയത ഏറ്റവും തെളിഞ്ഞിട്ടുള്ളതു് വള്ളത്തോളിലാണ്. ഖണ്ഡകാവ്യങ്ങളും, കാവ്യശകലങ്ങളുമെല്ലാം ഇതിന് ഉദാഹരണങ്ങളായി കാണിക്കാൻ വള്ളത്തോളിന്റെ ശേഖരത്തിൽ വളരെയുണ്ട്. കവിതകൾ സാധാരണ കേട്ടാസ്വദിക്കുകയോ, വായന ചെയ്താസ്വദിക്കുകയോ ആണല്ലോ നാം ചെയ്യാറു്. 'നിങ്ങൾ വായന ചെയ്തുകൊള്ളൂ' അല്ലെങ്കിൽ, 'നിങ്ങൾ കേട്ടുകൊള്ളൂ' എന്നല്ല, വള്ളത്തോൾ തന്റെ കവിതാസ്വാദകരോട് പറയുക; മറിച്ച്, 'ഇതാ കണ്ടുകൊള്ളണം' എന്നാണ്. ഇങ്ങനെ ആഹ്വാനം ചെയ്യുന്നതിനിടയിൽ ആളുകൾ, രംഗങ്ങൾ, സംഭവങ്ങൾ മുതലായവ വായന ചെയ്യപ്പെടുന്നതിനു പകരം അദ്ദേഹം നേരിൽ കാണുന്ന വിധം ആളുകളെയും രംഗങ്ങളെയും സംഭവങ്ങളെയും അവതരിപ്പിക്കുന്നു. പിന്നെയെങ്ങനെയാണ് അദ്ദേഹത്തിന്റെ ആസ്വാദകരായ നാമും ഒപ്പം കാണാതിരിക്കുക? കാണുന്നതിലേറെ വിശ്വാസ്യതയൊന്നില്ലയെന്നാണല്ലോ ചൊല്ല് തന്നെ. എങ്കിൽ വള്ളത്തോൾ കൃതികളേക്കാൾ വിശ്വാസ്യതയൊന്നുമില്ലെന്നു തീർച്ചയാണ്. വള്ളത്തോൾക്കവിതകൾ പണ്ഡിതപാമരഭേദമെന്യേ ആസ്വദിക്കപ്പെടുന്നതിനുള്ള കാരണവും അതിന്റെ നാടകീയതയാണ്.

ഗണപതി എന്ന കൃതിയിലെ പാർവ്വതിയെ കവി കാണിച്ചുതന്നതു് ഇങ്ങനെയാണ്:

"വെണ്ണ തോൽക്കുമുടലിൽ സുഗന്ധിയാ-
മെണ്ണ തേച്ചരയിലൊറ്റമുണ്ടുമായ്
തിണ്ണമേലിരുമാ നതാംഗി മു-
ക്കണ്ണനേകി മിഴികൾക്കൊരുത്സവം."

പരമശിവന് പാർവ്വതിയുടെ ആ ഇരുപ്പു കണ്ട് മിഴികൾക്ക് ഒരു ഉത്സവം തോന്നിയതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ, ആ രംഗം അല്പം അകലെനിന്നു കാണുന്ന നമുക്ക് അതിൽക്കവിഞ്ഞ ഒരു ഉത്സവത്തിനുള്ള വക വേണ്ടുവോളം നൽകപ്പെടുന്നുണ്ടല്ലോ. പാർവ്വതിയുടെ ഇരുപ്പും, അതു കണ്ടു രസിക്കുന്ന പരമശിവന്റെ നില്പും, തികച്ചും നാടകീയമായി ചിത്രീകരിക്കുവാൻ കവിക്കു കഴിഞ്ഞുവെന്നതു് പ്രത്യേകം ശ്രദ്ധേയമായ സംഗതിയത്രെ.

## വള്ളത്തോൾ കവിതയിലെ നാടകീയത



വള്ളത്തോളിന്റെ 'ശിഷ്യനും മകനും' എന്ന കൃതി നാടകീയതയെ സംബന്ധിച്ചിടത്തോളം മറ്റിതര ഖണ്ഡകാവ്യങ്ങളെയും അധഃകരിക്കുന്നു. 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ ഒരു നാടകീയദൃശ്യം നോക്കൂ:

"ഉടൻ മഹാദേവിയിടത്തു കൈയാൽ,
അഴിഞ്ഞവാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചു."

കാമദേവനെ ഭസ്മമാക്കിയ പരമശിവൻ പോലും പാർവ്വതിയുടെ നോട്ടത്തിൽ മോഹിച്ചുപോകുന്നേയുള്ളൂ എന്ന് കവി വ്യക്തമാക്കുന്നു. ഭക്തന്മാർ അതു കണ്ടു ഭക്ത്യാദരവോടെ സാഷ്ടാംഗം വീണാലും അതു സ്വാഭാവികം മാത്രമായിരിക്കും. എന്തായാലും കവി തന്റെ കർമ്മം കടുകിട തെറ്റാതെയും കുറയാതെയും നിർവ്വഹിച്ചുവെന്നതു് തർക്കമറ്റൊരു കാര്യമാണ്. അല്ലെങ്കിൽ തന്നെ ഭാവശില്പത്തിലും, രംഗശില്പത്തിലും കവിക്കുള്ള കഴിവിന് ഇതൊരുദാഹരണം മാത്രമേ ആകുന്നുള്ളൂ.

ഗണപതിയുടെ കൊമ്പൊന്നുപോയി. അപ്പോൾ ശിവപാർഷദന്മാരിൽ ഉളവായ ഭാവപ്രപഞ്ചം നാടകീയമായ രീതിയിൽ അവതരിപ്പിക്കുവാൻ മഹാകവി ശ്രമിക്കുന്നു.

''സ്കന്ദൻ തരം പുഞ്ചിരിയിട്ടു; നന്ദി
കൺചിമ്മി; വീശി ഗദ വീരഭദ്രൻ;
വീർപ്പൊന്നുവിട്ടു ഭൃംഗി; കൈതിരുമ്മി
കുണ്ഡോദരൻ; നാവുകടിച്ചു ചണ്ഡൻ.''

ഇവിടെ, കക്ഷി പ്രതികക്ഷികളുടെ അന്തസ്സും മേന്മയും, ശിവപാർഷദന്മാരുടെ നിസ്സഹായതയുളവാക്കിയതിൽപ്പോലും മാറാത്തതിലും സ്ഫുരിക്കുന്ന ഭാവവിശേഷങ്ങളും ഇതിലധികം ഭംഗിയായി വെളിപ്പെടുത്താൻ സാധിക്കാത്ത വിധത്തിലാണ് വള്ളത്തോൾ അതെല്ലാം ശില്പം ചെയ്തിരിക്കുന്നത്. പല കഥാപാത്രങ്ങളെ ഭിന്നഭിന്ന ഭാവങ്ങളിൽ അവതരിപ്പിക്കുക, അവരെല്ലാംകൂടി ഒരു പ്രത്യേക രംഗം സൃഷ്ടിക്കുക, അതിൽ മുഖ്യപാത്രങ്ങളെപ്പറ്റി യാതൊരു സൂചനയും നൽകാതെ അവരെത്തന്നെ പ്രദർശിപ്പിക്കുക–ഇതെല്ലാം ഒരു അസാധാരണ കവിയുടെ തെറ്റാത്ത കൈത്തിട്ടമാണ് കാണിക്കുന്നത്.

'ശിഷ്യനും മകനും'മെന്ന കൃതിയിലെ തന്നെ മറ്റൊരു നാടകീയ ദൃശ്യം അവിസ്മരണീയമാണ്.

''ത്രിവിക്രമ പ്രേയസിയേക നന്ദനെ-
സ്സാവിത്രി പോലെത്രയുമോമനിച്ചുടൻ
പവിത്ര പാണിത്തളിർകൊണ്ടവന്റെയ–
കവിൾത്തടം തൊട്ടു തലോടി മെല്ലവേ.''

ഗണപതിയോട് രമ പ്രദർശിപ്പിച്ച ഈ വാത്സല്യം ഗണപതിയുടെ വ്രണവും, പാർവ്വതിയുടെ ഹൃദയവ്രണവും ശമിപ്പിക്കുവാനുതകുന്ന ദിവ്യൗഷധമായിരുന്നു. കോപതാപങ്ങളിൽ എരിഞ്ഞുകൊണ്ടിരുന്ന പാർവ്വതിയെ തണുപ്പിക്കുന്ന ഈ രീതി, ആസ്വാദകരായ ഏവരെയും വശപ്പെടുത്താൻ ഉതകുന്നവയാണല്ലോ.

അതുപോലെ തന്നെ, വള്ളത്തോൾ 'ബന്ധനസ്ഥനായ അനിരുദ്ധ'നിൽ ഉഷയെ നാടകീയമായി ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയെന്നു നോക്കുക:

''ആലസ്യമാണ്ടമുഖമൊട്ടു കുനിച്ചു വേർത്ത-
ഫാലസ്ഥലം മൃദുകരങ്ങളിൽകൊണ്ടു താങ്ങി
ചേലഞ്ചി മിന്നുമൊരു വെൺകളിക്കൽത്തറയ്ക്ക്
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു.''

ഉഷയുടെ ഇരുപ്പു വർണ്ണിച്ചിരിക്കുന്നതിൽ നിന്ന് കവിക്ക് വാക്കുകൾ കൊണ്ട് ചിത്രമെഴുതാനുള്ള കഴിവിന്റെ വൈശിഷ്ട്യം വെളിവാകുന്നു. അല്ലെങ്കിൽത്തന്നെ, വള്ളത്തോളിന്റെ ശില്പകലാവിജയ വൈജയന്തിയാണല്ലോ. 'അനിരുദ്ധ'നിലെ ഉഷ. മനുഷ്യഭാവങ്ങൾ ചിത്രീകരിക്കുമ്പോഴും അതിലെ ലളിത കോമളങ്ങളായ വശങ്ങൾ ചിത്രീകരിക്കുവാനാണ് വള്ളത്തോൾ താല്പര്യം പ്രകടിപ്പിച്ചിരുന്നത് എന്നതിനൊരുദാഹരണം കൂടിയാണിത്.

കാവ്യങ്ങളെ നാടകീയമായി അവതരിപ്പിക്കുവാൻ വള്ളത്തോളിനുള്ള സാമർത്ഥ്യം പ്രസിദ്ധമാണെന്ന് മേൽ സൂചിപ്പിച്ചുവല്ലോ. അതിന്നദ്ദേഹം ഉപയോഗിക്കുന്ന ഉപാധികൾ അസൂയാർഹം തന്നെയാണ്. കവിതയിലെ പ്രതിപാദ്യത്തിന് പ്രകൃതിയിൽ ഭാവൈക്യം ദർശിക്കുകയാണ് മഹാകവി ചെയ്യുന്നത്. വള്ളത്തോളാകട്ടെ, വിശാലവും, വിഭിന്നഭാവരമണീയവുമായ പ്രകൃതിയിൽ നിന്ന് ചില ആശയങ്ങൾ സ്വീകരിക്കുക മാത്രമേ ചെയ്യുന്നുള്ളു. ''മുല്ലപ്പൂ പോലുള്ള ഇനിലാവിൽ'' മറ്റൊരു കൊച്ചുനിലാവായി മഗ്ദലന മറിയത്തെ അവതരിപ്പിക്കാനും, ''അന്തിച്ചുകപ്പേശിയ ശാരദാഭ്ര''മായി ഗണപതിയുടെ ക്ഷതം സംഭവിച്ച കവിൾത്തടത്തെ ഭാവന ചെയ്യാനും

ഗ്രേയ്സമ്മ ജോസഫ്
ഒന്നാം വർഷ മലയാളം

വള്ളത്തോളിനു് ഒരുതരം ഉത്സാഹം തന്നെയാണു്. ഈ ഭാഗങ്ങളിലെല്ലാം, പ്രത്യക്ഷവും വ്യക്തിഗതവുമായ നിരീക്ഷണം എന്താണു് യഥാതഥമായി, എന്നാൽ സ്വാഭാവികമായ ശൈലിയിൽ, കേവല സങ്കേതങ്ങളെ ഒഴിവാക്കി പ്രദർശിപ്പിച്ചിരിക്കുന്നതെന്നു കാണാം.

ആത്യന്തികം ഒരു നാടകീയ കവിയായിട്ടാണു് വള്ളത്തോൾ ശോഭിച്ചിരുന്നതു്. ശില്പകലയിൽ ഇത്ര കുറഞ്ഞ കരുക്കൾകൊണ്ടു് ഇത്രയേറെ ഫലം വരുത്താൻ കഴിവുള്ള കവികളുടെ സംഖ്യ എത്രയോ ചുരുക്കം. എവിടെയും പതിവാണു് ഏതു കവിയുടെയും വാക്കുകൾ മാററി കൂടുതൽ ഭംഗി പിടിപ്പിക്കുവാൻ അല്പം ശ്രമിച്ചാൽ നമുക്കൊക്കെ സാധിച്ചെന്നു വരും, വള്ളത്തോൾ കൃതികളുടെ അവസ്ഥ വ്യത്യസ്തമാണു് അവയിൽ നിന്നു തീരെ ഇഷ്ടമായി മാത്രമേ വാക്കുകൾ മാററി പകരം മറ്റു വാക്കുകൾ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളുവെന്നു് അനുഭവത്തിൽ വരുമ്പോൾ കാണാൻ കഴിയും. അദ്ദേഹത്തിന്റെ ഏററവും കനത്ത ഭാവനാശില്പങ്ങൾ പോലും ലഘുസൗമ്യങ്ങളാണെന്നു് തോന്നിക്കുന്ന ആ അസാധാരണ വശ്യതയ്ക്കു മുന്നിൽ മറ്റുകവികൾ കുമ്പിടുകതന്നെ വേണം. അതുപോലെ തന്നെ ഭാവുകന്മാർ വിവരണ വിശദീകരണങ്ങളൊന്നും കൂടാതെ വെറും സൂചനകൾകൊണ്ടു തൃപ്തിപ്പെടേണ്ടവരാണെന്നു വള്ളത്തോൾ തികച്ചും ബോധവാനായിരുന്നു. അതിൽ നിന്നാണു് അദ്ദേഹത്തിന്റെ നാടകീയമായ കാവ്യരീതിതന്നെ ഉദയം കൊണ്ടിട്ടുള്ളതു്.

●


BEST WISHES

**Bharath Matha College**
**Bharath Matha Clinical Laboratory**
**Bharath Matha School of Nursing**
**Bharath Matha College of Pharmacy**

**Kuravilangad**

Phone: 294 (Kvld)



# "മസ്തിഷ്ക ചോർച്ചയും വികസ്വര രാഷ്ട്രങ്ങളും"

ഇന്ന് ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിലെ 'മസ്തിഷ്ക ചോർച്ച' ഗുരുതരമായ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ വിഭവങ്ങളിൽ പ്രധാനമാണ് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങൾ. ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയവരെ പരിശീലിപ്പിച്ചെടുക്കുന്നത് സമൂഹത്തിന് അവരിൽ നിന്നും പ്രതിഫലം കിട്ടുമെന്ന ധാരണയിലാണ്. അതിനുപകരം സമൂഹത്തിന്റെ ചെലവിൽ വിദ്യാഭ്യാസം നേടുകയും, ശമ്പളക്കൂടുതൽ മററു സാമ്പത്തിക ലക്ഷ്യങ്ങൾ മുതലായവ തേടിക്കൊണ്ട് അന്യരാജ്യങ്ങളിലേയ്ക്ക് പോവുകയും ചെയ്താൽ ഇന്ത്യയെപ്പോലുള്ള ഒരു ദരിദ്രരാഷ്ട്രത്തിനു സംഭവിക്കുന്നതു വമ്പിച്ച നഷ്ടമായിരിക്കും. ആഫ്രിക്കയിലെ അവികസിത രാഷ്ട്രങ്ങളിലേയ്ക്കു മാത്രമല്ല അമേരിക്ക, ജർമ്മനി, കാനഡ തുടങ്ങിയ വികസിത രാജ്യങ്ങളിലേയ്ക്കും ഇവർ കയററി അയയ്ക്കപ്പെടുന്നു. കൂടാതെ ഇക്കൂട്ടരുടെ ഒരു പ്രലോഭന കേന്ദ്രം എണ്ണരാഷ്ട്രങ്ങളാണ്. ഇതു് സാങ്കേതിക വിദ്യ നേടിയ വ്യക്തിയുടെയോ അഥവാ അവൻ ചെന്നെത്തുന്ന രാജ്യത്തിന്റെയോ പ്രശ്നമല്ല. മറിച്ച് നമ്മെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ സാമൂഹ്യ-സാമ്പത്തിക പ്രശ്നമാണ്.

നമ്മുടെ കഴിവുള്ളവരും ബുദ്ധിയുള്ളവരുമായ ബിരുദധാരികൾ അധികവും അമേരിക്ക, യൂറോപ്പ് മുതലായ പാശ്ചാത്യ രാജ്യങ്ങളിൽ അഭയം കണ്ടെത്തുന്നു. പ്രൊഫസർമാർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, ശാസ്ത്രജ്ഞൻമാർ തുടങ്ങിയവരെ അമേരിക്ക സദ്ദുർലഭമായ ഔദാര്യത്തോടെ സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ ജോലി നേടി തിരിച്ചു ഇന്ത്യയിലെത്തുന്നവർ മററുള്ളവരെക്കൂടി പ്രലോഭിപ്പിക്കുന്ന ചിത്രങ്ങൾ വരച്ചു കാണിക്കാറുണ്ട്. അവരുടെ വലിയ പ്രലോഭനം ഇവിടത്തെക്കാൾ ഉയർന്ന ശമ്പളവും മററ് സുഖസൗകര്യങ്ങൾ മുതലായവയാണ്.

എന്നാൽ ഇന്ത്യയിലെ കാര്യം തീർത്തും അപര്യാപ്തമാണെന്ന് ഞാൻ കരുതുന്നില്ല. കാരണം മേൽ പറഞ്ഞ തരത്തിലുള്ള വിദഗ്ദ്ധവിഭാഗത്തിന് ഇന്ത്യ നൽകുന്ന ശമ്പളം അത്ര തുച്ഛമാണോ? ആണെന്നു പറയുന്നതു് വസ്തുതകൾക്ക് നിരക്കുന്നതല്ല. ഇന്ത്യയിലെ ഒരു കർഷകത്തൊഴിലാളിയുടെയോ, ഒരു ഫാക്ടറിത്തൊഴിലാളിയുടെയോ കൂലിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതു തന്നെയാണ്. അമേരിക്കൻ തൊഴിലാളികളുടെ വരുമാനവും അമേരിക്കൻ ഡോക്ടറുടെ ശമ്പളവും തമ്മിൽ ഉള്ളതിലേറെ അന്തരം ഇന്ത്യൻ തൊഴിലാളിയുടെ കൂലിയും ഇന്ത്യൻ ഡോക്ടറുടെ ശമ്പളവും തമ്മിൽ ഉണ്ടെന്നു കാണാൻ കഴിയും. അങ്ങനെ തുലനം ചെയ്തു നോക്കാതെ അമേരിക്കയിലെയും ഇന്ത്യയിലെയും ഡോക്ടർമാരുടെ ശമ്പള നിരക്ക് താരതമ്യപ്പെടുത്തി വിധി എഴുതുന്നതു് ഒരു തെററായ സമീപനമാണ്.

മേൽപറഞ്ഞ ബിരുദധാരികൾ ഈ രാജ്യത്തിൽ നിന്നും കിട്ടാവുന്നിടത്തോളം സാങ്കേതിക വൈദഗ്ദ്ധ്യം നേടിയശേഷം, നേരെ അന്യരാജ്യത്തു ചെന്നിറങ്ങുന്നതു് തന്നെ പോററി വളർത്തിയ മാതൃരാജ്യത്തോടു കാണിക്കുന്ന വഞ്ചനയാണ്.

ഉപരിപഠനം അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസം ധാരാളം പണം മുടക്കേണ്ട ഏർപ്പാടാണെന്നതിൽ തർക്കമില്ല. പക്ഷേ അതു സഹിച്ചതു് താൻ മാത്രമാണെന്ന ബിരുദധാരിയുടെ ധാരണ തെററാണ്. അയാളും അയാളുടെ കുടുംബവും ചെലവഴിച്ചതിന്റെ എത്രയോ ഇരട്ടിപ്പണം രാഷ്ട്രം ചെലവഴിക്കുന്നു. രാഷ്ട്രം എന്നാൽ നമ്മെപ്പോലുള്ള നികുതിദായകർ എന്നർത്ഥം. ഒരു എഞ്ചിനീയർ ആയി പരിശീലനം നേടിക്കഴിഞ്ഞാൽ അവന്റെ വൈദഗ്ദ്ധ്യത്തിൽ നിന്നും രാഷ്ട്രം സമ്പന്നമായിത്തീരും എന്ന ധാരണയിലാണ് സമുദായം അവനിൽ ഈ മൂലധനം നിക്ഷേപിക്കുന്നതു്. ഒരു എഞ്ചിനീയറെ പരിശീലിപ്പിക്കുന്നതിന് എത്ര ലക്ഷം ഉറുപ്പികയാണ് രാഷ്ട്രം ചിലവഴിക്കുന്നതു്. എന്നിട്ടോ അത്രയും പണം ചിലവിട്ട, താങ്ങുന്ന സമുദായത്തിന് യാതൊരു പ്രതിഫലവും ലഭിക്കുന്നില്ല. കൂടുതൽ ശമ്പളം വാങ്ങി കുടുംബത്തിനു സമ്പാദ്യമുണ്ടാക്കാൻ വേണ്ടി അവരൊക്കെ രാജ്യത്തുനിന്നും കടക്കുന്നു. ഈ രാജ്യം മുടക്കിയ മൂലധനം അങ്ങനെ അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങൾക്ക് ലഭിക്കുന്നു.

ഇപ്പറഞ്ഞ വിദഗ്ദ്ധന്മാരെ ഇറക്കുമതി ചെയ്യുവാൻ അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ കാണിക്കുന്ന താത്പ

# ...മസ്തിഷ്ക ചോർച്ചയും വികസ്വര രാഷ്ട്രങ്ങളും

പര്യത്തിന്റെ കാരണമെന്താണ്? നമ്മുടെ തൊഴിലാളികളുടെ നേരെ കാണിക്കാത്ത ഔദാര്യം ഈ ശാസ്ത്രബിരുദധാരികളുടെ നേരെ കാണിക്കുവാൻ കാരണമെന്ത്? ഇവിടെയാണ് നമ്മൾ ചിന്തിക്കേണ്ടത്.

വികസിത രാഷ്ട്രങ്ങളെ സംബന്ധിച്ചാണെങ്കിൽ ഒരു വിദ്യാർത്ഥിയെ സാങ്കേതിക ജ്ഞാനം നൽകി പരിശീലിപ്പിച്ചെടുക്കുന്നതിനെക്കാൾ ലാഭം വികസ്വരരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. ചെലവിന്റെ ഭാരം പഠിക്കുന്ന വ്യക്തിയും സമുദായവും ചേർന്നു വഹിക്കണം. ഈ ഭാരമത്രയും അവികസിതരാജ്യത്തിന്റെ തലയിൽ ചുമത്തി ഫലത്തെ മാത്രം ചൂണ്ടയിട്ട് പിടിക്കുകയെന്നതാണ് അമേരിക്ക മുതലായ ഒന്നാം ലോക രാജ്യങ്ങൾ സ്വീകരിക്കുന്ന നയം.

ബഹുരാഷ്ട്രകുത്തകക്കമ്പനികളുടെ വൻതോതിലുള്ള മൂലധനം വികസ്വരരാഷ്ട്രങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ചൂഷണം ചെയ്യുന്നു. പരോക്ഷമായ ചൂഷണത്തിന്റെ ഒരു ഉദാഹരണം ഞാനിവിടെ നിരത്താം. അമേരിക്കയിലെ യൂ. എൻ. സ്ഥാപനം അടുത്തനാളിൽ പ്രസിദ്ധീകരിച്ച ചില കണക്കുകൾ നോക്കുക. അമേരിക്ക അതിനാവശ്യമായ വിദഗ്ദ്ധരെ നേരിട്ട് പരിശീലിപ്പിക്കുന്നതിനുവേണ്ടി വരുന്ന ചെലവിന്റെ 15% അവരെ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്നതിലൂടെ ലാഭിക്കുകയാണത്രെ. എഞ്ചിനീയറിങ്ങിൽ വൈദഗ്ധ്യം നേടിയവരെ അമേരിക്കൻ വ്യവസായത്തിന് ധാരാളമായി ആവശ്യമാണ്. അതിൽ 8% പേരെ വികസ്വരരാഷ്ട്രങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് സാധാരണയായി. ഡോക്ടർമാരുടെ കാര്യത്തിൽ ഇറക്കുമതി ചെയ്യുന്നതു വേണ്ടെന്നുവച്ചാൽ സ്വന്തം ആവശ്യം നിറവേറ്റുവാൻ അമേരിക്കയിലാണെങ്കിൽ പുതുതായി പതിനഞ്ചിലധികം മെഡിക്കൽ കോളേജുകൾ കൂടി തുടങ്ങേണ്ടതായി വരും! ദരിദ്രരാഷ്ട്രങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്ത് സംസ്കരിച്ച് ലോക മാർക്കറ്റിലേക്കു അയക്കുകയാണ് ബഹുരാഷ്ട്രകുത്തകകൾ നിയന്ത്രിക്കുന്ന രാഷ്ട്രങ്ങൾ ചെയ്യുന്നത്. ഇവിടെ വിലകൊടുക്കുന്ന അസംസ്കൃത വിഭവങ്ങൾ ഇരുമ്പയിരും, ടിന്നും, പരുത്തിയും ബുദ്ധിയും ശക്തിയുമാണെന്നു മാത്രം.

ഉന്നത വിദ്യാഭ്യാസം ലഭിച്ച വിദ്യാർത്ഥികളുടെ സംഖ്യ കുറഞ്ഞു കിട്ടുമെങ്കിൽ നല്ലൊരു തുക മിച്ചം വെക്കുന്നതിന് അമേരിക്കയ്ക്ക് സാധിക്കും. ആ സംഖ്യ പുതിയ വ്യവസായമേഖലയിൽ നിക്ഷേപിക്കുവാനും കഴിയും. അപ്രകാരം രൂപം കൊള്ളുന്ന വ്യവസായത്തിൽ കൂടി വികസ്വരരാഷ്ട്രങ്ങളിലെ സാങ്കേതികപരിജ്ഞാനത്തെ ലാഭകരമായി പ്രയോജനപ്പെടുത്തുവാൻ അവർക്കു കഴിയും. മുമ്പു പറഞ്ഞ കണക്കനുസരിച്ച് രണ്ടു വർഷം മുമ്പു അമേരിക്കയ്ക്കു വർഷം തോറും 14 ലക്ഷം എഞ്ചിനീയർമാരും മറ്റു സാങ്കേതിക വിദഗ്ദ്ധരും ആവശ്യമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 11 ലക്ഷം പേരെ അമേരിക്കതന്നെ പരിശീലിപ്പിച്ചെടുക്കുകയും ശേഷിച്ച മൂന്നു ലക്ഷം പേരെ വികസ്വരരാഷ്ട്രങ്ങളിൽ നിന്നും മാർക്കറ്റു വിലക്ക് ഇറക്കുമതിചെയ്യുകയും ചെയ്തു. ഈ ഒരു പരിപാടി വഴി ആ വർഷം 600 കോടി ലാഭിക്കാൻ ആ രാജ്യത്തിനു സാധിച്ചു.

ഇതിനു തക്കവണ്ണം അവികസിത രാജ്യങ്ങളുടെ സാമ്പത്തിക പുരോഗതി മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ഒന്നാം കിട വിദഗ്ദ്ധന്മാരെയാണ് അവർ പ്രലോഭിപ്പിച്ചുകൊണ്ടു പോകുന്നത്. വികാസം പ്രാപിച്ചിട്ടില്ലാത്തരാജ്യങ്ങളുടെ വികസനഗതി മന്ദീഭവിച്ചാൽ അതിന്റെ നേട്ടവും സാമ്രാജ്യശക്തികൾക്കു തന്നെ. അത്രയും കാലംകൂടി ആ രാഷ്ട്രങ്ങളെ ചൂഷണം ചെയ്യാൻ സാധിക്കുമല്ലോ.

'ഈ മസ്തിഷ്ക ചോർച്ചയെ തടയുവാൻ നമ്മുടെ രാജ്യത്തിനു സാധ്യമല്ലേ? എന്നതാണ്. നമ്മുടെ ബുദ്ധിജീവികൾ ഇന്ത്യൻ സദാചാരത്തിനൊത്ത ജീവിതനിലവാരം കൊണ്ടു തൃപ്തിപ്പെടുവാൻ പഠിക്കുക. മറ്റൊന്നു നമ്മുടെ സാങ്കേതിക മനുഷ്യ വിഭവങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ തക്കവണ്ണം ആസൂത്രണരംഗം പുനഃസംവിധാനം ചെയ്യുക. പിന്നെ ഒന്ന്, ഇവിടെ നിന്നുള്ള വിദഗ്ദ്ധരെ റിക്രൂട്ടുചെയ്യുന്നത് നിറുത്തലാക്കണം. ഇപ്രകാരമുള്ള പദ്ധതികൾ വഴി നമ്മുടെ രാജ്യത്തു സംഭവിക്കുന്ന മസ്തിഷ്ക ചോർച്ച ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും.

പ്രവീൺ കുമാർ പി. ജെ.
മൂന്നാം വർഷ ധനതത്വശാസ്ത്രം

WITH BEST COMPLIMENTS FROM:

## V. C. M. HOSPITAL

KOCHERIL BUILDING,

KADUTHURUTHY

---

## രാജൻ ബീഡികൾ

കൂത്താട്ടുകുളം

കാലത്തിനതീതമായി
പുകവലിക്കാരുടെ പ്രശംസ നേടിയ ബീഡി

**രാജൻ ബീഡികൾ**

രാജൻ ബീഡി ഫാക്ടറി, കൂത്താട്ടുകുളം

---

## രാമാനുജാസ് കോളജ്

പള്ളിക്കവല – കുറവിലങ്ങാട്

(Tuition & Session) Classes

P. D. C. Physics, Mathematics, Chemistry

D. C. Mathematics (Main and Sub:)
Statistics

(സയൻസ് വിഷയങ്ങൾക്ക് പ്രാക്ടിക്കൽ സൗകര്യം ഉണ്ടായിരിക്കും.)

N. B. പ്രാക്ടിക്കൽ ക്ലാസ്സുകളിലേക്ക് മാത്രമായും ചേരാവുന്നതാണ്. Principal

---

Best compliments from:

Phone: KRPN 201

## JAIHIND MEDICALS

KADUTHURUTHY

# ചോയ്സ് വീഡിയോ വിഷൻ &
# വീഡിയോ കാസററ് ലൈബ്രറി

(മാർക്കററിന് എതിർവശം) കുറവിലങ്ങാട്

വിവിധ ഭാഷകളിലുള്ള ഏററവും പുതിയ വീഡിയോ കാസററുകൾക്ക്

സമീപിക്കുക:

## ചോയ്സ് വീഡിയോ വിഷൻ

## ടെൽട്രോണിക്സ്

മിഴിവൊത്ത വർണ്ണങ്ങൾ! തെളിവുററ ചിത്രങ്ങൾ!
അതാണ് ടെൽട്രോണിക്സിന്റെ പ്രത്യേകത.
കൂടാതെ 2 വർഷ ഗ്യാരണ്ടിയും വില്പനാനന്തര സേവനവും.

TV യുടെ അംഗീകൃത വ്യാപാരികൾ:

## ചോയ്സ് വീഡിയോ വിഷൻ, കുറവിലങ്ങാട്

---

# കാഞ്ഞിക്കൽ സൈക്കിൾ പാലസ്

(സെൻറ് സേവ്യേഴ്സ് ചർച്ച് ബിൽഡിംഗ്)

**കുറുപ്പന്തറ കവല**

ഹെർക്കുലീസ്, ഹീറോ, ബി. എസ്. എ. ഡീലക്സ്,
റാലി, ബി. എസ്. എ., എസ്. എൽ. ആർ,
ബേബി സൈക്കിളുകളും
അവയുടെ
പാർട്സുകൾക്കും സമീപിക്കുക

**കാഞ്ഞിക്കൽ സൈക്കിൾ പാലസ്**

കുറുപ്പന്തറ കവല

# best college

**peroor junction, ettumanoor**

best is like a mariner's compass
which will steady the ship of your life
and take you at the goal!

pre-degree and degree

english and hindi class

"those sunk beneath the watery floor, so sinks the day-star in the ocean bed. weep no more woeful shepherds, no more, for **best** makes you rise and twitches your mantle blue tomorrow to fresh woods and pastures new."

join **best** and secure your victory. we promise a sure pass in english and hindi for the weak and average. we are here to make you the best....

taste and know how **best** is!! english is the threshold to culture. speaking a language beautifuly and sweetly is the sign of profound personality. Don't you have the desire to speak english? haven't you thrilled when you give ear to english conversation? won't you be proud to speak english?

we offer you **spoken english course** and **tuition class** for college and school going students.

---

BEST COMPLIMENTS FROM:

# ജോ-ഫ്റീസ് എൻജിനീയേഴ്സ്

പള്ളിക്കവല – കുറവിലങ്ങാട്

റഫ്രിജറേറ്റർ, എയർ കണ്ടീഷനർ എന്നിവ
റിപ്പെയറിംഗിനും, പഴയതോ പുതിയതോ വാങ്ങുന്നതിനും
വില്ക്കുന്നതിനും നിങ്ങളുടെ ഒരു വിശ്വസ്ത സ്ഥാപനം

**H. O.** കുത്താട്ടുകുളം

BEST WISHES

## VIJAYA REFRESHMENT HOUSE

**KURAVILANGAD**

---

പാരഗൺ ചെരുപ്പുകളും, സഫാരി സ്യൂട്ട് കെയ്സുകളും

## അനുരാഗ് ലേഡീസ് സെൻറർ

**പള്ളിക്കവല - കുറവിലങ്ങാട്**

---

ഫോൺ: 333

## ഡോണിയ ടൂറിസ്റ്റ് ഹോം

**കൂത്താട്ടുകുളം**

A/c. Bar & Restaurant, ബോർഡിംഗ്, ലോഡ്ജിംഗ്

(കഴലനാട്ട ബ്രദേഴ്സിൻെറ ഒരു സഹോദര സ്ഥാപനം)

ഫോൺ: 337

---

## വനിതാ പ്ലെയിററിംഗ് സെൻറർ

**പള്ളിക്കവല - കുറവിലങ്ങാട്**

വെള്ളി, ചെമ്പ്, പിത്തള എന്നിവയിൽ നൂതനമായ മാതൃകയിൽ തീർത്ത ആഭരണങ്ങൾ
നവീന രീതിയിൽ ഉത്തരവാദിത്തത്തോടെ
പ്ലെയിററ് ചെയ്ത് കൊടുക്കപ്പെടും.

കൂടാതെ പ്ലെയിററ് ചെയ്ത എല്ലാ ആഭരണങ്ങളും ഇവിടെ ലഭിക്കും.



# മറുപുറം

"ഇറ്റുവെളിച്ചമില്ലെൻ കണ്ണിനെന്നാലും
എൻമനക്കണ്ണിനാൽ കാണുന്നഖിലവും
ശബ്ദമെനിക്ക നിഷേധിച്ചിതീശ്വരൻ
ശബ്ദമേ,യെങ്കിലും നീയെൻ പരിചിതൻ
എൻ ഗുരോ, നീതന്നെയെൻ മാർഗ്ഗദീപകം
എന്നും വിളങ്ങണമാദിവ്യ ജ്യോതിസ്സ്."
പൊൻപ്രഭയേതിന്ന മോഹനദൃപ്തിയാ–
ലീശ്വരൻ നമ്മെപ്പടച്ചുവിട്ടു,
സർവ്വാംഗസുന്ദരിയാമിപ്രകൃതിതൻ
സാർവഭൂസൗന്ദര്യമാസ്വദിപ്പാൻ.
ആടിയും പാടിയും പാറും പറവതൻ
അത്യന്തമോഹന കൂജനങ്ങൾ
ഇങ്ങനെയിങ്ങനെ, യോർക്കുക കൂട്ടരെ,
ഈഭൂവിൽ നാമെത്ര ഭാഗ്യവാന്മാർ!
ശരത്കാലവാഹിനി തെളിനീരൊഴുക്കുന്ന
ശാന്തമാമാശൈല താഴ്വരയിൽ
നീലരജനിതൻ ചേലഞ്ചു ചേലകം
നീലമാം താരമേ, നീയെത്ര സുന്ദരി!
ആകാശകന്യക്കു തിലകമാം ശശികലേ
ആഹാഹാ നീയെത്ര മോഹനരൂപിണി!
ഈവിധലാവണ്യ, മെത്രയും ചിത്രമാ–
സ്വദിപ്പാൻ താനേയീക്കണ്ണുകൾ
പക്ഷേ, യീമർത്ത്യരിലെത്രപേരുണ്ടപോ–
ലനുദിനമീവകയാസ്വദിപ്പാൻ?
അത്ഭുതസ്രഷ്ടാവാം ദൈവത്തിൻ കാരുണ്യം
എന്തിനേ നാം വൃഥാ പാഴാക്കുന്നു?
കണ്ണുള്ളോർ കാണില്ല, കാണാനോരോർക്കില്ല.
അന്ധരേ നിങ്ങൾതൻ ദൈവവിധി.
'ദാരിദ്ര്യമെന്തെന്നറി'യാത്തവരെങ്ങ
പാരിൽ പരക്ലേശവിജ്ഞരായിടും?

---

**പ്യാരി. ജി. നായർ**
രണ്ടാംവർഷ പ്രീഡിഗ്രി

രാവിലെ
ഒഴിഞ്ഞ പാത്രം, നിറഞ്ഞ കണ്ണുകൾ
ക്ലാസ്സിൽ, കാലിളകിയ ബെഞ്ചിൽ
എണ്ണം തികയുന്ന
ഇന്ത്യൻ ദൈന്യങ്ങൾ
വരണ്ട ചുണ്ടുകൾ
നിറം മങ്ങിയ കണ്ണുകൾ
മുന്നിൽ ശൂന്യതമാത്രം.
ഉച്ചയ്ക്ക്
ഗോതമ്പ് മാവ്, ഉപ്പുകഞ്ഞി
അല്പം അമേരിക്കൻ ദയ
വൈകുന്നേരം
നാളത്തെ ഉപ്പുമായി
നിരാശയോടെ, തലതാഴ്ത്തി.
രാത്രി
ഓലപ്പഴുതിൽ തിളങ്ങുന്ന താരകൾ
ഓലക്കുടിലിലെ നിദ്രാസുഖം
കരഞ്ഞ് തളർന്ന്, സ്വപ്നങ്ങളില്ലാതെ
വീണ്ടും രാവിലെ
തണുത്ത പ്രഭാതം, ആവർത്തനം.
വർഷാവസാന പരീക്ഷണം
പുതിയ സ്റ്റാറ്റിസ്റ്റിക്സ്
വലയിൽ കുടുങ്ങിയത്
നൂറ്റുക്ക് ഒന്നുമാത്രം.

---

**അനിൽകുമാർ ബി.**
മൂന്നാംവർഷ ധനതത്വശാസ്ത്രം.



# ഒരു ഇന്ത്യൻ ചിത്രം

# The Real Me

If there is one thing that is true of everyone of us, it is this: we have not reached our full potential. Psychologists would say that most of us live far below our capabilities, making use of only ten to fifteen percent of our potential or even less.

And we can all grow.

We can grow in so many creative ways and grow to a degree our shy attempts imagine as too bold. What lies before us and what lies behind us are tiny matters compared to what lies within us.

If you think too long about your next step, you will spend your life standing on one leg, so goes a Chinese proverb. So get set this very moment and dig your well before you become thirsty.

Our fears come mostly from our fantasies. We imagine we will be rejected or laughed at if we make mistakes The fact is that everyone makes mistakes, the biggest mistake of all would be not trying new things for fear of making mistakes. A fear we do not face will terrorize us.

My life is full of ups and downs. I don't know how to begin. I am anxious, trouble, restless, trying to do a hundred things at once. I toos about in bed and worry how to begin. And yet I realize that there is a purpose even in this; that nothing happens to me by chance.

I decided to start from the scratch. I converted my eyes to powerful mirrors to see the inmost of myself, I could not believe my eyes. I saw the very things in black and white that I used to hide from others.

My self is almost worn out being eaten by masky worms. I panic at the thought of my weakness and fear of being exposed. I am afraid that deepdown I am nothing, that I'm good and that you'll see this and reject me.

Then I met a friend who seized my hand and pulled my self out from the pit of my masky self. He wiped from my eyes the blank stare of breathing death. Now I can see others as they are. They are in one thing or other better than I am.

And I asked my friend what I should do to be perfect. No sooner had I asked than he told me to be like him was the easiest way to perfection. I told him that love was something I thought I had but never possessed. I know my self was distorted with fearful fancies and was full of non-self.

I am different now. Before I had been double-faced and there had been slavery in and around me. Now I am a channel of hope and liberation, free and freeing, as my friend always is. Once I had been afraid to converse with girls. I looked at them with an air of suspecion, whether I would be trapped. Poor me! I was selfish and cowardly. Now I enjoy freedom. Love makes me a gift of miself to others and vice versa.

Now I can grow to my full potentiality. Because I feel myself one with my neighbour. There is no wall that separates us. My friend and I worked together to do away with them. He helped me to discover me. The result was that I became me.

I am now more potential to achieve my goal. more at home with myself and others, than before when I was somebodyelse. There is a philosophy that crept in and became one with myself.

Yes. I dare to move out of fear into the paths of love, not out of a moral compulsion or the burden of induced guilt. but because I feel myself treasured and supported by endless love. I became more and more aware of how much I receive, and how capable I am on giving. I see myself a significant link in God's chain of giving. My eyes were opened to the needs of others.

Now I am a new person, no more that old man with a masky face. I am so changed a person that you'll find it difficult to recognize me. Who am I, you may wonder? I am someone you know very well. For I am you.

---

ALEX. C. JOSEPH
I D. C. English

# മരുഭൂമി

''ഒരു ചായ''

ഹോട്ടലുടമ തിരിഞ്ഞു് നോക്കി. കൈ നീട്ടി നിൽക്കുന്ന ഭിക്ഷക്കാരൻ ഒരു പരിഹാസച്ചിരിയോടെ അയാൾ ചോദിച്ചു.

''ആട്ടെ ഞമ്മടെ കൈയിൽ എത്രയുണ്ടു റുപ്പിയ'' അയാൾ ഒരു നാണയം നീട്ടി. ഹോട്ടലുടമ അതിലേയ്ക്കു് നോക്കി ഒരു പൊട്ടിച്ചിരി.

''അതിരാവിലെ പത്തു പൈസയുമായി വന്നിരിക്കുന്നോടാ നായെ...ഇറങ്ങെടാ വെളിയിൽ.''

ആശയറ്റ മിഴികൾക്കു് നേരെ നൈരാശ്യം കൂരമ്പുകൾപോലെ പാഞ്ഞടുത്തു. കൺപോളകൾ താണുകൂമ്പി. വിറയ്ക്കുന്ന കാൽവെയ്പ്പുകളോടെ ഭിക്ഷക്കാരൻ പുറത്തു് കടന്നു.

മീനച്ചൂടു നിറഞ്ഞ കാററിൽ മുടിയിഴകൾക്കു് നേരിയ ചലനം. നീളമേറിയ താടിരോമങ്ങൾ മാറിലേയ്ക്കു പററിച്ചേർന്നു. ചുളിവുകൾ വീണ മുഖത്തു് ദുസ്സഹമായ വേദന. വേദന കടിച്ചമർത്തുന്ന പല്ലുകൾ. കീറിത്തുടങ്ങിയ വസ്ത്രങ്ങൾക്കു് ഇളക്കം.

അയാൾ എല്ലാം മറക്കാൻ ശ്രമിച്ചു. കൈക്കുള്ളിൽ ഞെരിഞ്ഞമരുന്ന നാണയം. അയാൾ വഴിയിലേയ്ക്കിറങ്ങി. വഴിയുടെപ്പുറത്തേയ്ക്കു് നോക്കി നെടുവീർപ്പിട്ടു. ധൃതിയിൽ അങ്ങുമിങ്ങും

**സജിമോൻ പി. കെ.**
ഒന്നാം വർഷ ജന്തുശാസ്ത്രം

പായുന്ന മനുഷ്യ മഹാസമുദ്രം. വാഹനങ്ങൾ, പത്രം വിൽക്കുന്ന കുട്ടികൾ. ഭിക്ഷക്കാരൻ എല്ലാവരേയും ശ്രദ്ധിച്ചു. പക്ഷെ ആരും അയാൾക്കു് നേരെ ദൃഷ്ടിപായിച്ചില്ല. ഒരു നാണയം നൽകിയില്ല.

തിരക്കൊഴിഞ്ഞ ഭാഗത്തു് പ്രതിമകൾ— ചേതനയററ കൽ പ്രതിമകൾ. അയാളുടെ കണ്ണുകളെ ഓരോ പ്രതിമയും ആകർഷിച്ചു. അപ്സരസ്സ് ദേവനെ ചുംബിക്കാൻ ഒരുങ്ങുന്ന അപ്സരസ്സുകൾ. അതിനപ്പുറത്തു് ജനസേവനം ചെയ്ത രാഷ്ട്രീയ നേതാവ്. അതിനുമപ്പുറം അനന്തതയിലേക്കു് പായുന്ന രണ്ടു കണ്ണുകൾ. യാതനയുടെയും പട്ടിണിയുടെയും മാറാപ്പുമായി യാത്ര ചെയ്യുന്ന ഭിക്ഷക്കാരന്റെ കണ്ണുകൾ.

ആ കണ്ണുകൾ അനന്തമായ കിഴക്കൻ ചക്രവാളത്തിൽ ഊന്നി. ചെമന്ന മാനം കണ്ണുകളിൽ പ്രതിഫലിച്ചു. കവിളിണകളിൽക്കൂടി ഒഴുകിച്ചാടുന്ന ജലത്തുള്ളികളിൽ ചെമന്ന കതിരുകൾ റോസാപ്പൂക്കൾ വിരിയിച്ചു. അവ വാടിക്കരിഞ്ഞു് നിലത്തുവീണു. വരണ്ട ഭൂമി അവയെ ആവാഹിച്ചു കഴിഞ്ഞു.

നിരുറവപ്പോയി അയാളും ഭൂമിയും ഒരുപോലെ ദാഹിച്ചു. കണ്ണുനീർത്തുള്ളികൾക്കു് രക്തത്തിന്റെ ചുവപ്പ്. ചുണ്ടുകൾക്കു് വിറയൽ അയാളുടെ കാലുകൾ തളർന്നു. കൈകൾ വിറച്ചു. അനന്തതയിലേക്കു് അയാൾ കൈകൾ നീട്ടി. പക്ഷെ അയാൾക്കു് എത്തിപ്പിടിക്കാൻ കഴിഞ്ഞില്ല.

പാഞ്ഞുവന്ന വാഹനങ്ങൾ അയാൾക്കു് പിന്നിൽ ഞെട്ടിവിറച്ചു് നിന്നു. ഹോണടികളുടെ ശബ്ദം അന്തരീക്ഷത്തിൽ ഒഴുകി നടന്നു. നാനാഭാഗത്തുനിന്നും വന്ന വാഹനങ്ങൾ അയാൾക്കു് ചുററും വൃത്തം വരച്ചു.

ശൂന്യതയിൽ കതിരവനിൽ ഭിക്ഷക്കാരൻ ഒന്നും കണ്ടില്ല. രക്തമൊഴികെ. കതിരുകൾക്കു് വേണ്ടി അയാൾ കവിത രചിച്ചു. രക്തമററ ശരീരത്തിൽ കവിത പ്രളയം സൃഷ്ടിച്ചു. കവിത സിരകളെ തളർത്തുകയാണ്. ഉണരാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണ്.



കവിതയിൽ അയാൾ മുങ്ങിപ്പൊങ്ങി വീണ്ടും അതിലേയ്ക്ക് നീർക്കാം കുഴിയിട്ടു. കവിതയിൽ അയാൾ വണ്ടിയുടെ ചൂളം വിളികേട്ടില്ല. ആളുകളുടെ അസഭ്യ വാക്കുകൾ കേട്ടില്ല. പോലീസിന്റെ ഭീഷണികൾക്ക് ജീവനില്ലായിരുന്നു.

ഡ്യൂട്ടിയിൽ ആയിരുന്ന പോലീസുകാരൻ അയാൾക്ക് നേരെ കൈകൾ ഉയർത്തി വഴിക്ക് പുറത്തേയ്ക്ക് തള്ളിമാററി, വണ്ടികൾ ചൂളം വിളിച്ച് ഗമനം തുടർന്നു. ചക്രങ്ങൾ ഭൂമിയുടെ വിരിമാറിലൂടെ നിരങ്ങിക്കൊണ്ടിരുന്നു.

ഹോട്ടലുടമ തിരക്കിട്ട ജോലിയിലാണ്. ആളുകൾ ഇറങ്ങുകയും കയറുകയും ചെയ്യുന്നു. വഴിയിൽ ബഹളമുണ്ട്. പക്ഷെ അയാൾ ശ്രദ്ധിക്കുന്നില്ല. പെട്ടെന്ന് ആരുടേയോ അലർച്ചകേട്ടു. ഒപ്പം ഒരു വണ്ടി നിരങ്ങി നിന്ന ശബ്ദവും. അയാൾ വഴിയിലേയ്ക്കിറങ്ങി നോക്കി. വണ്ടി കയറി ആരോ മരിച്ചു. പഴയ ഭിക്ഷക്കാരൻ. നെഞ്ചിടുക്കുകളിൽ മുറിവുകളുമായിക്കിടക്കുന്ന ഭിക്ഷക്കാരൻ. ശരീരത്തിന് കൈകൾ നഷ്ടപ്പെട്ടിരിക്കുന്നു. മുറിവുകളിൽ നിന്നും രക്തം ഒഴുകുന്നു.

ഹോട്ടലുടമയുടെ മുന്നിൽ ഒരു നാണയം വെട്ടിത്തിളങ്ങി. ആ പത്തുപൈസാ നാണയം അയാൾ അതു് പോക്കററിലാക്കി തിരിഞ്ഞു നടന്നു.

ആ ശരീരത്തിനു മുകളിൽ കരിങ്കൊടി നാട്ടി അതിന്റെ ചിറക് കാററത്തിളകി കാററിൽ ഏതോ ഒരാത്മാവ് അനന്തതയിലേക്കുയർന്നു.


*WITH BEST COMPLIMENTS*

★

SANYO BAR HOTEL

**KURAVILANGAD**

# യാത്രയയപ്പ്..



വർഷങ്ങളോളം നമ്മുടെ കോളേജിലെ കെമിസ്ട്രി വിഭാഗം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച സിസ്റ്റർ [illegible] ഈ വർഷം ഉദ്യോഗത്തിൽ നിന്ന് വിരമിക്കുന്നു. [illegible] ശാന്തതയോടെയും..... [illegible] കോളേജിന്റെ [illegible] വിദ്യാർത്ഥികളുടെയും [illegible] മുഴുവൻ [illegible] ആശംസകളും.

— [illegible].

എൻ. സി. സി.

[illegible] U/O [illegible] (ആദ്യമായി നിരവധി [illegible]) [illegible] ന്യൂഡൽഹിയിൽ നടന്ന ക്യാമ്പിൽ [illegible]

U/O മാണി ജോൺ · U/O ബിജു തോമസ് · U/O സാബു പി. പി. · Sgt. റോജി പി. ജെ. · Sgt. സുരേഷ് കെ. [illegible]



ദേവമാതാ കോളേജിന്റെ ആരംഭവർഷം മുതൽ കോളേജിനെ സേവിക്കുന്നവരാണിവർ. ജൂബിലി ആഘോഷിക്കുന്ന ഈ വർഷം ഇവരുടെ സേവനത്തിന്റെ ജൂബിലി കൂടിയാകുന്നു.

## സേവനത്തിൽ ജൂബിലി തികയ്ക്കുന്നവർ.

ടി. ജെ. ജോസഫ് (സീനിയർ സൂപ്രണ്ട്) · ഇ. എം. തോമസ് (ഹെഡ് അക്കൗണ്ടന്റ്) · വി. ഡി. ചാക്കോ (യു. ഡി. ക്ലാർക്ക്) · ഇ. ജെ. മാത്യു (ലൈബ്രേറിയൻ) · വി. ടി. മാത്യു (പ്രിൻസിപ്പലിന്റെ അറ്റൻഡർ)



ഈ വർഷം നമ്മുടെ കോളേജിനോട് യാത്ര പറഞ്ഞ് പിരിയുന്ന സഹോദരങ്ങളായ വിദ്യാർത്ഥികൾ (II എം. കോം)



# കായിക മത്സര വിജയികൾ.



വനിതകളുടെ കബഡി ടീം.
ഈറോഡിൽ ദേശീയ കബഡി മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച സിനിയും ലൻസി.പി. ജോസും.



സിബി.സി.പി.
10 കി.മീ. ഓട്ടം,
5 കി.മീ.ഓട്ടം,
1500 മീ.ഓട്ടം.



ലിബോ മാത്യു.
ലോങ്ങ് ജമ്പ്.



സാംലൂക്കോസ്
ഡിസ്കസ് ത്രോ,
ഹാമർ ത്രോ,
ജാവലിൻ ത്രോ.



ജന്റസ് ട്രോഫി (പാലാ) നേടിയ നമ്മുടെ കോളേജ് ക്രിക്കറ്റ് ടീം.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി തെക്കൻമേഖല ബാഡ്മിന്റൺ കിരീടം നേടിയ നമ്മുടെ കോളേജ് ടീം.





ഷട്ടിൽ ബാഡ്മിന്റൺ ടീം.
(തെക്കൻ മേഖല മത്സരത്തിലെ നക്ഷത്രങ്ങൾ).

## ജാഗ്രത,
## നിതാന്ത ജാഗ്രത !

അപകടത്തിലേക്ക്
എളുപ്പം വഴുതി വീണുപോകാവുന്ന പ്രായം
അതാണ് കോളേജ് വിദ്യാർത്ഥികളുടെ പ്രായം.
പ്രലോഭനങ്ങൾക്കെതിരായ
നിതാന്ത ജാഗ്രത മാത്രമേ
വഴിതെററാതിരിക്കാൻ സഹായിക്കൂ;
ഏതാനും നിമിഷങ്ങളുടെ ഹരമാണ്,
അതു മാത്രമാണ്,
ലഹരിസാധനങ്ങൾ നൽകുക.
പക്ഷേ, ഒരു ജീവിതം തന്നെ എന്നെന്നേക്കുമായി,
അലിശപ്പമാക്കിത്തീർക്കുന്നതാണ് ആ നൈമിഷിക സുഖം.
കിനാവള്ളിപോലെയുള്ള ലഹരിസാധനങ്ങളുടെ ആകർഷണം–
ഒരിക്കൽ ആ ആകർഷണവലയത്തിൽ പെട്ടുപോയാൽ...
ഇല്ല, പിന്നെ ഒരിക്കലും, മോചനമില്ല.
രണ്ടുവട്ടം ചിന്തിക്കൂ;
ഏതാനും നിമിഷങ്ങളുടെ ഹരത്തിനായ്
ഒരു ജീവിതം മുഴുവൻ പുകച്ചുനശിപ്പിക്കണോ?

പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

---


## 'ദിനേശ്'
## ആസ്വാദനം
## എത്ര
## ആനന്ദകരം !

# കേരള
# ദിനേശ്
# ബീഡി

KERALA DINESH BEEDI WORKERS CENTRAL CO-OPERATIVE SOCIETY LTD.,
CANNANORE

സഹകരണത്തിൻെറ സോപാനം!

വിലക്കുറവിൻെറ വിസ്മയം!!

നമുക്കുവേണ്ടി
നമ്മുടെ സ്ഥാപനം

ടെക്സ്റ്റ് ബുക്കുകൾ, നോട്ടുബുക്കുകൾ,
സ്റ്റേഷനറി സാധനങ്ങൾ മുതലായവ
മിതമായ വിലയിൽ

സേവനത്തിൻെറ പാതയിൽ

ദേവമാതാ കോളജ്
കോ-ഓപ്പറേററീവ് സ്റ്റോർ
ക്ളിപ്തം No. K. 549

# Deva Matha College Employee's Co-operative Society Ltd. No. K. 384 Kuravilangad.

നിക്ഷേപങ്ങൾക്ക് ഏററവും കൂടുതൽ പലിശനൽകുന്ന ഏക സ്ഥാപനം

**5 വർഷം കൊണ്ട് ഇരട്ടിക്കുന്ന**

**സൂര്യാ ഡിപ്പോസിററ് സ്കീം**

നിക്ഷേപങ്ങൾ ഏററവും ആദായകരമാക്കുന്നു.

**അംഗങ്ങളിൽ നിന്നും അംഗങ്ങൾ അല്ലാത്തവരിൽ നിന്നും ഞങ്ങൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.**

*President*
**Prof. K. G. Joseph M. Sc.**

*Secretary*
**K. N. Indira**

---

## മെറിൽ

**ഇന്ത്യയിലെ ആദ്യത്തെ നാററ്യുറോഷനിക് ഹെർബൽ ബാത്ത് പൗഡർ**

ചർമ്മസംരക്ഷണത്തിനും, ശരീരശുദ്ധിയ്ക്കും, തലമുടി ഷാംബു ചെയ്യുന്നതിനും എല്ലാ വിഭാഗം ഡാക്ടർമാരാലും ശുപാർശ ചെയ്യപ്പെടുന്നത്. യാതൊരു രാസവസ്തുക്കളോ രാസപ്രക്രിയയോ കൂടാതെ പൂർണ്ണമായ പച്ചമരുന്നുകളാൽ തയ്യാറാക്കപ്പെട്ടത്.

## ഡെർമിൽ

**ഹെർബൽ മുഖക്കുരു സംഹാരി**

മുഖക്കുരുവിനേയും മുഖത്തെ പാടുകളേയും അകററി മുഖകാന്തി വർദ്ധിപ്പിക്കുന്ന സിദ്ധൗഷധം

## ഡാൻഡ്രിൽ

**ഹെയർ ടോണിക് താരൻ സംഹാരി**

താരനെ അകററി കറുത്തിരുണ്ട് ഇടതൂർന്ന സമൃദ്ധമായ മുടിയെ പ്രദാനം ചെയ്യുന്നു.

**നിർമ്മാതാക്കൾ:-** കെ. വി. എം. ഹെൽത്ത് സാനിട്ടോറിയം & ഹെർബർ റിസേർച്ച് സെൻറർ, ഇരവിമംഗലം–686613, കോട്ടയം.

**വിതരണക്കാർ:-** കാലായിൽ ഡിസ്ട്രിബ്യൂട്ടേഴ്സ്, കോതനല്ലൂർ, കോട്ടയം.
എല്ലാവിധ ആയുർവ്വേദ, ഹെർബൽ, ഹോമിയോപതി ഔഷധങ്ങളും

കൂടാതെ, പരീക്ഷണ നിരീക്ഷണങ്ങളാൽ ഗുണാനുഭവം ബോധ്യപ്പെട്ട ഹെർബൽ & ആയുർവ്വേദിക് ഔഷധങ്ങളുടെ നിർമ്മാതാക്കൾ.

## വ്യാഴാഴ്ചകൾ ഭാഗ്യദിവസങ്ങളായി മാറുന്നു

എല്ലാ മാസവും ആദ്യ "വ്യാഴാഴ്ച"
ഒന്നാം സമ്മാനം പത്ത് ലക്ഷം രൂപയും
അംബാസിഡർ കാറും ഉൾപ്പെടെ 50 ലക്ഷം
രൂപയുടെ 443920 സമ്മാനങ്ങളുമായി ഒരു
മിനി ബംപർ ഭാഗ്യക്കുറിയും

മററു വ്യാഴാഴ്ചകളിൽ
ഒന്നാം സമ്മാനം 9 ലക്ഷം രൂപ ഉൾപ്പെടെ
42 ലക്ഷം രൂപയുടെ 398503
സമ്മാനങ്ങളുമായി സാധാരണ ഭാഗ്യക്കുറിയും
സംവിധാനം ചെയ്ത്

# കേരള സംസ്ഥാന ഭാഗ്യക്കുറി

## എല്ലാ വ്യാഴാഴ്ചകളെയും
## ഭാഗ്യദിവസങ്ങളാക്കി മാററുന്നു

ടിക്കററുവില: അഞ്ച് രൂപ മാത്രം

ഗ്രാം: KERLOT ഫോൺ: 65230/65193

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വികാസ് ഭവൻ—695 033)
തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിക്കുന്നത്

# दूरदर्शन

आज का युग वैज्ञानिक युग है। विज्ञान जीवन की सभी पहलुओं में अपनी विजयपताका फ़हरा रहा है। इसके कारण देश में उन्नति हो रही है। लोगों में अधिक से अधिक ज्ञान प्राप्त करने की इच्छा बढ़ती जाती है। समाचार प्रसरण के साधनों के कारण आज सारा संसार एक छोटा—सा देरा बन कर रह गया है। दूरदर्शन विज्ञान का सबसे बडा आविष्कार है। इसका उपज्ञाता है डा॰ जोण बेरड।

समाचार प्रसरण की सुविधाओं के कारण हमें ऐसा लगता है कि सारा देश अपने आसपास है। जीवन गतिशील है और विश्व के रंगमंच पर हर क्षण नया दृश्य दिखाई पडता है। इसके बारे में हम अनजाने या अनदेखे नहीं रह सकते। समाचार प्राप्ति केलिए उपयोगित सामग्रियों मे आज दूरदर्शन का प्रमुख स्थान है। इसका कारण है कि दूरदर्शन के द्वारा अपने कानों से सुननेवाली बातों को हम अपनी आँखों से देख सकते है। इस प्रकार प्राप्य करनेवाला ज्ञान अधिक गहरा और प्रभावशाली है।

आज सभी घरों में टेलिविषन ने रेडियो का स्थान पकडलिया है। मनोरंजन केलिए इसमें सिनेमा, धारावाहिक, खेलकूद, आदी के कार्यक्रम होते हैं। लोग अपने अपने घरों में बैठकर इन सब को देख सकते हैं, आनन्द उठा सकते हैं। इस में कभी कभी ऐसे सीरियल भी होते हैं, जिसे देखकर मानव स्वयम अपने जीवन में आनेवाली विविध वैतरणियों से बच सकते हैं। उदाहरण केलिए "और भी राहें" नामक सीरियल महिलाओं के जीवन में अच्छा प्रभाव डालनेवाले हैं। घरेलू जीवन के विविध क्षेत्रों में होनेवाली समस्याओं को हल करने केलिए आवश्यक जानकारी की बातें इस कार्यक्रम से प्राप्त होती हैं। रामायण सीरियल का प्रभाव आज लोगों में बहुत पड गया है। आज सब जाति के लोग कुछ भेदभाव के बिना रविवार के आगमन को बड़ी आकांक्षा से देख रहे हैं। कहा जाता है कि कुछ ऐसे लोग होते हैं, जो बड़ी भक्ति से इसे देखने को बैठ जाते हैं।

टेलिविजन से विद्यार्थी लोग बहुत अधिक फ़ायदा उठा सकते हैं। उनकेलिए इस में लक्चर क्लासस होते है, प्रश्नोत्तरियाँ होती है जिनके द्वारा वे अपने ज्ञान भंडार को समृद्ध कर सकते है।

# दीपावली

भारत त्योहारों का देश है। होली, दशहरा, रामलीला, ओणम, क्रिसमस, ईद, दीपावली आदि यहाँ के प्रमुख त्योहार है। इनमें दीपावली का एक प्रमुख स्थान है।

दीपावली का त्योहार कार्तिक अमावास्य के दिन मनाया जाता है। देश के भिन्न-भिन्न प्रदेशों के लोग अलग-अलग तारीकों से यह त्योहार मनाते हैं। इस दिन सबेरे से ही लड़कियाँ अपने घरों को सजाने और गुड्डे-गुड़ियों का साज शृंगार करने में लग जाती हैं। सब घरों में तरह तरह के पकवान बनाये जाते हैं।

उत्तर भारत में दीपावली लक्ष्मी-पूजा का दिन है। लक्ष्मी धन की देवी है। अत: इस दिन उस देवी की उपासना होती है। स्त्रियाँ घर की सफ़ाई करती हैं और लक्ष्मी पूजा की तैयारी में लगी रहती हैं। शाम होते ही स्त्रियाँ दीप जलाने में जुट जाती हैं। संध्या के समय दीपों की आवलियों से इतना प्रकाश फ़ैल जाता है कि लोगों को सूर्यास्त का पता ही नहीं चलता। हर बरामदे में, हर छत पर, हर गली में कलात्मक ढंग से दीपों की कतारें सजायी जाती हैं।

इस त्योहार का भगवान श्रीरामचन्द्रजी की कथा से भी संबन्ध जोड़ा जाता है। ऐसा विश्वास है कि श्रीरामचन्द्रजी रावण वध के बाद कार्तिक अमावस्या को ही अयोध्या लौटे थे। उनकी विजय के उल्लास में अयोध्या के निवासियों ने घर-घर दीपमालाएं सजाकर खुशियाँ मनायी थीं। तभी से दीपावली मनाने की परम्परा चल पड़ी।

दक्षिण भारत में तो इस त्योहार की कथा नरकासुर के वध से जुड़ी हुई है। नरकासुर ने भूमण्डल पर बड़े अत्याचार किये थे। सब कहीं उसका आतंक छाया हुआ था। उसने देवताओं को भी पीड़ित किया और इन्द्रासन पर अधिकार करना चाहा। देवताओं की प्रार्थना स्वीकार कर भगवान श्रीकृष्ण ने सुदर्शन चक्र से नरकासुर का वध कर डाला। इससे देवता लोग प्रसन्न हुए। सर्वत्र शान्ति छा गयी। इसी की याद में लोग तैल-स्नान करके नये कपड़े पहनते हैं और दीपमाला सजाते हैं। बच्चे पटाखे छोड़ कर आनन्द मनाते हैं।

दीपावली दीपों का त्योहार है, प्रकाश का त्योहार है, बुराई पर भलाई की जीत का त्योहार है, अन्धकार पर प्रकाश की विजय का त्योहार है। "तमसो मा ज्योतिर्गमया" — वाले उच्च आदर्श का वाहक है दीपावली का पर्व।

Bindu P. S.

1st D. C. English Lit.

No: 404

## വീനസ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കോമേഴ്സ്

(ഗവ: അംഗീകൃതം – സ്ഥാപിതം 1950)

വടക്കേകവല

**കുറവിലങ്ങാട്**

ടൈപ്പ് റൈറ്റിംഗ് & ഷോർട്ട് ഹാൻഡ്
(ഇംഗ്ലീഷ് & മലയാളം)

പാസ്പോർട്ട്, വിസ,
എല്ലാവിധ ടൈപ്പ് റൈറ്റിംഗ് ജോലികളും
അപേക്ഷാഫോറങ്ങളും
തയ്യാറാക്കിക്കൊടുക്കുന്നതാണ്.

കെ. പി. രാമചന്ദ്രൻ എം. എ.
പ്രിൻസിപ്പാൾ

ഇതേ സൗകര്യങ്ങൾ ഇതിന്റെ സഹോദരസ്ഥാപനമായ "പയനിയർ കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ടിലും" (സ്റ്റേറ്റ് ബാങ്ക് ബിൽഡിംഗ്, കോഴ) ഉണ്ടായിരിക്കുന്നതാണ്)

## ന
## യ
## ന

കോളേജ് ജംഗ്ഷൻ
**കുറവിലങ്ങാട്**

സ്റ്റേഷനറികൾ,
പ്രസന്റേഷൻ സെറ്റുകൾ,
സ്ത്രീസൗന്ദര്യവർദ്ധക സാധനങ്ങൾ,
ബാഗുകൾ, ഷൂസുകൾ, ചെരിപ്പുകൾ,
സ്യൂട്ട്കേസുകൾ, ബ്രീഫ്കേസുകൾ എന്നിവ
തെരഞ്ഞെടുക്കുവാൻ
സമീപിക്കുക

*Best compliments from:*

Phone: KVLD 282

# Rasah Electronics

Kuravilangad

# STATEMENT OF OWNERSHIP

| | |
|---|---|
| place of publication | kuravilangad |
| periodicity of its publication | annual |
| publisher's name | prof: george john nidhiri |
| address | principal, deva matha college, kuravilangad |
| nationality | indian |
| printer's name | pulimoottil printers, panampalam, kottayam-8 |
| nationality | indian |
| editor's name | sunil raj philip |
| address | deva matha college, kuravilangad |
| nationality | indian |
| ownership | the devamatha college, kuravilangad |

i, prof: george john nidhiri hereby declare that the particulars given above are true to the best of my knowledge and belief.

sd/-
publisher

30 june 1989


ആശംസകൾ

ജോയിസ് സ്‌റ്റുഡിയോ
&
വീഡിയോ വിഷൻ

കടുത്തുരുത്തി

സുബാഷ് ചന്ദ്രബോസ് മെമ്മോറിയൽ
ഹോസ്പിററൽ, കുറുപ്പന്തറ

(സുബാഷ് ചന്ദ്രബോസ് മെമ്മോറിയൽ സൊസൈററി Regd. No. K. 460/87)

അലോപ്പതി, അക്യുപങ്ചർ & ചൈനീസ് മെഡിസിൻ, ഇലക്ട്രോ ഹോമിയോപ്പതിക് മെഡിസിൻ, ഹെർബൽ മെഡിസിൻ, ഇലക്ട്രോ മാഗ്നററ തെറാപ്പി, ഹോളിസ്റ്റിക് മെഡിക്കൽ യൂണിററ്, ഇൻഡോ അലോപ്പതി യൂണിററ് മുതലായ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

ഡോ: രാജൻ ജേക്കബ് ബി. എസ്സി ; എം. ഡി.

BEST COMPLIMENTS

★

ശുശ്രൂഷാ ഹോസ്പിററൽ
&
E. N. T. ക്ലിനിക്

പള്ളിക്കവല, കുറവിലങ്ങാട്

---

*BEST COMPLIMENTS:-*

Phone Office 245, Factory 285 } Kuruppanthara

THE KADUTURUTHY CO-OPERATIVE
RUBBER MARKETING & PROCESSING SOCIETY
[Ltd. No. 1397]

KADUTHURUTHY

Pioneers in processing high quality P. L. C., E. C. B. and Normal Latex.
Selling formic acid, Copper Sulphate, Fertilizers for Rubber plantations.

President.
*M. P. Alexander Makkil*


തീർത്ഥാടനം! വിവാഹം!! വിനോദയാത്ര!!!

ഞങ്ങളുടെ മിനി ബസ് ലഭ്യമാണ്

# നിർമ്മലാ ട്രാവൽസ്

നിർമ്മലാ കോളജ് ബിൽഡിംഗ്സ്
കുറവിലങ്ങാട്
ഫോൺ: 312

**Photostat your documents in style**



# നിർമ്മലാ ഫോട്ടോസ്റ്റാററ്

കുറവിലങ്ങാട്

XEROX Copies - Automatic Copie



IMPRESSION:

PULIMOOTIL PRINTERS,
PANAMPALAM, KOTTAYAM.

COVER AND PHOTOS:

ARCHANA OFFSET,
KOTTAYAM.

BLOCKS:

SOUTHERN, KOTTAYAM.

□

we acknowledge:

deity – nandagopal,
black sun – k. janardhanan (from chitram ezhuthu),
black day bhopal – narendra rai (art and life),
primitive rhythm – raghav kaneria,
bird in red – lexman pai (sight and vision),
sketches of jayaprakash,
m. r. d. dathan (kerala lalitha kala
academi camp souvenir)
and sketches from mathrubhumi, katha,
four of 'five foreign poems' from akshara slokam.

---

**പൂക്കളും ഞാനും**

ഇന്നലെ,
പൂക്കളുടെ ശവമഞ്ചമേറി
ഒരു സ്ത്രീ ഇതുവഴി വന്നു.
തുറന്ന മാനത്തെ നോക്കി
പൂക്കൾ ചുണ്ടിലൂറിയ
അവസാന പുഞ്ചിരിയുമായി
കിടന്നു.
സ്ത്രീ പൂവിന്റെ വില
പറഞ്ഞതു് ഞാൻ കേട്ടില്ല.
മരിച്ച പൂക്കളുടെ മുനിഞ്ഞ ഗന്ധം
എന്നെ പുഴുന്നതും
അവ എന്നെ മാടി വിളിക്കുന്നതും
മാത്രമറിഞ്ഞു.
ഒടുവിൽ ഞാൻ മലർന്നു കിടന്നു.
പൂക്കൾ എന്റെ കഴുത്തററം മൂടി
പിന്നെ,
ആകാശത്തെ നോക്കി ചിരിച്ചു.

ഗീതാജോയി
രണ്ടാംവർഷ പ്രീഡിഗ്രി



□

കടുത്ത വൈദ്യുതി ക്ഷാമത്തിലും,
സാങ്കേതിക തടസ്സങ്ങളിലും കുരുങ്ങിക്കിടന്ന് മനം നൊന്തപ്പോഴും അഹോരാത്രം പ്രസിലെ അ
കൾക്കിടയിൽ സ്വയം നഷ്ടപ്പെട്ടപ്പോഴും അനുനിമിഷം എന്നിൽ പടർന്ന ഒരു സ്വപ്നമുണ്ടായ
രുന്നു. അതിവിടെ യാഥാർത്ഥ്യമാവുകയാണ്. എല്ലാ ചുവടുവെയ്പുകൾക്കും ശക്തി പകർന്
പ്രിൻസിപ്പലിനും കര്യാസ് സാറിനും നന്ദി.

□

കോളജ് കാമ്പസും മരങ്ങളും
പൈങ്കിളി രീതികളും വിട്ട് കാമ്പസിനു വെളിയിലുള്ള ലോകത്തിന്റെ അംഗങ്ങളും കൂടിയാണ്
നാമോരോരുത്തരും എന്ന ബോധ്യത്തോടെ ഗൗരവതരമായ മേഖലകളിലേക്ക് ചിന്തകൾ പടർന്
കയറണം എന്ന ആഗ്രഹം മാഗസിൻ തയ്യാറാക്കുമ്പോഴുണ്ടായിരുന്നു. സർവ്വോപരി പുതുമകളു
മാഗസിനാവണമെന്നും. വിദേശ കവിതകളും സിമ്പോസിയവും എല്ലാമെല്ലാം ആ ആഗ്ര
ത്തിന്റെ പരിണിതഫലമാണ്. ദേവമാതായിലെ ഉദ്ബുദ്ധരായ വിദ്യാർത്ഥികൾ അതു സ്വീ
രിക്കുമെന്ന തികഞ്ഞ വിശ്വാസവുമുണ്ടായിരുന്നു.

□

സഹായിച്ചവർ നിരവധിയാണ്
സിംപോസിയത്തിന്റെ ചോദ്യങ്ങൾ തയ്യാറാക്കാൻ ദിവസങ്ങളോളം എന്നോടൊപ്പം ചർച്ച ന
ത്തിയ ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം, ജോർജ്ജ് ജേക്കബ്, വിദേശകവിത അയച്ചുതന്ന റിക്കാവ
(വെസ്റ്റ് ജർമ്മനി) മാഗസിനോട് പ്രതികരിച്ച സാഹിത്യകാരന്മാർ, പതിവു രീതിവിട്ട് അ
നിരത്തിയ പുളിമൂട്ടിൽ പ്രസിലെ കുഞ്ഞുമോൻചേട്ടൻ, തങ്കച്ചൻചേട്ടൻ, പേപ്പിമാർ, അർച്ച
ഓഫ്സെറ്റിലെ സുഹൃത്ത് പ്രദീപ്, സതേൺ ബ്ലോക്ക്സിലെ ജീവനക്കാർ, പിന്നെ സ്നേഹ
ത്തോടും പ്രതീക്ഷയോടും എന്നെ പ്രോത്സാഹിപ്പിച്ചിരുന്ന കോളജിലെ എന്റെ എല്ലാ സഹോദ
ങ്ങൾക്കും വാക്കുകളിലൊതുങ്ങാത്ത നന്ദി.

□



ഒരു വസന്തത്തിന്റെ ദ്രുതതാളനൃത്തം കൂടി വീണ്ടുമിവിടെ
അരങ്ങൊഴിയുന്നു....പുതുവസന്തത്തിന്റെ
ചിലമ്പൊലികൾക്കായി നമുക്കിനി
കാതോർക്കാം....

# ആശംസകൾ!

# കടമ്പത്തിറ റസ്റ്റോറന്റ്

**ബേക്കറി & കൂൾബാർ**

വടക്കേക്കാവല, കുറവിലങ്ങാട്

ഫോൺ 219


അജ്ഞാനത്തിലെ
അറിവിന്റെ
അശനിപാതം.....
നിർമ്മല കോളജ്
കുറവിലങ്ങാട് 312
LAB EQUIPPED